032.3M92.1A
K5

MUL
288489

MADRAS UNIVERSITY LIBRARY

Call Number

Accession Number

Available for loan from

This book should be returned on or before the date last marked below.

27 OCT 1978

രാജസ്ഥാനപുഷ്പം

M. 137

University Grants Commission

(Malayalam)

Rajasthana Pushpam

Historical Novel

**By PALLATH RAMAN**

Published June 1965

Printed at

Mangalodayam Press, Trichur

Price Rs. 2.75

Rights Reserved

Published by

Pallath Memorial Publishing House

Fort Cochin

Distributors:

NATIONAL BOOK STALL

**Kottayam Kerala State India**

288489

# രാജസ്ഥാനപുഷ്പം

(ചരിത്രനോവൽ)

പള്ളത്തു രാമൻ

UNIVERSITY LIBRARY
-6 FEB 1975
MADRAS

വിതരണം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 2.75

## പള്ളത്തു രാമന്റെ കൃതികൾ

| | |
|---|---|
| അമൃതപുളിനം | (നോവൽ) |
| വനബാല | ,, |
| വിലാസകുമാരി | ,, |
| രാജസ്ഥാനപുഷ്പം | ,, |
| സത്യകാന്തി | (കവിതകൾ) |
| പുരോഗമനഗാനങ്ങൾ | ,, |
| കാട്ടുപൂക്കൾ | ,, |
| ഉദയരശ്മി | ,, |
| പ്രകൃതിവിലാസം | ,, |
| ഭാരതകോകിലം | ,, |
| സ്വാഗതം | ,, |
| സ്വാതന്ത്ര്യഭിക്ഷ | ,, |
| ഹൃദയമന്ദിരം | ,, |
| മധുരസ്വപ്നം | ,, |
| പുഷ്പവർഷം | ,, |
| രക്തവേദി | ,, |
| കാലകല്ലോലം | ,, |
| തൊഴിൽശാലയിലേക്കു് | ,, |
| ഇരുട്ടിലെ വെളിച്ചം | ,, |
| ഭാരതബന്ധു | ,, |
| പള്ളിവാൾ | ,, |
| ഭരതൻ | ,, |
| ചിത്രാശോകൻ | (നാടകങ്ങൾ) |
| രാവണപുത്രൻ | ,, |
| അരിവാൾ | ,, |

288489
032:3M92:14
K5

# അവതാരിക

സാഹിത്യലോകത്തിൽ സമുന്നതമായ ഒരു സ്ഥാനത്തെ അലങ്കരിക്കുന്ന ശ്രീമാൻ പള്ളത്തു രാമൻ അവർകളെ ഭാഷാപ്രണയികളുമായി പരിചയപ്പെടുത്തേണ്ട ആവശ്യമില്ല. ഈ മാന്യകവിയുടെ അകൃത്രിമരമണീയങ്ങളായ ഖണ്ഡകൃതികളും സരസമൃദുലങ്ങളായ ഗദ്യകാവ്യങ്ങളും സാഹിത്യഭണ്ഡാഗാരത്തിലെ സാരമായ സമ്പാദ്യങ്ങളാണ്. ഇദ്ദേഹത്തിന്റെ സാഹിത്യസംരംഭം അവ്യാഹതമായി വളൎന്നുവരുന്നതിന്റെ മറെറാരു മധുരഫലമാണ് പ്രകൃതകഥാഗ്രന്ഥം.

'അമൃതപുളിനം', 'വിലാസകുമാരി', 'വനബാല' എന്നീ മനോഹരകൃതികളുടെ അനന്തരജാതമായ 'രാജസ്ഥാനപുഷ്പം' ഗുണസൗരഭംകൊണ്ടു മററുള്ളവയെ അതിശയിക്കുന്നുണ്ടെന്നു പറഞ്ഞാൽ അതു് ഒരിക്കലും അത്യുക്തിയാകുന്നതല്ല. വിടാഗ്രണിയായ അല്ലാവുദ്ദീൻ പതിവ്രതാരത്നമായ പത്മിനിയെ പത്നിയാക്കുവാൻ ആഗ്രഹിച്ചതും അതിന്നുവേണ്ടി വളരെക്കാലം യുദ്ധം ചെയ്തതുമാണ് സംക്ഷേപതഃ പറയുന്നപക്ഷം ഇതിലെ ഇതിവൃത്തം. ചരിത്രപ്രഖ്യാതമായ ഈ ഇതിവൃത്തത്തിൽ കഥാഘടനയ്ക്കും രസോത്കൎഷത്തിന്നും ആവശ്യമായ മാററങ്ങൾ വരുത്തുവാൻ ഗ്രന്ഥകൎത്താവു് ഒട്ടും മടിച്ചിട്ടില്ല. രജപുത്രന്മാരുടെ നിസ്തുലമായ പരാക്രമവും അഭിമാനവും സൎവ്വോപരി ചാരിത്രരക്ഷയിലുള്ള ദീക്ഷയും ഈ ഗ്രന്ഥത്തിന്റെ ഓരോ ഭാഗത്തും മാറെറാലിക്കൊള്ളുന്നുണ്ടു്.

കഥാഗതിയെ നിയന്ത്രിക്കുന്നതും സഹൃദയന്മാരുടെ ഉൽകണ്ഠയെ ഉത്തരോത്തരം ഉപചീയമാനമാക്കുന്നതുമായ വിവിധസംഭവങ്ങളെ ആസൂത്രണം ചെയ്യുന്നതു രസപ്രധാനമായ ഒരാഖ്യായികയുടെ ഉത്തമലക്ഷണമായി കരുതേണ്ടതാണു്. 'രാജസ്ഥാനപുഷ്പ'ത്തിൽ കാണുന്ന ഇതരവൃത്താന്തപ്രസംഗങ്ങൾ പൂർവ്വോക്തമായ സംഗതിയെ സവിശേഷം സാധിക്കുന്നതുതന്നെ. ഇതിന്നുംപുറമേ, പ്രകൃതിപരങ്ങളായ വർണ്ണനകൾ ഇതരഗ്രന്ഥങ്ങളിൽ എന്നപോലെ ഇതിൽ ചേരാതെ വേർപിരിഞ്ഞു നില്ക്കുന്നവയല്ല. അവ ഇടയ്ക്കിടയ്ക്കു കഥാഗതിയിൽനിന്നു വായനക്കാരുടെ ശ്രദ്ധയെ ആകർഷിച്ചു മനസ്സിന്നു ശാന്തിയും സമാധാനവും ഉളവാക്കുന്നു. കഥയാകുന്ന ചിത്രം വരച്ചുവെച്ചിട്ടുള്ള ഒരു ചുവരാണു് ഇതിലെ പ്രകൃതിയെന്നു പറഞ്ഞാൽ അവതമ്മിലുള്ള അഭേദ്യമായ ബന്ധം വിശദമാകുന്നതാണല്ലോ.

വിദ്യാർത്ഥികളുടെ ഹൃദയസിരകളിൽ ആശാസ്യമായ പൂർവ്വസംസ്കാരത്തെ തട്ടിയുണർത്തി, മാതൃഭൂമിയുടെ മഹിതസന്താനങ്ങളാണു് അവരെന്നുള്ള അഭിമാനത്തെ അങ്കുരിപ്പിക്കുവാൻ പര്യാപ്തങ്ങളായ ഏതാദൃശഗ്രന്ഥങ്ങൾ എത്രയും ആവശ്യംതന്നെ.

ഇതിവൃത്തം, രീതി, രസം മുതലായവ നോക്കുമ്പോൾ സാഹിത്യലോകത്തിൽ അവതരിച്ചിട്ടുള്ള വിശിഷ്ടാഖ്യായികകളുടെ ഇടയിൽ ഇതിന്നും അപ്രധാനമല്ലാത്ത ഒരു സ്ഥാനം 'സദസദ്വ്യക്തിഹേതു'ക്കളായ സഹൃദയന്മാർ നല്കാതിരിക്കയില്ല.

—ബി. ജി. കുറുപ്പു്

UNIVERSITY
6 FEB 1975
MADRAS

# രാജസ്ഥാനപുഷ്പം

## ഒന്നാം ഖണ്ഡം

### മേഘലസഞ്ചാരം

## അദ്ധ്യായം ഒന്നു്

അഞ്ഞൂറടി ഉന്നതമായ ഒരു കുന്നിൻെറ മുടിപ്പുറപ്പിലാണു് ചരിത്രപ്രസിദ്ധമായ 'ചിത്തോര'ദുർഗ്ഗം. ഇടിഞ്ഞുപൊളിഞ്ഞുപോയ ആ കോട്ടയുടെ ചില അവശിഷ്ടചിഹ്നങ്ങൾ വളരെ അകലംവരെ ചിന്നിച്ചിതറിക്കിടക്കുന്നതു കണ്ടാൽ, കാലത്തിൻെറ കൈവേലയാൽ കോലം പകന്ന ഒരു ചുടലക്കളമെന്നേ തോന്നുകയുള്ളൂ. തള്ളിയലയ്ക്കുന്ന മലഞ്ചോലകളുടെ ഇരമ്പലും അരാവലിപർവ്വതത്തിൻെറ പാർശ്വത്തിൽനിന്നു് ആഞ്ഞടിക്കുന്ന കാററിൻെറ ചീററലും മാത്രമേ ആ വിജനപ്രദേശത്തെ ശബ്ദമയമാക്കുന്നുള്ളൂ. മനുഷ്യരുടെയാകട്ടെ, മററു ജീവജാലങ്ങളുടെയാകട്ടെ അധിവാസമില്ലായ്കയാൽ അവിടെ ഭയദേവത നിർബ്ബാധം പല്ലിളിച്ചു പുളച്ചുനടന്നിരുന്നു.

ഒരു കാലത്തു് ഇതേ സ്ഥലത്തുതന്നെ, മഹാരഥന്മാരായ ബപ്പരായൻ, സമരസിംഹൻ, സംഗ്രാമസിംഹൻ എന്നിവരുടെ രാജധാനി ശോഭിച്ചിരുന്നു. ഇവിടെവെച്ചുതന്നെയായിരുന്നു ജയമല്ലൻ, ഹാമീരൻ, പ്രതാപ

സിംഹൻ എന്നീ വിശ്വവീരന്മാർ മാതൃഭൂമിയുടെ നന്മ യ്ക്കും മേന്മയ്ക്കും വേണ്ടി സവ്വസ്വവും ഹോമിച്ചതു്. അക്കാ ലമെങ്ങു പോയ്മറഞ്ഞു? ആ വീരന്മാരെല്ലാം ഇന്നെ വിടെ?

ആ കോട്ട നിന്നിരുന്ന സ്ഥലത്തു കാലെടുത്തു കു ത്തുകയോ അതിൻെറ ജീർണ്ണശകലങ്ങൾ കണ്ണിൽ പെ ടുകയോ ചെയ്യുന്ന മാത്രയിൽ, ആര്യസന്താനങ്ങളുടെ അന്തരംഗത്തിലെന്തോ ഒരു പാവനത പടരുന്നു; നാഡി കളിൽ രക്തം പതച്ചു പാഞ്ഞൊഴുകുന്നു; വിവിധവികാ രങ്ങൾ തമ്മിൽ തട്ടിമുട്ടി നിശ്ചേഷ്ടരായി നിലകൊള്ളു ന്നു. കരുണവും വീരവും കൈകോർത്തു പിടിച്ചപോലെ യാണു് ആ മായാത്ത ചിത്രം. സ്വാഭിമാനവും സ്വദേ ശഭക്തിയും ധമ്മനിഷ്ഠയും പ്രേക്ഷകരുടെ ഹൃദയത്തിൽ ഉദ്ദീപിപ്പിച്ചു്, ഉൽകൃഷ്ടമായ ആദശ്ത്തിലേയ്ക്കു് ഉണ ത്തിവിടുന്ന ഒന്നാണു് ആ ദിവ്യപ്രദേശം.

ഉദ്ദേശം അറുനൂറാണ്ടു മുമ്പു്, ഒരു ദിവസം ഒരു അ ശ്വവാഹൻ പെട്ടന്നു 'ചിതോര'ദുർഗ്ഗത്തിൽ പ്രവേശി ച്ചു. അവിടെ 'പാലും തേനും ഒഴുകി'യിരുന്ന കാലമായി രുന്നു അന്നു്. അതിത്തിയിലുള്ള ഗുജരാഥത്തിലെ രാജാ വുമായി കിടമത്സരമുണ്ടായി, ആ നാടു ചിതോരത്തി ലെ ചെങ്കോലിന്നു കീഴമന്ന അവസരം. നാടെങ്ങും വി ജയോത്സവം നടക്കുന്നു; വെന്നിക്കൊടി പാറിക്കളിക്കുന്നു; ഓരോ പൗരഗൃഹത്തിലും ഉത്സാഹവും ഉത്സവവുംതന്നെ.

അശ്വവാഹനായ ആഗതനെ നമുക്കു പിന്തുടരാം. കോട്ടയുടെ ആറാംവാതിലും കടന്നു ഏഴാമത്തെ 'രാമ

പാല'മഹാദ്വാരത്തിന്നരികെ ആ അശ്വാരൂഢൻ വന്നു ചേർന്നു. പെട്ടെന്നു ദ്വാരപാലൻ "ആരാതു്" എന്നു തടഞ്ഞു.

ആഗതൻ ഉത്തരമൊന്നും ഉരിയാടിയില്ല. ഒരു രത്നാംഗുലീയകം എടുത്തു കാട്ടി. മുദ്രവെച്ച ഒരു കത്തും കൈയിലുണ്ടായിരുന്നു. അതിൽ തമ്പുരാൻെറ തിരുനാമമാണു് എഴുതിക്കാണുന്നതു്.

പാറാവുകാരൻ പെട്ടെന്നു വഴിമാറി നിന്നു. ആഗതൻ അരമനയ്ക്കഭിമുഖമായി ഗംഭീരഭാവത്തിൽ കുതിരയെ വിട്ടു.

ചിത്തോരത്തിലെ അധിപതി അന്നു് അമൃതേത്തു കഴിഞ്ഞു്, വിശ്രമമന്ദിരത്തിൽ മനോഹരമായ ഒരു ആസനത്തിലെഴുന്നള്ളിയിരുന്നു്, ഇളംകുളിർകാറേററു് ആനന്ദിക്കുകയാണു്. മുൻഭാഗത്തു്, ദുർഗ്ഗശിഖരത്തിലെ രക്തവർണ്ണക്കൊടിക്കൂറ കാററത്തു പാറിക്കളിച്ചു്, എരിവെയിലിൽ കിടന്നു തിളങ്ങുന്നു. റാണ അതു നോക്കി ഒരു സുഖസ്വപ്നത്തിൽ മുഴുകിയിരിക്കുകയായിരുന്നു. ആ അവസരത്തിൽ ഒരു ഹരിക്കാരൻ വന്നു റാണയെ വന്ദിച്ചു ദൂതൻെറ ആഗമനം ഉണർത്തിച്ചു. മുദ്രവെച്ച ഒരു ലിഖിതം റാണയുടെ മുമ്പിലുള്ള വെണ്ണക്കൽമേശമേൽ വെച്ചുകൊടുത്തു.

ഗൂജരാഥത്തിൽ താൻ നേടിയ ജയത്തിൻെറ സ്മാരകമായി റാണ 'ചിത്തോര'ത്തിൽ ഒരു സ്തംഭം സ്ഥാപിക്കണമെന്നു് ഉദ്ദേശിച്ചിരുന്നു. അവിടെക്കിടന്നാടിയിരുന്ന കൊടിയാടയുടെ നേരെ റാണ ഒന്നു തിരിഞ്ഞു

നോക്കി ആ ലിഖിതം തൃക്കൈയിലെടുത്തു. പൊടുന്നനവേ, രാജാവിന്റെ മുഖത്തു് ആശ്ചര്യം തുളുമ്പി. "ഇതാരുടെ കത്തു്? എവിടുന്നു്? ഇതിൽ ഗൂർജ്ജരാധിപന്റെ മുദ്ര കാണുന്നുണ്ടല്ലോ. നമ്മുടെ ബദ്ധശത്രുവായ അയാളെന്താണെഴുതിയയച്ചിരിക്കുന്നതു്!" എന്നു് ഉത്കണ്ഠയോടെ റാണ മുദ്ര പൊട്ടിച്ചു് എഴുത്തു വായിക്കാൻ തുടങ്ങി. കത്തിന്റെ അന്ത്യത്തിൽ വലിയ അക്ഷരത്തിൽ **കരണരായൻ** എന്നു കാണാനുണ്ടു്. റാണ കത്തു വായിച്ചുതുടങ്ങി:

"മഹാറാണ,

"ജയോല്ലാസംകൊണ്ടു് അങ്ങു വളരെ ഞെളിഞ്ഞുചമഞ്ഞതായി കേൾക്കുന്നു. ഗൂജരാധിപവിജയത്തിന്റെ സ്മാരകമായി ഒരു സ്തംഭം സ്ഥാപിക്കേണ്ട സംഭ്രമത്തിൽ ഊണും ഉറക്കവുംകൂടെ നിങ്ങൾ ഉപേക്ഷിച്ചിരിക്കുന്നുവത്രേ! ഈ പണവും പദവിയുമൊന്നും നീണ്ടുനില്ക്കുന്നതല്ല: ഇന്നലെത്തള്ളിവന്ന മലവെള്ളം! നിങ്ങൾക്കു വരാനിരിക്കുന്ന വമ്പിച്ച ആപത്തിനെപ്പററി വല്ല ചിന്തയുമുണ്ടോ? ഏതാനും നാൾകളുള്ളിൽ അതു കണ്ണാലെ കാണും; അനുഭവിക്കും. നിങ്ങൾ ജയസ്തംഭം നാട്ടുന്നതിന്നു മുമ്പുതന്നെ ചിത്തോരം ജയിച്ചതിന്റെ സ്മാരകമായി മറെറാരുവൻ അതു ചെയ്യും.

"അല്ലാവുദ്ദീൻ ഗൂജരാഥം കീഴടക്കി; അധികം വൈകാതെ ശേഷിച്ച മററു ഹിന്ദുരാജ്യങ്ങളെയും അവൻ പിടിച്ചടക്കും. ചിത്തോരത്തിന്നും ഗതി അതുതന്നെ.

"ഗൂജരാഥം ഇത്ര വെട്ടന്നു പട്ടാണികളുടെ അധീനതയിൽ ആകുമെന്നു് ആർ കരുതി? കേവലം നിങ്ങളുടെ കൃപയാണു് ഇതിന്നു കാരണം. ചിതോരവും ഞാൻ നിമിത്തമായി ശത്രുവിൻെറ ചവിട്ടടിയിൽ പെട്ടുപോകും. ഇതിന്നശേഷം സംശയം വേണ്ടാ. ചിതോരം നശിച്ചുപോകട്ടെയെന്നു ഞാൻ മനസാ ശപിച്ചിട്ടുണ്ടു്. ആ ശാപം ഫലിക്കും.

"ഞാൻ നാടും നഗരവും കൈവിട്ടുപോയശേഷം, കേവലം ഭ്രാന്തനെപ്പോലെ വായിൽത്തോന്നിയതു പുലമ്പുകയാണെന്നു കരുതിപ്പോകേണ്ടാ. ഒരേററത്തിന്നൊരിറക്കമുണ്ടു്. ഇക്കുറി ഗൂജ്ജരനാഥൻെറ ഒരമൂല്യമായ രത്നം പട്ടാണികൾ അപഹരിച്ചു കൊണ്ടുപോയി. ആ രത്നം തിരിച്ചിനി ഭണ്ഡാരത്തിലേയ്ക്കു വരില്ല. ഹൈന്ദവനാരിമാരുടെ ആ നടുനായകക്കല്ലു് ഊരി വീണുപോയി. ഗൂജരാഥരാജാവിൻെറ ഗൃഹലക്ഷ്മിയെ ആ പട്ടാണികൾ കൈവശപ്പെടുത്തി, അങ്കത്തിന്നലങ്കാരമാക്കിയിരിക്കുന്നു. രാജ്യലക്ഷ്മി ഒന്നുമാത്രമേ നഷ്ടപ്പെട്ടുപോയിട്ടുള്ളുവെങ്കിൽ എനിക്കത്ര വ്യസനമുണ്ടാകുമായിരുന്നില്ല. പട്ടാണികൾ ഹിന്ദുസ്ത്രീകളുടെ മൂക്കു മുറിച്ചു കൈയിൽ മുഖക്കണ്ണാടി കൊടുത്തുവല്ലോ എന്നുള്ള ആധിയാണെനിക്കു്.

"നിങ്ങടെ മേൽ ദോഷാരോപണം ചെയ്യേണമെന്നുള്ള ഉദ്ദേശം ഇപ്പോൾ എനിക്കില്ല. ഒരു ചേക്കുണ്ടിൽ കീടംപോലെ കിടന്നു കാലം കഴിക്കേണ്ട ഞാൻ ഒരു മഹാരാജാവിൻെറ മേൽ ദോഷം ആരോപിക്കുന്നതിന്നു

പ്രാപ്തനോ? എൻെറ ഉദ്ദേശം വേറൊന്നാണ്. അതു തുറന്നുപറഞ്ഞേയ്ക്കാം. കേൾക്കു: നിങ്ങളെനിക്കെങ്ങനെ ശത്രുവോ അതുപോലെതന്നെയാണ് അല്ലാവുദ്ദീനും. ഞാനീ ഇരുവൈരികളെയും ഒരൊററയടിക്കു പൊടിതുളി ക്കണമെന്നുദ്ദേശിച്ച് അതിന്നുവേണ്ടി ഒരുക്കം തുടങ്ങിയിരിക്കയാണ്. ഞാൻ നിങ്ങളുടെ ഇരുപേരുടെയും വിരോധത്തിന്നിരയാകും. പട്ടാണികളുടെ ചവിട്ടുകൊണ്ടു രജപുത്രർ ചളിയിൽ വീഴും; അതുപോലെതന്നെ രജപുത്രരെക്കൊണ്ടു പട്ടാണികളും. ഒരുപക്ഷേ തീരെത്തകൎന്നു പോയില്ലെങ്കിലും ഹതവീര്യരാകാതെ കഴിയില്ല. ശരി. അതിന്നുശേഷം ശക്തി ചടച്ച ശത്രുക്കളെഞാൻ ഉപായാന്തരത്തിൽ ഒതുക്കും. അല്ലാവുദ്ദീൻ ചിത്തോരത്തിൽ നിന്നു സുരക്ഷിതനായി തിരിച്ചുവരുതെന്നുള്ള ഉദ്ദേശത്തിന്മേൽമാത്രമാണ് ഇന്നു മുൻകൂട്ടി ഈ സംഗതികളറിയിച്ചതു്. അല്ലാവുദ്ദീൻ വലിയ ശൂരൻതന്നെയായിരിക്കാം. പക്ഷേ നിങ്ങളുറങ്ങിക്കഴിക്കാതിരിക്കുമെങ്കിൽ നിങ്ങളെ എളുപ്പത്തിൽ അവന്നു ജയിപ്പാൻ കഴികയില്ല. ഈ സംഗതി എനിക്കറിയാം. എല്ലാ സംഗതികളും അറിഞ്ഞിട്ടുതന്നെയാണ് ഞാൻ അല്ലാവുദ്ദീനെ വിളിക്കുവാൻ ദില്ലിക്കു പുറപ്പെട്ടതു്.

"അല്ലാവുദ്ദീൻ ചിതോർത്തിൻെറ നേരെ ആത്തുപുളച്ചെത്തും. നിശ്ചയമായും ചിതോരം പാഴായിപ്പോകും. എന്നാൽ മറെറാരു സംഗതി ഞാനറിയിക്കാം: സാധ്യമാണെങ്കിൽ ഈ സമയം ഹിന്ദുസ്ത്രീകളുടെ മാനത്തെ സംരക്ഷിക്കുവാൻ ശ്രമിക്കുക. നിങ്ങളെൻെറ വൈ

രിയാണെങ്കിലും ഹിന്ദുവനിതകൾ എൻെറ വൈരിണികളല്ല. അവർ എൻെറ ഭഗിനികൾ. എൻെറ ആ സോദരിമാരുടെ മാനത്തെ രക്ഷണംചെയ്യാൻവേണ്ടി ഞാൻ നിങ്ങളോടു യാചിക്കുന്നു. നിങ്ങടെ അരമനയിലും കമലയെപ്പോലെയുള്ള ഒരനർഘരത്നമുണ്ടെന്നെനിക്കറിയാം. അവരെങ്കിലും ദില്ലിപ്പട്ടാണിയുടെ ബീഗം ആകാതെ നോക്കിക്കൊള്ളുക.

"എനിക്കു പല ആശകളും സാധിക്കേണ്ടതായിട്ടുണ്ടു്. എന്നാൽ അവയുടെ കൂട്ടത്തിൽ ഒന്നിതാണു്: അല്ലാവുദ്ദീൻ ചിതോരം ചുട്ടു വെണ്ണീറാക്കിക്കളയട്ടെ; അതോടുകൂടി ഹിന്ദുസ്ത്രീകളുടെ കളങ്കവും വെന്തു വെണ്ണീറാകട്ടെ!

"നിങ്ങൾ ആറു മാസം അല്ലാവുദ്ദീനെ ചിതോരിൽ നിരോധിച്ചുനില്ക്കാമെങ്കിൽ ഞാൻ ദില്ലിക്കോട്ടയെ, ഒരു കല്ലെങ്കിലും ബാക്കിവെയ്ക്കാതെ, ഇടിച്ചു പൊളിച്ചു നിലത്തു നിരത്തുന്നുണ്ടു്. ഇതൊക്കെ യഥാർത്ഥമാണെന്നു വിശ്വസിച്ചുകൊള്ളുക. എള്ളോളം സംശയത്തിന്നിട വേണ്ടാ. വല്ല സന്ദേഹവും വന്നുപെട്ടാൽ ചിതോരത്തിന്നു നാശം നേരിടും; പട്ടാണികൾ ജയകാഹളം വിളിച്ചു തിരിച്ചുപോകും.

"ഒരു സമയം എൻെറ ഈ എല്ലാ അഭിലാഷങ്ങളും നിറവേറുന്നതായാൽ, ഏതെങ്കിലും ഒരു ദിവസം ഞാൻ നിങ്ങളെക്കാണാൻ വരുന്നതാണു്. അപ്പോൾ അങ്ങു ഗുജ്ജരാധിപനെ ഒരിക്കൽക്കൂടി തോല്പിച്ചു ജയശ്രീലാളിതനാകും. അതെങ്ങനെയെങ്കിലും വന്നുകൂടട്ടെ! അങ്ങുമാ

ത്രം അല്ലാവുദ്ദീൻെറ വിഷയത്തിൽ ബദ്ധശ്രദ്ധനായിരിക്കണം. അല്ലാവുദ്ദീനു് അധഃപതനം വരുത്തുന്നതിൽ അങ്ങയെ ഞാൻ സർവ്വപ്രകാരത്തിലും സഹായിക്കുന്നുണ്ടു്. നമസ്കാരം.

കരണരായൻ"

പത്രം വായിച്ച ലക്ഷ്മണസിംഹൻ ഏതാനും നിമിഷം ഇടിതട്ടിയ മരംപോലെ ഇരുന്നുപോയി. "ഇതെന്തു് അചിന്തിതമായ വർത്തമാനം?" റാണയുടെ മുഖം വെണ്ടപ്പുപോലെ വിളർത്തു; മിഴികളിൽ നീർതുളുമ്പി; നെടുവീർപ്പുകൾ തള്ളിപ്പുറപ്പെട്ടു. "വാസ്തവമായും ഹിന്ദുക്കളുടെ ഗൗരവത്തിനു് ഇപ്രകാരമുള്ള സ്ഥിതി വന്നുചേന്നുവെന്നോ? ഗുജരാഥത്തിൻെറ ഗതി ഇങ്ങനെയായോ?" എന്നു ചിന്താഗ്രസ്തനായി കത്തൊന്നുകൂടി വായിച്ചുനോക്കി. ഉടൽ വിറച്ചു; നെററിത്തടത്തിൽ വിയപ്പുതുള്ളികൾ പൊടിഞ്ഞു. മനസ്സിൽ സന്താപം തിരതള്ളിത്തുടങ്ങി. ഗുജ്ജരാധിപൻ ചിരവിരോധിയാണെങ്കിലും അയാളുടെ ഇത്തരത്തിലുള്ള പാരവശ്യമറിഞ്ഞു റാണയുടെ ഉള്ളുരുകി. പട്ടാണിയുടെ ദുഷ്ടത്വം കേട്ട താപം കോപമായി മാറി.

റാണ പെട്ടന്നു് എഴുന്നേററു പുറത്തേയ്ക്കു പോന്നു. ദ്വാരപാലകൻ കൈകൂപ്പിക്കൊണ്ടു നില്ക്കുന്നുണ്ടു്. റാണ, "മംഗലസിംഹ, ആ ദൂതനെ യഥായോഗ്യം സല്ക്കരിക്കുവാൻ അരമനയിലെ അതിഥിശാലാധ്യക്ഷനോടു കല്പിച്ചതായി പോയി പറയൂ" എന്നു് ആജ്ഞാപിച്ചു വേഗം നടന്നു. അഞ്ചാറടി മുന്നോട്ടു നടന്ന ഉടനെ പി

ന്തിരിഞ്ഞുനിന്നു്, "മംഗലസിംഹ, ഇപ്പോൾത്തന്നെ പോയി ഈ നിമിഷംമുതൽ ചിതോരത്തിൽ ആരും യാതൊരു വിധത്തിലുള്ള ഉത്സവവും കൊണ്ടാടരുതെന്നു നഗരാധ്യക്ഷനെ അറിയിക്കു" എന്നു കല്പിച്ചു പിതൃവ്യനായ ഭീമസിംഹൻെറ കൊട്ടാരത്തിലേയ്ക്കു ബദ്ധപ്പെട്ടു നടന്നു.

## അധ്യായം രണ്ടു്

സമരസിംഹൻ തീപ്പെട്ടപ്പോൾ, പുത്രനായ ലക്ഷ്മണസിംഹൻ ഒരു ഇളംപൈതലായിരുന്നു. റാണ ആസന്നമൃത്യുവായിക്കിടക്കുമ്പോൾ, വംശപ്രദീപമായ ഓമനക്കുമാരനെ രാജസോദരനായ ഭീമസിംഹൻെറ ഉത്സംഗത്തിലിരുത്തി, "ഭീമസിംഹാ, ലക്ഷ്മണനെ സ്വന്തം പുത്രനെപ്പോലെ കരുതി ലാളിച്ചു വളർത്തിവരേണ്ട ഭാരം നിനക്കാണു്; രാജ്യത്തിൻെറ ക്ഷേമവും സമാധാനവും നിന്നെയാണാശ്രയിച്ചിരിക്കുന്നതു്" എന്നു് അന്തിമവാക്കുകളിച്ചെയ്തുകൊണ്ടാണു് അന്തരിച്ചതു്. അന്നുതുടങ്ങി, നൃപകുമാരൻെറ പ്രതിപുരുഷനായി ഭീമസിംഹൻ രാജ്യഭരണം ചെയ്തുപോന്നു. പ്രജാക്ഷേമതൽപരതയും, പ്രതാപശക്തിയും, നീതിനിപുണതയും അസാമാന്യമായിണങ്ങിയ ഒരു ആദർശഭരണകർത്താവായിരുന്നു ഭീമസിംഹൻ. മററാരുടെ വാഴ്ചക്കാലത്തും മീവാരരാജ്യലക്ഷ്മിയുടെ മുഖത്തു് ഇത്ര മന്ദഹാസം സ്ഫുരിച്ചു കണ്ടിരുന്നില്ല. പ്രജാവലിയുടെ പ്രേമാദരങ്ങൾക്കു് അദ്ദേഹം

അചിരേണ പാത്രമായിത്തീൎന്നതിലത്ഭുതപ്പെടുവാനില്ലല്ലോ.

പ്രായപൂൎത്തി വന്നതോടുകൂടി ലക്ഷ്മണസിംഹൻ സിംഹാസനാരൂഢനായി. അപ്പോഴും ഭീമസിംഹൻെറ അഭിപ്രായവും അധികാരവുംതന്നെയാണു് ബലപ്പെട്ടിരുന്നതു്. ലക്ഷ്മണസിംഹൻ പിതൃവ്യൻെറ അഭിപ്രായമറിഞ്ഞല്ലാതെ ഒരു കാൎയ്യവും പ്രവൎത്തിക്കാറില്ല. യുദ്ധക്കളത്തിൽ സൎവ്വസൈന്യാധിപനും, രാജസദസ്സിൽ മുഖ്യസചിവനും അദ്ദേഹംതന്നെ.

ഇന്നു ലക്ഷ്മണസിംഹൻ കരണരായൻെറ എഴുത്തും കൈയിൽ പിടിച്ചു് അതിനെപ്പററി ആലോചിക്കുവാൻ ഭീമസിംഹൻെറ കൊട്ടാരമാളികയിലേയ്ക്കു കയറിച്ചെന്നു. പുത്രനിൎവ്വിശേഷമായ വാത്സല്യത്തോടുകൂടി ആ മഹാമനസ്കൻ ലക്ഷ്മണസിംഹനെ വിളിച്ചു് അരികെ ഇരുത്തി.

റാണയുടെ അകാലികമായ ആഗമനം കണ്ടു ഭീമസിംഹൻ "എന്താ വിശേഷിച്ച വല്ലതുമുണ്ടോ?" എന്നു് ഉത്കണ്ഠിതനായി.

റാണ:—വളരെ ഗൌരവമുള്ള വിഷയമാണു്. കലക്കം കൂടാതെ കഴികയില്ലെന്നു തോന്നുന്നു. വീണ്ടും പടയ്ക്കൊരുങ്ങേണ്ടിവരുമായിരിക്കും.

ഭീമ:—എന്തു്, സമരസന്നാഹമോ? അതിനെന്താണു് ഇത്രയൊക്കെ വിചാരവും വിഷാദവും? അങ്ങനെ ഒരവസരം വന്നുവശായാൽ യുദ്ധത്തിന്നൊരുങ്ങുകതന്നെ വേണം. ഒരു ക്ഷത്രിയനു പടയെന്നു കേൾക്കുമ്പോൾ

ഇടയിളക്കമോ? സംഗതി എന്താണെന്നു പറയു! കേൾക്കട്ടെ.

അപ്പോൾ റാണ ഗൂജ്ജരാധിപൻെറ കത്തു കൈയിൽ കൊടുത്തു. അതു വായിച്ചുകഴിഞ്ഞതോടുകൂടി ഭീമസിംഹൻെറ മുഖത്തു് ഒരു മൂടൽ പാഞ്ഞു. പോർക്കളത്തിൽ എതിരാളികളുടെ വാൾ വിരിമാറിടത്തിൽ തട്ടിയാൽക്കൂടി എള്ളോളും ഇളക്കമില്ലാത്ത ഭീമസിംഹൻെറ ഗംഭീരഹൃദയം ഗൂജ്ജരാധിപൻെറ പത്രികയിലടങ്ങിയ നിശിതവാക്യം കണ്ടു തളൎന്നു പിളൎന്നുപോയി. "ഇക്കത്താരാണു് കൊണ്ടുവന്നതു്" എന്നു ചോദിച്ചു.

റാണ:—ഒരു രാജദൂതനാണു്. വേണമെങ്കിൽ വിളിക്കാം. ഞാനവനെ ഇതേവരെ കാണുകയുണ്ടായില്ല.

ഭീമ:—നന്നായി. ഇതിലെന്താണു് പ്രവത്തിക്കേണ്ടതെന്നു് ആലോചിച്ചുറച്ചശേഷം മതി ദൂതനെ വിളിക്കുക. കമലാദേവി ഇങ്ങനെ തൻെറ സവ്വസ്വവും ഹോമിച്ചു കളഞ്ഞുവോ?

റാണ:—അവരെന്തു ചെയ്യും? പട്ടാണികൾ അവരെ ബലാത്കാരമായി പിടിച്ചുകൊണ്ടുപോയി. ഇക്കുറി യുദ്ധം തുടങ്ങിയാൽ പട്ടാണികൾ ചിത്തോരത്തിൽ വന്നുവശാവും; അല്ലാവുദ്ദീൻ എത്ര നീചനാണെന്നു നമുക്കും നോക്കാമല്ലോ.

ഭീമസിംഹൻ അല്പസമയം ആലോചനാവിഷ്ടനായിരുന്നു. അനന്തരം, "അല്ലാവുദ്ദീൻമാത്രമല്ല ഇതിലപരാധിയെന്നാണു് എനിക്കു തോന്നുന്നതു്. ഇതിനുള്ളി

ലെന്തോ ഒരു മായാപ്രയോഗം ഉണ്ടു്. അല്ലാവുദ്ദീൻ എന്താണു് പ്രവൎത്തിച്ചതു്? അയാൾ ഗുജരാഥത്തെപ്പിടിച്ചടക്കി. അതുകൊണ്ടെന്താണു്? രാജ്യം ചുട്ടു വെണ്ണീറാക്കിക്കൊള്ളട്ടെ! എന്നാലും, തന്റെ ചാരിത്രശുദ്ധിയെ സംരക്ഷിക്കേണ്ടതു കമലാദേവിയുടെ കൎത്തവ്യമല്ലേ?

ഇല്ല; ഞാനതു വിശ്വസിക്കയില്ല. ഹിന്ദുക്കളുടെ പൂർവസംസ്കാരവും ആചാരവിചാരങ്ങളും ഒന്നോ രണ്ടോ ദിവസംകൊണ്ടൊന്നും ലോപിച്ചുപോകുന്നതല്ല. കമലാദേവി പാപിഷ്ഠയാണെന്നുള്ളതിനു തൎക്കമില്ല. പക്ഷേ ആ പാപം ഇന്നും ഇന്നലെയുമായി ആൎജ്ജിച്ചതായിരിക്കയില്ലതന്നെ. ആ ദുരാചാരിണി അനേകനാളായി അന്തരംഗത്തെ പുഴുക്കുത്തു പിടിപ്പിച്ചുപോന്നിരിക്കണം."

റാണയുടെ മുഖത്തു നിഴലാടിയിരുന്ന വ്യസനാകലിതമായ ഉദ്വേഗം മങ്ങിമറഞ്ഞു; ആ സ്ഥാനത്തു് ഒരാശ്ചര്യഭാവം കടന്നുകൂടി. അപ്പോൾ റാണ "ഏതോ അങ്ങനെയായി, ഇനി വേണ്ടതെന്താണു്?" എന്നു ചോദിച്ചു.

ഭീമസിംഹൻ എഴുന്നേററുനിന്നു് "അകത്തേയ്ക്കു പോവുക. ഏതാനും നാളായി എന്റെ ഉള്ളിൽ ഒരു വിചാരം കിടക്കുന്നുണ്ടു്. ഇന്നു് അതു തുറന്നുവിട്ടേയ്ക്കാം" എന്നു പറഞ്ഞു റാണയേയും വിളിച്ചു മറെറാരു മുറിയിൽ പ്രവേശിച്ചു.

# അദ്ധ്യായം മൂന്നു്

അതേദിവസം രാത്രി, ചിതോരദുൎഗ്ഗത്തിൽ വെണ്ണക്കൽകൊണ്ടു കെട്ടിപ്പടുത്ത ഒരു രമ്യഹൎമ്മ്യത്തിൽ ലാവണ്യവതിയായ ഒരു യുവതി നഭോവീഥിയിലേയ്ക്കു നയനവിക്ഷേപം ചെയ്തുകൊണ്ടു നില്ക്കുന്നു.

പൂവെണ്ണിലാവേററു പുളകിതയായ പ്രകൃതിദേവി മന്ദഹാസിച്ചുകൊണ്ടിരിക്കുന്നു. രാവേറെച്ചെന്നു; ഒരു പ്രശാന്തരമ്യത എങ്ങും പ്രസരിച്ചുകാണാനുണ്ടു്. നഗരഗൃഹങ്ങളിലൊന്നിൽനിന്നെങ്കിലും ദീപപ്രകാശം പുറപ്പെടുന്നില്ല. നിദ്രാംഗനയുടെ ആലിംഗനസുഖത്തിൽ എല്ലാവരും ലയിച്ചിരിക്കയാണു്. ദൂരെ ദുൎഗ്ഗശിഖരത്തിന്നരികെ ഒരു ദീപം ആകാശമഞ്ചത്തിലെ മണിവിളക്കുകളൊന്നിച്ചു ചിന്നിമിന്നിക്കൊണ്ടിരിക്കുന്നു. രാജവീഥിയിൽ അങ്ങുമിങ്ങും ഓരോ ദീപം നിറതിങ്കളിൻെറ തിളക്കത്തിൽ നിഷ്പ്രഭമായ് നില്ക്കുന്നുണ്ടു്.

ഈ സമയം ഒരു ഗംഭീരപുരുഷൻ പതുക്കെപ്പതുക്കെ വന്നു്, ആ പേശലാംഗിയുടെ പിൻവശത്തു നിന്നു. കുളിരിളംനിലാവോടു സമ്മിശ്രമായിത്തീൎന്ന ആ ശരീരകാന്തിയെ എത്രയോ നേരംവരെ അഭ്യാഗതൻ നിരീക്ഷിച്ചു നിൎവ്വൃതിക്കൊണ്ടു. പ്രകൃതിദേവി വാരിപ്പൊഴിക്കുന്ന അപ്പോഴത്തെ പ്രശാന്തസൗന്ദൎയ്യത്തിൽ കണ്ണും കരളും ഒരുപോലെ നിമഗ്നമായിരുന്നതിനാൽ, ആ വ്യക്തിയുടെ ആഗമനം വിലാസിനി അറിഞ്ഞതേയില്ല. ദൂരെക്കാണുന്ന അരാവലിപൎവ്വതപങ്ക്തിയുടെ മേൽഭാഗ

ത്തു കരാളമായ ഒരു കാർമ്മേഘം കയറിക്കൂടുന്നുണ്ടായിരുന്നു. അക്കാഴ്ചയാൽ ആകൃഷ്ടയായിരുന്നു നമ്മുടെ നായിക.

പൂർവ്വോക്തപുരുഷൻ വളരെ നേരം അതേ നിലയിൽത്തന്നെ നിന്നു. എന്നിട്ടും ആ മങ്ക അങ്ങോട്ടു തിരിഞ്ഞുനോക്കുന്ന ലക്ഷണം കണ്ടില്ല. അതുകൊണ്ടു പുരോഭാഗത്തേയ്ക്കു പെട്ടന്നു ചെന്നു്, അദ്ദേഹം മൃണാളമൃദുളമായ കൈ പിടിച്ചു് "എന്താ പത്മം! ഇങ്ങനെ നോക്കിക്കൊണ്ടിരിക്കുന്നതു്?" എന്നു മൗനഭേദനം ചെയ്തു.

രമണി അങ്ങോട്ടു നോക്കി! നീരത്തിന്നലേറ നീലാരവിന്ദംപോലെ ഇളകിക്കളിക്കുന്ന നീണ്ട നേത്രങ്ങൾ ആഗതന്റെ മുഖത്തു് അല്പനേരം വിഹരിച്ചു. അനന്തരം മുഖം തിരിച്ചു് അരാവലിമലയുടെ മുടിപ്പരപ്പിൽ തള്ളിപ്പരന്നുവരുന്ന കാർമ്മുകിൽമാല നോക്കി "ഹാ! എന്തൊരു കാർമേഘമാണിതു്?"

ഈ കുളിർമൊഴികൾ കേട്ടു പുരുഷൻ നെടുതായൊന്നു നിശ്വസിച്ചു്, "പത്മം നിർമ്മലമായ ഭാരതനഭസ്സിലും ഇതേവിധം ഒരു കാളമേഘം കടന്നുകൂടിയിട്ടുണ്ടു്. അതു കാണെക്കാണെ വളന്നു പടൎന്നുപിടിച്ചുതുടങ്ങിയിരിക്കുന്നു."

പത്മം വിസ്മയപ്പെട്ടു് ആ പുരുഷന്റെ മുഖത്തേയ്ക്കു മിഴിയൂന്നി നിന്നു. അല്പം കഴിഞ്ഞു് "എന്തിനാണിങ്ങനെ അശുഭകാര്യം വലിച്ചിടുന്നതു്?"

വീണ്ടും നെടുവീർപ്പിട്ടു് ആഗതൻ: "അശുഭമാണെങ്കിലും യഥാൎത്ഥമാണു് ഞാൻ പറഞ്ഞതു്. പത്മം, അ

ല്ലാവുദ്ദീൻ നാൾതോറും പ്രബലനായ്ക്കൊണ്ടാണ് വരുന്ന
തു്. അവൻ ഗുജരാഥത്തെജ്ജയിച്ചു!"

"ഹാ! ഗൂർജ്ജരാധിപൻ നിശ്ചയമായും ദൈവഹ
തനാണ്. ചിതോരപ്പടയിൽത്തന്നെ അയാൾ പരാജ
യം പ്രാപിച്ചു. ഇപ്പോൾ പട്ടാണികളുടെ കൈയിലക
പ്പെട്ടു കഷ്ടത്തിലായി, സാധു!" എന്നു് അനുതപിച്ചു.

"വാസ്തവം നോക്കുകയാണെങ്കിൽ ഇതിൽ നമ്മളാ
ണ് അപരാധികൾ. അയാളെ ഇത്ര ശക്തിഹീനനാ
ക്കിത്തീർത്തു മററാരുമല്ല. ചിതോരം ഈ പാപത്തിനു
തക്ക പ്രായശ്ചിത്തം ചെയ്തേ കഴിയൂ. കരണരായനും
ഇന്നു് അതുതന്നെയാണ് അറിയിച്ചിരിക്കുന്നതു്" എ
ന്നു പ്രിയതമനായ ഭീമസിംഹൻ പറഞ്ഞതിനു്,

"കരണരായനോ! എന്തു്, അയാളിപ്പോളെവിടെ?
ഇതെന്തു കഥ?" എന്നു ചില്ലിവില്ലാട്ടത്തോടെ ചോ
ദിച്ചു.

ഭീമസിംഹൻ:—അയാളിസ്സമയംകൊണ്ടു ദില്ലിയിലെ
ത്തിച്ചേർന്നിരിക്കും. കാലത്തു് ഒരു ദൂതൻവശം കരണ
രായനയച്ച കത്തിൽ വിവരമെല്ലാം വിശദമാക്കീട്ടു
ണ്ടു്. അതിൽ ഇനിയും പല ഭയങ്കരസംഗതികളും
പ്രസ്താവിച്ചിരിക്കുന്നു. പത്മം അതൊന്നും അറിയാ
ത്തതാണ് നല്ലതു്. അത്രയ്ക്കു ലജ്ജാവഹമാണ്. ഹിന്ദു
മഹിളകളുടെ മുഖത്തു കരി തേച്ചുകഴിഞ്ഞു.

പത്മിനി:—(ഉൽക്കണ്ഠയോടെ) അങ്ങയുടെ വാക്കു കേൾ
ക്കുമ്പോൾ മനസ്സിൽ പലവിധ സംശയങ്ങളും ഇഴ
ഞ്ഞുകയറുന്നു. കരണരായൻ അല്ലാവുദ്ദീനു അടിമ

പ്പെട്ടവോ? അവൻെറ അടികമ്പിടുന്നതിനാണോ ദില്ലിക്ക തിരിച്ചതു്? അതോ ബന്ധനസ്ഥനാക്കി അവൻ രായനെ കൊണ്ടുപോയോ? എന്താണുണ്ടായതു്. വേഗം പറയണേ, മനസ്സുഴറുന്നു.

ഭീമസിംഹൻ:—(പൊട്ടിച്ചിരിച്ചു്) പത്മം, സമാധാനപ്പെട്ടു. ബദ്ധപ്പെടേണ്ടാ. കരണരായൻ ദില്ലിനാഥൻെറ ദാസ്യം സ്വീകരിച്ചിട്ടില്ല. പക്ഷേ അയാളുടെ പത്നി കമലാദേവി അതു് ആഹ്ലാദപൂൎവ്വം അംഗീകരിച്ചു. അല്ലാവുദ്ദീൻ കമലാദേവിയെ മോഹപാശത്താൽ ബന്ധിച്ചുകൊണ്ടു പൊയ്ക്കളഞ്ഞു.

പത്മിനിയുടെ ഹൃദയം ശക്തിയോടെ സ്പന്ദിച്ചു. ഇടിവെട്ടുകൊണ്ടപോലെ ആകമാനം നടുങ്ങി. ഇതു് എന്തു് അസംഭാവ്യമായ സംഗതിയാണു്! പത്മിനി ഇതു സ്വപ്നേപി കരുതിയിട്ടില്ല. ആ വെണ്മാടം ഉൗഞ്ഞാലാടുന്നതുപോലെ തോന്നി. 'സ്വപ്നമോ മായയോ മാനസഭ്രാന്തിയോ' എന്നു് ആ മനസ്വിനി ശങ്കിച്ചു. ദേഹം ക്രമേണ ദുൎബ്ബലമായി, റാണി വീണുപോകുമോ എന്ന നിലയിലായപ്പോൾ സിംഹൻ കൈ പിടിച്ചിരുത്തി. 'ഒരു രജപുത്രസ്ത്രീയുടെ ഹൃദയം ഇങ്ങനെയായോ? കമലാദേവിയുടെ അന്തരംഗത്തിൽ ഇങ്ങനെയുള്ള വിഷം അടിഞ്ഞുകിടന്നിരുന്നുവോ? ഇതിങ്ങനെയായാൽ പിന്നെ ലോകത്തു് എന്തു സംഗതിയാണു് സംഭവിച്ചുകൂടാത്തതു്?' എന്നു് ആ സതീരത്നം ആത്മഗതം ചെയ്തു.

ഭീമസിംഹൻ പ്രിയതമയുടെ മനഃസ്ഥിതി കണ്ടറിഞ്ഞു്—"നടക്ക, പത്മം! താഴത്തേയ്ക്കു പോവുക. മഴയ്ക്കാ

രംഭമുണ്ടെന്നു തോന്നുന്നു. ഇവിടെ ഇങ്ങനെ മനസ്സു മ ങ്ങിയിരുന്നിട്ടു് എന്താണു് പ്രയോജനം? ധൈര്യം അവലംബിക്കൂ. എൻെറ കൈ പിടിച്ചോളൂ” എന്നു സമാശ്വസിപ്പിച്ചു ദയിതയെ എഴുന്നേല്പിക്കുവാൻ ചെന്നു.

പത്മിനി കരാവലംബത്തോടെ എണീററുനിന്നു. ആ സമയംകൊണ്ടു മുമ്പു നാം കണ്ട കാർമേഘം അനുക്ഷണം വളൎന്നു ഭയങ്കരാകാരം ധരിച്ചു്, ആകാശമണ്ഡലമെങ്ങും ഇടതിങ്ങിപ്പൊങ്ങി, നക്ഷത്രപംക്തിയെയും ലോകാഹ്ലാദകനായ അമൃതകിരണനെയും പാടേ മറച്ചുകളഞ്ഞു! ദിക്ചക്രവാളം ഇരുളലയ്ക്കുന്ന ഒരു കരിങ്കടലായി മാറി. പത്മിനി ഈ ഭയങ്കരപരിണാമം കണ്ടു് ‘ഒരൊററനാഴികനേരംകൊണ്ടു്, പൂനിലാവു പൊഴിച്ചിരുന്ന ചന്ദ്രനും പ്രകൃതിയുടെ പ്രശാന്തരമണീയതയും എല്ലാം എവിടെപ്പോയ് മറഞ്ഞു? അസ്ഥിരമായ ഈ ജഗത്തിൻെറ സ്ഥിതിയും ഇതുതന്നെയാണെന്നു തോന്നുന്നു’ എന്നു് ആശ്ചര്യപ്പെട്ടു.

പത്മിനിയും സിംഹനും സാവകാശം താഴോട്ടിറങ്ങിപ്പോന്നു. തത്സമയം ഒരു കൊടുങ്കാററു ചീറിയടിച്ചു് അവർ പ്രവേശിക്കുന്ന മാളികമുറിയുടെ വാതിലുകളും വാതായനങ്ങളും തടപടധ്വനിയോടെ തട്ടിയടച്ചു് അകത്തെങ്ങും അലറി.

ദമ്പതിമാർ ചണ്ഡമാരുതൻെറ ഫൂൽക്കാരകോലാഹലം കണ്ടു ക്ഷണനേരം മിഴിച്ചുനിന്നുപോയി.

# അധ്യായം നാലു്

മനോഹരമായ ഒരു ചെറുമന്ദിരത്തിലാണു് അവർ പ്രവേശിച്ചതു്. ദന്തരചിതമായ പല ആസനങ്ങളും അവിടെ യഥാസ്ഥാനം ഇട്ടിരിക്കുന്നു. ശ്ലക്ഷ്ണശിലാനിർമ്മിതമായ വട്ടമേശപ്പുറത്തു പുഷ്പധാരങ്ങളിൽ വിചിത്രകുസുമങ്ങൾ വിളങ്ങുന്നുണ്ടു്. അഴകൊഴുകുന്ന സാലഭഞ്ജികകൾ സജീവങ്ങളാണെന്നുതന്നെ തോന്നും. ഭാരതീയരുടെ ചിത്രകലാകൗശലത്തിന്നു സാക്ഷ്യം വഹിക്കുന്ന പല ആലേഖ്യങ്ങളും കൺകുളൂർപ്പിക്കുമാറു ഭിത്തികളിൽ പ്രശോഭിക്കുന്നുണ്ടു്. വിവിധദ്രവ്യങ്ങളിൽനിന്നു പുറപ്പെടുന്ന പരിമളധോരണി ആ പരിസരമെങ്ങും വ്യാപിച്ചു ഘ്രാണേന്ദ്രിയത്തിന്നു പരമാനന്ദം നല്കുന്നു. ഭീമസിംഹൻ അവിടെ ജ്വലിച്ചുകൊണ്ടിരിക്കുന്ന മണിദീപത്തിൻെറ തിരി അല്പമൊന്നു കയററി. എന്നിട്ടും ആ പ്രഭാപരിസരത്തിൽ പത്മിനിയുടെ മുഖകാന്തി തെളിഞ്ഞു കണ്ടില്ല.

ഇരുവരും ഇരുന്നശേഷം കരണരായൻെറ സന്ദേശത്തിലെ സംഗതികളൊട്ടൊഴിയാതെ പ്രിയതമയെപ്പററഞ്ഞുകേൾപ്പിക്കാൻ തുടങ്ങി. സല്ലാപമദ്ധ്യേ സിംഹൻ: “പത്മവും ഒരു ദിവസം അല്ലാവുദ്ദീൻെറ ബീഗമായിരിക്കേണ്ടിവരും! ആ നീചഹൃദയൻ നിന്നെച്ചൊല്ലിയാണത്രേ ഇത്രയൊക്കെ സമരസന്നാഹങ്ങൾ ചെയ്തതു്. കമലാദേവിയെപ്പോലെ പത്മവും പട്ടാണിരാജാവിൻെറ പാർശ്വത്തിൽ രാജരാജേശ്വരിയായി ശോഭിച്ചേയ്ക്കാം....”

പത്മിനിയുടെ മോഹനമുഖത്തു് ഒരു ചെങ്കനൽപ്രഭ പടന്നു. അവർ: “ചിതോരത്തിൽ വന്നാൽ അല്ലാവു

ട്ടീൻ അസാധാരണമായ ഒരു പാഠം പഠിച്ചേ പോവുകയുള്ളൂ. ഭാരതഭൂമിയിലുള്ളവരൊക്കെ കരുണരായനും കമലാദേവിയും അല്ലെന്നു് ആ അവിവേകിയെ നാം മനസ്സിലാക്കി വിടണം. ഇക്കുറി നാം കമല വരുത്തിക്കൂട്ടിയ കളങ്കം കഴുകിക്കളഞ്ഞല്ലാതെ ഒരിക്കലും പിന്മാറുന്നതല്ല'' എന്നു ഗംഭീരഭാവം അവലംബിച്ചു.

ഭീമസിംഹൻ ഇതിനൊന്നും ഉത്തരം ഉരിയാടിയില്ല. അദ്ദേഹം മറ്റെന്തോ വിചാരത്തിനു വിധേയനായിരിക്കുകയായിരുന്നു. അടിക്കടി പല ചിന്താതരംഗങ്ങളും തള്ളിയലച്ചു ഹൃദയതടം കലങ്ങിമറിഞ്ഞു. പെട്ടന്നു് ഇങ്ങനെയൊരു വിചാരം വിദ്യുല്ലതപോലെ പാഞ്ഞു.

ഭീമസിംഹൻ:—"കമലാദേവിയുടെ ദാസിയായ 'മദിയ'യെ ഓക്കുന്നുണ്ടോ? ആറു വഷം മുമ്പു കമലാദേവിയെ സന്ദശിക്കുവാൻ നാം പോയിരുന്നപ്പോൾ അവളവിടെ ഉണ്ടായിരുന്നല്ലോ. കമലയുടെ അരികെ ഒരു മുസൽമാൻദാസിയെക്കണ്ടു് അന്നു പത്മം ആശ്ചര്യപ്പെടുകയുണ്ടായില്ലേ? ആ മദിയതന്നെയാണു് ഈ അനത്ഥത്തിനൊക്കെ കാരണം'' എന്നു സംശയച്ഛേദം ചെയ്തു.

പത്മിനി:—(ഉദ്ദീപ്തമായ പൂവ്സ്മൃതിയോടെ) "അതേ, ആ ദാസിയുടെ പെരുമാററം കണ്ടു ഞാനന്നു്, 'കമലേ, ഈ നീചസാഹചര്യംകൊണ്ടു നിങ്ങൾക്കു ജാള്യം നേരിട്ടേയ്ക്കു'മെന്നു പറയുകയുണ്ടായി. എന്റെ ദീർഘദശനം കണക്കിനു ഫലിച്ചുവെന്നാണു് തോന്നുന്നതു്'' എന്നു് ആശ്ചര്യപ്പെട്ടു.

ഭീമസിംഹൻ:—അതിലെന്താണാശ്ചര്യം? ആ ദാസിയുടെ രൂപലാവണ്യവും കൊഞ്ചിക്കുഴഞ്ഞ കൂത്താട്ടവും അരമനയിലവൾക്കുള്ള അധികാരശക്തിയും കണ്ടു്, കരണരായനു് അവൾമൂലം ഇന്നല്ലെങ്കിൽ നാളെ ഒരു നാശം വന്നുകൂടുമെന്നു ഞാനും ചിന്തിക്കാതിരുന്നില്ല. പക്ഷേ ഇങ്ങനെയാണതിൻെറ പരിണാമമെന്നു് ആരാലോചിച്ചു?

പത്മിനി:—ഞാനും ഈ ഭയങ്കരഭവിഷ്യത്തു് ഊഹിച്ചിട്ടില്ല. അവളുടെ അതിരററ അംഗലാവണ്യംകൊണ്ടു രായൻ ദൂഷിച്ചുപോയേയ്ക്കാമെന്നേ അങ്ങും ആലോചിച്ചുള്ളൂ. ഞാനും അതിലധികമൊന്നും കരുതിയില്ല. എന്നാൽ നടന്നതു മറെറാരു പ്രകാരത്തിലായി.

ഭീമസിംഹൻ:—ഇനിയെന്താണു് വരേണ്ടതു്? പതിയെ കമല പതിതനാക്കിയില്ല; സ്വയമേവ ആ പാപപങ്കത്തിൽ ആഴുകയാണു് കമല ചെയ്തതു്. മായാവിനിയായ മദിയയാണു് നന്ദനവനത്തിലെ പാരിജാതത്തെപ്പറിച്ചു നരകത്തിലാക്കിയതു്!

വികാരസംരംഭംകൊണ്ടു പത്മിനിയുടെ രസനാരംഗത്തിൽനിന്നു വാക്കുകൾ ശരിയായി പുറപ്പെട്ടില്ല. അസ്സടസ്വരത്തിൽ അവർ ഒരുവിധം ഇങ്ങനെ സംഭാഷണം തുടൎന്നു: "മൃദുലഹൃദയയും സുശീലയും കുസുമകോമളയുമായ എൻെറ കമലയിൽനിന്നു് ഇത്ര ഭയങ്കരമായ സാഹസം സംഭവിക്കുകയോ?" എന്തോ എനിക്കീ വൎത്തമാനം പരമാൎത്ഥമാണെന്നു വിശ്വസിക്കാൻ വയ്യാ."

ഭീമസിംഹൻ പ്രേമസവ്സ്വത്തിൻെറ കൈ പിടിച്ചെഴുന്നേൽപ്പിച്ചു, മൃദുസ്വരത്തിൽ: "ഓമനേ, നിനക്കിനിയും മനസ്സിലായിട്ടില്ല. സരളസ്വഭാവകളായ അബലകൾ വഞ്ചകന്മാരുടെ വലയിൽ ഒരിക്കൽ കുടുങ്ങിപ്പോയാൽ പിന്നെ ഇജ്ജന്മം അതിൽനിന്നു അവക്കു വിട്ടുപോരാൻ കഴിവുണ്ടാകയില്ല. അക്കഥ അങ്ങനെയിരിക്കട്ടെ. എന്തിനാണു വെറുതെ മനസ്സു ചീത്തയാക്കുന്നതു? ഉറങ്ങാൻ നോക്കുക. നേരം വളരെയായി. ആ! കേട്ടില്ലേ, ചിതോരദേവീക്ഷേത്രത്തിൽ പാതിരപ്പൂജയുടെ മണികിലുക്കം തുടങ്ങി" എന്നു വിരമിച്ചു.

രണ്ടുപേരും ശയ്യാഗതരായി. കാററിൻെറ ഭീഷണതാണ്ഡവം അപ്പോഴും നിലച്ചിട്ടില്ല. ഒട്ടേറെ നേരം ചെന്നപ്പോൾ, കാറേററു വിളക്കണഞ്ഞുപോയി. പത്മിനീസിംഹന്മാർ അതറിഞ്ഞതേയില്ല.

## അദ്ധ്യായം അഞ്ചു

പിറേറന്നാൾ ഭീമസിംഹൻ രാജസഭയ്ക്കു പോയി മടങ്ങിവന്നു. കൊട്ടാരമാളികയിലെ വാതിലിന്നരികെ വന്നപ്പോഴേയ്ക്കും സിംഹൻ വിസ്മയിച്ചു നിന്നുപോയി. അകത്തുനിന്നു കവാടം ബന്ധിച്ചിരിക്കുന്നു. ജാലകത്തിൻെറ പഴുതിൽക്കൂടി നോക്കിയപ്പോൾ പത്മിനി 'ചന്ദ്രം പടിഞ്ഞി'രുന്നു എന്തോ എഴുതുകയാണു.

സിംഹൻ പത്മിനിയെ ഈ സ്ഥിതിയിൽ ഒരിക്കലും കണ്ടിരുന്നില്ല. പത്മിനി തൻെറ നാമത്തെ അനു

ത്ഠമാക്കി നയനാനന്ദിനിയായിട്ടാണു് പ്രശോഭിക്കുന്ന തു്.

സിംഹൻെറ ഹൃദയം പണ്ടില്ലാത്തവിധം ആഹ്ലാദ തരംഗിതമായി. ഭീമസിംഹൻ: "പത്മം! പത്മം" എന്നു വിളിച്ചു.

പത്മിനി തട്ടിപ്പിടഞ്ഞെഴുന്നേററു കതകു തുറന്നു. കരകിസലയത്തിൽ കത്തു കാണുന്നില്ല. എഴുതിക്കൊണ്ടിരുന്നേടത്തു ചെന്നു തിരഞ്ഞുനോക്കി. അവിടെയും ലേഖം കണ്ടെത്തിയില്ല. അപ്പോഠം അമ്പരന്നു സിംഹൻ "ഇതെന്താണു് പത്മം? ഇന്നു പുതിയ മട്ടും മററും കാണുന്നുവല്ലോ. കവിതയെഴുത്താണോ? സപത്നികഠം മത്സരശീലം മറന്നുപോയോ?" എന്നു ചോദിച്ചു.

പത്മിനി:—പുറമെയുള്ള കലഹപ്രസംഗം കണ്ടു് അന്തഃ ഛിദ്രം താനേ ശാന്തമാകുന്നതു സഹജമാണല്ലോ.

ഭീമസിംഹൻ ചിരിച്ചു:—"അതു ശരിയാണു്. ലക്ഷ്മിയും സരസ്വതിയും ഒന്നിച്ചു വസിക്കുകയെന്നതു ലോകത്തു ദുർല്ലഭം. അരമനയിൽ അവരിരുവരും ഐക്യത്തോടെ വത്തിച്ചാൽ അതിൽപ്പരം സന്തോഷമെന്താണുള്ളതു്? ആ പഴമൊഴി ഇരിക്കട്ടെ! എഴുതിക്കൊണ്ടിരുന്ന കടലാസ്സു എന്തു കാട്ടി? പറയൂ" എന്നു നിർബ്ബന്ധിച്ചു.

മന്ദാക്ഷംകൊണ്ടു ദേവിയുടെ കവിഠത്തടം തുടുത്തു. അവർ നിലത്തു നോക്കി നില്പായി. പിന്നെ മുഖമുയത്തി ചടുലചാരുകടാക്ഷങ്ങളെ പ്രിയതമൻെറ നേരേ എസ്സുവിട്ടു. വദനസരോജത്തിൽ ആനന്ദാമൃതം വഴിഞ്ഞൊ

ഴകുന്നതായി കണ്ടു. പത്മിനി പുഞ്ചിരിപ്പൂനിലാവു പൊഴിച്ച് "ഇല്ല. ഞാനാക്കത്തുമാത്രം കാട്ടിത്തരില്ല. എന്നാലെൻെറ ഉദ്ദേശമൊക്കെ ഉടഞ്ഞു പൊളിഞ്ഞുപോകും" എന്നു പറഞ്ഞു പട്ടുമ്പഞ്ചേലയിൽ ഒളിച്ചുവെച്ചിരുന്ന കത്തു പുറത്തെടുത്തു കൈയിൽ മുറുകെപ്പിടിച്ചു.

പ്രണയിനിയുടെ ഈ വിലാസചേഷ്ടിതത്തിൽ സിംഹനു് ഒരു പുതുമ തോന്നി. ഇതുവരെ ഇങ്ങനെ ഒരു സമ്പ്രദായം സിംഹൻ കാണാത്തതാണു്. ആ മനസ്വിനി ഏതൊരു കാര്യവും ഭർത്തൃസമക്ഷം പ്രസ്താവിക്കുന്നതിനു മുമ്പും പിമ്പും നോക്കാറില്ല. ഇന്നു് എന്താണു് ഒരു ഗൂഢകാര്യം നടത്തുന്നതിനു ചാടിപുറപ്പെടാൻ? അദ്ദേഹം:—"എന്താണു് പത്മം, ഇന്നൊരു ഗുപ്തസംഗതി നടത്തുന്നതിനുള്ള ഒരുക്കം? അതെന്നെ കാണിച്ചുകൂടേ? എന്നാൽ ഞാൻ പത്മത്തെ വിടാൻ ഭാവമില്ല. ആരു വിചാരിച്ചതാണു് നടക്കുക എന്നൊന്നു കാണട്ടെ" എന്നു പറഞ്ഞു പത്മിനിയെപ്പിന്നിൽനിന്നു ബാഹുയുഗളം കൊണ്ടു ബന്ധിച്ചു് ഇടത്തെ കൈകൊണ്ടു പ്രിയതമയുടെ ഇടംകൈ പിടിച്ചു വലംകൈകൊണ്ടു പത്രം മുറുക്കിപ്പിടിച്ചിരിക്കുന്ന പിടി വിടുവിക്കുവാൻ നോക്കി.

പത്മിനി:—വിട്ടൂ, വിട്ടൂ! എന്തു ബലാത്കാരമാണിതു്. പാദുഷയുടെ കോപത്തിനു് അങ്ങു പാത്രമായിത്തീരും. ഞാൻ പട്ടാണിരാജവിന്നു ഗൂഢമായി ഒരു എഴുത്തു തയ്യാറാക്കുകയായിരുന്നു. ആ സമയം അങ്ങു ബലാത്ക്കാരം പ്രവത്തിച്ച സംഗതി അല്ലാവുദ്ദീനറിഞ്ഞുവശായാൽ അങ്ങയുടെ അവസ്ഥ എന്തായിത്തീരും,

അറിയാമോ? ഞാനെങ്ങനെയാണു് ആ ലേഖനം അങ്ങയെക്കാണിക്കുന്നതു്? അപ്രകാരമുള്ള ഒരു കത്തു കാണുന്നതിനു് അങ്ങു് ഇത്ര കൗതുകപ്പെടുന്നതെന്തിനായിട്ടാണു്?

ഭീമസിംഹൻ പൊടുന്നനെ കൈ വിട്ടു ദൂരെ മാറിനിന്നു്, പത്മിനിയുടെ മുഖത്തു് ഇമവെട്ടാതെ നോക്കി. ആ നോട്ടത്തിൽ വിസ്മയവും കോപവും ഇടകലർന്നിരുന്നു. ആശ്ചര്യമാണു് മുന്നിട്ടുകണ്ടതു്. അനന്തരം അതു കേവലം കോപത്രുപമായി മാറി. ഭീമസിംഹൻെറ അന്തഃകരണം ചുഴലിക്കാററടിച്ച ദീപമണഞ്ഞുപോയ ഉടനെ ഗാഢാന്ധകാരം പരന്ന മുറിപോലെയായി. ഈ അവസ്ഥാന്തരം അധികനേരം നിലനിന്നില്ല. സിംഹൻെറ മുഖം പിന്നെയും പ്രസന്നമായി. അനുചിതവും അസംഭാവ്യവുമായ തൻെറ അനുമാനമോത്തു് അടക്കിനിറുത്തുവാൻ വയ്യാത്തവിധം സിംഹൻ പൊട്ടിച്ചിരിച്ചുപോയി.

സിംഹൻ:—ഒരൊററ ദിവസംകൊണ്ടു പത്മം ഈ വിദ്യയൊക്കെ പഠിച്ചാലോ? അല്ലാവുദ്ദീനു് എന്തൊക്കെയോ മന്ത്രമോ തന്ത്രമോ അറിയാമെന്നു തോന്നുന്നു. എന്നാലൊന്നു് ഓർമ്മയിരിക്കട്ടെ! അയാൾ ചിത്തോരം ആക്രമിച്ചശേഷം സന്ധിയാകേണ്ട സന്ദർഭം വന്നാൽ, ആ സന്ധിക്കരാറിൽ ആദ്യംതന്നെ പത്മിനിയുടെ പേരാണു് കാണുക. രജപുത്രർ അല്ലാവുദ്ദീനു നല്കുന്ന തിരുമുൽക്കാഴ്ചകളിൽ ആദ്യത്തേതു് ഈ സ്ത്രീരത്നമായിരിക്കും.

പത്മിനി ഉറക്കെച്ചിരിച്ചു കരപല്ലവംകൊണ്ടു് അളിശ്യാമളമായ അളകാവലി പതുക്കെ ഒതുക്കി:

"തഥാസ്തു! ഞാൻ ചിതോരരാജാവിൻെറ സ്വാമിഭക്തരായ പ്രജകളിൽ ഒരുവളാണു്. റാണയുടെ കല്പനയെ ഒരിക്കലും തെററി നടക്കുന്നതല്ല. ചിതോരത്തിലെ രജപുത്രരെല്ലാം പട്ടാണിരാജാവിന്നു തല കുനിച്ചു സലാംചെയ്യാനൊരുക്കമാണെങ്കിൽ ഞാനെന്തിനാണു് അതിന്നു വിഘ്നമുണ്ടാക്കിത്തീക്കുന്നതു്? പക്ഷേ ഒന്നാലോചിക്കാനുണ്ടു്. ചിതോരത്തിലെ രജപുത്രർ ഇനിയും ആ സ്ഥിതിയിലെത്തീട്ടില്ല. അവരുടെ നാഡികളിലൊഴുകുന്ന ക്ഷത്രിയരക്തം ഇത്ര കാലമായിട്ടും ഇനിയും തണുത്തിട്ടില്ല. അഞ്ഞൂറടി ഉന്നതമായ ചിതോരദുൎഗ്ഗത്തിൻെറ ശിഖരം ഇന്നും സ്വാഭിമാനത്തോടെ തല ഉയൎത്തിക്കൊണ്ടാണു് നില്ക്കുന്നതു്. ആ ശിഖരത്തിൽ കാററത്താടിക്കളിക്കുന്ന രാജചിഹ്നാങ്കിതമായ കൊടിക്കൂറയ്ക്കു്, തെരുവിൽ തെണ്ടുന്ന ഭിക്ഷക്കാരൻെറ നാറിക്കീറിയ പഴന്തുണിയേക്കാൾ മോശമായിത്തീരേണ്ട നില ഇപ്പോഴൊന്നും നേരിട്ടിട്ടുണ്ടെന്നു തോന്നുന്നില്ല. സമസ്തരാജസ്ഥാനത്തിന്നും അഭയം നല്കിയവരും ക്ഷത്രിയകുലത്തിന്നു മാൎഗ്ഗദൎശികളുമായ പുണ്യപുരുഷന്മാർ വിരാജിച്ചിരുന്ന ചിതോരദുൎഗ്ഗത്തിൻെറ പേരിന്നും പെരുമയ്ക്കും ഒരു നാളും കോട്ടംതട്ടുകയില്ല. ചിതോരം അന്യാശ്രയത്തിൽ ജീവിക്കാൻ ഒരു കാലത്തും ആശിക്കില്ല. അങ്ങനെ ഒരു കാലം വന്നാൽ രജപുത്രരുടെ മൃതശരീരങ്ങൾകൂടി പട്ടാണികൾക്കു ലഭിക്കും. ആത്മാഭിമാനമുള്ള ഹിന്ദുക്കൾക്കു് അവർ സ്വൎഗ്ഗമാൎഗ്ഗത്തിൽ തങ്ങളുടെ യശോദീപം പിടിച്ചു നിന്നു വഴി കാട്ടും. അന്നും യവനക്കു തലതാഴ്ത്തിനടന്നു എന്ന അപ

ഖ്യാതിക്കിടവരുന്നതല്ല; തങ്ങളുടെ മനുഷ്യത്വം അവർ വിററുകളകയില്ല."

പറഞ്ഞുകൊണ്ടിരിക്കെ പത്മിനിയുടെ മുഖം അ നക്ഷണം അരുണവർണ്ണോജ്ജ്വലമായി; ദൃഷ്ടികൾ ഉദ്ദീപ്തങ്ങളായി. ഭീമസിംഹൻെറ മുഖത്തു പരന്ന മന്ദഹാസം അടങ്ങി, ഹൃദയം ഉലയിലിട്ട പൊങ്കാരംപോലെ കുതിച്ചുതുടങ്ങി. താൻ പരിഹാസാത്ഥം ഓരോന്നു വൃഥാ പറഞ്ഞതു പത്മിനിയുടെ മനസ്സിൽ ഊക്കോടെ ചെന്നു തട്ടി ഇപ്രകാരം രോഷാഗ്നി പൊട്ടിപ്പുറപ്പെടുവിക്കുമെന്നു സിംഹൻ ആദ്യം കരുതിയിരുന്നില്ല. ആ രാജന്യരമണിയുടെ കണ്ഠനാളത്തിൽനിന്നു നിഗ്ഗളിച്ച ശബ്ദത്തോടുകൂടി എന്തോ ഒരു അവേദ്യമായ വൈദ്യുതശക്തി തൻെറ ശ്രുതിപടത്തിൽ അലച്ചുകയറി ശരീരമെങ്ങും വ്യാപിച്ച രക്തപ്രവാഹത്തിന്നു പ്രബലവേഗം ഉണ്ടാക്കിയതായിത്തോന്നി.

പത്മിനി ക്ഷണനേരം മിണ്ടാതെ നിന്നു സംരംഭം ശമിപ്പിച്ച ശാന്തസ്വരത്തിൽ തുടന്നു: "ഞാനീക്കത്തു് അല്ലാവുദ്ദീന്നല്ല എഴുതിയതു്; ദുഷ്ടയായ ആ കമലയ്ക്കാണു്. ഗുജ്ജരാധിപൻെറ ദൂതൻ ഇപ്പോൾ മടങ്ങിപ്പോകുമെന്നറിഞ്ഞു് അവൻെറ വശം കുലധൂമകേതുവായ കമലയ്ക്കു് ഒരനുമോദനം (!) അയച്ചുകളയാമെന്നു കരുതിയതാണു്. അതാണു് എഴുതാനിരുന്നതു്. കണ്ടേ കഴിയൂ എങ്കിലിതാ. അങ്ങറിയരുതെന്നു കരുതി ഞാനൊന്നും ചെയ്തിട്ടില്ല; അങ്ങനെ ഒളിച്ചുവെയ്ക്കാനൊട്ടു വിചാരിക്കുന്നതുമല്ല. എന്നാലിനി വൈകിക്കാതെ ദൂതനെ വിളി

ച്ച് ഈ കത്തു കമലയ്ക്കെത്തിക്കുവാൻ ഏപ്പാടു ചെയ്താൽ കൊള്ളാം."

ഭീമസിംഹൻ ലേഖം വായിച്ച് അല്പം വ്യാകുലിതനായി. "ദില്ലീപട്ടാണികളുടെ നേരെ വിരോധത്തിനു വിത്തുവിതച്ചതുപോലെയായല്ലോ? ഇത്തരം ഒരു കത്ത് ഊരും പേരും കുലവും ശീലവുമൊന്നുമറിയാത്ത ഒരുത്തന്റെ വശം എങ്ങനെയാണ് അയയ്ക്കുക?" എന്നാലോചിച്ച് അദ്ദേഹം ഇതിനെന്തു വേണ്ടൂ എന്നു കുഴങ്ങി.

പത്മിനി പതിയുടെ മനോഗതം മനസ്സിലാക്കി, "എന്തിനാണങ്ങ് ഇത്ര ആലോചിക്കുന്നത്? രാജ്യഹിതാഹിതങ്ങളെക്കുറിച്ചുള്ള ചിന്തയാണോ? അല്ലാവുദ്ദീനെ ഇതുമുതൽ ഇങ്ങോട്ടു ക്ഷണിക്കലായോ? അയാൾ എന്തായാലും കടന്നുകൂടാതിരിക്കയില്ല. എന്നാൽ ഭേദം നാംതന്നെ വിളിച്ചുവരുത്തുന്നതല്ലേ? വിരോധി സന്നാഹത്തോടുകൂടി വന്നു പോരിനു വിളിക്കുന്നതുവരെ, കാത്തിരിക്കുന്നതിലെന്താണത്ഥം? ചിതോർ പിടിച്ചടക്കാൻ അല്ലാവുദ്ദീനെ പ്രേരിപ്പിച്ചുവിടുന്നതിനാണോ കരണരായൻ പോയിരിക്കുന്നത്? പോയ്ക്കൊള്ളട്ടെ! കരണനയച്ച എഴുത്തു പട്ടാണിരാജാവു കാണാനിടവന്നാൽ സംഗതിയെല്ലാം മനസ്സിലായിക്കോളും."

"ചിതോർ അല്ലാവുദ്ദീനെയോ കരണരായനെയോ പേടിച്ചടിവഴങ്ങുന്നതല്ല. ചിതോർപ്രജകളുടെ ഒരു മുടിയിഴകൂടിത്തൊടാൻ പട്ടാണികൾക്കു സാധ്യമല്ല. ആപത്തുകളോടു മല്ലിടുന്നതിനാണ് രജപുത്രക്ക് അധികം

ആനന്ദം. അതുകൊണ്ടായിരിക്കണം പട്ടാണികൾ പട സ്സുവരുന്നതും പാർത്തു് അവർ ഉത്സുകരായിരിക്കുന്നതു്."

പത്മിനിയുടെ മൃദുലശീലമായ മനോയവനികയ്ക്കു കത്തു മറഞ്ഞുകിടന്നിരുന്ന വീരരസം ഭീമസിംഹൻ ഇന്നാണു് പുറമേ തെളിഞ്ഞുകണ്ടതു്. പ്രേയസിയോടു് എന്തുത്തരമാണു് പറയേണ്ടതെന്നു സിംഹന്നു തോന്നിയില്ല. ഒരിക്കൽ പത്മിനിയുടെ പ്രഫുല്ലമുഖവും മററൊരിക്കൽ കൈയിൽ കൊടുത്ത കത്തും അദ്ദേഹം നോക്കിക്കൊണ്ടുനിന്നു. അനന്തരം ആ ലിഖിതം തുറന്നു സാവകാശം വായിക്കുവാൻ തുടങ്ങി. വായിക്കുംതോറും അദ്ദേഹത്തിൻെറ ഹൃദയകന്ദരത്തിലടിഞ്ഞുകിടക്കുന്ന അഭിമാനവും ഔജ്ജിത്യവും പൊട്ടുന്നനവെ കത്തിജ്ജ്വലിച്ചു് അവയുടെ സ്ഫുലിംഗങ്ങൾ മുഖമണ്ഡലത്തിൽ പ്രകാശിച്ചു. ആ മഹാരഥൻ: "പത്മം! നീ വാസ്തവത്തിലൊരു പത്മംതന്നെയാണു്. നിൻെറ പരിമളം നാലുപാടും പ്രസരിച്ചു ചിരകാലം നിലനില്ക്കുമാറിടവരട്ടെ! പട്ടാണിരാജാവിന്നു പത്മത്തിൻെറ മുടിയിഴകൂടി കാണുകയെന്നതു സാധ്യമായ കാര്യമല്ല. നിശ്ചയമായും നിൻെറ എഴുത്തു് ഞാൻ കൊടുത്തയച്ചേയ്ക്കാം. വിഷാദിക്കേണ്ടാ."

ഇങ്ങനെ പത്മിനിയെ സമാധാനിപ്പിച്ചു സിംഹൻ കത്തുംകൊണ്ടു് അവിടെനിന്നു പോയി. അല്പനേരം മനോരാജ്യത്തിൽ സഞ്ചരിച്ചശേഷം, പത്മിനി ജനലിന്നരികെച്ചെന്നു പുറത്തേയ്ക്കു നോക്കിനില്പായി. കൊടുങ്കാററിൽ കരികാറിളകിച്ചീറിമറിഞ്ഞ ആകാശദേശത്തു് ഇടിനാദം മുഴങ്ങിത്തുടങ്ങി. രക്തവർണ്ണപതാക 'പ

ടപട'ധ്വനിയോടെ അങ്ങുമിങ്ങും പാറിയലയ്ക്കുന്നുണ്ടു്. അടിപ്പരപ്പിൽ ബാലാനിലൻെറ ചലനംപോലുമില്ല; തരുലതകളുടെ ഇലകൾകൂടി എള്ളോളം ഇളകുന്നില്ല. ഉപരിഭാഗത്തു്, പ്രകൃതി പ്രക്ഷോഭദാരുണയായിക്കാണുന്നു; നേരെമറിച്ചു് ഉപത്യകയിൽ പ്രശാന്തരമണീയയായിരിക്കുന്നു. എന്താണിങ്ങനെ? പത്മിനി 'ഇതായിരിക്കും പ്രളയത്തിൻെറ പൂർവ്വലക്ഷണം' എന്നു ഭാവിച്ചു.

# രണ്ടാം ഖണ്ഡം

## വിദ്യുദ്ദർശനം

### അധ്യായം ഒന്നു്

യമുനാനദിയുടെ കരയിൽനിന്നു നോക്കിയാൽ ദില്ലീനഗരത്തിൻെറ കാഴ്ച അതികമനീയമാണു്. മേൽഭാഗത്തു നിർമ്മലമായ നീലാകാശം! മുൻഭാഗത്തു് ഓളം വെട്ടുന്ന കാളിന്ദിയിലെ നീലസലിലം. അതിന്നപ്പുറം ഏകരേഖാകാരമായി ഇടതൂർന്നു വളർന്നുനില്ക്കുന്ന ഛായാശീതളങ്ങളായ വൃക്ഷങ്ങൾ. മധ്യേ മധ്യേ തല ഉയർത്തി നില്ക്കുന്ന പണ്ടത്തെ അരമനകളും ആരാമങ്ങളും. അവയുടെ ചുററും കാണപ്പെടുന്ന ഉയർന്നതും താണതുമായ പല കെട്ടിടങ്ങളും പ്രേക്ഷകരെ കൺകുളിർപ്പിക്കുന്നവയാണു്.

ക്ഷത്രിയകുലതിലകനായ പൃഥ്വിരാജൻെറ ഭരണകാലത്തെ ദില്ലിയുടെ സ്ഥിതിയല്ല ഇന്നു്. പട്ടാണികളുടെ രാജധാനിയാണു് ഇപ്പോൾ ആ നഗരത്തിൽ കാണുന്നതു്. ഹിന്ദുക്കളുടെ ശില്പകലാകൗശലത്തിൻെറ പ്രദർശനശാലകൾപോലെ ശോഭിച്ചിരുന്ന മനോഹരദേവാലയങ്ങൾ പട്ടാണികളുടെ പദാഘാതത്താൽ നടുങ്ങി അടിമറിഞ്ഞു വീണപോലെ തോന്നുന്നു. പൃഥ്വിരാജാവിൻെറ അരമനയുടെ അവശേഷം ജീർണ്ണോദ്ധാരംചെയ്തു്

അല്ലാവുദ്ദീൻ അവിടെയാണു് വാസം. ഹിന്ദുക്ഷേത്രങ്ങളുടെ സ്ഥാനത്തു് ഇപ്പോഠം മസ്ജീദുകളാണു് കാണുന്നതു്. ജയസ്തംഭങ്ങഠം തിളങ്ങിയിരുന്നേടത്തു് ഇപ്പോഠം നില്ക്കുന്നതു മിനാരങ്ങളും. ഗോശാലകഠം കശാപ്പുകടകളും, അതിഥിമന്ദിരങ്ങഠം സറായി(ഫക്കീർമാരുടെ ആവാസസ്ഥലം)കളുമായി മാറി.

പട്ടാണിബാദുഷയുടെ പ്രാസാദത്തിൻെറ ഒരു ഭാഗത്തു്—യമുനാനദിയുടെ തീരത്തു്—ആണു് ജനാനഖാന (അന്തഃപുരം). പാരസികദേശത്തെ പുഷ്പലതകളും, ഫലവൃക്ഷങ്ങളും, ഇസ്പാഹാനിലെ നാനാവിധപക്ഷികുലങ്ങളും രാജധാനിയുടെ പുരോഭാഗത്തായി മന്ദമാരുതനേററു പുളകിതമായ മലർക്കാവും, അഴകൊഴുകുന്ന ആ പരിസരത്തെ കൺകുളിർപ്പിക്കുന്നുണ്ടു്. ആ രാജഗൃഹത്തിൻെറ അന്തർഭാഗത്തുള്ള മേശപ്പുറത്തു് ബസറയിൽനിന്നു വന്ന പനിനീർക്കലശങ്ങളും കന്ദഹാരത്തിലെ കസ്തൂരിയളുക്കുകളും, കാശ്മീരത്തിലെ നീലോല്പലങ്ങളിൽനിന്നെടുത്ത സുഗന്ധദ്രവ്യം നിറച്ച ചഷകങ്ങളും, ശിരാജത്തിലെ ദ്രാക്ഷാരസപാത്രങ്ങളും കാണുന്നുണ്ടു്.

ആ അന്തഃപുരത്തിൻെറ ഒരു കോണിൽ ദന്തരചിതമായ പര്യങ്കത്തിൽ അല്ലാവുദ്ദീൻെറ പട്ടമഹിഷി കിടന്നുറങ്ങുകയാണു്. ആ മഞ്ചത്തിലിരുന്നാൽ അഭിമുഖമായ ജാലകത്തിൽക്കൂടി, കളിച്ചുപുളച്ചൊഴുകുന്ന യമുനാനദിയുടെ കാഴ്ച വളരെ മനോഹരംതന്നെ. കിളിവാതിൽ തുറന്നിട്ടിരുന്നതിനാൽ, ചേതോഹരമായ ചെറിയ ഓളങ്ങളുളവാക്കി അടിച്ചുവരുന്ന കുളിരിളംകാററു

മേൽക്കെട്ടിക്കട്ടിലിൻെറ പട്ടുഞൊറികളെയും റാണിയുടെ അളകാവലിയെയും മെല്ലെ നൃത്തമാടിക്കുന്നുണ്ടു്.

ബീഗം ഇനിയും ഉണൎന്നിട്ടില്ല. പെട്ടന്നു് ഒരു പരിചാരിക പതുക്കെ പാദവിന്യാസംചെയ്തു ബീഗത്തിൻെറ അരികെ വന്നു. അവളുടെ കൈയിലൊരു പത്രമുണ്ടു്. അതു നിദ്രിതയായ ബീഗത്തിൻെറ കിടയ്ക്കവിരിപ്പിന്നരികെ വെച്ചു ദാസി അവിടെനിന്നു പിന്മാറി. അനന്തരം അതു വെച്ച സ്ഥലവും ബീഗത്തിൻെറ മുഖവും നോക്കി ദാസി യഥാപൂൎവ്വം നിശ്ശബ്ദമായ് നടന്നു പുറത്തേയ്ക്കു പോയി.

ഒരു നിമിഷംകൊണ്ടു കഴിഞ്ഞു ഇപ്പണിയെല്ലാം. ബീഗം 'നിദ്രാമുദ്രിതനേത്ര'യായ്ത്തന്നെയാണു് കിടക്കുന്നതു്. പൂന്തെന്നൽ വീശിക്കൊണ്ടേയിരിക്കുന്നു.

പാദുഷയുടെ രാജധാനിയിൽ സന്ധ്യാകാലസൂചകമായ കാഹളവിളി കേട്ടുതുടങ്ങി. ശയ്യാഗൃഹത്തിൽ നിദ്രാഗതയായ ബീഗം ആ ശബ്ദം കേട്ടു ഞെട്ടിയുണൎന്നു; കണ്ണു തുടച്ചു് എഴുനേററു. കാലിലെന്തോ ഒരു പദാൎത്ഥം തടഞ്ഞതുപോലെ തോന്നി, അതെന്താണെന്നു് ഉത്സുകയായ് നോക്കി. മുദ്രാങ്കിതമായ പത്രം! ഇടംകൈകൊണ്ടു് കൺതുടച്ചു മറേറ കൈകൊണ്ടു കത്തെടുത്തു നോക്കി. ആലോകനമാത്രത്തിൽ ആശ്ചൎയ്യഭാവത്തോടെ് കത്തു പലവുരു തിരിച്ചും മറിച്ചും നോക്കി. വികാരവിധേയയായി അല്പനേരം ശൂന്യദൃഷ്ടിയോടിരുന്നു.

ബീഗം കത്തു പൊളിച്ചു വായിക്കാൻ തുടങ്ങി. എന്തു ഭാഷയാണതു്? വായിപ്പാനറിയുമോ? പാരസിയല്ല,

അറബിയുമല്ല. ബീഗത്തിന്നു് ആ ലിപി വായിക്കാനറി ഞ്ഞുകൂടാ. ദേവനാഗരിലിപിയിൽ ശുദ്ധഹിന്ദിയിലാ ണു് അതെഴുതിയിരിക്കുന്നതു്.

ഒടുവിൽ അവർ അസ്വസ്ഥചിത്തയായി കത്തു നിലത്തിട്ടു വീണ്ടും ശയ്യയിൽത്തന്നെ കിടന്നു. ഏതാനും നിമിഷങ്ങൾക്കുശേഷം 'ധാലീ! ധാലീ!' എന്നു ബീഗം വിളിച്ചു.

ആരും ഉത്തരം നല്കിയില്ല. ബീഗം ശരിശം തിള ച്ചു്, ചില്ലിക്കൊടി ചുളിച്ചു് "ആരവിടെ" എന്നു വീ ണ്ടും ഉറക്കെ വിളിച്ചു.

അതു കേട്ടു മധ്യവയസ്കയായ ഒരു ദാസി കണ്ണു തിരുമ്മി അകത്തേയ്ക്കു പ്രവേശിച്ചു. ഉലഞ്ഞ ഉടുപുടവ യും അഴിഞ്ഞുചിന്നിയ മുടിക്കെട്ടും മങ്ങിയ മുഖഭാവ വും തൂങ്ങിയ കൺപോളയും വളരെ നേരമായി ആ ദാ സി നിദ്രോപാസന ചെയ്കയായിരുന്നുവെന്നു വിളിച്ചു പറയുന്നുണ്ടു്. അടങ്ങിയൊതുങ്ങി അടുത്തു വന്നുനിന്നു് അവൾ "ബീഗം സാഹേബ്! സൎക്കാർ" എന്നു് ഉണ ൎത്തിച്ചു.

റാണി കിടയ്ക്കയിൽ കൈമുട്ടൂന്നി തല ഉയൎത്തിപ്പി ടിച്ചു് വീണുകിടന്നിരുന്ന പത്രത്തിൽ മിഴിയോടിച്ചു്, "ആരാണിക്കത്തിവിടെ കൊണ്ടുവന്നതു്" എന്നു സഗൗ രവം ചോദിച്ചു.

ദാസി ആ കത്തു കൈയിലെടുത്തു തിരിച്ചുമറിച്ചു നോക്കി. സാധു! അവൾക്കെന്തറിയാം? നട്ടുച്ചയ്ക്കു തുട ങ്ങിയ 'കുംഭകൎണ്ണസേവ' ഇതാ കഴിഞ്ഞെഴുന്നീററിട്ടേ ഉ

ളൂ. അവൾ വിസ്മിതയായി "അടിയനു് ഒന്നും അറി വില്ല, ബീഗം സാഹേബ്" എന്നുണർത്തിച്ചു.

കനംകൊണ്ടു പോളതൂങ്ങിയ കണ്ണുകൾ കണ്ടാൽ ഇനിയും ഉറക്കത്തിന്റെ ഊക്കു ശമിച്ചിട്ടില്ലെന്നു തോന്നും. എന്തെങ്കിലും അമലുള്ള പദാൎത്ഥം അവൾ സേവിച്ചിരിക്കുമോ? എന്തോ ആരറിഞ്ഞു? ദാസിയുടെ ആ ഭാവങ്ങൾ കണ്ടും അവളുടെ ഉത്തരം കേട്ടും ബീഗം കോപക്കലികൊണ്ടു. ഗംഭീരസ്വരത്തിൽ "നിനക്കറിവില്ല, അല്ലേ? ശരി, ഇതു് ഒരു വെറും കത്തല്ല. ബാദുഷയുടെ ഹുക്കും. ഉറങ്ങിക്കൊണ്ടു ജോലിനോക്കുന്ന ദാസികളെ ശൂലാരോഹം ചെയ്യിക്കാൻ ബാദുഷ 'ഹുക്കും' അയച്ചിരിക്കുന്നതാണു്" എന്നു ഗൎജ്ജിച്ചു.

ദാസി നടുങ്ങിത്തുടങ്ങി. അവളിടറിയ സ്വരത്തിൽ "ഇല്ല! അടിയനുറങ്ങീട്ടില്ല. വീഞ്ഞിലെന്തോ വിശേഷാൽ 'മസ്തു'ള്ള സാധനം കൂട്ടിച്ചേൎത്തിട്ടുണ്ടെന്നാണു് അടിയനു തോന്നണതു്. ഇപ്പോഴും തലയ്ക്കു് എന്തോ വലിയൊരു 'അമലു്'. അടിയൻ പകലൊരിക്കലും ഉറങ്ങാത്തോളാണേ. ഇക്കുറി അടിയന്റെ തെറ്റുകുററങ്ങൾക്കു മാപ്പുതരണേ" എന്നു പ്രാൎത്ഥിച്ചു. വേഗം പല്ലുകടിച്ചെഴുന്നേററു് "വീഞ്ഞുകുടിയോ? നിനക്കാരു തന്നു വീഞ്ഞു കുടിക്കാൻ? കുടിച്ചതിന്നുതന്നെയാണു് ഇന്നു ശൂലത്തിൽ കയററം" എന്നു ഗൎജ്ജിച്ചു.

ദാസി:—അടിയൻതന്നെ ഷാപ്പിൽ പോയി കൊണ്ടുവന്നതാണു്. മററാരും തന്നതല്ല. എന്നാലാരോ അതിൽ വിശേഷാൽ അമലുണ്ടാക്കുന്ന സാധനം കൂട്ടി

ച്ചേത്തതായി തോന്നുന്നു. അല്ലെങ്കിലു് ഇങ്ങനെ ഒരിക്കലും വരണതല്ല. ഞാനെത്രയോ കുറി വീഞ്ഞു കുടിച്ചിരിക്കുന്നു. ഇതിനു മുമ്പൊരിക്കലും ഇങ്ങനെ ഉണ്ടായിട്ടില്ല.

വേഗം കലങ്ങിമറിഞ്ഞ കണ്ണുകളോടെ ഇറങ്ങിവന്നു "മിണ്ടാതിരുന്നോ അവിടെ അസത്തേ! മദ്യം കുടിച്ചു തെരുവിലലയുന്ന തെണ്ടിപ്പെണ്ണുങ്ങൾ ഇവിടെ പണിക്കാരികളായ് പാക്കുകയോ? കൊള്ളാം. ചാവാൻ വേറെ വഴി കാണാതെയാണോ ഇങ്ങനെ ചാടിയോടി വന്നതു്" എന്നു ശകാരിച്ചു്, അവളുടെ പൃഷ്ഠത്തിൽ ബീഗം നല്ല കണക്കിനു പ്രഹരിച്ചുവിട്ടു.

അടികൊണ്ടു ദാസിയുടെ പൃഷ്ഠമോ ബീഗത്തിൻെറ കൈയോ വേദനിച്ചതെന്നു നമുക്കു പറവാൻ വയ്യ. ദാസി എന്തോ മനോവേദനയോടുകൂടി അവിടെനിന്നു മാറി. ബീഗം തലയ്ക്കു കൈ വെച്ചു പിന്നെയും മണിക്കട്ടിലിൽ ചെന്നു കിടന്നു് എന്തൊക്കെയോ ചിന്തകളിൽ നീന്തിത്തുടങ്ങി. കമ്മസാക്ഷി ആഴിയിൽ ആണ്ടുകഴിഞ്ഞു. മൂഢലാന്ധകാരം പടന്നുപിടിച്ചു. ബീഗത്തിൻെറ ശയ്യാഗൃഹത്തിൽ പല കാഞ്ചനദീപങ്ങളും കത്തിജ്ജലിച്ചു സ്വൎഗ്ഗീയകാന്തിയെ വിതരണം ചെയ്തു.

ഉദ്ദേശം രാത്രി പത്തു മണിയായപ്പോൾ അല്ലാവുദ്ദീൻ അന്തഃപുരത്തിൽ വന്നു. അപ്പോഴും ബീഗം ശയിക്കുകയാണു്. ആഗമനം അറിഞ്ഞു് അവൾ പാദുഷയെ കവാടാന്തികത്തിൽ ചെന്നു് എതിരേറ്റു പൊന്നണിക്കട്ടിലിൽ കൊണ്ടിരുത്തി. അല്ലാവുദ്ദീൻ "പ്രിയേ, ഇ

ന്നെന്താണ് ഇത്ര ആചാരവും ഉപചാരവും? ഹിന്ദുസ്ഥാനത്തിലെ സകല രാജാക്കന്മാരും എന്റെ കിങ്കരന്മാരാണ്. ആ ഞാൻ ഭവതിയുടെ കിങ്കരൻ. ഭവതിയുടെ മുമ്പാകെ ഞാൻ പാദുഷയല്ല; വരൂ ഇരിക്കൂ" എന്നു പറഞ്ഞു പാണിപല്ലവം പിടിച്ചു പാർശ്വത്തിലിരുത്തി. ബീഗം മന്ദാക്ഷമഭിനയിച്ചു നമ്രമുഖിയായി, പാദുഷയുടെ ഉടൽ ചാരി, വിരലിലെ വൈരക്കൽമോതിരം കൂടെക്കൂടെ തടവിക്കൊണ്ടാണിരുന്നിരുന്നതു്.

അല്പം കഴിഞ്ഞു ബീഗം മടിയിൽ വെച്ചിരുന്ന പത്രം പുറത്തെടുത്തു് "ഇതൊന്നു വായിക്കാമോ? ദേവനാഗരി അക്ഷരം എനിക്കു വായിക്കുവാൻ വയ്യ" എന്നു പറഞ്ഞു പതുക്കെ ഒന്നു ചിരിച്ചു. അദ്ദേഹത്തിന്റെ മുഖത്തു സ്നേഹപ്രവാഹം വഴിയുന്ന മിഴികളോടുകൂടി ഒന്നു നോക്കി.

അല്ലാവുദ്ദീൻ "കമലേ, ഭവതിയൊരു ഹിന്ദുസ്ത്രീ! ദേവനാഗരിലിപി അറികയില്ലെന്നോ? നിങ്ങളുടെ ഭാഷ നിങ്ങൾക്കറിയില്ലെങ്കിൽ പിന്നെ എനിക്കുണ്ടോ അറിയുന്നു? നല്ല കാര്യം!" എന്നു പൊട്ടിച്ചിരിച്ചു.

കമലവും ചിരിച്ചു. അദ്ദേഹത്തിന്റെ തോളിൽ കൈ വെച്ചു മൃദുസ്വരത്തിൽ "ഞാൻ ആ വകയൊന്നും അഭ്യസിച്ചില്ല. ഹിന്ദുശാസ്ത്രപുരാണങ്ങളെക്കുറിച്ചു് അങ്ങേയ്ക്കറിയാമല്ലോ. കമല(ലക്ഷ്മി)യ്ക്കും സരസ്വതിക്കും തമ്മിലുള്ള പരസ്പരവിരോധം പ്രസിദ്ധമാണ്. അതാണ് ഞാനൊന്നും പഠിക്കാതിരിക്കുന്നതു്" എന്നു യുക്തിവാദം ചെയ്തു.

അല്ലാവുദ്ദീൻ ഒന്നു മന്ദഹസിച്ചു് ആ പത്രം കീശയിലിട്ടു. “പ്രിയേ! ഭവതിക്കു രൂപമാധുര്യംപോലെത്തന്നെ വാക്ചാതുര്യവുമുണ്ടു്. ഭവതിയുടെ സപത്നിയായ സരസ്വതി എവിടെയെങ്കിലും ഹിന്ദുക്കളുടെ കൂട്ടത്തിൽ ക്കിടന്നു ചുററിത്തിരിഞ്ഞുകൊള്ളട്ടെ! ഭവതി രാജരാജേശ്വരിയായി ഇവിടെ ശോഭിച്ചാൽ മതി. കമലയുടെ ബലംകൊണ്ടുതന്നെ ഞാൻ ദിഗ്ജയം ചെയ്തുകൊള്ളാം. പത്രം പരിഭാഷപ്പെടുത്തിക്കൊണ്ടുവന്നു തന്നേയ്ക്കാം. നാളെ വെളുപ്പാൻകാലത്തുതന്നെ നഗരമെങ്ങും വിളംബരം ചെയ്യാം. ഈ പത്രം ഭാഷാന്തരം ചെയ്തു തരുന്നവക്കു നൂറു മോഹർ ഇനാം കൊടുക്കാം. ആക്കും അറിയില്ലെങ്കിൽ അരമനയിലുള്ള വിദ്വാന്മാരെയെല്ലാം ശൂലത്തിൽ കയററിയേയ്ക്കാം” എന്നായി. പണ്ടുതന്നെയൊരു അവിവേകി; സ്ത്രീജിതൻ; പോരെങ്കിൽ പുതിയ ദയിതയുടെ കാൽക്കൽ സാമ്രാജ്യവും സമപ്പിച്ചു കടാക്ഷപാതം പകരം വാങ്ങാനൊരുങ്ങിയവൻ!

## അധ്യായം രണ്ടു്

### ഒരു ജ്യൗതിഷികൻ

അതേ ദിവസം രാത്രി യമുനാഘട്ടത്തിൻെറ ഒരു കല്പടവിൽ ഒരു ജ്യോത്സ്യൻ ആകാശത്തേയ്ക്കു നോക്കിക്കൊണ്ടിരിക്കുന്നു. അവിടെയെങ്ങും ആളും അനക്കവുമില്ലാതായി. പക്ഷേ നമ്മുടെ ജ്യൗതിഷികൻമാത്രം ഇരു

ന്നേടത്തുനിന്നു് ഇളകുന്നില്ല; അത്ര വേഗം ഇളകുന്ന ലക്ഷണവും കാണുന്നില്ല. യമുനയിലെ നീലകല്ലോലങ്ങൾ മൃദുമധുരസ്വരത്തിൽ പാടി ആ പുരുഷൻെറ ചരണാന്തികത്തിൽ ചാഞ്ചാടുന്നുണ്ടു്. അന്തിക്കുളിർകാററു നീക്ഷണമണിഞ്ഞു വീശിത്തുടങ്ങി. ക്രമേണ നിശാന്ധകാരം പരന്നു. സ്നാനഘട്ടത്തിന്നരികെയുള്ള ദീപങ്ങളുടെ കാഞ്ചനക്കതിരുകൾ യമുനാസലിലത്തിൽ പ്രതിഫലിച്ചു തിരമാലകളോടൊന്നിച്ചു കേളിയാടിത്തുടങ്ങി. കാണുന്നവക്കു് ആ മനുഷ്യൻ എന്തോ ഒരു ഗാഢചിന്തയിൽ മുഴുകിയിരിക്കയാണെന്നു തോന്നുകതന്നെ ചെയ്യും.

കുറേക്കഴിഞ്ഞശേഷം ഒരു രജപുത്രൻ വന്നു ജ്യോത്സ്യനെ നമസ്കരിച്ചു നിന്നു. ആഗതനെ നോക്കി "ഓ! വന്നുവോ? വരൂ. എന്താണിത്ര വൈകിയതു്?" എന്നു മനസ്സിലെ ആനന്ദം വെളിപ്പെടുത്തി.

രജപുത്രൻ:—ഞാനിന്നലെത്തന്നെ ഇവിടെ വന്നുചേന്നിരുന്നു; എങ്കിലും ഒരു കാര്യവശാൽ അങ്ങയെക്കാണ്മാൻ സൗകര്യപ്പെട്ടില്ല.

ജ്യൗതി:—നീ 'നടാടെ'യാണു് ഈ നാട്ടിലേയ്ക്കു വരുന്നതു്. പരിചയമില്ലാത്ത ഈ സ്ഥലത്തു പിന്നെന്താണൊരു കാര്യം?

രജ:—പത്മിനിറാണി നമ്മുടെ റാണിസാഹേബയ്ക്കു് ഒരു കത്തു തന്നയച്ചിരുന്നു. അതു് അവിടെ വേണ്ടപോലെ എത്തിച്ചുകൊള്ളാമെന്നു പോരുമ്പോൾ പ്രതിജ്ഞ ചെയ്തിരുന്നതിനാൽ നിവൃത്തിയില്ലാതായി. അതാണു് അല്പം വൈകിയതു്.

ജ്യൗതിഷികൻെറ കണ്ണുകഠം മുരുക്കിൻപൂപോലെ ചുവന്നു; കുറേ നേരം ആ രജപുത്രനെപ്പകച്ചുനോക്കിക്കൊണ്ടിരുന്നു. "റാണിസാഹേബ്ബ് എന്നു് ആരെയാണു് പറഞ്ഞതു്? കമലയെയോ? എന്നാൽ ബീഗം സാഹേബ്ബ് എന്നു വേണം വിളിക്കാൻ. കമല ഇപ്പോഠം ദില്ലി പാദുഷായുടെ ബീഗം; ഗുർജ്ജരേശൻെറ കമല ഇപ്പോഠം പട്ടാണിനാഥൻെറ ജനാനഖാനയെ അലങ്കരിക്കുന്നു. ആ ദേവലോകാംഗന ദൈത്യരാജധാനിയിലായി. ഗുർജ്ജരാധിപനും ആ മങ്കയ്ക്കും ഇനി എന്താണൊരു ബന്ധം? അക്കാര്യം വിട്ടുകളയൂ. പത്മിനിറാണിയുടെ പത്രത്തിലെ സംഗതി പറയൂ. എന്താണു് റാണി എഴുതിയിരിക്കുന്നതു്?" എന്നു ചോദിച്ചു. ആ ജ്യൗതിഷികൻെറ ഓരോ വാക്കിലും ഉള്ളിലെരിയുന്ന ഉഗ്രകോപാഗ്നിയുടെ പൊരികഠം പാറിക്കൊണ്ടിരുന്നു.

രജപുത്രൻ തല താഴ്ത്തി മൗനമവലംബിച്ചുനിന്നു. ജ്യോത്സ്യൻ ആ ചോദ്യം ആവർത്തിച്ചപ്പോഠം—"ഞാനതു വായിച്ചില്ല; ഒരു ദാസിയെപ്പാട്ടിൽ പിടിച്ചു റാണിയുടെ—അല്ല ബീഗത്തിൻെറ—കൈയിലെത്തത്തക്കവണ്ണം എപ്പാടുചെയ്തിട്ടാണു് വരുന്നതു്."

"വഷള, നീയെന്തൊക്കെയാണു് ചെയ്തതു്?" എന്നു ഹൃദയോദ്വേഗത്തോടെ പറഞ്ഞു കുറെ നേരം മിണ്ടാതിരുന്നു. അനന്തരം ആശാഭംഗത്തോടെ "ഈശ്വരൻ ഒരു വഴി കാട്ടിത്തന്നു. പക്ഷേ നിന്നേപ്പോലുള്ള കരുത്തംകെട്ടവർ നടുക്കു ചാടിവീണു് ഒക്കെ നാശമാക്കിത്തീർത്തു. എൻെറ കത്തെങ്കിലും റാണിക്കു് എത്തിച്ചോ ഇല്ലയോ?"

രജപുത്രൻ, സവിനയം “എത്തിച്ചു, മഹാരാജൻ! ചിതോർരാജപുത്രന്മാർ സമരസന്നാഹം തുടങ്ങിയിരിക്കുന്നു” എന്നറിയിച്ചു.

ദൈവജ്ഞൻെറ മുഖത്തു ഗാംഭീര്യം സ്ഫുരിച്ചു. “തുടങ്ങട്ടെ! അവർ തുടങ്ങട്ടെ! അവസാനഫലം കാണാമല്ലോ!” എന്നു നിന്ദാഗർഭസ്വരത്തിൽ പറഞ്ഞു.

പൈശാചികമായ ഒരു സാനന്ദമന്ദസ്മിതം ജ്യോത്സ്യൻെറ മുഖത്തു പ്രകാശിച്ചു. ഭീഷണഭാവത്തോടുകൂടി അദ്ദേഹം സാമാനമെല്ലാമെടുത്തു കെട്ടി എഴുന്നേററു്, രജപുത്രനോടു് “നടക്കു, വീട്ടിലേയ്ക്കു പോവുക. ഈ സ്ഥലത്തുവെച്ചു് അധികം സംസാരിക്കുന്നതു നന്നല്ല. എല്ലാം വീട്ടിൽ ചെന്നിട്ടാലോചിക്കാം. കാര്യമേതാണ്ടൊക്കെ നടന്നപോലെയായി. ഇതാ, തീയെരിഞ്ഞു. ഇനി നമുക്കു് അതു കത്തിജ്ജ്വലിപ്പാൻ വേണ്ട വിറകിട്ടുകൊടുക്കുക” എന്നു പറഞ്ഞു രണ്ടുപേരും സാവധാനം നഗരത്തിൽ പ്രവേശിച്ചു.

## അധ്യായം മൂന്നു്

പിറേറന്നാൾ പ്രഭാതത്തിൽ പ്രാശ്നികൻ തനിക്കനുരൂപമായ ധാടിയും മോടിയുമുള്ള വേഷഭൂഷകളോടുകൂടി കൈയിൽ പഞ്ചാംഗവും കവിടിസ്സഞ്ചിയും പിടിച്ചു പാട്ടാണിപാദുഷയുടെ അരമനയ്ക്കഭിമുഖമായി നടന്നു. ദ്വാരപാലകരുണ്ടോ ഇയ്യാളെ അകത്തേയ്ക്കു കടത്തിവിടുന്നു? അതറിഞ്ഞു്, അയാൾ രാജപുരദ്വാരത്തിന്നു് അ

ല്പം അകലെ അങ്ങുമിങ്ങും അലഞ്ഞു നടന്നുതുടങ്ങി. ആ സമയം ഒരു ദാസി വന്നു് അയാളുടെ ചെവിയിൽ എന്തോ മന്ത്രിച്ചു മടങ്ങി. അപ്പോൾ ജ്യോത്സ്യൻ വിഷണ്ണവദനനായ് സാവകാശം ദുർഗ്ഗമഹാദ്വാരത്തിന്നരികെച്ചെന്നു. ഖഡ്ഗപാണികളായ രണ്ടു ദൗവാരികന്മാർ വന്നു "ഖബർദാർ!" എന്നു ഗർജ്ജിച്ചു് അയാളെത്തടഞ്ഞു. ജ്യോത്സ്യൻ നടുങ്ങി പിന്നോക്കം മാറിനിന്നു. ബാഹ്യാംഗം അസ്വാഭാവികമായി വിറച്ചുകൊണ്ടിരിക്കുന്നതു കണ്ടാൽ തൽക്ഷണംതന്നെ അയാളുടെ അന്തരംഗസ്ഥിതി അതല്ലെന്നു കണ്ടുപിടിക്കാവുന്നതാണു്. പക്ഷേ ദ്വാരപാലകൎക്കുണ്ടോ അതിന്നവസരം! അവൎക്കു് അത്രയ്ക്കുള്ള സാമൎത്ഥ്യവുമെവിടുന്നാണു്? ഉടുപ്പിലും ഉഷ്ണീഷത്തിലും കാലുറയിലും പാപ്പാസ്സിലും തിളങ്ങുന്ന പിച്ചളവില്ലയിലും മാത്രമാണു് അവരുടെ നോട്ടം. ജനങ്ങളൊക്കെ അവരെക്കണ്ടു് അഞ്ചിപ്പോകുമെന്നാണു് വിചാരം. പാദുഷയേക്കാൾ അവൎക്കാണു് അധികം അന്തസ്സും അഭിമാനവും. പാറാവുകാരിലൊരുവൻ ജ്യോത്സ്യനെ നോക്കി "എടോ, അരമനയിലെ ആനവാതിലാണെന്നു തനിക്കറിഞ്ഞുകൂടേ? എന്താണിങ്ങനെ ചാഞ്ഞും ചരിഞ്ഞും നോക്കുന്നതു്? അകത്തു കടന്നുകൂടാനാണോ ആലോചന? കല്പനയെവിടെ?" എന്നു തള്ളാൻ ചെന്നു. അപ്പോഴും ജ്യോത്സ്യൻ കിടുകിടെ വിറച്ചു നിലത്തു പതുങ്ങി. ഒരക്ഷരം മുഖത്തുനിന്നു പുറപ്പെട്ടില്ല. നാലുപാടും പകച്ചുനോക്കി ഭയമഭിനയിച്ചു. അപ്പോഴേയ്ക്കു ദൂരത്തുനിന്നു കുളമ്പടിശ്ശബ്ദം കേൾക്കാറായി! ഒരശ്വാ

ഫൻ അകലെനിന്നു വരുന്നതു കണ്ടു. അവിടെ നടക്കു ന്ന നേരമ്പോക്കു കണ്ടു് അയാൾ കുതിരപ്പുറത്തുനിന്നിറ ങ്ങി ദ്വാരപാലന്മാരോടു് എന്തോ ചിലതു സംസാരിച്ചു. അനന്തരം ജ്യോത്സ്യന്റെ അരികെച്ചെന്നു് "എണീക്കു! തനിക്കു ഹിന്ദിഭാഷ അറിയാമോ? എന്നാൽ എന്റെ കൂടെ വരു. രാജസഭയ്ക്കു നടക്കൂ."

കാവൽക്കാർ പിന്മാറി യഥാസ്ഥാനം ചെന്നുനി ന്നു. ജ്യോത്സ്യൻ പതുക്കെ എഴുന്നേറ്റു് "അച്ഛാ! കൊ ത്‌വാൽജി എന്നെ ആരാണു് വിളിച്ചതു്?" എന്നു ചോ ദിച്ചു.

മറ്റൊരവസരത്തിലായിരുന്നെങ്കിൽ ആ സാദിയു ടെ കൈവശമുള്ള ചമ്മട്ടികൊണ്ടു ജ്യോത്സ്യനു് ഒന്നുര ണ്ടു കിട്ടുമായിരുന്നു. പക്ഷെ അതിനൊന്നും അപ്പോൾ സമയമില്ലായിരുന്നു എന്നുതന്നെയല്ല, ജ്യോത്സ്യൻ അ യാളെ സംബോധനം ചെയ്ത സമ്പ്രദായം ശരിയല്ല. വാ സ്തവത്തിൽ അയാൾ കൊത്തുവാളല്ല; ഫൗജിദാരുമല്ല. അതുകൊണ്ടു ജ്യോത്സ്യനെ ഒന്നും ഉപദ്രവിപ്പാൻ മനസ്സു വരാഞ്ഞതുമാണു്. അയാൾ ചിരിച്ചു. "പാദുഷതന്നേ യാണു് കല്പിച്ചു വിളിപ്പിച്ചതു്. അധികം സംസാരിക്കേ ണ്ടാ. അതിനൊന്നും ഇപ്പോൾ ഇടയില്ല". എന്നായി. ജ്യൗതിഷികൻ "അച്ഛാ! ഹജ്‌റത്‌!" എന്നു പറഞ്ഞു് അശ്വഭടനോടൊന്നിച്ചു മഹാദ്വാരം കടന്നു ദർബ്ബാറിന്ന ഭിമുഖമായി നടന്നു.

## അധ്യായം നാലു്

രണ്ടുപേരും പാദുഷയുടെ സഭാമണ്ഡപത്തിൻെറ സമീപത്തു പ്രവേശിച്ചപ്പോൾ അശ്വവാഹൻ ജ്യൗതിഷികനെക്കൈമൊടി വിളിച്ചു്, "പാദുഷയെ മുഖം കാണിക്കുക. അവിടുന്നു വേണ്ടതു കല്പിക്കും" എന്നു ധരിപ്പിച്ചു തിരിച്ചുപോയി. ദൈവജ്ഞൻ ചെന്നു പാദുഷയുടെ സന്നിധാനത്തിൽ നിലംമുട്ടി സലാംചെയ്തു നിന്നു. അനന്തരം "ജഹാഹന! കല്പിച്ചാൽ അവിടുത്തെ ലേഖം തർജ്ജമചെയ്തു തന്നുകൊള്ളാം. ഞാൻ ഹിന്ദുവാണു്. ഹിന്ദിയും പാർസിയും എനിക്കു നല്ലപോലെ അറിയാം" എന്നറിയിച്ചു.

ചക്രവത്തി ഗംഭീരസ്വരത്തിൽ "പത്രം ഭാഷന്തരപ്പെടുത്താനാണെന്നു നിന്നോടാരാണു് പറഞ്ഞതു്?" എന്നു് ഉത്കണ്ഠ പ്രദശിപ്പിച്ചു.

ജ്യോത്സ്യൻ കക്ഷത്തുള്ള സഞ്ചിയിൽനിന്നു് ഒരു കാളീപ്രതിമയെടുത്തു കാണിച്ചു് "ഈ മഹാമായയാണു് പറഞ്ഞതു്; ജഗദംബികയ്ക്കറിയാത്ത സംഗതി വല്ലതുമുണ്ടോ? ഈ മഹാമായയുടെ കാരുണ്യമുള്ള കാലംവരെ ഇതുള്ളവക്കു് അവിടുത്തെ അന്തരംഗത്തിലുള്ള സകല വിചാരങ്ങളും അറിയുവാൻ സാധിക്കും. പരീക്ഷിക്കണമെങ്കിൽ ആവാം" എന്നായി.

പാദുഷ:—നീ ഒരു ഒന്നാംതരം ജ്യോത്സ്യനാണെന്നു തോന്നുന്നുവല്ലോ. നല്ലവണ്ണം സൂക്ഷിച്ചു പറഞ്ഞോളൂ. ആരുടെ മുമ്പാകെയാണു് നീ നില്ക്കുന്നതെന്നു ഓമ്മ വേ

ണം. ഏററക്കുറവു വല്ലതും വന്നാൽ വെറുതെ വിടി ല്ല. ആ പത്രം അനുപദം എനിക്കു തൎജ്ജമ ചെയ്തുതരുവാൻ കഴിയുമോ? ഭാഷാന്തരം ശരിയാണെന്നു നമുക്കു ബോധ്യപ്പെട്ടാൽ നൂറു മോഹർ ഇനാം ലഭിക്കും. പകിട്ടു കാട്ടിയാൽ പാതിപ്രാണനായി പോകേണ്ടിവരും. എന്തു പറയുന്നു?

ഇങ്ങനെ പറഞ്ഞു പാദുഷ പത്രം ജ്യൗതിഷികന്റെ കൈയിൽ കൊടുത്തു. അയാൾ അതു വാങ്ങി വീണ്ടും സലാംചെയ്തു. അടക്കാൻവയ്യാത്ത ആനന്ദം അയാൾക്കുദിച്ചു; തേടിയ വള്ളി കാലിൽ ചുററിയപോലെയായി. കത്തെടുത്തു കവടിസ്സഞ്ചിയിൽ വെച്ചു.

പാദുഷ:—നിന്റെ അരികെ രണ്ടു ദൂതന്മാർ വരും. അവക്കു നിന്റെ വീടു കാണിച്ചുകൊടുക്കണം. നാളെ ഇന്നേരത്തു കത്തും തൎജ്ജമയും ഇവിടെ കൊണ്ടുവന്നു തരണം. അങ്ങനെ ചെയ്യില്ലെങ്കിൽ അതിന്റെ ഭവിഷ്യത്തു് അനുഭവിക്കേണ്ടിവരും. മനസ്സിലായോ?

ജ്യൗതിഷികൻ:—നാളെ പുലച്ച്യ്ക്കു നിശ്ചയമായും കൊണ്ടുവരുന്നതാണു്. അല്പനേരത്തെ പണിയേ ഇതിന്നു വേണ്ടൂ. രണ്ടു നാഴികകൊണ്ടു തീരേണ്ടതേയുള്ളു.

പാദുഷ:—(സസന്തോഷം) നീ ആൾ സമൎത്ഥനാണു്. ഒന്നുകൂടി ചോദിക്കാനുണ്ടു്. ജ്യോത്സ്യനല്ലേ? ഒന്നു ഗണിച്ചു പറയൂ. ഈ പത്രം എവിടുന്നാണു് വന്നതു്?

അയാൾ ക്ഷണകാലം ഏകാഗ്രത നടിച്ചു നിലത്തു നോക്കി ഉറയിലുള്ള പ്രതിമ പുറത്തെടുത്തു ചെവിക്കരികെപ്പിടിച്ചു്, ഒന്നുരണ്ടു നിമിഷം സശ്രദ്ധനായി നിന്നു.

പിന്നെ പാദുഷയെ നോക്കി "ജഹാംപനാ! ഇതു് ഒരു സ്ത്രീയുടെ എഴുത്താണു്; ചിതോർറാണി പത്മിനീദേവി ഗുർജ്ജരറാണി കമലാദേവിക്കു് അയച്ചതാണു്."

അല്ലാവുദ്ദീൻ "ചിതോർറാണിയായ പത്മിനി എഴുതിയതോ? ഭീമസിംഹൻെറ പത്നി! ത്രിലോകസുന്ദരിയെന്നു ശ്രുതിപ്പെട്ട ആ പത്മിനി!" എന്നു് ആശ്ചര്യാതിരേകം വെളിപ്പെടുത്തി.

ജ്യൗതിഷികൻ "കേവലം രൂപത്തിൽമാത്രമല്ല, ജഹാംപനാ! ഗുണത്തിലും അവരെപ്പോലെയുള്ള ഒരു സ്ത്രീരത്നത്തിൻെറ സൃഷ്ടി ഇഹലോകത്തിലില്ല" എന്നറിയിച്ചു.

പാദുഷ:—ഇതു ശരിയാണെന്നു നാം വിശ്വസിക്കയില്ല. നമ്മുടെ കമലാദേവിബീഗത്തോടു കിടപിടിക്കുന്ന ഒരു സുന്ദരി ജഗത്തിലുണ്ടെന്നു ഞാനൊരിക്കലും വിശ്വസിക്കയില്ല.

ജ്യൗതിഷികൻെറ മുഖത്തു് ഒരു മങ്ങൽ കയറി; ഹൃദയം ശക്തിയോടെ സ്പന്ദിച്ചുതുടങ്ങി. പക്ഷേ എന്തു ചെയ്യാനാണു്? വീണ്ടും അയാൾ കപടവിനയത്തോടെ തുടന്നു: "അപരാധം ക്ഷമിക്കണം. സത്യമായ സംഗതിയെല്ലാം വിശദമാക്കിക്കൊള്ളാം. ചിതോർറാണിയുടെ തേജസ്സിൽ വെറും മിന്നാമിനുങ്ങിമാത്രമാണു് അവിടുത്തെ ഗുജരാഷ്ട്രബീഗം. അവരിരുവരുടെയും രൂപങ്ങൾക്കു തമ്മിൽ അജഗജാന്തരമുണ്ടു്. ഞാൻ കണ്ണാലെ കണ്ടറിഞ്ഞതാണു് ഉണത്തിക്കുന്നതു്."

അല്ലാവുദ്ദീന്നു് അസഹ്യകോപം ജനിച്ചു. "വിഡ്ഢി! മതിമറന്നുപോയോ? നമ്മുടെ ബീഗത്തെക്കുറിച്ചു ന

മ്മുടെ സമക്ഷം ഇങ്ങനെ ദൂഷിക്കാൻ നിനക്കെവിടുന്നി ത്ര ധൈര്യം വന്നു? നീയല്ല, മററൊരാളാണെങ്കിൽ ഈ അധികപ്രസംഗത്തിന്നു് അവൻെറ നാവു തുണ്ടുതുണ്ടാക്കി അരിയുമായിരുന്നു. ഒരിക്കൽക്കൂടി നീ ഈ ധിക്കാരം കാണിച്ചാൽ ക്ഷമിക്കില്ലെന്നു മനസ്സിലാക്കിക്കൊൾക! സൂക്ഷിച്ചോളൂ. നിന്നെക്കൊണ്ടു് അല്പമൊരു കാര്യമുള്ളതുകൊണ്ടാണു് വെറുതെ വിട്ടതു്. ഒന്നു വിചാരിച്ചുനോക്കൂ. ഈ പത്രം ബീഗത്തിൻെറ അരികെ എങ്ങനെ വന്നുചേൎന്നു?" എന്നായി. അയാൾ വീണ്ടും ദൃഷ്ടികൾ നിലത്തൂന്നി തൻെറ 'മഹാമായ'യെ പുറത്തെടുത്തു ചെവിയരികെപ്പിടിച്ചു പാദുഷയുടെ മുഖത്തു നോക്കി തല ഉയൎത്തി "ശരി, ശരി" എന്നാരംഭിച്ചു.

പാദുഷ "എന്താണെ"ന്നു ചോദിച്ചു.

ജ്യൗതിഷികൻ:—തിരുമേനി, കുറെ ദിവസമായി അവിടത്തെ അന്തഃപുരത്തിൽ അതിരഹസ്യമായ സംഗതികൾ നടന്നുവരുന്നുണ്ടു്. ഏതോ ഒരു രജപുത്രനാണു് ചിതോരിൽനിന്നു് ഈ പത്രം കൊണ്ടുവന്നതു്. അരമനയിലെ ഒരു ദാസിയെ അവൻ പാട്ടിൽ പിടിച്ചു. ബീഗത്തിൻെറ ശയ്യാഗൃഹത്തിലെ കാവല്ക്കാരികളിലൊരുവൾക്കു് അവൾ മദ്യത്തിൽ മരുന്നു കൊടുത്തു്, അവൾ മയക്കത്തിൽ പെട്ടുകിടക്കുന്ന തരം നോക്കി, അകത്തു കടന്നു കിടയ്ക്കമേൽ കത്തു ഗൂഢമായി കൊണ്ടുവെച്ചു.

പാദുഷയ്ക്കു് അഭൂതപൂൎവ്വമായ ആശ്ചര്യം ഉണ്ടായി. അതോടൊന്നിച്ചു കോപവും പൊടിഞ്ഞു പൊങ്ങി. "അമ്പടി! അന്തഃപുരത്തിൽ ഇങ്ങനെയുള്ള മായാവിദ്യകളു

ണ്ടോ? കൊള്ളാം. അവൾ ആരാണു്? അവളുടെ പേർ പറഞ്ഞാൽ നിന്റെ മുൻപിൽവെച്ചുതന്നെ അവളെ ശിരച്ഛേദം ചെയ്യുന്നുണ്ടു്."

ജ്യൗതിഷി:—തിരുമേനി, ക്ഷമിക്കണം. അതുമാത്രം അവിടുന്നു കൃപയുണ്ടായി എന്നോടു ചോദിക്കരുതെന്നപേക്ഷ. ആ ദാസിയെ കണ്ടുപിടിക്കേണ്ടതു് അവിടുത്തെ കൊത്തുവാൾസാഹേബിന്റെ മുറയാണു്. ആ കഷ്ടത്തിന്നു് എന്നെ നിർബ്ബന്ധിക്കരുതേ!

അതു ശരിയാണെന്നു് അല്ലാവുദ്ദീനു തോന്നി. ബീഗത്തിന്റെ മുഖത്തുനിന്നു താൻ കേട്ട സംഗതികളെല്ലാം ജ്യോതിശ്ശാസ്ത്രജ്ഞനും ഒരക്ഷരമെങ്കിലും വിടാതെ പറഞ്ഞതു കേട്ടു് അയാളുടെ നേരെ ചക്രവർത്തിക്കു് ഒരുവിധം ബഹുമാനം സ്വയമേവ ജനിച്ചു. അതുകൊണ്ടു് അ കാര്യത്തിൽ അയാളെ അത്ര നിർബ്ബന്ധിക്കാൻ പോയില്ല. "ശരി, ഇപ്പോൾ പൊയ്ക്കോളൂ. നാളെക്കാലത്തു് ആ പത്രത്തിന്റെ ഭാഷാന്തരം കൊണ്ടുവരൂ!" എന്നാജ്ഞാപിച്ചു. അതിനിടയ്ക്കു മററൊരു സംഗതി അല്ലാവുദ്ദീന്റെ സ്മൃതിപഥത്തിൽ പ്രവേശിച്ചു. ജ്യൗതിഷികനോടു് "ഇത്രയൊക്കെ സാഹസപ്പെട്ടു് ഒരെഴുത്തു് ഇത്ര ഗൂഢമായി എത്തിച്ചതിൽ പത്മിനിയുടെ ഉദ്ദേശമെന്താണു്? പത്മിനിക്കു നമ്മുടെ അന്തഃപുരത്തിൽ വരാൻ വിസമ്മതമുണ്ടാകുമോ? വിചാരിച്ചു പറയൂ. കേൾക്കട്ടെ!" എന്നായി.

പട്ടാണിനാഥന്റെ അന്തരംഗത്തിൽ ഒരു ആശാങ്കുരം പൊടിച്ചു; കൗതുകപൂർണ്ണമായ ദൃഷ്ടിയോടുകൂടി പ്രാശ്നികന്റെ മുഖത്തു നോക്കിക്കൊണ്ടിരുന്നു.

"ആ പ്രശ്നത്തിൻെറ ഉത്തരം നാളെ അറിയിച്ചുകൊള്ളാം. എഴുത്തു വായിച്ചുനോക്കിയാൽത്തന്നെ സ്വയമേവ എല്ലാം മനസ്സിലായിക്കൊള്ളും. ഇപ്പോളെന്തിനാണു് അവിടുത്തെ മനസ്സിനെ വേദനിപ്പിക്കുന്നതു്? പത്മിനി സാമാന്യയല്ല; ക്ഷത്രിയപുത്രി; വീരപത്നി! അവരുടെ ഉദ്ദേശം ഞാനെന്താണെന്നാണു് പറയേണ്ടതു്? ആ സ്ത്രീരത്നത്തെ സമ്പാദിക്കുവാൻ അവിടുത്തേയ്ക്കു സാ.........ധ്യ..........മ........" എന്നു് അദ്ധോക്തിയിൽ വിരമിച്ചു നതമുഖനായി നിന്നു.

ജ്യോത്സ്യൻെറ ഉദ്ദേശം സാധിച്ചു. അല്ലാവുദ്ദീൻെറ ആത്മാഭിമാനത്തിനു് അപകഷ്ം തട്ടി. വടികൊണ്ടു കുത്തി കോപം പിടിപ്പിച്ച കാളഭുജംഗംപോലെ അല്ലാവുദ്ദീൻ ചീറി! "ഹിന്ദുസ്ഥാനത്തിലെ പാദുഷയ്ക്കു സാധ്യമല്ലാത്ത സംഗതി ജഗത്തിലുണ്ടോ? നോക്കിക്കോളൂ. ആ ക്ഷത്രിയരുടെ ക്ഷാത്രം ഒന്നു പരീക്ഷിച്ചുനോക്കട്ടെ! കൊള്ളാം. താൻ പൊയ്ക്കോളൂ. ഇവരും തൻെറ ഒന്നിച്ചു പോരും. തൻെറ വീടു കാണിച്ചുകൊടുക്കൂ" എന്നു പറഞ്ഞു പാശ്ചവത്തികളായ സേവകരെ ആംഗ്യംകൊണ്ടു് ആജ്ഞാപിച്ചു.

പ്രാശ്നികൻ പാദുഷയെ തലതാഴ്ത്തി സലാംചെയ്തു് അവിടെനിന്നു തിരിച്ചു. അപ്പോൾ അയാളുടെ ഹൃദയത്തിൽ ആനന്ദം, രോഷം, അസൂയ മുതലായ വിവിധഭാവങ്ങൾ ഏകകാലത്തിൽത്തന്നെ എത്തിച്ചേന്നു. വികാരവേഗത്താൽ അയാൾ അതിവിവശനായിപ്പോയി.

## അദ്ധ്യായം അഞ്ചു്

വീട്ടിൽ മടങ്ങിയെത്തിയശേഷം നമ്മുടെ പ്രാശ്നി കൻ അകത്തു കടന്നു വാതിലടച്ചു പത്മിനിയുടെ പത്രം വായിച്ചുനോക്കി. ആനന്ദം അലതല്ലിത്തുടങ്ങി. കത്തിൽ ആദ്യവസാനം തനിക്കു വേണ്ട സംഗതികളെല്ലാം ഉണ്ടായിരുന്നു. പത്മിനി അല്ലാവുദ്ദീനെ സ്വയമേവ ക്ഷണിച്ചുവരുത്തിയതായി തോന്നും ആ പത്രം കണ്ടാൽ.

മഹാശയരേ, ഈ ജ്യൗതിഷികൻ ഗൂർജ്ജരാധിപനായ കരണരായൻതന്നെയാണെന്നു നിങ്ങൾ ഇപ്പോഴെങ്കിലും ഊഹിച്ചിരിക്കും. അല്ലാവുദ്ദീനെ ചിതോരിലേയ്ക്കു തിരിച്ചുവിടേണമെന്ന ഉദ്ദേശത്തോടുകൂടിയാണു് കരണരായൻ ഇവിടെ വന്നു് ഇക്കാര്യങ്ങളൊക്കെ നടത്തിയതു്. പക്ഷേ പത്മിനി സ്വയമേവ അല്ലാവുദ്ദീനെ വിളിച്ചുവരുത്തുമെന്നു് അയാൾ ആലോചിച്ചിരുന്നില്ല. നീചനും വിശ്വാസഘാതകനുമായ മ്ലേച്ഛന്നു് ആത്മസമർപ്പണം ചെയ്തു്, ഹിന്ദുവനിതകളുടെ മുഖത്തു കരിതേച്ചു്, പതിവ്രതാധർമ്മത്തെയും ഹിന്ദുധർമ്മത്തെയും ഏകകാലത്തിൽ പരിത്യജിച്ചു നരകക്കുഴിയിൽ കാലെടുത്തുവെച്ചുകൊണ്ടാണിരിക്കുന്നതെന്നു കമലയെ, പത്മിനി നിന്ദിച്ചതു കാണുമ്പോൾ അല്ലാവുദ്ദീൻ ഒരിക്കലും മൗനം ദീക്ഷിക്കയില്ലെന്നും നിശ്ചയമായും പത്മിനിയുടെ അഹങ്കാരം അടിച്ചമർത്തുവാൻ ഒരുങ്ങിപ്പുറപ്പെടാതിരിക്കയില്ലെന്നും കരണരായന്നു് ഉറപ്പുണ്ടായിരുന്നു.

"ദൈവഗതിക്കഥവാ ഭുവനേസ്മിൻ
നൈവ കവാടനിരോധമൊരേടം."

കരണരായൻ അല്പസമയത്തിന്നകം അതു് അനുപദം പാർസിഭാഷയിലേയ്ക്കു വിവൎത്തനം ചെയ്തു. അതിങ്ങനെയാണു്:—

"പ്രിയസോദരി,

"നിങ്ങൾ ദില്ലിരാജേശ്വരിയും പട്ടാണിപാദുഷയുടെ ബീഗവുമാണെന്നറിയുന്നു. ഇതു നല്ല നേരംപോക്കു്! ഇനി നിങ്ങളെ സോദരി എന്നു വിളിക്കാൻ തരമില്ല. എനിക്കു ലജ്ജ തോന്നുന്നു. ഹിന്ദുവായിപ്പിറന്നു്, ഹിന്ദുവായി വളൎന്നു് ഒടുവിൽ പട്ടാണിയോടു ചേരുകയാണോ ചെയ്തതു്? അതുതന്നെ ഈ പ്രായത്തിൽ! ഇതു വിശ്വാസയോഗ്യമല്ലെന്നു തോന്നിപ്പോകുന്നു! പക്ഷേ ഇനി അവിശ്വാസത്തിന്നു് എവിടെയാണു് അവകാശം? നിങ്ങൾ ബീഗമായ് ദില്ലിക്കു പോയിരിക്കുന്നുവെന്നു നിങ്ങളുടെ ഭൎത്താവുതന്നെയാണു് എഴുതിയിരിക്കുന്നതു്!

"ഗുജ്ജരാധിപൻെറ അരമനയിൽ നിങ്ങൾക്കു സുഖസാമഗ്രികൾക്കു് എന്തൊരു കുറവാണുള്ളതെന്നു ഞാൻ അറിയുന്നില്ല. പക്ഷേ മുസൽമാൻധൎമ്മം, പിന്നെ പട്ടാണിയുടെ—അതുതന്നെ വഞ്ചകശിരോമണിയായ ഒരാളുടെ—രൗദ്രസൗന്ദൎയ്യം ഇവമാത്രമാണു് നിങ്ങളപേക്ഷിക്കുന്ന വസ്തുക്കളെങ്കിൽ ഗത്യന്തരമില്ലതന്നെ. ഗുജ്ജരാധിപൻെറ രാജധാനിയിൽ അതു രണ്ടും നിങ്ങൾക്കു ലഭിക്കുമെന്നു തോന്നുന്നില്ല. ഈ നിലയ്ക്കു ബ്രഹ്മാവു നിങ്ങളെ പട്ടാണിജാതിയുടെ ഉദരത്തിലാക്കുവാൻ തെററി

പ്പോയിട്ടു ഹിന്ദുമാതാവിൻെറ ഗർഭത്തിൽ ജനിപ്പിച്ചുവെന്നു വേണം പറയാൻ. ഒരു യഥാർത്ഥഹിന്ദുരമണിയാണു് നിങ്ങളെങ്കിൽ യവനൻെറ സഹവാസത്തിന്നു് ഒരു കാലത്തും അനുകൂലിക്കയില്ലായിരുന്നു.

"സോദരി, നിങ്ങൾക്കറിയാത്തതല്ലല്ലോ. നമുക്കു—ക്ഷത്രിയക്കു—പുനർവിവാഹം വിധിച്ചിട്ടില്ല. ഭർത്താവുതന്നെ ദൈവം. പാതിവ്രത്യംതന്നെ പരമധർമ്മം. ഇങ്ങനെയിരിക്കെ ഈ ദുഷ്കൃത്യം എങ്ങനെ നിങ്ങളിൽനിന്നു സംഭവിച്ചു? ആശ്ചര്യം, അത്യാശ്ചര്യം! അതിരിക്കട്ടെ! ധർമ്മചിന്തനമെല്ലാം ജ്ഞാനികൾക്കുള്ളതാണെന്നു വെയ്ക്കുക. പക്ഷേ നിങ്ങളുടെ മനസ്സു യവനസഹവാസത്തിനു് എങ്ങനെ അനുവദിച്ചു? ചിരകാലം അനുഭവിച്ച ദാമ്പത്യസുഖം എങ്ങനെ നിങ്ങൾ പെട്ടന്നു വിസ്മരിച്ചുകളഞ്ഞു? ലോഭം വിവേകത്തെ കീഴടക്കിയെന്നു വരാം. പക്ഷേ നിങ്ങളുടെ ഹൃദയത്തിൽ ഇപ്രകാരം അസംഗതമായ ലോഭം എങ്ങനെ ഉദിച്ചുവെന്നു വിചാരിക്കുവാൻപോലും വയ്യ. ഇതാണു് അത്ഭുതത്തിനു കാരണം.

"ഏതൊരു നിർഭാഗ്യപുരുഷൻ നിങ്ങളെ, പ്രാണേശ്വരിയെന്നും ദ്വിതീയഹൃദയമെന്നും ജീവിതസർവ്വസ്വമെന്നും കരുതിയിരുന്നുവോ, എല്ലാററിന്നും ഉപരിയായി ഏതൊരുവനിൽനിന്നു ദാമ്പത്യഫലമായ സന്താനപ്രാപ്തിക്കുകൂടി നിങ്ങൾക്കിടയായയോ അങ്ങനെയെല്ലാമിരിക്കുന്ന ആ പ്രിയതമനെ, ഹാ, നിങ്ങൾ മറന്നുകളഞ്ഞില്ലേ?

"ആരുടെ പാദപരിചരണം നിങ്ങളുടെ മുഖ്യവ്രതമോ, ഇഹത്തിലും പരത്തിലും നിങ്ങൾക്കു കനകദീപമാ

യി ശോഭിക്കുന്നതാരോ, അങ്ങനെയുള്ള ആൾ നിങ്ങളു ടെ പ്രണയത്തിന്നു് ഏകഭാജനമായിത്തീരാതെ, അന്യ മതാവലംബിയായ ഒരു നീചനിൽ, നിങ്ങൾ അനുരാ ഗം നിക്ഷേപിച്ചിരിക്കുന്നുവെന്നു കേട്ടാൽ ആരാണു് അ മ്പരന്നുപോകാത്തതു്? നിങ്ങളുടെ മുഖദൎശനം ആക്കാ ണു് ചതുൎത്ഥിയല്ലാതിരിക്കുക? നീചസമ്പൎക്കത്താൽ നി ങ്ങൾ അധഃപതിച്ചുപോകുമെന്നു ഞാനാദ്യംതന്നെ ഊ ഹിച്ചിരുന്നു. എന്നു നിങ്ങളുടെ അരികെ കുടിലശീല യായ മദിയാ എന്ന ദാസിയെ കാണാനിടവന്നുവോ, അന്നുതന്നെ മനസ്സിൽ ഈ ശങ്ക എനിക്കു് ഉദിക്കാതിരു ന്നില്ല. അതു് ഇന്നു യഥാൎത്ഥമായി പരിണമിച്ചു. അ വളൊരുത്തിയാണു് നിങ്ങളെ ഈ നരകമാൎഗ്ഗത്തിലേയ്ക്കു കൈ പിടിച്ചു കൊണ്ടുപോയിരിക്കുന്നതു്.

"നിങ്ങൾക്കു് ഒരു പുത്രിയുണ്ടല്ലോ. അവളുടെ മുഖ ത്തു നോക്കി അതിലാരുടെ ഛായയാണു് പ്രതിബിംബി ച്ചിരിക്കുന്നതെന്നു് ആലോചിച്ചുവോ? ആ ആൾക്കും നി ങ്ങൾക്കും ഉള്ള ബന്ധമെന്താണു്? അയാൾക്കു സോദരി എത്രമാത്രം കടപ്പെട്ടിട്ടുണ്ടെന്നു ചിന്തിച്ചു നോക്കിയോ? സുഖാനുഭോഗത്തിലുള്ള ഇച്ഛകൊണ്ടു പട്ടാണിയോടുകൂടി ചേൻവെന്നാണോ പറയുന്നതു്? ഞാനതു പറയുന്നില്ല. ഇരിക്കട്ടെ, ഒരു പക്ഷേ അതു് അങ്ങനെത്തന്നെയാണെ ന്നു സമ്മതിക്കുക. എന്നാൽ അല്പകാലത്തെ അസ്ഥിര മായ സുഖാനുഭവങ്ങൾക്കു നിങ്ങളെന്തു വില കൊടുക്കേ ണ്ടിവരുമെന്നു് ഇനിയൊന്നാലോചിച്ചുനോക്കു. പ്രാണ നെക്കാൾ വലുതായ മാനം നിങ്ങൾ ഹോമിച്ചുകളഞ്ഞു.

ജാതിധമ്മത്തോടുകൂടി സതീധമ്മവും കാലടിയിലിട്ടു ചവിട്ടിത്തേച്ചുകളഞ്ഞു! ഇത്രയൊക്കെ പ്രയത്നിച്ചിട്ടു നിങ്ങൾ സമ്പാദിച്ചതെന്താണു്? കേവലം അപകീത്തി. നീചനായ ഒരു പട്ടാണിയുടെ സഹവാസം! നാലു ദിവസത്തേയ്ക്കു നിങ്ങളെ യവനർ രാജരാജേശ്വരിയെന്നു വിളിക്കുമായിരിക്കാം; യവനൻെറ ഉത്സംഗത്തിൽ ശോഭിക്കുമായിരിക്കും. പക്ഷേ നിങ്ങളുടെ ഭാവിഗതിയെന്തായിരിക്കുമെന്നു് ഒരിക്കലെങ്കിലും ചിന്തിച്ചുവോ?

"ഇതിലധികം ഞാനെന്താണെഴുതേണ്ടതു്? ഭവ്യയായ ഭാരതമാതാവിന്നു നിങ്ങൾ വരുത്തിക്കൂട്ടിയ ഈ മാലിന്യം എത്രകാലം തപസ്സുചെയ്തു സമ്പാദിച്ച പുണ്യം കൊണ്ടാണു് കഴുകിക്കളയുവാൻ കഴിയുക? നിങ്ങൾ ചെയ്ത ഈ പാപം നിങ്ങളൊരുത്തിയെമാത്രമല്ല പീഡിപ്പിക്കുന്നതു്. ഗുജ്ജരേശ്വരൻെറ പട്ടമഹിഷിയാണു് നിങ്ങൾ; ലക്ഷോപലക്ഷം നാരിമാക്കു മാഗ്ഗദശനം ചെയ്യേണ്ട ഒരു മഹാറാണി. ഒരു വമ്പിച്ച പ്രജാവിഭാഗം നിങ്ങളുടെ ആചാരവിചാരങ്ങളെ അനുകരിച്ചു നടക്കേണ്ടതുണ്ടു്. കമലേ, നിങ്ങളെന്തൊരു മഹാപരാധമാണു് പ്രവത്തിച്ചതു്! കഴിഞ്ഞതൊക്കെ കഴിഞ്ഞു. ഇനിയെങ്കിലും അതിന്നു വേണ്ട പ്രായശ്ചിത്തം ചെയ്യാൻ നോക്കു!

"എത്രയോ ലക്ഷം ഹിന്ദുമഹിളകൾ നിങ്ങളുടെ പ്രായശ്ചിത്തവത്തമാനം കേൾക്കുന്നതിനു് ഉത്സുകകളായിരിക്കുന്നുണ്ടു്. അവരെ ആശാഭംഗപ്പെടുത്താതിരിക്കു! സ്വകത്തവ്യം നിറവേററുന്നതി[illegible] നോക്കേണ്ട ആവശ്യമില്ല. ഒരു സംപ[illegible]

MUL
288489
288489
032:3M92:14 K5
26 FEB

ച്ചോളൂ: ഒരു സമയം നിങ്ങൾ പ്രായശ്ചിത്തം ചെയ്യാതിരിക്കയാണെങ്കിൽ, അവർതന്നെ തക്ക പ്രായശ്ചിത്തം ചെയ്യിച്ചുകൊള്ളും. നിങ്ങളുപ്പോളെന്തു കാട്ടും?

എന്നു്,

ഭീമസിംഹപത്നി പത്മിനി

ചിതോർകൊട്ടാരം.''

* * * *

പിറേറ ദിവസം രാവേറെച്ചെന്നിരിക്കുന്നു. ബീഗം ശയനഗൃഹത്തിൽ പാദുഷായുടെ ആഗമനവും പ്രതീക്ഷിച്ചിരിക്കയാണു്. ഇത്ര വൈകിയിട്ടും വരാതിരുന്നതു കാരണം കാലരികെക്കിടന്നിരുന്ന കാശ്മീരകംബളമെടുത്തു മേലാകെ മൂടിപ്പുതച്ചു കിടന്നു. ഉദ്ദേശം നട്ടരാവായപ്പോൾ അല്ലാവുദ്ദീൻ പതുക്കെ അടിവെച്ചു മന്ദമൊന്നു ചിരിച്ചു് അവിടെ വന്നുചേൎന്നു. പക്ഷേ എതിരേററിരുത്തുന്നതിന്നും സരസസല്ലാപങ്ങളാൽ സന്തോഷിപ്പിക്കുന്നതിന്നും ആരാണു്?

അവൻ "കമലേ, കമലേ!" എന്നു് ഉറക്കെ വിളിച്ചു. താൻതന്നെ പര്യങ്കത്തിൽ ചെന്നിരുന്നു കമലയെ ഉണൎത്താൻ ശ്രമിച്ചു. എത്ര വിളിച്ചിട്ടും എന്തൊക്കെ കാട്ടിയിട്ടും കമലയുടെ സുഖനിദ്രയെ ഭേദിക്കാൻ കഴിഞ്ഞില്ല—സ്വാഭാവികസുഷുപ്തിയിൽ പെട്ടവരെ വിളിച്ചുണൎത്താം; പക്ഷേ കല്പിച്ചുകൂട്ടി കിടന്നുറങ്ങുന്നവരെ എഴുനേല്പിക്കാനാണു് അധികം പ്രയാസം. അല്ലാവുദ്ദീൻ ബലാത്കാരമായി കമലയുടെ മുഖത്തെ മൂടുപടം വലിച്ചെടുത്തു. കമല പൊട്ടിച്ചിരിച്ചു. തൽക്ഷണം മുഖത്തു്

ഒരു ഘനഭാവം കയറി. "സിംഹം കാടുതോറും സഞ്ചരിച്ച് മൃഗയാവിനോദം കഴിഞ്ഞു ഗുഹയിൽ തിരിച്ചെത്തിയെന്നു തോന്നുന്നു. ഇനി ഇവിടെ എന്താണു് കാര്യം? പര്യങ്കമുണ്ടു്; ശയനീയവുമുണ്ടു്; പുതയ്ക്കുവാൻ 'ഷാളു'മിതാ. മൂടിപ്പുതച്ചുകിടന്നു പുലച്ചുയ്ക്കുണീററു പോകാമല്ലോ. ഉറങ്ങിക്കിടക്കുന്നവരെ എന്തിനാണു് വെറുതെ അലട്ടുന്നതു്?"

പാദ്ഷ:—ഇല്ല, കമലേ, ഇന്നു സിംഹത്തിന്നു വേട്ടയാടുവാനൊന്നും ഇടകിട്ടീട്ടില്ല. പ്രഭാതംമുതല്ക്കു ഭവതി കേട്ടില്ലേ ഭേരീനാദം മുഴങ്ങുന്നതു്? മന്ത്രി സേനാപതികൾക്കും, സർദാർ സൈനികന്മാൎക്കും യഥോചിതം ഉപദേശം കൊടുത്തു് അവരെ പ്രോത്സാഹിപ്പിച്ചു വേണ്ട ഏപ്പ്ാടുകളെല്ലാം ചെയ്യുകയായിരുന്നു ഇതേവരെ. ഭവതിയുടെ സുഖനിദ്രയ്ക്കു ഭംഗംവരുത്തിയ അപരാധം ക്ഷമിക്കണം.

ബീഗം "ജഹാംപനാ! ശരി! അങ്ങു പറഞ്ഞതു വാസ്തവം. ഞാൻ തെററിദ്ധരിച്ചു. എന്തിനാണു് ഈ യുദ്ധസന്നാഹങ്ങളൊക്കെ? ആരോടാണു് അങ്കത്തിന്നു പുറപ്പാടു്?" എന്നു പുഞ്ചിരിക്കോളിളക്കത്തോടെ ചോദിച്ചു.

പാദ്ഷ:—കമലേ, ഞാൻ ചിതോരിലേയ്ക്കു പോകയാണു്. എന്തു ദുരഭിമാനക്കാരിയാണു് അവൾ? ഞാൻ വെറുതെ വിടില്ല.

പാദ്ഷ ഇങ്ങനെ പറഞ്ഞു ജ്യൗതിഷികൻ ഭാഷാന്തരപ്പെടുത്തിക്കൊണ്ടുവന്നു കൊടുത്ത പത്രം വായിച്ചു

കേൾപ്പിച്ചു. ഇതു കേട്ട ബീഗത്തിൻെറ നയനങ്ങൾ അല്പമൊന്നു വികസിതങ്ങളായി.

അല്ലാവുദ്ദീൻ "കമലേ, ആ പത്മിനിയെപ്പിടിച്ചു കൊണ്ടുവന്നു ഭവതിയുടെ ദാസിയാക്കി വെയ്ക്കുന്ന ദിവസംവരെ എൻെറ പേരു് അല്ലാവുദ്ദീനെന്നല്ല. ഞാൻ നാളെത്തന്നെ പുറപ്പെടും. പുല്ലിന്നു വിലപിടിക്കാത്ത ആ പെൺകിടാവിൻെറ അഹമ്മതി കണ്ടോ? ഭവതിക്കു് അവൾ ധർമ്മോപദേശം ചെയ്യാൻ നോക്കുന്നു. കമല പ്രായശ്ചിത്തം ചെയ്യണമത്രേ! അവളിവിടെ വന്നാൽ കമലതന്നെ അവളെക്കൊണ്ടു പ്രായശ്ചിത്തം ചെയ്യിച്ചോളൂ. ഭവതിയുടെ ഇതേ ശയനഗൃഹത്തിലിരുന്നു് അവൾ ഖുറാൻ വായിക്കാൻ ഞാൻ ഇടയാക്കിയേയ്ക്കാം" എന്നു പറഞ്ഞു നിന്ദാഗർഭമായൊന്നു ചിരിച്ചു.

കമല:—തിരുമേനി! ഇവളുടെ ഒരു ധർമ്മം, ഒരു സാമാന്യസർദാരുടെ ഭാര്യ! പഞ്ചപുച്ഛമടക്കി സംസാരിക്കേണ്ടവൾ! ദില്ലിചക്രവർത്തി ഇതെങ്ങനെ സഹിക്കും? ഇതിൻെറ ഫലം ഉടനെ അനുഭവിച്ചോളും. ഇരിക്കട്ടെ, നേരം വളരെയായി, ഇവിടെ വന്നിരിക്കു. ഇനി ഉറങ്ങാൻ നോക്കുകയല്ലേ?

കമലയുടെ വാക്കു കേട്ടു് അല്ലാവുദ്ദീനു സമാധാനം വന്നു. അവൻ നിദ്രാവശംഗതനായി.

* * *

നമ്മുടെ ജ്യൗതിഷികൻ പിറെറന്നാൾ ഉണന്നു നോക്കിയപ്പോൾ, മഹാകോലാഹലം! എവിടെ നോക്കിയാലും പടയാളികൾ, ഗജവാഹന്മാർ, അശ്വഭടന്മാർ,

പദാതികൾ ഇങ്ങനെയുള്ള സേനാംഗങ്ങളുടെ ആർപ്പും വിളിയും, ഭേരീനാദവും, കാഹളംവിളിയും നാലുപാടും അലച്ചുതുടങ്ങി. കടലിരമ്പിയടിച്ചുകയറുമ്പോലെ രണോന്മാദത്താൽ പെരുമ്പട തിളച്ചു പുളച്ചുതുടങ്ങി. അയാൾ ഗൃഹാന്തികത്തിലൂടെ ഓടിച്ചുപോകുന്ന ഒരു കുതിരപ്പടയാളിയുടെ അടുത്തു ചെന്നു താണു സലാംചെയ്തു് "കൊത്തുവാൾസാഹേബ്! അങ്ങു യുദ്ധത്തിൽ വിജയിയാകും!" അല്പം ആലോചന നടിച്ചു് "ഇക്കുറി യുദ്ധത്തിൽ അങ്ങു കാണിക്കുന്ന പരാക്രമം കണ്ടു പാദുഷ അങ്ങയെ ആയിരം അശ്വഭടന്മാരുടെ അധിപനായി നിയമിക്കുമെന്നു് എൻെറ മഹാമായ അരുളിച്ചെയ്തിരിക്കുന്നു, നിശ്ചയം" എന്നു വിളിച്ചുപറഞ്ഞു. അശ്വവാഹൻ ആനന്ദംകൊണ്ടു തുള്ളിച്ചാടി. തൻെറ നിലകൂടി തല്ക്കാലം മറന്നുപോയി; അവൻ "കുതിരയായി; കുതിരപ്പടയാളിയായി, ഇനി അധിപനും. എന്തൊക്കെയാണു് വേണ്ടതു്? പാദുഷ ദിവസമോരോ പെണ്ണിനെ പിടിച്ചുകൊണ്ടുവന്നു 'നികാ' (വിവാഹം) കഴിക്കും. ആ സുന്ദരി, ഈ സുകുമാരി, ത്രിലോകമോഹിനി എന്നൊക്കെ ആരെങ്കിലും പറഞ്ഞു ഭ്രമിപ്പിക്കും. മുമ്പു ഗുജരാത്തിൽ ചെന്നു ചത്തുകെട്ടു നട്ടംതിരിഞ്ഞു് എന്തൊരു പ്രയോജനമാണുണ്ടായതു്? പാദുഷയ്ക്കു് ഒരു ബീഗം കൈയിലായി; രാജ്യവും കൈയിലായി. നമുക്കെന്തു കിട്ടി? ജലപാനംകൂടിയില്ലാതെ കുതിരപ്പുറത്തിരുന്നു കുഴങ്ങുക! ഇപ്പോൾ വീണ്ടും ചിത്തോർക്കു തിരിക്കണംപോലും! മതി മതിയപ്പാ! തുലഞ്ഞു, പാദുഷയുടെ സേവ" എന്നു പറ

ഞ്ഞു വാജിയെ ദ്രുതഗതിയിൽ വിട്ടു. ഇത്രയും കേട്ടു് അയാൾക്കു മതിയായി. കപടവേഷധാരിയായ കരണരായൻ ആഹ്ലാദംകൊണ്ടു ചാടിമറിഞ്ഞു. അയാൾ ആടിപ്പാടി തൻെറ കുടിലിൽക്കടന്നു്, "ധമ്മസിംഹ, ധമ്മസിംഹ, പുറപ്പെട്ടു! ഇനി നമുക്കു് ഇവിടെ നിന്നിട്ടു കാര്യമില്ല. നമ്മുടെ അഭീഷ്ടം കൈവന്നപോലെയായി. ഇനി വൈകേണ്ടിവരില്ല. അല്ലാവുദ്ദീൻ ചിതോരിലേയ്ക്കു വമ്പിച്ച പടയോടുകൂടി പുറപ്പെട്ടിരിക്കുന്നു. നാമും കാബൂൾവഴിക്കു പോവുക" എന്നു സഹാസം പറഞ്ഞു.

ധമ്മ:—എന്തിനാണു് കാബൂളിലേയ്ക്കു്! അത്ര ദൂരത്തേയ്ക്കു പോകേണ്ട ആവശ്യമെന്താണു്?

കരണ:—മൊഗൾസേനാപതിയായ തുക്കിഖാൻ കാബൂൾവഴിയിലാണു്. അയാളുടെ അരികെ നമുക്കു ചില കാര്യങ്ങളുണ്ടു്. അതുംകൂടി ബാക്കിയുണ്ടു്. മററുള്ളതെല്ലാം ഇതേവരെ നമ്മുടെ വിചാരംപോലെതന്നെ നടന്നുവെന്നു പറയാം.

അടുത്ത ദിവസംതന്നെ കരണരായനും ധമ്മസിംഹനും കാബൂൾമാഗ്ഗത്തിലെത്തിച്ചേന്നു.

# മൂന്നാം ഖണ്ഡം

## വർഷാരംഭം

## അദ്ധ്യായം ഒന്നു്

ചിതോരിലെ 'ആഹേറിയാ'ഉത്സവമാണിന്നു്. രജപുത്രവീരന്മാരുടെ ഉത്സാഹത്തിനും ഉന്മേഷത്തിനും ഒരതിരില്ല. എവിടെ നോക്കിയാലും തിക്കും തിരക്കും. കുടിലും കൊട്ടാരവും അലംകൃതമായി നവജീവൻ നടമാടുന്നതുപോലെ തോന്നുന്നു.

വേട്ടയാണു് 'ആഹേറിയാ'ഉത്സവത്തിലെ പ്രധാനാംഗം. ഇന്നത്തെ വേട്ടയുടെ ഫലാഫലങ്ങൾക്കനുസരിച്ചാണു് ചിതോരിലെ നവവത്സരത്തിലെ ശുഭാശുഭങ്ങളെ രജപുത്രർ നിർണ്ണയിക്കുന്നതു്. ഈ മൃഗയാവിനോദം നിർവ്വിഘ്നമായി പര്യവസാനിച്ചാൽ പുതുവർഷം സുഖപൂർണ്ണമായിരിക്കുമെന്നും ഇടയ്ക്കു തട്ടോ തടവോ നേരിട്ടാൽ നേരേമറിച്ചു വിപദ്ദേവതയുടെ വായിൽ ചെന്നുവീഴേണ്ടിവരുമെന്നുമാണു് അവരുടെ വിശ്വാസം. അവർക്കും പട്ടാണികൾക്കും ഇക്കുറി പരസ്പരവിരോധം അങ്കുരിച്ചിരിക്കയാണു്. അല്ലാവുദ്ദീൻ ചിതോർനിരോധം ചെയ്യാൻ വരാതിരിക്കില്ലെന്നും അവർ ആലോചിച്ചിരുന്നു. തന്നിമിത്തം നായാട്ടിന്റെ നിർവ്വിഘ്നസമാപ്തിക്കു് അവരെല്ലാവരും കൊണ്ടുപിടിച്ചുത്സാഹിക്കുന്നുണ്ടു്.

അരാവലിമലയുടെ മുടിപ്പരപ്പിൽ അരുണകിരണങ്ങൾ തങ്കച്ചാറു പൂശാൻ തുടങ്ങുന്നതിനു് ഒട്ടുമുമ്പുതന്നെ രജപുത്രസർദാർമാരെല്ലാം അശ്വാരോഹണം ചെയ്തു് കാരോ ദളമായി ദുർഗ്ഗദ്വാരത്തിൽ സന്നദ്ധരായി. മൃഗയോദ്യുക്തരായി അണിനിരന്നുനില്ക്കുന്ന ഭടാവലിയുടെ ഉറയൂരിയ വാൾ, കുന്തം, കട്ടാരി ഇത്യാദി ശസ്ത്രസമൂഹങ്ങൾ ഉഷഃകാലത്തെ സ്നിഗ്ദ്ധപാടലമായ പ്രഭാപ്രസരത്തിൽ പുഞ്ചിരി ചൊരിയുന്നതായിത്തോന്നും.

മഹാറാണ ലക്ഷ്മണസിംഹനും അനന്തരം ഭീമസിംഹനും മററു നായകന്മാരും യഥാക്രമം അവിടെ ആവിർഭവിച്ചു. ആ സമയം ലക്ഷ്മണസിംഹൻ: "ബന്ധുക്കളേ! ഇന്നു് ആഹേറിയാഉത്സവമാണല്ലോ. ചിതോർ രജപുത്രരുടെ ഭാഗ്യപരീക്ഷാദിവസമാണിന്നു്. ദില്ലി പട്ടാണികളോടു വിരോധം ജനിച്ചിട്ടുള്ള സംഗതിയും നിങ്ങൾക്കറിവുള്ളതാണു്. അതുകൊണ്ടു സർവ്വപ്രയത്നവും ചെയ്തു് ഇന്നത്തെ വേട്ട വിജയകരമാക്കിത്തീർക്കണം. ഒരു ജന്തുവെങ്കിലും കൈവിട്ടുപോകാതിരിക്കാൻ ശ്രദ്ധിക്കണം" എന്നു് ഉദ്വേഗജനകമായ സ്വരത്തിൽ ഉദീരണം ചെയ്തു.

സൈനികക്കെല്ലാം ഉയിരും ഉണർച്ചയും തുളുമ്പി, "മഹാറാണാ കീ ജയ്!" എന്ന സാന്ദ്രധ്വനിയാൽ അവർ നാലു ദിക്കും മുഴക്കി. അനന്തരം അവർ യാത്ര പുറപ്പെട്ടു. സത്വരഗതികളായ വാജിവൃന്ദങ്ങളുടെ ഖുരക്ഷേപത്താൽ അരാവലിമല കമ്പിതമായെന്നു തോന്നും!

എല്ലാവക്കും മുമ്പേ റാണാ ഭീമസിംഹനും പിമ്പേ രാജകുമാരന്മാരും അവരെ അനുയാനം ചെയ്തു. മീവാര

സർദാർമാരും പുറപ്പെട്ടു. റാണാ ലക്ഷ്മണസിംഹൻ ഒടുവിൽ വളരെ മന്ദഗതിയിൽ ഒരു കുതിരപ്പുറത്തു പോയ്ക്കൊണ്ടിരുന്നു. അവിചാരിതമായി ഒരു ബാലൻ ലക്ഷ്മണസിംഹൻെറ എതിരേ വന്നു തല താഴ്ത്തി നിന്നു. അവൻെറ മട്ടക്കുതിര പുറത്തേറിയിരിക്കുന്ന സ്വാമിയുടെ അഭിപ്രായത്തിന്നനുസരിക്കാഞ്ഞിട്ടോ എന്തോ മുന്നോട്ടു കുതിച്ചുപായാനുത്സാഹിച്ചു കാലെറിഞ്ഞുകൊണ്ടിരിക്കുന്നു. ബാലൻ അതിൻെറ കടിഞ്ഞാൺ പിടിച്ചുവലിച്ചു; അതു തല പൊക്കുകയും തൽക്ഷണം താഴ്ത്തുകയും ചെയ്യുന്നു.

ആ കുമാരൻെറ പരന്ന ഫാലപ്രദേശവും ഹർഷവികസിതമായ മുഖമണ്ഡലവും നോക്കി ലക്ഷ്മണസിംഹൻെറ അന്തരംഗം പ്രേമമസൃണമായി. സിംഹൻെറ ഓജസ്സ് ഓളംവെട്ടുന്ന മുഖത്തു മറ്റൊരു ഉജ്ജ്വലപ്രഭ കൂടി പ്രതിബിംബിച്ചുവോ എന്നു തോന്നും.

റാണ പ്രേമം വഴിയുന്ന മിഴികളോടെ പുഞ്ചിരിക്കൊണ്ടു്: "ബാദല, എന്താണിതു്? നീയെന്താണിങ്ങോട്ടു വന്നതു്" എന്നു ചോദിച്ചു.

"റാണാജി, എനിക്കു പന്ത്രണ്ടു വയസ്സായി. എന്നേയും വേട്ടയ്ക്കു വരാനനുവദിക്കണം" എന്നറിയിച്ചു.

റാണാ ചിരിച്ചു്, "അഭിമന്യുവല്ലേ നീ? എന്തിനാണിത്ര തിടുക്കം? കുരുക്ഷേത്രത്തിലെ സമരസന്നാഹമാണു് നടക്കാനിരിക്കുന്നതു്. അല്പം സമാധാനിക്കു. നിൻെറ ആഗ്രഹം സാധിക്കാറായി. നിനക്കു വേട്ടയ്ക്കു വരുന്നതിന്നു വിരോധമില്ല. പക്ഷേ ഇന്നു നീയാണു്

ചിതോരിലെ സവ്വാധികാരി. ഇന്നു നീയാണു് റാണാ. ഞങ്ങൾ തിരിച്ചുവരുന്നതുവരെ ചിതോരിനെ രക്ഷിക്കേണ്ടതു നിൻെറ ഭാരമാണു്. നീയെന്തു വിചാരിക്കുന്നു?" എന്നു ചോദിച്ചു.

ബാലൻെറ ഒളിവീശുന്ന വദനം ഒന്നുകൂടി ഉദ്ദീപ്തമായി. റാണാ അല്പനേരം ആ ധീരമുഖകാന്തി നിന്നിമേഷനായി നിരീക്ഷിച്ചുനിന്നു. നോക്കുംതോറും റാണയുടെയുള്ളിൽ സ്നേഹവാത്സല്യങ്ങൾ ഊറി നിറഞ്ഞു. ഹർഷാശ്രുക്കൾകൊണ്ടു നയനങ്ങൾക്കു നനവു തട്ടി. ബാലകനെക്കണ്ടാലിംഗനം ചെയ്യുന്നതിനു കൈകളുഴറി. പക്ഷേ രണ്ടുപേരും കുതിരപ്പുറത്തായിരുന്നതുകൊണ്ടു് അതിനു കഴിഞ്ഞില്ല.

ബാലകൻ മന്ദസ്മേരമുഖനായി "റാണാജി, അവിടുത്തെ കല്പനപോലെ. എന്തെങ്കിലും പ്രധാനസംഭവം ഉണ്ടായെങ്കിൽമാത്രം ഞാൻതന്നെ വിവരമറിയിപ്പാൻ വന്നുകൊള്ളാം" എന്നു പറഞ്ഞു കുതിരയുടെ ഗതിയെ ദുർഗ്ഗാഭിമുഖമായി തിരിച്ചുവിട്ടു. റാണയും കുതിരയെപ്പായിച്ചു കൂട്ടുകാരോടു യോജിച്ചു.

ബാലരവിയുടെ പുതിയ പൊൽക്കതിരുകൾ അരാവലിയുടെ ഉന്നതശിഖരത്തെപ്പിളന്നു നാലുപാടും പ്രസരിച്ചു തുടങ്ങി. വസന്താരംഭത്തിൽ മീവാരവനപ്രാന്തങ്ങളിലെ പ്രാതകാലസൗന്ദര്യം അത്യന്തം ആകഷ്കമാണു്. നാലുപാടും തരുലതകൾ തളിൎത്തും പൂത്തും പുഞ്ചിരികൊള്ളുന്നു. പുലർകാലസൂര്യൻെറ പൊന്നിളംകതിരുകൾ പച്ചിലപ്പടപ്പിന്മേലും പലവൎണ്ണത്തിലുള്ള കാട്ടു

മലക്കലകളിന്മേലും, താളം തകൎത്തു പായുന്ന മലഞ്ചോലകളുടെ ചെറുതിരമാലകളിന്മേലും പതിക്കുമ്പോൾ ഒരു വിചിത്രമായ സങ്കരകാന്തി ഉളവാകുന്നു. തേനൊലിപ്പൂക്കളിൽ, നീലവണ്ടിൻനിരകൾ പറന്നിരുന്നു് അനക്കമില്ലാതെ ആനന്ദസാന്ദ്രതയിൽ മുഴുകിയിരിക്കുന്ന കാഴ്ച അങ്ങനെ. തേന്മാംതളിർ തിന്നു കണ്ഠം പൊട്ടുമാറു കൂകുന്ന പൂങ്കുയിലുകളുടെ കളാലാപം കൎണ്ണപുടങ്ങളിൽ മുഴങ്ങുന്നു.

ഈ പ്രകൃതിസൗന്ദര്യത്തെ ആലോകനം ചെയ്തു സഹസ്രാധികം വീരഭടന്മാർ ഭൂമി നടുങ്ങുമാറു നടന്നു തുടങ്ങി. എതിരും അതിരുമില്ലാത്ത അവരുടെ ഉത്സാഹവും ഉല്ലാസവും പ്രകൃതീശ്വരിയുടെ മോഹമന്ത്രത്താൽ ശതഗുണീഭവിച്ചു. ഹൎഷോന്മത്തരായ സൈനികർ പാടാൻ തുടങ്ങി. ഗാനനിനാദം അനന്തമായ ആകാശത്തിൽ വിലീനമായിക്കൊണ്ടിരുന്നു.

മീവാരത്തിലെ ദ്വാദശരാജകുമാരന്മാരിലെ ഇളയവനായ അരുണസിംഹൻ ഒരു നല്ല കവിയാണു്. അരുണസിംഹൻ കയറിയിരിക്കുന്ന പഞ്ചവൎണ്ണാങ്കിതമായ കാത്തേവാർകുതിര ദൎപ്പംകൊണ്ടു കഴുത്താട്ടിയും മുങ്കാലുകളെറിഞ്ഞും നിലം കുലുക്കിപ്പോയ്ക്കൊണ്ടിരിക്കുന്നു.

രജപുത്രരൊന്നിച്ചു അരുണസിംഹനും ഗാനം തുടങ്ങി. ആ രാജകുമാരൻെറ കടിബന്ധത്തിൽ കിടന്നാടിക്കളിക്കുന്ന ഉറയിട്ട ഖഡ്ഗം ഓടുന്ന കുതിരയുടെ പൃഷ്ഠഭാഗത്തിൽ തട്ടിപ്പുറപ്പെടുന്ന ശബ്ദം കേട്ടാൽ പാട്ടിനു താളം പിടിക്കുകയാണെന്നു തോന്നും.

ചിതോരിൽനിന്നു് ഏതാനും നാഴിക ദൂരെ 'ഗിരിനാരം' എന്ന പവ്വതം നീണ്ടുകിടക്കുന്നു. ചുഴററ മരുപ്രദേശത്തിന്റെ മധ്യത്തിലുള്ള അതു രാജസ്ഥാനിലെ കാശ്മീരമെന്നു് ഇന്നും കേളികേട്ടതാണു്. ആ പ്രലോഭനമായ പ്രദേശത്തു് അങ്ങുമിങ്ങും ബില്ലവർ വസിക്കുന്ന കുടിലുകൾ കാണാം. ആ സ്ഥലത്തിന്റെ നടുവേ നയനാഭിരാമമായ ഒരു അരണ്യമുണ്ടു്. അവിടെ പന്നി മുതലായ കാട്ടുജന്തുക്കളെ ധാരാളം കാണാം. നാലുപുറത്തും വസിക്കുന്ന ബില്ലവർ രാപ്പകൽ ആ കാടു കാത്തുപോരുന്നു. ആണ്ടിലൊരൊററ ദിവസം, ആഹേററിയാഉത്സവത്തിനുമാത്രം, ചിതോർറാണാ തന്റെ പരിവാരങ്ങളൊന്നിച്ചു് അവിടെ മൃഗയാവിനോദത്തിന്നു വരും. മററു ദിവസങ്ങളിൽ ആ വനസ്ഥലങ്ങളിലുള്ള ഒരു മുയലിനെപ്പോലും ആരും കൊല്ലാറില്ല. ആഹേററിയാദിവസം രജപുത്രർ ഇളകിപ്പുളച്ചു കളിക്കുന്ന മൃഗങ്ങളെയൊക്കെ വളഞ്ഞു്, കാടുതെളിച്ചു തേടിപ്പിടിക്കുക പതിവാണു്. അന്നു് ഒരു പുള്ളിമാൻപോലും തെററിത്തെറിച്ചു ചാടിയോടിപ്പോകാൻ പാടില്ല. രജപുത്രർ അതാ അത്യുത്സാഹത്തോടുകൂടി ഇന്നു് ആ വനത്തിലേയ്ക്കാണു് ഉഴറിപ്പോകുന്നതു്!

അക്കാലത്തു് 'ഉദയസാഗര'ത്തിന്റെ പാശ്ചത്തിൽ കമലമീരത്തിലെ രാജാക്കന്മാരുടെ പ്രാസാദങ്ങൾ ഇനിയും നിമ്മിതമായിട്ടില്ല. പ്രകൃതിദേവിയുടെ സ്വാഭാവികശോഭയെ കൃത്രിമാലങ്കാരങ്ങൾ മറച്ചിട്ടില്ലായിരുന്നു. ആ സമ്പൂൎണ്ണശാന്തത, പക്ഷികുലങ്ങളുടെ കാകളി

യെയോ, നിജ്ഝരങ്ങളുടെ നിനാദത്തെയോ, ആ രജപു ത്രസേനയുടെ കോലാഹലത്തെയോ ഗണിക്കാതെ, എ ല്ലായിടത്തും സ്വയംഭരണം ചെയ്തുകൊണ്ടിരിക്കുന്നു. ആ ഏകാന്തശാന്തിയുടെ പ്രഭാവത്താൽ എത്ര അസഹ്യമ നോവികാരങ്ങൾക്കു വിധേയനായവനും അവിടെച്ചെ ന്നാൽ മനസ്സ് അല്പനേരമെങ്കിലും സമാധാനപ്പെടാതി രിക്കയില്ല.

മേൽഭാഗത്തു മേചകവർണ്ണം പൂണ്ടു മേഘമാലപോ ലെ വ്യോമമണ്ഡലത്തിൽ വ്യാപിച്ചുകിടക്കുന്ന പർവ്വത ശിഖരങ്ങൾ; താഴെ തള്ളിയലയ്ക്കുന്ന തരംഗിണികൾ; സൂര്യകിരണങ്ങൾ ചാഞ്ചാടുന്ന ശുദ്ധജലാശയങ്ങൾ; അ ങ്ങുമിങ്ങും കാണുന്ന സനാതനസദനങ്ങൾ; പ്രകൃതിഗായക നായ ഒരു കവിയുടെ ഹൃദയം ഈ മനോരമവിഭൂതിക ളിൽ മഗ്നമാകാതിരിക്കയില്ല. കാവ്യകലാകുശലനായ അ രുണസിംഹന്നു കവിതയുടെ ആവേശം ആയവസരത്തി ലുണ്ടായെന്നു തോന്നും, ഒരു മൂളിപ്പാട്ടോടുകൂടി അക്കാഴ്ച നിരീക്ഷിച്ച് അദ്ദേഹം നില്ക്കുന്നതു കണ്ടാൽ. എതിരേ ഒരു നെൽവയലിൻെറ നടുവിലായി ഉയരമുള്ള ഒരു മാ ടത്തിലതാ ആരോ ഇരിക്കുന്നു. ലാവണ്യവതിയായ ഒരു യുവതിയുടെ പ്രതിമയാണോ അക്കാണുന്നതു്? അല്ല; പ്ര തിമ ഇങ്ങനെ ചലിക്കുമോ? ഒരു രജപുത്രസ്ത്രീയാണവൾ. വിളഞ്ഞുനില്ക്കുന്ന ചോളം പക്ഷികൾ നശിപ്പിക്കാതി രിക്കാൻ ആ തരുണി അവിടെ കാവലാണു്. എന്തു് അ മാനുഷസൗന്ദര്യം! അല്പം പിന്നിലായി പ്രയാണംചെയ്യു ന്ന അരുണസിംഹൻെറ നയനപഥത്തിൽ ആ രമ്യരൂ പം അകപ്പെട്ടു.

അരുണസിംഹൻ വനാന്തലക്ഷ്മിയുടെ വിലാസത്താൽ വശീകൃതനായിരിക്കയാണു്. തിരിച്ചിലും വളച്ചിലും ഉള്ളേടത്തു വഴിപിഴക്കാതെ നോക്കേണ്ട ഭാരം തൻെറ കുതിരതന്നെയാണു് വഹിച്ചിരിക്കുന്നതു്. ആ തരുണിയെ അടിമുതൽ മുടിവരെ നയനനീരാജനം ചെയ്തു നമ്മുടെ യുവരാജകുമാരൻ അത്ഭുതപരതന്ത്രനായി. കുതിര ആ മാടത്തിന്നരികെയെത്തി. രജപുത്രവീരന്മാരുടെ കോലാഹലം കേട്ടു പേടിച്ചു വിറച്ച പക്ഷികളൊക്കെ കൂടുവിട്ടു കൂട്ടത്തോടെ ചോളവയലിൽ പറന്നു വന്നിരുന്നു്, ധാന്യം കൊത്തിക്കൊറിച്ചു നാശമാക്കുന്നതു കണ്ടു് ആ യുവതി കവണയിൽ കല്ലുവെച്ചെറിഞ്ഞു തുടങ്ങി. പക്ഷികൾ തൂണില്ലാത്ത തോരണമാലപോലെ നീലാകാശത്തിൽ നിരന്നു പറന്നുകൊണ്ടിരുന്നു. അരുണസിംഹൻ ഇതൊക്കെ നോക്കിക്കൊണ്ടു കുതിരപ്പുറത്തു ചിന്താലീനനായിരിക്കയാണു്.

രജപുത്രസൈന്യം ആ പ്രദേശം കടന്നുപോയിട്ടു നേരം കുറെയായി. അരുണസിംഹൻെറ അശ്വവും അദ്ദേഹത്തിൻെറ ശരീരവും കൂട്ടാളികളോടു സമ്മേളിച്ചു.

യാതീഹ മുന്നിട്ടു വപുസ്സുമാത്രം
ചേതസ്സു പശ്ചാദവശം പ്രയാതി

എന്നു കണ്വാശ്രമകന്യയെച്ചൊല്ലി ദുഷ്യന്തന്നുണ്ടായ അവസ്ഥാന്തരമാണു് അരുണസിംഹന്നു് അനുഭൂതമായതു്. കൂടെക്കൂടെ അദ്ദേഹം തിരിഞ്ഞുനോക്കിക്കൊണ്ടിരുന്നു. ഇടയ്ക്കിടെ "ജയ് മഹാറാണാ കീ ജയ്" എന്ന ഗംഭീരധ്വനി എതിരേയുള്ള അരണ്യമെങ്ങും മാറ്റൊലി

ക്കൊണ്ടു. ദിവാസ്വപ്നനിവൃത്തനായതുപോലെ അരുണ സിംഹൻ നാലുപാടും നയനവിക്ഷേപം ചെയ്തു. അവ രെല്ലാം നിർദ്ദിഷ്ടസ്ഥലത്തെത്തിച്ചേൎന്നിരിക്കുന്നു! മുമ്പിൽ കാണുന്നതാണു് ഗിരിനാരവനം. നായാട്ടിന്നുള്ള ഒരുക്ക മായി. കൂട്ടംകൂട്ടമായി ഭടന്മാർ വെവ്വേറെ സ്ഥലങ്ങളിലേ യ്ക്കു തിരിക്കുവാൻ തുടങ്ങി.

ആ സമയം മഹാറാണാ "സൈനികരേ, നിങ്ങളെ ല്ലാം കാടു വളയുവിൻ! ഞാനും എളയച്ഛനും ഉള്ളിൽക്ക ടന്നു വേട്ട തുടങ്ങാം. ശ്രദ്ധയോടിരിക്കണം. ഒരൊററ ജ ന്തുപോലും കൈവിട്ടുപോകരുതു്. മീവാരത്തിൻെറ ശുഭാ ശുഭങ്ങൾ നിങ്ങടെ കൈയിലാണിരിക്കുന്നതു്" എന്നു ഗംഭീരസ്വരത്തിൽ ഗൎജ്ജിച്ചു.

ഇങ്ങനെ ആജ്ഞാപിച്ചു മഹാറാണാ ഭീമസിംഹ നൊന്നിച്ചു വനമധ്യത്തിൽ കടന്നു നായാട്ടിനാരംഭിച്ചു. രജപുത്രർ കാടു വളയുവാൻ ഓരോരോ സ്ഥലങ്ങളിലേയ്ക്കും പുറപ്പെട്ടു. അപ്പോൾ അരുണസിംഹൻ: "എനിക്കീ സ്ഥലം നല്ല പരിചയമുണ്ടു്; ഞാനിവിടെ നിന്നുകൊ ള്ളാം. നിങ്ങൾ മററു സ്ഥലങ്ങളിൽ നിലയുറപ്പിച്ചുകൊ ള്ളുവിൻ. ഇവിടത്തെ ഭാരം ഞാനേററു" എന്നു പറഞ്ഞു.

യഥാക്രമം നായാട്ടു തുടങ്ങി. അരുണസിംഹൻ നിന്നിരുന്നതു് ഒരു വയൽപ്രദേശത്തായിരുന്നതുകൊണ്ടു് അവിടേയ്ക്കു കാട്ടുമൃഗങ്ങളൊന്നും എത്ര കഴിഞ്ഞിട്ടും തു ള്ളിച്ചാടി വന്നതേയില്ല. അദ്ദേഹം കുന്തവും വില്ലും പി ടിച്ചു നിന്നുനിന്നു് അക്ഷമനായി. ഒടുവിൽ രാജകുമാ രൻെറ ഹൃദയം ആദ്യത്തെ വേട്ടയിലേയ്ക്കു തിരിഞ്ഞു. അ

രുണസിംഹൻ അങ്ങോട്ടു നോക്കിയപ്പോൾ, ആ സുകുമാരി അവിടെ യഥാപൂർവ്വം 'ചോൽക്കൊണ്ട കൊണ്ടൽമദ്ധ്യേ മിന്നുന്ന മിന്നൽപോലെ' നില്ക്കുകയാണു്.

അരുണസിംഹന്നു പുറമേ നായാട്ടിൽ കോളൊന്നും കിട്ടിയില്ല. അന്തഃകരണംതന്നെ ഒരു മൃഗയാരംഗമായിത്തീൎന്നു. ചിന്തയ്ക്കുമീതെച്ചിന്ത മനസ്സിനെ ഇളക്കിമറിച്ചു. തട്ടും വെട്ടും, അടവും തടവും ഒക്കെ അവിടെയാണു് നടന്നതു്. ഈ തരുണി ഏതാണു്? ഈ നിൎജ്ജനവനത്തിൽ ഇവൾ ഏകാകിനിയായി നില്ക്കുന്നുവല്ലോ! ആകൃതി കണ്ടാൽ ഒരു രജപുത്രസ്ത്രീയെപ്പോലെ തോന്നും. ഇവളുടെ വീടെവിടെ? എത്ര നാഴിക കഴിഞ്ഞു! സായംകാലമാകാറായിട്ടും ഇവൾ മടങ്ങിപ്പോകാത്തതെന്താണു്? ഞാൻനിമിത്തമാണോ?—എന്നെക്കാണാൻ കാംക്ഷിച്ചിട്ടാണോ ഇവിടെത്തന്നെ നില്ക്കുന്നതു്? ശരി—അല്ലെങ്കിൽ എന്തിനാണവൾ ഇങ്ങോട്ടേയ്ക്കു മിഴിയോടിക്കുന്നതു്? പക്ഷികൾ അങ്ങേപ്പുറം വിള നശിപ്പിക്കുന്നുണ്ടെങ്കിലും അങ്ങോട്ടു് അവൾക്കു ദൃഷ്ടിയേ ഇല്ലല്ലോ! എന്നിങ്ങനെ യുവാവു വിചാരധാരയിൽ മുഴുകി.

അരുണസിംഹന്റെ മനസ്സിൽ വിവിധചിന്തകൾ വിളഞ്ഞു. ക്രമേണ ആദിത്യൻ അസ്തഗിരിയിൽ പൂത്തപുത്തൻചെമ്പരുത്തിപോലെ ശോഭിച്ചു. പൊടുന്നനവെ പ്രാണഭയത്തോടെ ഒരു പന്നി അരണ്യമദ്ധ്യത്തിൽനിന്നു ശരവേഗത്തോടെ ചാടിവീണു. നിനവിൽ നീന്തുന്ന അരുണസിംഹന്റെ മനസ്സു പരിഭ്രാന്തമായി. കുന്തമെടുത്തു പന്നിയെക്കുത്താനോങ്ങി. പക്ഷേ പന്നിയെ

വിടെ? വരാഹം അദൃശ്യമായി. അരുണസിംഹൻ തല യിൽ കൈ വെച്ച് നിലത്തിരുന്നു. വദനം വളരെ മ്ലാന മായി! അതേസമയംതന്നെ അല്പം അകലെപ്പാഞ്ഞുവ രുന്ന ഒരു പന്നിത്തടിയൻെറ ചീററൽ കേട്ടു തിരിഞ്ഞു നോക്കുമ്പോഃഴയ്ക്കും ആ മാടത്തിന്നരികെ ആ ക്രൂറാൻപ ന്നി ചത്തുമറിഞ്ഞു വീണു. നാം കണ്ട ആ കന്യക, അ വളെറിഞ്ഞ വേൽ പന്നിയുടെ ഉടലിൽനിന്നു് ഊരി യെടുത്തു് അടുത്തു നില്ക്കുകയായിരുന്നു.

അരുണസിംഹൻെറ ആനന്ദത്തിന്നതിരില്ലാതാ യി. അയാഠം കുതിരയെ അങ്ങോട്ടു തിരിക്കണമെന്നു ക രുതിക്കൊണ്ടിരിക്കുമ്പോഴേയ്ക്കും മറെറാരു പന്നികൂടെ ആ വഴിക്കുതന്നെ ചാടിവീണു. അതും പ്രാണഭയത്താൽ വായുവേഗത്തിൽ പാഞ്ഞുവരികയായിരുന്നു. അരുണ സിംഹൻ തരം നോക്കുമ്പോഴേയ്ക്കും അതു കുന്തപ്പാട്ടിലും അകലെപ്പോയി. അയാഠം വീണ്ടും ഹതാശനായിത്തീ ന്നു. ആ തടിയൻപന്നി മാടത്തിന്നരികെക്കൂടിയല്ല ഓ ടിയതു്. ഇക്കുറി ഉപായമൊന്നും കണ്ടില്ല.

എന്തൊരാശ്ചര്യമാണിതു്? തൽക്ഷണം വരാഹ ത്തിൻെറ ഭയങ്കരസീൽക്കാരം വീണ്ടും കേട്ടു. അരുണ സിംഹൻ കണ്ണോടിച്ചപ്പോഠം ആ വനാന്തലക്ഷ്മി പാ ലൊളിപ്പുഞ്ചിരി പൊഴിച്ചു നില്ക്കുന്നു. സമീപത്തു കാ ട്ടുപന്നി ഊദ്ധ്വശ്വാസംവലിച്ചു കിടക്കുന്നുണ്ടു്.

അരുണസിംഹൻ ഒന്നും തോന്നാതെ മിഴിച്ചുനി ന്നതേയുള്ളു. അയാളുടെ അന്തരംഗത്തിൽ വസന്തകുസു മോദ്ഗമംപോലെയുള്ള ശരീരസുഷമ ഒന്നുമാത്രമേ ചി

ത്രണം ചെയ്തിരുന്നുള്ളൂ; മറ്റൊരു ചിന്തയുടെ നിഴലിന്നു പോലും അവകാശം ലഭിച്ചിരുന്നില്ല. "ഇവളൊരു വന ദേവതയാണെന്നു തോന്നുന്നു. സാമാന്യയായ ഒരു സ്ത്രീ യാണെങ്കിൽ ഇത്ര ധൈര്യവും ശൗര്യവും സാഹസവും എങ്ങനെയാണുണ്ടാവുക? ഒരു രാജന്യരമണിയായിരി ക്കാമോ? എന്തഴകൊഴുകുന്ന ആകൃതിയാണിതു്? എല്ലാം ഭാഗ്യംപോലെ വരട്ടെ! നായാട്ടു നിറുത്തി ആ പ്രത്യക്ഷ ദേവിയോടു് ഒന്നു സംസാരിച്ചുവരാം. വേട്ടയാടിക്കൊന്ന പന്നികളെക്കൊണ്ടുവരാനെന്ന നാട്യത്തിൽ ആ തരുണീ മണിയുടെ അരികെപ്പോകാം" എന്നിങ്ങനെ മനോഗ തംചെയ്തു.

നമ്മുടെ ചിന്താവിഷ്ടനായ യുവാവു കുതിരയെ അങ്ങോട്ടു തിരിച്ചു വിട്ടു. ഒരു പത്തടി മുന്നോട്ടു വെച്ചോ എന്നു സംശയമാണു്. അപ്പോഴേയ്ക്കു മറ്റൊരു പന്നി ചോളച്ചെടിയുടെ ഇടയിൽക്കൂടെ പാഞ്ഞുവരുന്ന ശബ്ദം കേട്ടുതുടങ്ങി. എന്തുപദ്രവമാണിതു്! പന്നിയുടെ പാ ച്ചിൽത്തന്നെയല്ല; അതിനെ അനുധാവനം ചെയ്യുന്ന കു തിരയുടെ ഖുരനാദവും കേൾക്കാറായി. പോരെങ്കിൽ ഇതാ ലക്ഷ്മണസിംഹൻെറ മേഘഗംഭീരധ്വനി! അര ക്ഷണംകൊണ്ടു് അന്തികത്തിലെത്തിപ്പോയി! പന്നിയു ടെ നേക്കു കുതിരയെ വിടുവാൻ നോക്കുമ്പോഴേയ്ക്കും ഇത്ര യെല്ലാം നടന്നുകഴിഞ്ഞു. അരുണസിംഹൻ കുതിരയെ ഊക്കോടെ പന്നിയുടെ നേരെ പായിച്ചു. പക്ഷേ എ ന്താണു് ഫലം? വരാഹം വേഗത്തിൽ പാഞ്ഞു; റാണ യും ബദ്ധരോഷം അതിനെപ്പിന്തുടൎന്നുപോയി. എല്ലാം വൃ

ത്ഥം! പന്നിയെവിടെയോ പോയ്മറഞ്ഞു. ആ വനകുമാരി ഇക്കുറി നിന്നേടത്തുനിന്നു് ഇളകിയില്ല; അരുണസിംഹൻ തനിക്കെതിരായി വരുന്നതു നിരീക്ഷിച്ച മുഗ്ദ്ധയായി നില്ക്കുകയായിരുന്നു.

മഹാറാണാ അശ്വാവരോഹണംചെയ്തു് ഉഷ്ണീഷം എടുത്തെറിഞ്ഞു; തല നിലത്തേയ്ക്കു ചാഞ്ഞു. വീരതുരഗം അടുത്തുതന്നെ ഹേഷാരവം പുറപ്പെടുവിച്ച നിന്നു. അതിൻെറ വെളുത്ത ഉടൽ ചോര പുരണ്ടു ചുവന്നുചമഞ്ഞിരുന്നു. അരുണസിംഹൻ ഇതെല്ലാം കണ്ടു പാവപോലെ നിശ്ചലനായി നിന്നുപോയി. ആ സമയം കാനനത്തിലെ നാലു ഭാഗത്തുനിന്നും സൈനികന്മാർ അതിവേഗം അലച്ചു വന്നുതുടങ്ങി. അവരിൽ ചിലർ നമ്രമുഖനായി നിന്നിരുന്ന അരുണസിംഹൻെറ സമീപത്തു വന്നു "റാണാജി എവിടെ" എന്നു ചോദിച്ചു. യുവാവു് ഒരക്ഷരം ഉരിയാടിയില്ല. തല ഉയത്തുകപോലും ചെയ്തില്ല. അംഗുലീസംജ്ഞകൊണ്ടു ലക്ഷ്മണസിംഹൻ കിടക്കുന്ന സ്ഥലം അറിയിച്ചതേയുള്ളൂ. എല്ലാവരും അങ്ങോട്ടേയ്ക്കു നടന്നു. അവരുടെ പിറകെ അരുണസിംഹനും സാവധാനം പുറപ്പെട്ടു.

പരിവാരങ്ങളെക്കണ്ട ഉടനെ ലക്ഷ്മണസിംഹൻ "കുലധൂമകേതുവായ അരുണസിംഹൻ ഒക്കെപ്പാഴാക്കി. പന്നിക്കു പകരം അവനെയാണിന്നു് വധിക്കുവാൻ പോകുന്നതു്" എന്നു ഗജ്ജിച്ചു.

ഭീമസിംഹൻ നടന്ന സംഗതികളെല്ലാം അറിഞ്ഞു റാണയെ സമാധാനപ്പെടുത്തുവാൻ പുറപ്പെട്ടു:

"എത്രയായാലും അരുണൻ ഇപ്പോഴും ഒരു കുട്ടിയല്ലേ? അവനോടു ശഠിച്ചിട്ടും കോപിച്ചിട്ടും എന്താണു് പ്രയോജനം? വന്നതൊക്കെ വന്നു. ഇന്നു് ആ പന്നിക്കു പകരം നാം നമ്മുടെ ഹൃദയം പിളൎന്ന രക്തധാര ചിതോരദേവിക്കു് അൎപ്പിക്കേണ്ടിയിരിക്കുന്നു. ദേവി അതുകൊണ്ടു പ്രസാദിക്കാതിരിക്കയില്ല. ചിതോരിന്നു മംഗളം ഭവിക്കും."

ഈ സമാധാനവചനങ്ങൾകൊണ്ടു മഹാറാണാവിന്റെ ഹൃദയം അശേഷം ആശ്വസിച്ചില്ല. അദ്ദേഹം അരുണസിംഹന്റെ നേരെ തീവ്രദൃഷ്ടികളെയ്തു വാളൂരിപ്പിടിച്ചു രണ്ടടി മുന്നോട്ടു വെച്ചു. അപ്പോഴേയ്ക്കും ഭീമസിംഹൻ വന്നു് അദ്ദേഹത്തെത്തടഞ്ഞു. ഒരു സർദാർ തല താഴ്ത്തി നില്ക്കുന്ന അരുണനെ ദൂരത്തേയ്ക്കു പിടിച്ചു മാററി.

തത്സമയം ദൂരെനിന്നു കുതിച്ചു പാഞ്ഞുവരുന്ന കുതിരയുടെ കുളമ്പടിനാദം കേൾക്കാറായി. എല്ലാവരും ചെവിയോൎത്തു് ഉത്സുകനയനങ്ങൾ നാലുപാടും നടത്തി. ആ വാജി ചിതോരദുൎഗ്ഗത്തിൽനിന്നാണു് വരുന്നതെന്നു നിശ്ചയമായി. എല്ലാവരും വിസ്മയിച്ചു കണ്ണിമയ്ക്കാതെ അങ്ങോട്ടു നോക്കിനിന്നു. ക്ഷണനേരംകൊണ്ടു് അശ്വവാഹൻ അരികത്തെത്തി. പുറത്തിരിക്കുന്ന ബാലൻ വാജിവേഗം കുറയ്ക്കുവാൻ യത്നിക്കുന്നുണ്ടു്. ആരാണു് ആ സാദി? നമുക്കു പരിചിതനായ ബാദലൻ! കുതിരയുടെ പിൻവശത്തു കാട്ടുവള്ളികൾകൊണ്ടു കെട്ടിവരിഞ്ഞ ഒരു മൃതവരാഹവും ഉണ്ടു്.

മഹാറാണ "ബാദല! എന്താണിതു്? നീയെന്തിനാണിങ്ങോട്ടു വന്നതു്?" എന്നു വിസ്മയപ്പെട്ടു.

ബാദലൻ "റാണാജി! അത്യന്തം തിടുക്കമുള്ള ഒരു സംഗതി അറിയിക്കേണ്ടതുണ്ടു്. അല്ലാവുദ്ദീൻ! അല്ലാവുദ്ദീൻ വമ്പിച്ച പടയോടുകൂടി മീവാരത്തിലെത്തിക്കഴിഞ്ഞു. അവൻെറ പടയാളികൾ നമ്മുടെ ഗ്രാമത്തിലുള്ള ശങ്കരദേവക്ഷേത്രത്തിന്നടുത്തെത്തിയിരിക്കുന്നതായി നമ്മുടെ ചാരന്മാരറിയിച്ചിരിക്കുന്നു. ദുർഗ്ഗദ്വാരം മുമ്പിലേ അടയ്ക്കേണ്ടിയിരിക്കുന്നു." എന്നിങ്ങനെ കിതച്ചു വിയർത്തു കുതിരപ്പുറത്തിരുന്നുകൊണ്ടു പറഞ്ഞു.

ആകസ്മികമായി ഒരു വിദ്യുത്പ്രവാഹം അവരുടെ അന്തരംഗങ്ങളിൽക്കൂടി കടന്നുപോയി. സകലരും വാളൂരിപ്പിടിച്ചു നിന്നു. അവർ പുറപ്പെടുവിച്ച "ജയ് മഹാറാണാ കീ ജയ്" എന്ന ശബ്ദഘോഷം വനാന്തരമെങ്ങും മാറെറാലിക്കൊണ്ടു.

റാണാ ഭീമസിംഹനോടു് "കണ്ടില്ലേ? ആഹേറിയാവേട്ടയിലുണ്ടായ വിഘ്നത്തിൻെറ ഫലം അനുഭവപ്പെട്ടില്ലേ? പ്രായശ്ചിത്തം ചെയ്യാനുംകൂടി അവകാശം ലഭിച്ചില്ല. ഇനി എന്താണു് നിവൃത്തി!" എന്നിങ്ങനെ പറഞ്ഞുകൊണ്ടിരിക്കേ റാണായുടെ ദൃഷ്ടി ബാദലൻെറ കുതിരയുടെ പാർശ്വത്തിലേയ്ക്കു തിരിഞ്ഞു. നിർജ്ജീവവരാഹത്തെക്കണ്ടു റാണയ്ക്കു് അളവററ ആശ്ചര്യം ജനിച്ചു; മുഖം സന്തോഷസംഫുല്ലമായി. അദ്ദേഹത്തിൻെറ കൈയിൽനിന്നു തെററിയോടിപ്പോയ പന്നിയാണോ ഇതു്? റാണാ അതിൻെറ തടിച്ചുകൊഴുത്ത ഉടലിൽ എയ്ത വ്രണത്തിൽനിന്നു് ഇപ്പോഴും രക്തമൊലിച്ചുകൊണ്ടിരിക്കുന്നു.

റാണാ ബാദലനോട് "എവിടുന്നു കിട്ടി ഇതിനെ? ചിതോർരാജ്യലക്ഷ്മി ഇനിയും നമ്മെ ഉപേക്ഷിച്ചു പോയിട്ടില്ല." എന്നു പറഞ്ഞു് കെട്ടൊന്നു സമാശ്വസിച്ചു.

ബാദല:—ഞാൻ വരുമ്പോൾ മുറിവേററു പ്രാണഭയത്തോടെ ഓടുന്ന ഈ പന്നിയെക്കണ്ടു് ആഘോറിയാവേട്ടയിൽനിന്നു തെററിത്തെറിച്ചുപോരുന്നതാണെന്നു കരുതി വേലുകൊണ്ടെറിഞ്ഞു കൊന്നു. റാണാജിക്കു കാഴ്ച വെയ്ക്കാമെന്നു വിചാരിച്ചു കൂടെ കൊണ്ടുപോന്നതാണു്.

റാണ ആ വീരകുമാരനെ കുതിരപ്പുറത്തുനിന്നു പിടിച്ചിറക്കി. അനന്തരം "സിംഹളീയവീര! നീമൂലം ആഘോറിയാവേട്ട നിർവ്വിഘ്നം നടന്നു. അത്രയല്ല, ഈ പോരാട്ടത്തിൽ നിന്നെക്കൊണ്ടുതന്നെ ചിതോരം സുരക്ഷിതമാകും. നീയാണു് ഈ യുദ്ധത്തിലെ സേനാപതി."

"എളയച്ഛാ! ജഗദംബിക ഈ അചിന്തിതമായ കർമ്മത്താൽ ബാദലനെ സേനാപതിയാക്കണമെന്നു നമ്മോടു കല്പിച്ചതായിരിക്കണം. ദേവിയുടെ അരുളപ്പാടു് അതിലംഘിക്കുവാൻ പാടില്ല. ഈ അഭിമന്യുതന്നെ സേനാധിപത്യം വഹിക്കട്ടെ" എന്നു പറഞ്ഞു. പിന്നെ "അരുണസിംഹാ! ഇന്നുമുതൽ നീ ചിതോർസീമയിൽപ്പോലും കാലെടുത്തുകുത്തരുതു്. നീ കോട്ടയിൽ കടന്നുവെന്നു കേട്ടാൽ നിൻെറ കഥകഴിക്കും; ശ്രദ്ധിച്ചിരുന്നുകൊൾക. കുലധൂമകേതുവായ നീ രജപുത്രറാണിയുടെ ഉദരത്തിൽ പൊട്ടിമുളച്ചു കളങ്കം വരുത്തിക്കൂട്ടിയല്ലോ.

കർത്തവ്യമാകുന്ന കല്പകപുഷ്പം വിട്ടു് ഒരു കാട്ടുപൂവിലല്ലേ നീ ഭ്രമിച്ചുകളഞ്ഞതു്? ഇങ്ങനെ ധർമ്മഭ്രഷ്ടനായ നിനക്കു ചിതോരത്തിൽ ഇനി സ്ഥലമില്ല. നീച! ഇവിടെ ഇനി നില്ക്കരുതു്. പോ, നിൻെറ ദുർമ്മുഖം കാണേണ്ടാ" എന്നു ഭർത്സിച്ചു നിന്ദാഗർഭമായൊന്നു നോക്കി.

പെട്ടന്നു് അശനിപാതംപോലെ ഒരു പരിഭ്രമമുണ്ടായതറിഞ്ഞു സൈനികർക്കും ഭീമസിംഹന്നും മനസ്സിളകി. ഭീമസിംഹൻ മുമ്പോട്ടു വന്നു്, "ഈ അശുഭദിനത്തിൽ ഇങ്ങനെയൊക്കെപ്പററാതിരിക്കില്ല. ചിതോരത്തിലെ ബലം ക്ഷയിപ്പിക്കേണ്ടാ. അരുണസിംഹന്നു് ഇളംപ്രായമാണു്. അവൻെറ ഈ ആദ്യത്തെ അപരാധം ക്ഷന്തവ്യമാണു്" എന്നു സമാശ്വസിപ്പിച്ചു.

ലക്ഷ്മണസിംഹൻ അല്പം അധികാരയുക്തവും നിയമനിഷ്ഠുരവുമായ സ്വരത്തിൽ: "ഇളയച്ഛാ! രാജകുമാരനെന്നു കരുതി ഇങ്ങനെ പക്ഷപാതത്തോടെ പറകയായിരിക്കാം. രാജ്യഭരണകാര്യത്തിൽ പാടില്ലല്ലോ പക്ഷപാതം. രാജധർമ്മം ഞാൻ ദീക്ഷിച്ചുവെന്നേയുള്ളൂ." എന്നു പറഞ്ഞു.

ഭീമസിംഹൻ മൗനം അവലംബിച്ചു. സർദാർമാരും ബാദലനും മററും അരുണസിംഹൻെറ അപരാധം ക്ഷമിക്കണമെന്നു് അർത്ഥിപ്പാൻ ആലോചിച്ചു. ലക്ഷ്മണസിംഹൻെറ ഭാവം കണ്ടു് ആർക്കും മുന്നോട്ടു വന്നു് ഒന്നും സംസാരിപ്പാൻ ശക്തിയുണ്ടായില്ല.

ദൈവഹതനായ അരുണസിംഹൻ നിലത്തു ദൃഷ്ടിയൂന്നി നില്ക്കുകയായിരുന്നു. റാണയും സിംഹനും സർദാർമാരും നഗരാഭിമുഖമായി കുതിരയോടിച്ചുപോയി.

ആ സമയം ബാദലൻ അല്പം പിന്മാറി അരുണ ൻെറ അരികേ ചെന്നു് "എന്താപത്താണു് വലിച്ചിട്ട തു്? ഈ ദുഷ്ടാലത്തു നിങ്ങളെ തള്ളിക്കളഞ്ഞാലോ!" എന്നു് അനുതാപം ഭാവിച്ചു.

അരുണസിംഹൻ ഇതു കേട്ടു പ്രേമരസമൂറുന്ന മുഖ വും ദൃഷ്ടികളും നോക്കി കണ്ണീർ ചൊരിഞ്ഞുതുടങ്ങി. അരുണൻ "ബാദല, നീയിന്നു ചിതോരിനെ അനൎത്ഥ ത്തിൽനിന്നു് ഉദ്ധരിച്ചു. അതേവിധം നീതന്നെ ചി തോരിനെ ആസന്നമായ ആപത്തിൽനിന്നു നിവാരണം ചെയ്യുമെന്നു ഞാനാശിക്കുന്നു. ഞാനോ ദുൎഭഗൻ! എന്നെ ച്ചൊല്ലി എന്തിനാണു് വെറുതെ വ്യസനപ്പെടുന്നതു്? എൻെറ അപരാധത്തിനനുരൂപമായ ശിക്ഷ കല്പിച്ചു. ന്യായാന്യായങ്ങൾ ആലോചിച്ചുതന്നെയാണു് ശിക്ഷ വിധിച്ചതു്. ഞാനിനി ഈ ദുൎമ്മുഖവും കാണിച്ചു ചി തോരിൽ പ്രവേശിപ്പാനൎഹനല്ല. പൊയ്ക്കോളു. ഹേ വീര ബാല! പൊയ്ക്കോളു. പ്രാണനെക്കൂടി തൃണവൽഗണിച്ചു രാജ്യരക്ഷണം ചെയ്വാൻ യത്നിക്കു. എൻെറ ജാതക ത്തിൽ അപ്രകാരം ഒരു പുണ്യകൎമ്മത്തിന്നുള്ള യോഗം ഇല്ലാതെപോയി. താമസിക്കേണ്ടാ. എല്ലാവരും പോയ്ക്കു ഴിഞ്ഞു" എന്നു പറഞ്ഞു.

ബാലനായ ബാദലൻെറ പിഞ്ചുകരൾത്തടം പുതു വെണ്ണപോലെ അലിഞ്ഞു. എന്താണുത്തരം പറയുക? അവൻ ദുഃഖപാരവശ്യത്തോടെ കുതിരയെത്തിരിച്ചു വിട്ടു വേഗത്തിൽ സേനാവിഭാഗത്തോടു സംയോജിച്ചു.

സന്ധ്യാരാഗം പടൎന്നുപിടിച്ചു. ക്രമേണ പ്രകൃതി യുടെ മോഹനമുഖത്തു കരിനിറം കയറിത്തുടങ്ങി. ആ

നൈശാകാശം ഇരുളലകൾ അടിച്ചുകയറുന്ന കരിങ്കടൽ പോലെ, ഭീഷണവേഷം പൂണ്ടുകണ്ടു. അതു് അന്ധകാരമല്ല. നീലാകാശംതന്നെ തൻെറ തലയിൽ തകൻ വീണതാണെന്നു് അരുണസിംഹനു തോന്നി. അയാൾ ഒരു ചുടനെടുവീർപ്പിട്ടു നിലത്തിരുന്നുപോയി.

അരുണൻെറ നെഞ്ചു പടഹമടിക്കാൻ തുടങ്ങി. അപമാനം, ശിക്ഷാഭയം, അനുതാപം എന്ന വിവിധഭാവങ്ങൾ മനോമർമ്മത്തിൽ കൊത്തി വിഷം വർഷിച്ചുതുടങ്ങി. ഒടുവിൽ ഭയമോ വിഷാദമോ രണ്ടിലൊന്നുമാത്രം സർവ്വാംഗം വ്യാപിച്ചു. ബ്രഹ്മാണ്ഡകടാഹം ശുദ്ധശൂന്യമായിത്തീൻ. അനന്തവും, അന്ധകാരാവൃതവുമായ ആകാശം ഒന്നുമാത്രമേ ഉള്ളൂവെന്നു തോന്നിപ്പോയി. താഴെ, മേലെ, ആ കരാളമായ കാളാംബരം! അരുണസിംഹൻ കണ്ണു രണ്ടും പൊത്തി. കൂരിരുട്ടു കൂടിക്കൂടിവന്നു. ആ യുവാവു് ഇങ്ങനെ മനോഗതം ചെയ്തു:—'എനിക്കു ഭയപ്പാടോ! ഒരു ക്ഷത്രിയനല്ലേ ഞാൻ? മഹാനായ ലക്ഷ്മണസിംഹറാണയുടെ മകനല്ലേ! എന്നിരിക്കേ, ഈ നിർജ്ജനതയെ, ഈ അന്ധകാരത്തെപ്പേടിക്കുകയോ?' പെട്ടന്നു് ഒരു ആവേശം വന്നുവശായി. കടിബന്ധത്തിൽക്കിടന്നാടിയിരുന്ന ഖഡ്ഗം ഊരി. എന്താണു് വാളൂരിയിട്ടു കാട്ടാൻ ഭാവം? 'ഈ പേടിയും, കൂരിരുട്ടും ഛേദ്യവസ്തുക്കളായിരുന്നുവെങ്കിൽ ഇക്ഷണം ഈ നീണ്ട കരവാൾ കൊണ്ടു തുണ്ടംതുണ്ടമാക്കി വെട്ടിനീക്കുമായിരുന്നു' എന്നു യുവാവു 'വീരാസ്യം' ഭാവിച്ചു.

മനസ്സ്ക്ഷോഭം ഒട്ടു മാറിയപ്പോൾ വാൾ ഉറയിൽത്തന്നെയിട്ടു വീണ്ടും ആലോചന തുടങ്ങി:—'എനിക്കു

വ്യസനമോ? ഞാനൊരു രാജകുമാരൻ. എനിക്കിന്നേവരെ വ്യസനം ഭാവനയ്ക്കുകൂടി വിഷയീഭവിച്ചിട്ടില്ല. അതെങ്ങനെയിരിക്കും എന്നു ഞാൻ പലപ്പോഴും പര്യാലോചിക്കാറുണ്ടു്. ഇന്നാണു് അതിൻെറ സ്വഭാവം എനിക്കു മനസ്സിലായതു്. ശോകം ഇങ്ങനെ അന്ധകാരമയമായിരിക്കും. നിർജ്ജനവും നിശ്ശബ്ദവുമായിരിക്കും. പിന്നെയും........'

ഒടുവിൽ സിംഹൻെറ ചേതസ്സിൽ ഒരു ചിന്ത അങ്കുരിച്ചു. 'ഹാ! എൻെറ ആ വനദേവതയെവിടെ? നവവികസിതമായ ആ വനകുസുമമെവിടെ? അവളും ഇതേവിധം അന്ധകാരഗ്രസ്തമായ, നിർജ്ജീവവും നിശ്ശബ്ദവുമായ, ശോകത്തിനു് ഇരയായോ? അവളെ ഭയം ബാധിച്ചിട്ടുണ്ടാകുമോ?' എന്നു ഭാവിച്ചു.

ആ വനദേവതയുടെ സ്മരണ മനസ്സിൽ പ്രവേശിച്ചതോടുകൂടി തമസ്സിൻെറ തള്ളിച്ച അല്പമൊന്നു കുറഞ്ഞു. ആ ഇരുൾപ്പരപ്പിനെ പാടേ പിളന്നു് അതിലൊരേ ഒരു നക്ഷത്രം ഉദിച്ചുപൊങ്ങിയപോലെയായി. പക്ഷേ ആ വനദേവതയ്ക്കും ബാധിച്ചിരിക്കും ദുഃഖം എന്നൊരാലോചന ആവിർഭവിച്ചതോടുകൂടി ആ ചെറുതേജഃപുഞ്ജം വീണ്ടും ഇരുൾക്കരിമ്പടത്തിൽ മറഞ്ഞുകാണപ്പെട്ടു.

അയാൾ "എൻെറ വനദേവതേ, ഭവതി എവിടെ?" എന്നു വിളിച്ചുകൂട്ടി. അരുണസിംഹൻെറ ശബ്ദം വനാന്തരത്തിൽ മാറെറാലിക്കൊള്ളുന്നതിനു മുമ്പുതന്നെ ആ വനദേവത ഉത്തരം നല്കി: "അരുണസിംഹ, നിങ്ങൾ ഭയപ്പെട്ടുവോ? ക്ഷത്രിയരാജകുമാരനായ നിങ്ങൾ ഈ ഇരുട്ടു

കണ്ടു നടുങ്ങുകയോ? എന്നാൽ നിങ്ങളുടെ പിറവി പാഴായി!"

നിശ്ശബ്ദതയെപ്പിളൎന്നുവന്ന ആ പൃഛയിൽനാദം സിംഹൻെറ മെയ്യിൽ കോൾമയിർ കോരിയിട്ടു. ആ ഹതാശൻെറ ദുഃഖവും ഭയവും എങ്ങോ പോയൊളിച്ചു. പക്ഷേ അവളുടെ വാക്കിൻെറ പോക്കു കണ്ടു ലജ്ജാലേശം ബാധിക്കാതിരുന്നില്ല. ആഹ്ലാദവും അലച്ചുപൊങ്ങി; തല ഉയൎത്തിനോക്കി. ആകാശം ആദ്യത്തെപ്പോലെ തിമിരമേദുരമായിരുന്നില്ല. അവിടെ അസംഖ്യം തേജഃപുഞ്ജങ്ങൾ മിന്നിത്തിളങ്ങുന്നുണ്ടായിരുന്നു. അയാൾ വീണ്ടും "ദേവി, ഇല്ല, ഞാൻ ഭയപ്പെട്ടിട്ടില്ല. ഭയമെന്നുള്ളതു് എന്താണെന്നു് ഇതുവരെ അറിഞ്ഞിട്ടില്ല. ശോകഭാവനയും എനിക്കില്ല. ഞാൻ മീവാരത്തിലെ രാജകുമാരനാണു്. ക്ഷത്രിയപുത്രനാണു്. എനിക്കു് എവിടെയെങ്കിലും ദേവി, ഇന്നു് ഒരാശ്രയസ്ഥാനം കാട്ടിത്തരുവാൻ ദയയുണ്ടാകുമോ?" എന്നു യാചിച്ചു.

വനദേവത കുലുങ്ങിക്കുലുങ്ങിച്ചിരിച്ചു്, "രാജകുമാരാ, അങ്ങെയ്ക്കു് ആശ്രയസ്ഥാനം കാട്ടിത്തരാം. പുലികരടികളുടെ ഉദരത്തിൽ ഇന്നു രാത്രി സൈ്വരമായി കഴിച്ചുകൂട്ടാം" എന്നായിരുന്നു ഉത്തരം പറഞ്ഞതു്.

അരുണ്‍സിംഹൻ ഇങ്ങനെയാണു് ആലോചിച്ചതു്: "ഹാ! ഈ വനദേവതയും എന്നെ പരിഹസിക്കുന്നുവല്ലോ. കൎത്തവ്യഭ്രഷ്ടനായ എനിക്കു ഹിംസ്രമൃഗങ്ങളുടെ ഉദരമാണു് ആശ്രയസ്ഥാനമെന്നല്ലേ പറഞ്ഞതു്. ഇരിക്കട്ടെ! ഈ ക്ഷത്രിയവീരനെ സംഹരിക്കത്തക്ക സാഹസ

മുള്ള വന്യമൃഗങ്ങൾ എൻെറ മുമ്പിൽ എത്തട്ടെ. നോക്കാം.”

അനന്തരം യുവാവു്, “ദേവി, ഭവതി പറഞ്ഞ സങ്കേതസ്ഥാനമെങ്കിലും കാട്ടിത്തരാമോ?” എന്നായി.

വനദേവത “രാജകുമാരാ, അതാ, മുമ്പിൽ കാർമ്മേഘപടലംപോലെ നില്ക്കുന്ന ആ പർവ്വതപങ്ക്തി കണ്ടുവോ? ആ മാമലയുടെ ഒരു ഭാഗത്തു നിങ്ങൾ ആവശ്യപ്പെടുന്ന ആശ്രയസ്ഥാനമുണ്ടു്. ഞങ്ങൾ ജന്മനാ രജപുത്രർ. എൻെറ അമ്മ അങ്ങയെക്കണ്ടു് അത്യന്തം ആഹ്ലാദപ്പെടും. പക്ഷേ ഒരത്യാപത്തു്! അങ്ങു് ഒരു രാജകുമാരൻ.” വനദേവത മനുഷ്യത്വമവലംബിച്ചു. അവളുടെ ഹൃദയം പ്രേമകോമളമായി.

അരുണ:—എന്തു പറയുന്നു? ഒരു രാജകുമാരനു് അഭയം നല്കുകയില്ലെന്നോ?

വന:—ഇല്ലാതെയോ? നല്ല കാര്യമായി! പക്ഷേ പുലികരടികളുടെ മടപോലെയുള്ള നമ്മുടെ ചെറുകുടിലിൽ രാജകുമാരന്മാൎക്കു തക്ക ആചാരോപചാരങ്ങൾക്കു് എന്താണു് നിവൃത്തി?

അരുണ:—അതിനെപ്പററി അത്ര ആലോചിക്കണ്ടാ. വ്യാഘ്രാദികളുടെ വായിൽ വീഴാൻ ഒരുങ്ങിയിരിക്കുന്ന ദേശഭ്രഷ്ടനായ എനിക്കു് എന്തിനാണു് ആചാരവും ആദരവും? എന്നാലൊരു കാര്യംകൂടി—ഞാനെൻെറ ഈ ഇരുളിഞ്ഞ മുഖവുംകൊണ്ടു നാലാൾ കൂടിയേടത്തു നടക്കുകയില്ല. എൻെറ പ്രമാദത്തിനു തക്ക പ്രായശ്ചിത്തം

ചെയ്തുകഴിയുന്നതുവരെ വനാന്തരംതോറും ഞാൻ തെണ്ടിത്തിരിയും.

വനദേവതയുടെ മുഖത്ത് ഒരു സഹതാപഭാവം നിഴലിച്ചു: "കാടുതോറും അലഞ്ഞുനടന്നാലെന്താണ് കാര്യലാഭം? അതിനേക്കാൾ മനുഷ്യമദ്ധ്യത്തിൽ പെരുമാറുന്നതുതന്നെയാണ് നല്ലതെന്നെനിക്കു തോന്നുന്നു" എന്നു ശോകാകുലതയെ സൂചിപ്പിച്ചു.

അരുണ:—ജനങ്ങളുടെ ഇടയിൽ ചെന്നാൽ ആരാണ് എന്നോടു സംസാരിക്കുവാൻ? ആരെങ്കിലും എൻെറ ഊരും പേരും ചോദിച്ചാൽ എന്താണ് പറയുക? ധർമ്മഭ്രഷ്ടനായിത്തീർന്നതിനാൽ അച്ഛൻ എന്നെ ആട്ടിപ്പുറത്താക്കിയെന്നു പറയുകയോ; വഷളത്തമല്ലേ?

വന:—അതുതന്നെ തിരിച്ചും മറിച്ചും പറഞ്ഞിട്ടു ഫലമില്ല. ദൈവയോഗത്താലോ, മനസ്സിൻെറ ആവേശത്തെ അടക്കിനിർത്തുവാൻ കഴിയാഞ്ഞയാലോ, ഒരബദ്ധം പിണഞ്ഞതു പിണഞ്ഞുപോയി. ആ കളങ്കം കഴുകിക്കളവാനുള്ള വഴിയാണ് ഇനി ആരാഞ്ഞുനോക്കേണ്ടതു്. സ്വഗൗരവത്തെ വീണ്ടെടുക്കാൻ വിളംബിക്കാതിരിക്കയാണ് വീരധർമ്മം. ഇക്കുറി ഏർപ്പെടാൻ പോകുന്ന വമ്പിച്ച പട്ടാണിപ്പടയിൽ ആ ദുര്യശസ്സ് പാടേ മാച്ചുകളയുവാൻ നോക്കു!

അരുണസിംഹനു് ആ അഭിപ്രായം യുക്തമായിത്തോന്നി. ക്ഷണനേരത്തിനുള്ളിൽ യുവാവിൻെറ മുഖം പ്രഫുല്ലമായി. പക്ഷേ ആ പ്രസന്നത അധികനേരം നിലനിന്നില്ല. "ഞാൻ ഒററയ്ക്കൊരുവൻ എങ്ങനെ കഴി

ച്ചുകൂട്ടം" എന്ന വിചാരം ഉദിച്ചതോടുകൂടി മുഖത്തു് ഒരു മങ്ങൽ പാഞ്ഞു; മൗനം ഭജിച്ചു.

സിംഹൻ മൗനംപൂണ്ടതു കണ്ടു് ആ രമണി മനോഗതം അറിഞ്ഞു. "രാജകുമാരാ, അങ്ങയുടെ അന്തൎഗ്ഗതം മനസ്സിലായി. ഏകാകിയായി എങ്ങനെയാണു് കഴിച്ചുകൂട്ടുക എന്നായിരിക്കും ആലോചന. അതിന്നൊരുപായം ഉണ്ടു്. ആത്മവിശ്വാസമില്ലാത്തവൎക്കു് ഒരു കാൎയ്യവും നേരെയാവില്ല. അവരെ ലോകം ഭീരുക്കളെന്നു ഹസിക്കുന്നു. അങ്ങു് എൻെറ കൂടെ വരൂ! ഇവിടത്തെ വനവാസികളൊക്കെ അച്ഛൻെറ അനുചരന്മാരാണു്. അവരെ സഹായികളാക്കിയേയ്ക്കാം. നിശ്ചയമായും അവരുടെ പിന്തുണകൊണ്ടു മാതൃഭൂമിയുടെ ഉദ്ധാരണത്തിന്നു് അങ്ങേയ്ക്കു ശക്തിയുണ്ടാകും. അപ്രകാരം പ്രവൎത്തിച്ചാൽ അങ്ങേയ്ക്കു പററിയ ദുഷ്കീൎത്തി നിശ്ശേഷം നീക്കിക്കളയാം."

ഈ കുളിർമൊഴികൾ സിംഹൻെറ ഹൃദയത്തിൽ ആശയും ധൈൎയ്യവും അങ്കുരിപ്പിച്ചു. ആ വന്യകാമിനിക്കു വശംവദനായാൽ പണ്ടത്തേക്കാൾ താൻ പരിഹാസ്യനായിത്തീരുകയേ ഉള്ളൂ എന്ന വിചാരംനിമിത്തം അതിൽനിന്നു വിട്ടുമാറുവാൻ ആ യുവാവു് ആവുന്നേടത്തോളം ശ്രമിക്കുകയായിരുന്നു. എന്നാൽ ആ മഹിളാരത്നംതന്നെയാണു് തനിക്കു സാഹായ്യകൎത്രി എന്നു കണ്ടറിഞ്ഞപ്പോൾ അല്പമൊന്നു ഹസിച്ചു്, യുവാവു്— "നിങ്ങളുടെ പേരെന്താണു്"? എന്നു ചോദ്യമായി. യുവതി പുഞ്ചിരിക്കുളിർനിലാവു പൊഴിച്ചു് "എൻെറ പേരു മയനാ. അച്ഛനമ്മമാർ ഓമനപ്പേരായി 'മുന്നാ' എ

ന്നാണു് വിളിക്കാറു്. ആ പേരുതന്നെ അങ്ങും വിളിച്ചാൽ മതി" എന്നു കിളിക്കൊഞ്ചൽപോലെ പറഞ്ഞതു കേട്ടു്,

അരുണ:—ഭവതി വന്യമൃഗങ്ങളെ വേട്ടയാടുന്നതിൽമാത്രമല്ല നിപുണ! മനുഷ്യരെയും വേട്ടയാടുവാൻ ഭവതിക്കു സാമർത്ഥ്യമുണ്ടെന്നു തോന്നുന്നു. നടക്കു, മനസ്സുപോലെയാകട്ടെ. പുലികരടികളുടെ ഉദരത്തിൽ എനിക്കു് ആശ്രയം നല്കിയാലും!

വന:—രാജകുമാരാ! ഞാനിന്നു ധന്യയായി. ഈ ആശ്രയപ്രദാനത്തിന്നു പകരം അങ്ങേയ്ക്കു് എന്താണു് ചെയ്യാൻ കഴിയുക? അതും അറിയണമല്ലോ.

അരുണൻ തന്റെ കഴുത്തിൽ കിടന്നിരുന്ന രത്നഹാരമൂരി അവളുടെ ഗളനാളത്തിലിടുവാൻ ഭാവിച്ചു. പക്ഷേ കരകിസലയംകൊണ്ടു് അവളതു തടഞ്ഞു് "അങ്ങു് ഒരു പ്രതിജ്ഞ ചെയ്യണം. വെറും ഹാരാർപ്പണം പോരാ" എന്നു മൃദുസ്മിതധാര ചൊരിഞ്ഞു.

സിംഹൻ ശപഥപൂർവ്വം അവൾക്കു് ആത്മസമർപ്പണം ചെയ്തു. അനന്തരം 'മയന' മാർഗ്ഗം കാട്ടി മന്ദം നടകൊണ്ടു. അരുണൻ മന്ത്രബദ്ധനെപ്പോലെ അവളെ അനുയാനം ചെയ്തു. തന്നിൽ ആരോപിതമായ അപകീർത്തി ഏതാനും നാളുകൾക്കുള്ളിൽ ഉന്മൂലനം ചെയ്യാമെന്നുള്ള ഉത്സാഹം ആ യുവകാമുകന്റെ കരൾത്തടത്തിൽ വേലിയേററംകൊണ്ടു.

# അധ്യായം രണ്ടു്

റാണാ ലക്ഷ്മണസിംഹൻ ആഹോറിയാവേട്ടയിൽ നിന്നു തിരിച്ചുവന്നു ദുർഗ്ഗത്തിൽ പ്രവേശിച്ചശേഷം, സൈനികന്മാരെയും സർദാർമാരെയും വിളിച്ചുകൂട്ടി ഇങ്ങനെ കല്പിച്ചു: "ഇന്നുതൊട്ടു് ഈ അഭിനവഅഭിമന്യുവെ നിങ്ങളെല്ലാവരും സേനാപതിയായി സ്വീകരിച്ചു കൊള്ളണം. ബാദല! നീ ഈ ഗൗരവമേറിയ സ്ഥാനം വഹിച്ചു യഥായോഗ്യം പ്രവത്തിച്ചുകൊള്ളുക. പട്ടാണികളിൽനിന്നു് ഈ കോട്ട രക്ഷിക്കേണ്ട ഭാരം നിനക്കാണു്. രജപുത്രഗൗരവത്തിന്നു കോട്ടം തട്ടാതെ നോക്കിക്കൊള്ളണം. പ്രത്യേകകാര്യാലോചന ഭീമസിംഹറാണയോടൊന്നിച്ചു നടത്തിക്കൊൾക."

അനന്തരം സഭ പിരിഞ്ഞു. ബാദലൻ റാണയുടെ കല്പനപ്രകാരം പത്മിനിയുടെ പിതൃവ്യനായ ഗോരാസിംഹൻെറ മാളികയിൽ പ്രവേശിച്ചു. ആ സമയം ഗോരാസിംഹൻ പൂമുഖത്തു് ആസനസ്ഥനായി പകുതി നരച്ച മീശമുറുക്കി എന്തോ ആലോചിച്ചുകൊണ്ടിരിക്കയായിരുന്നു. ബാദലൻ മിഴിവഴിയിൽപ്പെട്ട ഉടനെ ഒന്നു പുഞ്ചിരിക്കൊണ്ടു് "ഹോ! എൻെറ ഭാഗ്യം. സേനാപതിതന്നെ ഇങ്ങോട്ടു പുറപ്പെട്ടല്ലോ. എന്താണു് വിശേഷിച്ചൊന്നുമില്ലല്ലോ!"

ബാദ:—ദാദ! ആരാണു് സേനാപതി? ഞാനങ്ങയെ കാതലാക്കിയാണു് ആ ഭാരം സ്വീകരിച്ചതു്.

സിംഹൻ എഴുന്നേററു പീനായതങ്ങളായ ഭുജങ്ങൾകൊണ്ടു ബാദലനെ കെട്ടിപ്പുണന്നു. രണ്ടുകുറി തോളിൽ

കൈ വെച്ചു് അമത്തിക്കലുക്കി നോക്കി. പിന്നെ മന്ദഹസിച്ചു്, "നമ്മുടെ കാലം കഴിഞ്ഞു; മുടിയും താടിയും നരച്ചു. എൻെറ ഭുജങ്ങളെക്കൊണ്ടു് എന്താണിനി പ്രയോജനം? അതിൻെറ കാലമൊക്കെക്കഴിഞ്ഞു് ഇപ്പോൾ വിശ്രമാവസരമാണു്. കിടന്നേടത്തു കിടന്നു് നാലുപുറത്തും ചെറിയ കുട്ടികൾ ഓരോന്നു കുത്തിക്കുത്തിച്ചോദിക്കുമ്പോൾ അതും ഇതുമൊക്കെ പറഞ്ഞു കാലംകഴിക്കേണ്ട അവസരമായി. ഇന്നു നിന്നെപ്പോലെയുള്ളവരുടെ ശൗര്യസാഹസങ്ങൾ കണ്ടും കേട്ടും ആനന്ദിക്കുകമാത്രമാണു് എനിക്കുള്ള ജോലി."

സിംഹൻ ശക്തിയോടെ ഒന്നമത്തിയപ്പോൾ ബാദലൻെറ ശരീരത്തിൽ അങ്ങുമിങ്ങും വേദന തോന്നി. ബാദലൻ "ദാദാ, ദാദാ! എന്താണിച്ചെയ്തതു്? സേനാപതിയുടെ ശരീരബലം പരീക്ഷിച്ചതാണോ? വല്ലാത്ത വേദന. അവിടുത്തെ പരീക്ഷയ്ക്കൊന്നും നമ്മളാലാവില്ല."

ഗോര:—വത്സ! നീ സേനാപതിയാകാൻ തികച്ചും യോഗ്യനാണു്. അതിന്നു തക്ക കൈയും മെയ്യും നിനക്കു ജഗദീശ്വരൻ നല്കീട്ടുണ്ടു്. ഒരിക്കൽ ഞാൻ റാണാ ഭീമസിംഹൻെറയും ബലം പരീക്ഷിച്ചുനോക്കീട്ടുണ്ടു്. നിന്നെപ്പോലെ മെയ്ക്കരുത്തു കണ്ടിട്ടില്ല. ലക്ഷ്മണസിംഹൻ ആഴം അളന്നു നോക്കീട്ടുതന്നെയാണു് നിന്നെ നിശ്ചയിച്ചതു്. അഭിമന്യുതന്നെ നീ. ചക്രവ്യൂഹം ചമയ്ക്കാറായി; ജാഗ്രതയായിരിക്കു. യവനാധീനതയിൽനിന്നു ചിത്തോരിനെ രക്ഷിക്കേണ്ട ഭാരം നിൻെറ കൈകൊണ്ടുതന്നെ നിർവ്വഹിക്കപ്പെടുമെന്നു തോന്നുന്നു.

ബാദല:—ദാദാ! ഈവക മുഖസ്തുതിയിലൊന്നും ഞാൻ ഭ്രമിക്കില്ല. പരിഹാസം നിറുത്തി വല്ല ഉപദേശവുമുണ്ടെങ്കിൽ കേൾക്കട്ടെ. അല്ലാ! എന്നെ ഇത്രയുമിട്ടു കളിയാക്കാനാണു് ഭാവമെങ്കിൽ ഞാൻ അമ്മേടെ അടുക്കൽ ചെന്നു് ആവലാതി ബോധിപ്പിക്കും.

ആ സമയം അതിലാവണ്യവതിയായ ഒരു രമണി അവിടെ എത്തിച്ചേൎന്നു. "ബാദല, ബാദല! എന്താണോ മനേ!" എന്നു പുഞ്ചിരി ചൊരിഞ്ഞു ചോദിച്ചു.

ബാദല:—അമ്മേ! ദാദയുടെ അന്യായം കണ്ടുവോ! സിംഹളീയരായിരുന്നിട്ടു തങ്ങളുടെ മാനത്തെ രക്ഷിപ്പാൻ വിചാരമില്ല. എന്നെ സേനാപതിയാക്കിയിരിക്കയാണമ്മേ! ഞാൻ അരികിൽ ചെന്നു വല്ല കാര്യാലോചനയും ചെയ്യുമ്പോൾ ഒന്നും ചെവിക്കൊള്ളുന്നില്ല; മറുപടി പറയുന്നില്ല. ഇതു അമ്മതന്നെ ഒന്നു ചോദിച്ചറിഞ്ഞേ കഴിയൂ.

രമണി സസ്മിതം "മകനേ, അങ്ങനെതന്നെ. ഞാൻ അതു വിചാരണയേറ്റുകൊള്ളാം. ഞാൻ ഒരു ഉപായം പറഞ്ഞുതരാം. എന്തായാലും നീ സേനാപതിതന്നെ; എന്നാൽ പിന്നെ നിൻെറ അധികാരഗൗരവത്തോടുകൂടി അവൎക്കൊരു കല്പന കൊടുക്കൂ. വെറുതെ എന്തിന്നതും ഇതും പറയുന്നു?" എന്നു പറഞ്ഞു മാറി.

ബാദല:—ദാദാ, ഇപ്പോൾ എന്തായി?

ഗോര:—എന്നാൽ പിന്നെ നിവൃത്തിയില്ല. സേനാനായക! ആജ്ഞാപിച്ചാലും! ഇതാ കല്പനയും കാത്തു നില്ക്കുന്നു.

ബാദലൻ "ഇപ്പോൾ വിശേഷിച്ചൊന്നുമില്ല. അല്ലാവുദ്ദീൻ പരന്ന പടയോടുകൂടി ചിതോരിലെത്തും. നമ്മുടെ നാടിനെയിന്നു് അവരുടെ അഴിമതികളിൽനിന്നു നാം രക്ഷിക്കണം!" എന്നു പറഞ്ഞു മഹാവീരദപ്പം അഭിനയിച്ചു.

ഗോര:—പണി പകുതി കഴിഞ്ഞുവെന്നു തോന്നും പട്ടാളനായകൻ പറയുന്നതു കേട്ടാൽ—ഇപ്പോൾ അല്ലാവുദ്ദീൻ എവിടുത്തോളം എത്തിക്കഴിഞ്ഞു?

ബാദ:—ചിതോരസീമയിൽ എത്തീട്ടില്ല. ഗിരിനാരമലയുടെ അരികെ അവർ വിശ്രമിക്കയാണു്. ഇവിടെ കടന്നുകൂടാൻ ഇനിയും കഴിയണം രണ്ടു നാൾ.

ഗോര:—(ചിരിച്ചു്) പട്ടാണികൾ വിശ്രമിച്ചിട്ടു വിളംബം വരുത്തില്ല. അല്ലാവുദ്ദീൻ ആൾ വലിയ വഞ്ചകനാണു്. തകക്കാൻ തരംനോക്കിയിരിക്കയാണു്. ക്ഷത്രിയരെപ്പോലെ ധമ്മയുദ്ധമൊന്നുമവക്കില്ല. മുമ്പു തന്നെ ദുർഗ്ഗദ്വാരം ബന്ധിക്കാൻ കല്പന കൊടുക്കണം. കള്ളപ്പോരിൽ വിരുതന്മാരായ അവരോടു് എതിരേനിന്നു് അങ്കംവെട്ടുന്നതു നന്നല്ല. പടക്കളത്തിൽ വഞ്ചനയ്ക്കു വഞ്ചനതന്നെ വേണം.

ബാദ:—കോട്ടവാതിൽ അടച്ചിരിക്കുന്നു. ആ വ്യവസ്ഥ ഭീമസിംഹറാണതന്നെ ഇപ്പോൾ ചെയ്തതേ ഉള്ളൂ. കോട്ടവാതിലിന്നരികെ അങ്ങുമിങ്ങും കവണക്കല്ലും കൂട്ടിയിട്ടുണ്ടു്.

ഗോര:—ഭീമസിംഹൻ പയററുമുറയിൽ തഴക്കവും പഴക്കവും ഉള്ള ദേഹമാണു്. പടയ്ക്കു വേണ്ട എല്ലാ മുൻക

ദുതലുകളും ചടങ്ങുകളും അവിടുന്നു ചെയ്തുകഴിഞ്ഞിട്ടുണ്ടായിരിക്കും. പക്ഷേ ഒരു കാര്യം പറയാനുണ്ട്. സേനാപതിയോട് അവരൊന്നും ആലോചിക്കാതെയാണ് ആരംഭമെല്ലാം. നിങ്ങൾ പേരിനുമാത്രം സേനാപതി; കാര്യമൊക്കെ അവരുടെ കൈയിൽ. കേവലം ഒരു ബാലനാണെന്നുള്ള ഭാവനയിൽ അവർ ഭാരമൊന്നും നിങ്ങളെ ഏല്പിക്കുന്നില്ല. അവരുടെ അഭിമാനമൊന്നു കുറയ്ക്കാൻ നോക്കണം. ബാദലൻ ബാലനാണെങ്കിലും ക്ഷാത്രവീര്യത്തിന്നു ക്ഷാമമില്ലെന്നു തെളിയിച്ചുകൊടുക്കണം.

ഇങ്ങനെ ഗോരസിംഹൻ ബാദലൻെറമേൽ ഓരോ ഭാരം ചുമത്തി. പക്ഷേ ബാദലൻ അതു് ഒററയ്ക്കേല്ക്കാതെ ഇരുവരും ഒന്നിച്ചു നിവ്വഹിക്കേണ്ട ഒന്നാണെന്നു് ഭാവിക്കയാണു് ചെയ്തതു്.

ബാദ:— ഈ യുദ്ധത്തിൽ ഞാനാണു് സേനാപതിയെങ്കിലും നിങ്ങളുടെ സഹായം നിശ്ചയമായും ഉണ്ടാകുമെന്നു് അവക്കറിയാം. നാമിരുവരും അവരുടെ ആ ദുരഭിമാനം ദൂരെപ്പോക്കാൻ നോക്കണം.

ഗോര:— ബാദല, ഈ വയസ്സുകാലത്തു എന്തിനാണു് ഈ ഭാരം എൻെറ മുതുകിൽ വെച്ചുകെട്ടുന്നതു്? ഗത്യന്തരമൊന്നുമില്ലെങ്കിൽ എന്തു ചെയ്യാനാണു്? കാര്യാരംഭത്തിന്നു മുമ്പു പത്മിനീദേവിയെക്കണ്ടു് അനുമതി വാങ്ങി വരാം; നടക്കു.

ബാദ:— ശരി, അതു വേണ്ടതുതന്നെ. പക്ഷേ അവർ അരുണസിംഹനെക്കുറിച്ചു് അത്യന്തം വ്യാകുലപ്പെട്ടിരി

ക്കയാണു്. ആ രാജകുമാരൻെറ അപരാധം ക്ഷമിച്ചു തിരിച്ചുകൊണ്ടുപോരുവാനുള്ള മാൎഗ്ഗമാലോചിക്കുകയായിരിക്കും. ഭീമസിംഹനും ആ നിനവിൽത്തന്നെ നീന്തുകയാണു്. ആകയാൽ അവരുടെ അരികെ പോകുവാനുള്ള അവസരമല്ല ഇതു്.

ഗോര:—അതുകൊണ്ടൊന്നും വിരോധമില്ല. നടക്കൂ; പോവുക. രജപുത്രൎക്കു് ഒന്നാമതു ചിതോരത്തെപ്പററിയുള്ള ചിന്ത. ഒടുവിൽ ബന്ധുക്കളെക്കുറിച്ചുള്ള അന്വേഷണം. നവീനസേനാപതി നാട്ടുകാര്യം ആലോചിക്കാനാണു് വന്നിരിക്കുന്നതെന്നറിഞ്ഞാൽ റാണ മററുള്ളതൊക്കെ മാററിവെയ്ക്കും.

ഇങ്ങനെ പറഞ്ഞു സിംഹൻ വേഷഭൂഷകൾ ധരിച്ചു രാജ്ഞിയുടെ സന്നിധിയിൽ ചെന്നു. ബാദലനും അദ്ദേഹത്തെ അനുഗമിച്ചു.

## അധ്യായം മൂന്നു്

ഇന്നു കൃഷ്ണപക്ഷചതുൎദ്ദശി; രാത്രി രണ്ടാംയാമം കഴിയാറായി.

ലോകം ഇരുളലയ്ക്കുന്ന ഒരു കരിങ്കടലായി മാറിയിരിക്കുന്നു. നാലുപാടും നിശ്ശബ്ദം. നിശാദേവിതന്നെ നിദ്രകൊള്ളുകയാണു്. രാജധാനിയുടെ പാൎശ്വത്തിലും ഉയൎന്ന ഉദ്യോഗസ്ഥന്മാരുടെ വസതികൾക്കു മുമ്പിലും ആയുധപാണികളായി അങ്ങുമിങ്ങും ഉലാത്തിക്കൊണ്ടിരിക്കു

ന്ന ഭടന്മാരുടെ പാദന്യാസശബ്ദവും, അവരുടെ ശസ്ത്ര ങ്ങളുടെയും പോർച്ചട്ടകളുടെയും കലകലശ്ശബ്ദവുമല്ലാതെ മറെറാന്നും അപ്പോഴത്തെ മൗനമുദ്രയെ ഭേദിച്ചിരു ന്നില്ല.

ഇങ്ങനെയുള്ള ഒരു സമയത്തു ബാദലനും ഗോരാ സിംഹനും അന്തഃപുരമാളികയുടെ വിശാലമായ ഒരു മു റിയിൽ പത്മിനിയുടെ അരികെ, സല്ലപിച്ചുകൊണ്ടി രിക്കുന്നു. റാണി ആ വീരകുമാരൻെറ വാക്കു കേട്ടു്, കൂടെ ക്കൂടെ ചിരിക്കുന്നുണ്ടെങ്കിലും സൂക്ഷ്മനിരീക്ഷണം ചെ യ്താൽ ആ ചിരി അവരുടെ അന്തരംഗത്തിൽനിന്നു താ നേ പൊട്ടിപ്പുറപ്പെടുന്നതല്ലെന്നു നിശ്ചയിക്കാം. പത്മി നി വീണ്ടും വീണ്ടും ജാലകത്തിലൂടെ പുറത്തേയ്ക്കു് എ ത്തിനോക്കുന്നുണ്ടു്. ഭീമസിംഹൻ ലക്ഷ്മണസിംഹനെ സന്ദർശിപ്പാൻ പോയിട്ടു നേരമേറെയായി. ഇതേവരെ തിരിച്ചെത്തീട്ടില്ല. അതാണു് റാണി ഇടവിടാതെ ഉ ത്സുകനയനങ്ങൾ ഓടിച്ചുകൊണ്ടിരിക്കുന്നതു്. പ്രിയത മൻ വന്നില്ലല്ലോ എന്നു വിചാരിച്ചല്ല അവക്കു് അല്ല ലും അമ്പരപ്പും. എന്നാൽ അരുണസിംഹകുമാരൻെറ കഥ എന്തായി എന്നു അറിവാനുള്ള ഉത്കണ്ഠയാണു് അവരെ ഇളക്കിമറിച്ചിരിക്കുന്നതു്. ആ രാജകുമാരൻെറ തെററുകുററങ്ങളെ ക്ഷമിച്ചു വിട്ടയയ്ക്കണമെന്നു ലക്ഷ്മണ സിംഹനോടു് ഒന്നുകൂടി ആവശ്യപ്പെടണമെന്നു പത്മി നി അപേക്ഷിക്കയാലാണു് ഭീമസിംഹൻ അങ്ങോട്ടു തി രിച്ചതു്. എന്താണിത്ര വൈകീട്ടും വരാതിരിപ്പാൻ? ഒരു സമയം സമ്മതിച്ചില്ലെന്നുവരുമോ?

ഈ ചിന്താധാരയിലായിരുന്നു പത്മിനിയുടെ മനസ്സു മഗ്നമായിരുന്നതു്. റാണിക്കു മക്കളില്ലായിരുന്നു. ലക്ഷ്മണസിംഹൻെറ സന്താനങ്ങളെ സ്വന്തംപോലെ ഭാവിച്ചുവരികയാണു്. അവരിൽ അരുണസിംഹൻെറ നേരെയാണു് പത്മിനിക്കു് അധികം പ്രീതി. ആ കുമാരൻെറ ഇന്നത്തെ അവസ്ഥ എന്തായിപ്പോയി!

ഇവരുടെ സംഭാഷണത്തിൽ ഹൃദയം പതിയാതെ വാതായനത്തിലൂടെ കൂടെക്കൂടെ നയനങ്ങഠം നടത്തിക്കൊണ്ടിരിക്കുന്നതു കണ്ടു രണ്ടുപേരും രാജ്ഞിയുടെ അനുമതി വാങ്ങി പുറത്തേയ്ക്കു പോന്നു.

ആ സമയം രാജവീഥിയിൽ ഒരാട്ടവും അനക്കവുമില്ല. നഗരവാസികളെല്ലാം സുഖനിദ്രയിൽ നിമഗ്നരായിരിക്കുന്നു. ചുററും ഇരുളിൻെറ ചുരുളുകഠംമാത്രം! ദൂരെ അങ്ങുമിങ്ങുമായി ഓരോരോ ചെറുദീപങ്ങഠം കല്ലൂരിക്കുമ്പാരത്തിൽ കനൽപ്പൊരിപോലെ ചിന്നിമിന്നുന്നുണ്ടു്. ഈ രണ്ടു പാന്ഥന്മാരുടെ കാലടിശ്ശബ്ദംമാത്രമേ ആ നിശയുടെ നിശ്ശബ്ദതയെ പിളന്നിരുന്നുള്ളു. ആ ഏകാന്തശാന്തതയിൽ അവരുടെ കാലൊച്ചക്കൂടി അവക്കു സ്പഷ്ടമായി കേഠംക്കാമായിരുന്നു. അവരുടെ പാദന്യാസശബ്ദം കേട്ടു ഛായാവൃക്ഷങ്ങളിൽ ചേക്കിരിക്കുന്ന പ്രാവുകഠം ചിറകടിച്ചു് ഒരു കൊമ്പിൽനിന്നു് മറെറാരു കൊമ്പിൽ പാറന്നു ചെന്നിരിക്കുന്നതു കണ്ടു മുമ്പിട്ടു പോയിരുന്ന ഗോരാസിംഹൻ പെട്ടന്നു് അമ്പരന്നുനിന്നു. അതു കണ്ടു ബാദലനും നിന്നുപോയി. അയാഠം: "ബാദല, കാര്യം അപകടത്തിലായി. ഇതാ മുസൽമാന്മാരുടെ 'അ

ല്ലാഹുഅക്ബർ' എന്ന ജയധ്വനി ദുർഗ്ഗത്തിൻെറ അടി പ്പുറപ്പിൽനിന്നു മുഴങ്ങിക്കേൾക്കുന്നു. നടക്കൂ, വേഗം നടക്കൂ! എല്ലാം വ്യർത്ഥമായി!" എന്നു് ഉഴറി.

ഓടിക്കിതച്ചു് ഒരൊററ ശ്വാസത്തിൽ അവരിരുവരും ദുർഗ്ഗത്തിൻെറ അടുത്തെത്തിത്തുടങ്ങി. "അല്ലാഹു അക്ബർ!" എന്ന ഗംഭീരശബ്ദം സ്പഷ്ടതരമായി കേട്ടുതുടങ്ങി.

രണ്ടുപേരും കല്ലും മുള്ളും കണക്കാക്കാതെ ആ വഴിക്കു പാഞ്ഞു. അവരെത്തുന്നതിന്നു മുമ്പുതന്നെ അനേകം ജനങ്ങൾ നിരന്നുകഴിഞ്ഞിരിക്കുന്നു! ഭീമസിംഹനുമുണ്ടവിടെ. റാണാ എതിരാളികളുടെ നേരെ കന്മാരി ചൊരിഞ്ഞുകൊണ്ടിരിക്കുന്നു. ഉപരിഭാഗത്തുള്ള രജപുത്രപ്പടയാളികളെറിയുന്ന കല്ലുകളേററു തിരമാലപോലെ തള്ളുന്ന പട്ടാണിപ്പടകൾ പകച്ചു ചിന്നിപ്പാഞ്ഞുതുടങ്ങി. എന്നാലും അവരുടെ സിംഹനാദത്തിന്നില്ല ഒരു കുറവും. ദിഗന്തമെങ്ങും ആ ധീരാരവം മാറെറാലിക്കൊള്ളുന്നുണ്ടു്. രണ്ടുപേരും ഭീമസിംഹൻെറ അടുത്തെത്തി. അപ്പോൾ വലിയ ഒരു പാറക്കല്ലു ശത്രുക്കളുടെ തലയിൽ ഉരുട്ടിയിടുവാൻ റാണാ പ്രയത്നപ്പെടുകയാണു്. പക്ഷേ സിംഹനു് അതു സാദ്ധ്യമല്ല. ആ ഘട്ടത്തിൽ ഗോരാസിംഹൻ ചെന്നു കാൽകൊണ്ടു് ഒരൊററത്തള്ളലിന്നു് ആ കരിങ്കല്ലു താഴോട്ടു മറിച്ചിട്ടു. റാണാ മുഖമുയർത്തി നോക്കിയപ്പോൾ മുമ്പിൽ ഗോരാസിംഹൻ.

ഭീമസിംഹൻ അയാളെ നോക്കി, "പട്ടാണികളുടെ സാഹസം കണ്ടുവോ? അവരിവിടെ വന്നുചേരുന്ന

തിന്നു് ഇനിയും രണ്ടു ദിവസം കഴിയണമെന്നും ഗിരിനാരവനത്തിൽ അവർ വിശ്രമിക്കയാണെന്നും ആയിരുന്നു നാം ആദ്യം കരുതിയിരുന്നതു്. കപടപടുക്കളായ ആ പട്ടാണികൾ നടുക്കൊണ്ട രാവിനു് അലച്ചുതല്ലുമെന്നു സ്വപ്നേപി കരുതിയിരുന്നില്ല. സേനാപതി എവിടെ? ഉണ്ണാനും ഉറങ്ങാനുമുള്ള സമയമല്ലിപ്പോൾ. കോട്ടവാതിലിന്നടുത്തു വന്നു വളഞ്ഞ ശത്രുസൈന്യത്തെ ആട്ടിപ്പായിക്കുകയാണു് ആദ്യം ചെയ്യേണ്ട പ്രവൃത്തി. ബാദലനെ ഈ സംഗതി അറിയിക്കേണ്ടിയിരിക്കുന്നു" എന്നു പറഞ്ഞു.

ഗോരാസിംഹൻ:—റാണ! ഇങ്ങനെ ഉദാസീനതയ്ക്കു് അവകാശമില്ല. പട്ടാണികൾ മുന്നോട്ടു വെയ്ക്കട്ടെ. അപ്പോഴെത്തും സേനാപതി. ശത്രുപ്പടയുടെ നേരെ കല്ലെറിയുന്നതു നിറുത്തുവാൻ സേനാപതി കല്പനകൊടുത്തിരിക്കുന്നു. അങ്ങും മറ്റുള്ളവരും അല്പമൊന്നാശ്വസിക്കുക. പട്ടാണികൾ മേലോട്ടു കേറിവരട്ടെ!

റാണ വിസ്മിതനേത്രങ്ങളോടെ ഗോരാസിംഹന്റെ മുഖത്തേയ്ക്കു നോക്കി നിന്നു. ഇതു ബാദലന്റെ കല്പനയല്ല. ഗോരാസിംഹന്റെ എന്തോ യുദ്ധകൗശലമാണു് എന്നു കരുതി, പടയാളികൾക്കെല്ലാം കല്പന കൊടുത്തു. അരനിമിഷംകൊണ്ടു് ഉപരിഭാഗത്തുനിന്നു് ഊക്കിൽ ചൊരിയുന്ന കന്മഴ നിശ്ശേഷം നിലച്ചു.

അതു ശമിച്ചതോടുകൂടി അടിയിൽനിന്നു സേനകൾ തട്ടും തടവും കൂടാതെ ദുർഗ്ഗോപരി കയറി വന്നുതുടങ്ങി. പക്ഷേ ആ പർവ്വതം വളരെ ദുരാരോഹമായിരുന്നു.

മുന്നൂറടി വിസ്താരമുള്ള പർവ്വതശിഖരത്തിലേറി വരുമ്പോഠ എത്രയോ പേർ കാൽ വഴുതി ഉരുണ്ടു വീഴും. എന്നാലും അവരുടെ ഉള്ളിൽ ഒരു ധൈര്യമുണ്ടായിരുന്നു. രജപുത്രർ മേലെ സംഭരിച്ചിരുന്ന പാറക്കല്ലുകൂട്ടം അപ്പോഴേയ്ക്കും അവസാനിച്ചിരിക്കുമെന്നാണ് അവർ അനുമാനിച്ചിരുന്നതു്. അതുകൊണ്ടു തിളച്ചും തിമൎത്തുംകൊണ്ടാണ് അവർ ആൎത്തുവിളിച്ചു് അടിച്ചുകയറിയിരുന്നതു്. എന്നാൽ ഇതെന്താണു്?

ആയിരത്തിൽപ്പരം പട്ടാണികഠ വരിവരിയായി താഴെനിന്നു മേല്പോട്ടേയ്ക്കു് ഉത്സാഹത്തോടും ഉന്മേഷത്തോടുംകൂടെ കയറിക്കൊണ്ടിരിക്കുന്നു. ഓരോ വരിയിലും നൂറിലധികം ആളുകളുണ്ടു്. അവരിൽ ചിലർ മുടിപ്പരപ്പിലെത്തി കോട്ടയിലേയ്ക്കു കടക്കുവാനുള്ള ശ്രമമാണു്. ഈ ഘട്ടത്തിൽ പൊടുന്നനവേ ബാദലൻ സേനയ്ക്കു കല്പന കൊടുത്തു. രജപുത്രർ യഥാപൂർവ്വം ധാരമുറിയാതെ പാറക്കല്ലുകഠ വലിച്ചെറിഞ്ഞുതുടങ്ങി. പട്ടാണികഠ മുറിവേററു മറിഞ്ഞുവീണുതുടങ്ങി. കല്ലുകഠ ഉരുട്ടി താഴോട്ടു മറിക്കുമ്പോഠ തല തകൎന്ന മൃതശരീരങ്ങഠ നിലം പുല്കുന്ന ഭയങ്കരകാഴ്ച! വരിവരിയായി കയറിവന്നിരുന്നതുകൊണ്ടു് ഉരുട്ടുന്ന കല്ലുകഠ ഒരാളുടെ തലയിൽ പതിച്ചു് അവനെ തട്ടിയിട്ടു പിന്നിലുള്ള ഓരോരുത്തനെയും കാലനൂർക്കയയ്ക്കുന്ന കരാളലീല! കല്ലു തലയിൽ തട്ടാതിരുന്നാലും മുമ്പിലുള്ള ആഠ മറിഞ്ഞു മേൽ വീണു പിമ്പിലുള്ളവരും ഇങ്ങനെ എല്ലാം ചത്തൊടുങ്ങി. പട്ടാ

ണികൾക്കു ദുർഗ്ഗദ്വാരത്തിൽ കയറിക്കൂടുവാനുള്ള ആശ യും അസ്തമിച്ചു.

ഭീമസിംഹൻ ആശ്ചര്യകരമായ കാഴ്ച കണ്ടു ബാദ ലനെ സാനന്ദം തടവി, "സേനാപതേ, നീയിന്നു് എ തിരാളിപ്പടയുടെ പിടിയിൽനിന്നു ചിതോരത്തെ ഉദ്ധ രിച്ചു. ഇതിന്നു നിനക്കെന്നെന്നേയ്ക്കും കടപ്പെട്ടവരാണു് ഞങ്ങൾ" എന്നു പുഞ്ചിരിക്കൊണ്ടു.

സിംഹൻ കണ്ഠത്തിൽ കിടന്നിരുന്ന ഒരു രത്നഹാ രമൂരി ബാദലൻെറ കഴുത്തിലിട്ടു. അടിയിൽ അവശേ ഷിച്ച ഏതാനും പട്ടാണിപ്പടയാളികൾ പലായനംചെ യ്തു് അകലെയുള്ള പടക്കൊട്ടിലിലെത്തിച്ചേൎന്നു. പുലരി യുടെ അരുണകാന്തി പൂൎവ്വദിക്ചക്രവാളത്തിൽ പുരണ്ടു തുടങ്ങി. അനന്തരം ബാലസേനാപതിയുടെ ആജ്ഞ യനുസരിച്ചു ചിതോരിലെ പോരാളികളെല്ലാം തങ്ങളു ടെ ഗൃഹങ്ങളിലേയ്ക്കു തിരിച്ചു. ഭീമസിംഹനും അരമന യിലെത്തി. ബാദലൻ സാവകാശം ഗോരാസിംഹനൊ ന്നിച്ചു പോന്നു തനിക്കു കിട്ടിയ പൂണാരമൂരി അയാളുടെ കഴുത്തിലിട്ടു.

ഗോരാസിംഹൻ അതു നോക്കിച്ചിരിച്ചു; "ഇതെ ന്തു കഥ! എന്നെപ്പോലെയുള്ള മുതുക്കന്മാൎക്കു് ഇതു ധരി ച്ചതുകൊണ്ടെന്താണു് പ്രയോജനം! സേനാപതിക്കു ല ഭിച്ച പാരിതോഷികം ഞാൻ കഴുത്തിലിട്ടാൽ അതു് എ നിക്കൊരു ഭാരംമാത്രം!"

# അധ്യായം നാലു്

ഗുപ്തചാരന്മാരുടെ വാക്കു പ്രമാണിച്ചു് അല്ലാവുദ്ദീൻ പാതിരയ്ക്കു ചിതോരക്കോട്ടയെ വശപ്പെടുത്താമെന്നു് ആലോചിച്ചു്, പൊടുന്നനവെ ദുർഗ്ഗനിരോധം ചെയ്യണമെന്നു പടയാളികൾക്കു് ആജ്ഞ കൊടുത്തു. പക്ഷേ പുലരാൻകാലത്തെഴുന്നേറ്റു നോക്കിയപ്പോഴത്തെ കഥ എന്തായിരുന്നു? എത്ര ഭയാനകമായ കാഴ്ച! ഒരൊററ രാത്രികൊണ്ടു് ആയിരത്തിൽപ്പരം പോർച്ചേകവർ പടക്കളത്തിൽ പതിച്ചു്, മൃതശരീരങ്ങൾ കല്ലുമ്പാരം പോലെ കിടക്കുന്നു. നിണധാരകൊണ്ടു നിലം മെഴുകിയപോലെയായി. ദുർഗ്ഗോപരി കയറിയ ഒരൊററ ഭടൻ പോലും ജീവനോടെ മടങ്ങീട്ടില്ല. ചിലരുടെ പാണിപാദം മുറിഞ്ഞു വേർപെട്ടുപോയിരിക്കുന്നു. മററു ചിലരുടെ ഛിന്നശീർഷങ്ങൾ പൊടിപടലത്തിൽ മുഴുകിക്കിടക്കുന്നു. ഇങ്ങനെ പടനിലം പട്ടടയായി കോലംപകൎന്നു പോയി.

കോട്ട അഞ്ഞൂറടി ഉന്നതമായ പർവ്വതമുടിപ്പുരപ്പിലാണു് സ്ഥിതിചെയ്യുന്നതു്. ഇത്ര ദുരാരോഹമായ കോട്ട അവൻ കണ്ടിരുന്നില്ല. കോട്ട കൈവശമാക്കുന്ന കാര്യം തീരെ അസാധ്യമാണെന്നു തീർച്ചപ്പെട്ടു. അതുകൊണ്ടു ചിതോരം വളഞ്ഞു ബാഹ്യബന്ധത്തെ നിശ്ശേഷം തടഞ്ഞുനിറുത്തി അവരെ ബന്ദികളാക്കിപ്പിടിക്കാമെന്നു കരുതി.

പട്ടാണിപ്പട കിഴക്കു്, വടക്കു്, പടിഞ്ഞാറു് എന്നീ മൂന്നു ഭാഗങ്ങളിൽനിന്നും കോട്ടയെ ആക്രമിച്ചു.

രജപുത്രക്ക് ആ മൂന്നു ഭാഗത്തുമുള്ള ദുർഗ്ഗദ്വാരങ്ങളെ പാടേ അടയ്ക്കേണ്ടിവന്നു. ദക്ഷിണദിക്കിൽ അരാവലിപൎവ്വതത്തിൻെറ ഒരു പടപ്പു കോട്ടയോടു തൊട്ടുകിടക്കുന്നേടത്തു് ഒരു വൻകാടുണ്ടു്. തന്മൂലം ആ ദിക്കിൽമാത്രം ശത്രുസൈന്യങ്ങൾക്കു കടന്നാക്രമിപ്പാൻ കഴിവില്ല. അല്ലാവുദ്ദീൻ പഠിച്ച വിദ്യ പതിനെട്ടും നോക്കി. എന്നിട്ടും അവിടെമാത്രം കാലെടുത്തുകുത്തുവാൻ കഴിയാതെയാണു് വന്നതു്.

തെക്കുവശത്തുള്ള കോട്ടയുടെ ഉള്ളിലുള്ളവരെ ബാഹ്യബന്ധത്തിൽനിന്നു ഭേദിച്ചു നിറുത്തുവാൻ സാധിക്കായ്കയാൽ അവർ കോട്ട വളഞ്ഞെങ്കിലും വിചാരിച്ച കാൎയ്യം വിഫലമായതേയുള്ളു. ദക്ഷിണദിക്കിലൂടെ രജപുത്രക്കു പുറമെനിന്നു വേണ്ട സഹായം ലഭിച്ചിരുന്നു.

തന്നിമിത്തം അവക്ക് എള്ളോളം ഇളക്കമുണ്ടായിരുന്നില്ല. യവനപീഡിതരായ രജപുത്രക്കു സൎവ്വദാ സഹായിയായ അരാവലിപൎവ്വതം ചിതോർനിവാസികൾക്കു് ഇപ്പോഴും തുണനിന്നു. ആരണ്യകന്മാരായ ബില്ലർ അവക്കു സകലവിധസാമഗ്രികളും നല്കി.

അല്ലാവുദ്ദീൻെറ മനസ്സു മ്ലാനമായി; ആശ അസ്തമിച്ചു. ഇങ്ങനെ ഒരു പരിണാമം സ്വപ്നേനി കരുതാത്തതായിരുന്നു. ആ വിടാഗ്രഗണ്യൻെറ ആന്തരോദ്ദേശം മറെറാന്നായിരുന്നു: രാജ്യം കീഴടക്കി രാജസ്ഥാനപുഷ്പത്തെക്കൈവശമാക്കാമെന്നായിരുന്നു കരുതിയതു്. അവൻ ഇങ്ങനെ ആത്മഗതം ചെയ്തു: "ഭൂലോകലക്ഷ്മിയെന്നു കേൾവിപ്പെട്ട പത്മിനിയുടെ അഴകൊഴുകുന്ന ആകൃ

തിയെങ്ങനെയായിരിക്കാം? അവൾ എന്റെ കണ്ണുകൾക്കു കർപ്പൂരധാരയായിത്തീരുകയില്ലയോ? ആ ഭുവനമോഹിനി ഈ അരണ്യപ്രദേശത്തിലെ നിസ്സാരനായ ഒരു സർദാരിന്റെ അങ്കത്തിന്നലങ്കാരം ആയിത്തീരേണ്ടവളോ? ദില്ലിരാജാധിരാജന്റെ പട്ടമഹിഷീസ്ഥാനമല്ലേ അവൾക്കു യോജിച്ചതു്? അവളുടെ ഒരൊററക്കടാക്ഷവീക്ഷണത്തിന്നുവേണ്ടി എന്റെ സർവ്വസ്വത്തുക്കളും പാദമൂലത്തിലർപ്പിക്കുന്നതിനു ഞാൻ സന്നദ്ധനാണു്. രജപുത്രർ ആ വസ്തുത അറിഞ്ഞു പത്മിനിയെ എനിക്കു സമർപ്പിക്കുകയില്ലെന്നോ? പടുവിഡ്ഢികൾ! ഇരിക്കട്ടെ, കാണാമല്ലോ അവരുടെ കൈയൂക്കു്. ഞാൻ ഇതേവിധം അനേകമാസത്തോളം രാജ്യനിരോധം ചെയ്തുകൊണ്ടിരുന്നാൽ കള്ളക്കാഫർമാരെന്തു കാട്ടും?"

അവനിങ്ങനെ ഓരോ വിചാരധാരയിൽ നീന്തിക്കളിച്ചു് ആക്രമണം മുറയ്ക്കു നടത്തിക്കൊണ്ടിരുന്നു. ആ കാമകോമരത്തിന്റെ ഹൃദയാന്തർഭാഗത്തുനിന്നു ദുരാശാധൂമം പൊങ്ങി; അവന്റെ വിവേകദൃഷ്ടികൾ മങ്ങി. പത്മിനി വശംവദയായില്ലെങ്കിൽ ഇവിടെത്തന്നെ പ്രാണപരിത്യാഗം ചെയ്യും എന്നവൻ നിശ്ചയിച്ചു. യവനാധിപന്റെ മനസ്സിൽ ഒരു ഭയം കൂടെക്കൂടെ ഇഴഞ്ഞു കയറി. നാളുകൾ മാസങ്ങളായി മാറി, വർഷം ഒന്നു കഴിഞ്ഞു. രജപുത്രർ സന്ധിയാകാനുള്ള ഭാവമില്ല. വൈരിനിരോധംകൊണ്ടു് ഒരു ഇടനിലയും എത്തീട്ടില്ലാത്ത വിധത്തിലായിരുന്നു അവരുടെ പെരുമാററം. പട്ടാണിനാഥന്റെ ഹൃദയത്തിൽ വിവിധവിചാരങ്ങൾ തലപൊ

ക്കിത്തുടങ്ങി. അവൻ ദില്ലിരാജ്യം വിട്ടുപോന്നിട്ടു തികച്ചും ഒരു വഷം കഴിഞ്ഞു. ഇതിനിടയ്ക്കു ദില്ലിയിൽ എന്തൊക്കെ സംഭവിച്ചിരിക്കാമെന്നു് ആരറിഞ്ഞു? അക്കാലത്തു്, മുടിചൂടിയവന്നു് എല്ലായ്പോഴും ഭയത്തിന്നേ അവകാശമുള്ളൂ. വിശേഷിച്ചു് അല്ലാവുദ്ദീനെപ്പോലെ ദുരാചാരിയും ദുഷ്ടനും വിശ്വാസഘാതകനും ആയ ഒരു പാദുഷ ഇരിക്കുന്നകാലത്തുണ്ടോ ആപത്ഭയത്തിന്നു വല്ല കുറവും? അവൻ ഇങ്ങനെ മനോഗതം ചെയ്തു: "നാട്ടിലുള്ള ശാന്തിക്കും സമാധാനത്തിന്നും നാരായവേരായി നില്ക്കുന്നതു സൈന്യബലമാണു്. ഇങ്ങനെയിരിക്കെ, ഞാൻ രാജധാനി വിട്ടു് ഇത്ര ദൂരത്തുള്ള അരണ്യപ്രദേശത്തു കാലം കഴിച്ചുകൂട്ടിയാൽ ദില്ലിസിംഹാസനം ആരെങ്കിലും കൈക്കലാക്കിയാൽ എന്തുചെയ്യും?" അവന്റെ യവനസേനകൾ നാടും വീടും വിട്ടു് ഒരാണ്ടോളം വനവാസം അനുഭവിച്ചു സ്വാമിയെ മനസാ ശപിച്ചുതുടങ്ങിയിരുന്നു. പുളച്ചുമദിച്ചു് ആത്തുനടന്നിരുന്ന അവക്കു് ഈ ജീവിതം ഭാരഭൂതമായിത്തോന്നിയതിൽ അത്ഭുതമില്ലല്ലോ. അല്ലാവുദ്ദീന്നും ഈ വിഷമാവസ്ഥ അറിയാത്ത ആളല്ല.

പട്ടാണിപ്പാളയത്തിൽ സാംക്രമികരോഗം പടന്നുപിടിച്ചു നാൾതോറും അനവധി ജീവനാശം നേരിട്ടു. ഈ സംഭവത്താൽ അല്ലാവുദ്ദീന്റെ സവ്വസന്ധികളും തളന്നുപോലെ ആയിത്തീന്നു. ചിത്തോരം പോയാൽ പോട്ടേ, ദില്ലിയിലെങ്കിലും ജീവനോടെ എത്തിച്ചേന്നാൽ മതി എന്നു തോന്നിപ്പോയി. ഇങ്ങനെ നിരാശ

യും വിഷാദവും നിഴലടിക്കുമ്പോൾത്തന്നെ പെട്ടന്നു മനസ്സിൽ പത്മിനിയുടെ നേരെയുള്ള ആശയും ആത്മാഭിമാനവും കത്തിജ്ജ്വലിക്കും. ഈ തൃണപ്രായന്മാരായ രജപുത്രന്മാരോടു പിന്മാറുകയോ, എന്നു് ഉള്ളിൽ അഭിമാനദേവത ഉടനടി തുള്ളിക്കളിക്കും. ഇങ്ങനെ ഒരു തീച്ച്യയും മൂച്ച്യയും ഇല്ലാതെ അല്ലാവുദ്ദീൻ പരുങ്ങി.

സൈനികന്മാരുടെ അസംതൃപ്തി, പ്രതിദിനം ഉള്ള പ്രാണനാശം, ദില്ലിസംസ്ഥാനത്തിൻെറ സുരക്ഷിതാവസ്ഥയെക്കുറിച്ചുള്ള സംശയം—ഇതൊക്കെ ആലോചിച്ചാൽ അവനു തിരിച്ചുപോകുകയാണു് ഉചിതം. എങ്കിലും ഒരു ദില്ലിചക്രവത്തി കേവലം നിസ്സാരനായ ഒരു രാജാവിനോടു തോററു പിൻതിരിച്ചു എന്ന പരിഹാസത്തിന്നു പാത്രമായിത്തീരുമല്ലോ എന്ന വിഷാദം, ആക്കുവേണ്ടി താൻ കാടും വീടും കടന്നു കഷ്ടപ്പെട്ടുവോ ആ രാജന്യരമണിയുടെ മുഖമെങ്കിലും ഒരു നോക്കു കാണാതെ എങ്ങനെയാണു് മടങ്ങിപ്പോവുക എന്നു മറെറാരാലോചന—ഇവ കൂട്ടിമുട്ടി ഒടുവിലവൻ "ഈ ചിതോരക്കോട്ട കൈവശപ്പെടുത്തുവാൻ കഴിയാഞ്ഞാൽ എൻെറ പേർ അല്ലാവുദ്ദീൻ എന്നല്ല" എന്നു പ്രതിജ്ഞ ചെയ്തു. പല നാൾ പകൽക്കിനാവു കണ്ടു് ഇങ്ങനെ പതിനെട്ടു തിങ്കളും കഴിച്ചു.

ഇതിന്നമധ്യേ മറെറാരു വിപത്തു പൊട്ടിപ്പുറപ്പെട്ടു. 'ആപത്തു വരുന്നേരം ആകവേ കൂട്ടത്തോടെ.' അല്ലാവുദ്ദീൻെറ മനസ്സു പതച്ചുകൊണ്ടിരിക്കുമ്പോൾ, ദില്ലിയിൽ നിന്നു് ഒരു സർദാർ വന്നു സലാം ചെയ്തു.

"മുകിലസേനാപതി തുക്കിഖാൻ പടയും പടഹവുമായി തള്ളിയലച്ചുവന്നു ദില്ലി വളഞ്ഞിരിക്കുന്നു. അയാൾ ഏതാനും നാൾകൊണ്ടു നഗരം പിടിച്ചടക്കിക്കളയും. പടനായകനായ ജാഫർഖാൻ അവിടെ തക്കസൈന്യസന്നാഹം ഇല്ലാതിരിക്കുന്നതിനാൽ പാദുഷയുടെ ആഗമനത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാകുന്നു" എന്നറിയിച്ചു.

ഇതു കേട്ട മനസ്സു ശക്തിയോടെ സ്പന്ദിച്ചു. തത്ക്ഷണം അദ്ധ്സൈന്യത്തെ ദില്ലിയിലേക്കു തിരിച്ചുപോകുവാൻ ആജ്ഞാപിച്ചു. സായാഹ്നത്തിൽ പാതിപ്പട ദില്ലിദേശാഭിമുഖമായി പുറപ്പെട്ടു. അനന്തരം അല്ലാവുദ്ദീൻ സചിവന്മാരോടുകൂടി ആലോചന നടത്തി; രജപുത്രരുമായി സന്ധിചെയ്യാൻ നിശ്ചയിച്ചു.

## അധ്യായം അഞ്ചു്

പിറെറന്നാൾ പതിററടി കഴിഞ്ഞപ്പോൾ ദുർഗ്ഗശിഖരത്തിൽ സേനാപതി ബാദലൻ ആശ്ചര്യകരമായ ഒരു കാഴ്ച കണ്ടു. ഒരു പട്ടാണികുതിരപ്പടയാളി അതിവേഗം ദുർഗ്ഗാന്തികത്തിലേക്കു പാഞ്ഞുവരുന്നു. അവൻെറ കൈയിൽ സന്ധിസൂചകമായ വെള്ളക്കൊടി കിടന്നാടുന്നുണ്ടു്. അവൻ വന്ന ഉടനെത്തന്നെ ദ്വാരപാലകന്മാർ വാതിൽ തുറന്നു് അകത്തേക്കു വിട്ടു. അല്ലാവുദ്ദീൻതന്നെ സന്ധികാര്യത്തിന്നു സന്നദ്ധനായ വിവരം അരനിമിഷത്തിൽ അവിടെയെങ്ങും പരന്നു. രജപുത്രപ്രധാനി

കൾക്കെല്ലാം ആഹ്ലാദത്തിന്നു് അളവില്ലാതായി. ദ്വാരപാലരിൽ ഒരുവൻ അശ്വഭടനെ റാണയുടെ അരമനയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. ദൂതൻ കൊടുത്ത സന്ദേശപത്രം പെട്ടന്നു പൊട്ടിച്ചു വായിച്ചു. ആരംഭത്തിൽ രാജാവിൻെറ മുഖത്തു് ആനന്ദം സ്ഫുരിച്ചു കണ്ടു. ഉത്തരക്ഷണത്തിൽ ഒരു വിഷാദച്ഛായ മുഖമാസകലം വ്യാപിച്ചു. അന്തികസ്ഥനായ ഭീമസിംഹൻ റാണയുടെ മുഖഭാവം ഉററുനോക്കി. "റാണാജി, ഈ വാട്ടത്തിന്നു കാരണമായി ആ കള്ളൻ എന്താണു് എഴുതിയിരിക്കുന്നതു്?" എന്നു് ഉത്സുകനായി ചോദിച്ചു. റാണയാകട്ടെ മൗനം ഭിക്ഷിച്ചു തലതാഴ്ത്തി പത്രം ഭീമസിംഹൻെറ കൈയിൽ കൊടുത്തു. ഭീമസിംഹൻ അതു വായിച്ചു.

"മഹാറാണാ,

താങ്കളുടെ ശൗര്യവും സാഹസവും കണ്ടു നാം വളരെ സന്തോഷിച്ചിരിക്കുന്നു. സമസ്തഹിന്ദുസ്ഥാനത്തിലും വെച്ചു ചിത്തോരിലെ രജപുത്രരാണു് നമ്മോടു് എതിരിട്ടു പോരാടിയിട്ടുള്ളതു്. അതിനാൽ നാം താങ്കളുടെ പ്രീതിഭാവനയെ പ്രാൎത്ഥിച്ചുകൊള്ളുന്നു.

റാണാ, താങ്കൾ അതിഥിപ്രിയനാണെന്നു നാം കേട്ടിട്ടുണ്ടു്. ഇന്നു നാം താങ്കളുടെ അതിഥിയാണു്. ഒരു അതിഥിയുടെ താത്പര്യത്തെ താങ്കൾ ഭംഗപ്പെടുത്തുകയില്ലെന്നു നാം വിശ്വസിക്കുന്നു. താങ്കളുടെ ഹൃദയത്തെയാകട്ടെ, റാണിയുടെ പവിത്രതയെയാകട്ടെ, ഭംഗപ്പെടുത്തണമെന്നുള്ള ഉദ്ദേശം നമുക്കില്ല. ആരുടെ രൂപലാവണ്യത്തെക്കണ്ടു നാം ഈ മലയിൽ അലഞ്ഞുതിരിഞ്ഞു

വോ ആ ദേവിയെ ഒരു നോക്കു കണ്ടിട്ടെങ്കിലും മനസ്സി
നെ സമാശ്വസിപ്പിച്ചാൽ കൊള്ളാമെന്നു് ഒരഭിലാഷം
നമുക്കുണ്ടു്. ആ അഭിലാഷംകൊണ്ടുമാത്രമാണു് നാം
ഇന്നേദിവസം താങ്കളോടു സന്ധിക്കു സമ്മതിച്ചതു്. ഈ
ഒരു സംഗതി താങ്കൾക്കു സമ്മതമാണെങ്കിൽ നാം ആ
ജീവനാന്തം താങ്കളോടു സൗഹാർദ്ദത്തോടെ വർത്തിച്ചുകൊ
ള്ളാമെന്നു സമ്മതിക്കുന്നു. നമുക്കു് ഇനി താങ്കളോടു പട
വെട്ടുവാനുള്ള ആലോചനയില്ല. തന്മൂലം ഇന്നലെത്ത
ന്നെ എന്റെ പാതിപ്പടയെ ദില്ലിയിലേയ്ക്കു തിരിച്ചയ
ച്ചിരിക്കുന്നു.

എന്നു്,

താങ്കളുടെ സ്നേഹാഭിലാഷി

അല്ലാവുദ്ദീൻ."

ഭീമസിംഹൻ അതു വായിച്ച ഉടനെ, "ഒരു സമ
യം ചിതോരിന്നു് ഇതു മംഗളകരമാണെങ്കിൽ പട്ടാണി
യുടെ അഭിമതത്തിന്നു് അനുകൂലിക്കുക. ഒന്നാമതു ദേശാ
ഭിമാനം, അനന്തരം ആത്മാഭിമാനം. ചിതോരിന്റെ ര
ക്ഷണത്തിന്നും മുമ്പു്, പത്മിനിയെത്തന്നെയല്ല തന്റെ
പ്രാണങ്ങളെക്കൂടി പരിത്യജിക്കുവാൻ ഒരുക്കമാണു്."

ബാലനായ ബാദലൻ ഭീമസിംഹന്റെ മൊഴി കേ
ട്ടു് ഇളകിമറിഞ്ഞു. അവൻ വാൾ ഊരിപ്പിടിച്ചു. "അ
രുതു്, ഒരിക്കലും അരുതു്. നിങ്ങൾ രജപുത്രരാണു്. ചി
തോരിന്റെ ഉദ്ധാരണത്തിനുവേണ്ടി പത്മിനിറാണിയു
ടെ മാനം വിററുതിന്നാലും വേണ്ടില്ല എന്നോ?........ഈ
ഉടലിൽ ഉയിരുള്ളതുവരെ ഇക്കാര്യത്തിൽ ഞങ്ങൾ അ
നുകൂലിക്കയില്ല."

UNIVERSITY LIBRARY ... 1975

ഇതു കേട്ടുകൊണ്ടിരുന്ന ലക്ഷ്മണസിംഹൻ, "ബാദല, അല്പം അടങ്ങുക. ഞങ്ങളുടെ അഭിപ്രായം ആദ്യം നല്ലപോലെ മനസ്സിലാക്കു! ഞങ്ങൾ വെറും മരപ്പാവകളല്ല. മങ്കമാരുടെ മാനവും നാട്ടിൻെറ നന്മയും തുല്യഗൗരവമുള്ളതാണെന്നു ഞങ്ങൾക്കറിയാം. ഒരു തുള്ളി രക്തമെങ്കിലും ശേഷിക്കുന്നതുവരെ അതിന്നുവേണ്ടി അടരാടുകതന്നെ ചെയ്യും. അല്ലാവുദ്ദീൻ പത്മിനിയെ ഒന്നു കണ്ടാൽക്കൊള്ളാമെന്നാണു് അൎത്ഥിക്കുന്നതു്. ചിതോരിൻെറ നന്മയ്ക്കു് ഇക്കാര്യം ത്യാജ്യമോ ഗ്രാഹ്യമോ എന്നാണു് നിൎണ്ണയിക്കേണ്ടതു്. റാണിക്കു യാതൊരു മാനഭംഗവും നേരിടാത്തവിധം വല്ല തന്ത്രവും പ്രയോഗിച്ചു് അല്ലാവുദ്ദീനെ മനസ്സമാധാനപ്പെടുത്തുവാൻ തരമുണ്ടെങ്കിൽ, അങ്ങനെ സന്ധിച്ചാലെന്താണു് ദോഷം? അതിന്നൊരുപായമാണു് നാം ആലോചിച്ചു കണ്ടുപിടിക്കേണ്ടതു്."

ബാദ:—ദേവിയുടെ പേരിന്നും പെരുമയ്ക്കും ഒരു വാട്ടവും തട്ടാത്തവിധം നിങ്ങൾ പ്രവൎത്തിച്ചുകൊള്ളുക. എനിക്കു് അതിന്നു സമ്മതമാണു്. ദേവിയോടു് ആലോചിച്ചേ അക്കാര്യം തീൎച്ചയാക്കാവൂ.

മഹാറാണയും ഭീമസിംഹനും ബാദലൻെറ അഭിപ്രായങ്ങൾക്കനുകൂലിച്ചു. സദസ്യരും അതിന്നു സമ്മതംമൂളി. റാണാ, ഭീമസിംഹനോടൊന്നിച്ചു പത്മിനിയുടെ അന്തഃപുരത്തിലേയ്ക്കു ചെന്നു.

ഭീമസിംഹൻ അകത്തു കടന്നു പത്മിനിക്കു് അല്ലാവുദ്ദീൻെറ പത്രം കാണിച്ചുകൊടുത്തു. അതു നോക്കി

യതോടുകൂടി റാണിക്കു തലതിരിഞ്ഞു. "ഇക്കാര്യത്തിൽ നിങ്ങളുടെ അഭിപ്രായം എന്താണു്" എന്നു ധൈര്യം ഭാവിച്ചു.

ഭീമ:—മങ്കമാരുടെ മാനവും ചിതോരിൻെറ മംഗളവും ഈ രണ്ടും കാത്തുരക്ഷിക്കേണ്ടതു നമ്മുടെ കർത്തവ്യമാണു്. ഇതിൽ ഒന്നിന്നു കോട്ടം തട്ടുകയാണെങ്കിൽ നാം ജീവിച്ചിരുന്നാലും ചത്തതിനു സമമാണു്. അതുകൊണ്ടു രണ്ടിനും ഹാനി തട്ടാതിരിക്കത്തക്കവിധത്തിൽ ഒരുപായം ആലോചിച്ചു പറഞ്ഞാൽ നന്നു്. അതിനാണു് ഞങ്ങൾ ഇങ്ങോട്ടു വന്നതു്.

ആ ധർമ്മധീര ചിന്താധാരയിൽ മുഴുകിയിരുന്നു. അനന്തരം ഇങ്ങനെയാണു് മറുപടി പറഞ്ഞതു്.

"പ്രിയതമ, മുമ്പൊരിക്കൽ അങ്ങു വിനോദാർത്ഥമായി എന്നെ കുറച്ചൊന്നു പേടിപ്പെടുത്താൻ, അല്ലാവുദ്ദീനുമായി സന്ധിക്കരാർ നടക്കുന്നപക്ഷം അതിൽ എൻെറ പേരാണു് ആദ്യം കാണുകയെന്നു പറകയുണ്ടായല്ലോ. നാട്ടിൻെറ നന്മയ്ക്കുവേണ്ടി രാജഭക്തയായ ഈ പ്രജ പട്ടാണിയുടെ പാളയത്തിലേയ്ക്കു പോകണമെന്നാണെങ്കിലും സസന്തോഷം അതിന്നൊരുക്കമാണെന്നു് അന്നു പറഞ്ഞ മറുപടി അങ്ങു് ഓൎക്കുന്നുണ്ടായിരിക്കണം. അന്നത്തെ കളി ഇന്നു കാര്യമായി: രജപുത്രകുലത്തിൽ ജനിച്ചവളാണെങ്കിൽ വാക്കൊന്നു വായിൽനിന്നു വീണാൽപ്പിന്നെ പിൻവലിക്കയില്ല. പട്ടാണിയുടെ അപേക്ഷയ്ക്കനുകൂലിക്കാമെന്നു മറുപടി അയച്ചേയ്ക്കു."

പ്രിയതമ പെട്ടന്നു് അനുമതി നല്കിയതിൽ റാണയ്ക്കു് അത്യാശ്ചര്യമുണ്ടായി. അഭിമാനം വഴിഞ്ഞൊഴുകുന്ന ഈ വനിതാരത്നത്തിൻെറ അന്തരംഗത്തിലെ അടിയുറച്ച നില ഇനിയും സിംഹൻ അറിഞ്ഞുകഴിഞ്ഞിട്ടില്ല. പത്മിനിയുടെ മുഖത്തേയ്ക്കു സിംഹൻ ഉത്കണ്ഠയോടെ നോക്കിനിന്നതേയുള്ളു.

പത്മിനി വീണ്ടും പറഞ്ഞു: "എന്നെ ഒന്നു കാണണമെന്നല്ലേ അല്ലാവുദ്ദീന്നു് ആശയുള്ളു? അങ്ങനെയാകട്ടെ. അഭിമുഖദർശനം അനുവദിക്കയില്ല."

ഭീമ:—പിന്നെ എങ്ങനെയാണു് നിൻെറ ചിത്രം നോക്കിത്തിരിച്ചുപോകാമെന്നോ?

പത്മിനി:—അല്ല, ചിത്രമല്ല, നിർജ്ജീവചിത്രത്തെ കാണിക്കണമെന്നല്ല ഞാൻ പറഞ്ഞതു്. അവൻ അരമനയുടെ അകത്തുള്ള നിലക്കണ്ണാടിയിൽ എൻെറ പ്രതിച്ഛായ കണ്ടുകൊള്ളട്ടെ.

ഭീമസിംഹൻ ഈ ആലോചന റാണയെ അറിയിച്ചു. രണ്ടുപേരും ആനന്ദിച്ചു. ഈ ആനന്ദം ചിത്തോരമെങ്ങും അലച്ചു.

## അദ്ധ്യായം ആറു്

ഒന്നരവർഷം ഇങ്ങനെ രജപുത്രർ യവനായോധനം നടത്തി. ആ രാജന്യവീരന്മാരുടെ സംഖ്യ നാൾക്കുനാൾ ക്ഷയോന്മുഖമായി വന്നു. രാജ്യം അന്യാധീനതയിലാകുമോ എന്നുള്ള ഭയം രാജാവിൻെറ മനസ്സിൽ ക

യറിക്കൂടി. രജപുത്രന്മാരുടെ രാജധാനി ഇനിയും യവനാധീനതയിൽ ആയിട്ടില്ല. സർവ്വശ്രമങ്ങളും ശിഥിലമായിക്കണ്ടപ്പോൾ പത്മിനിയുടെ അഭിപ്രായമനുസരിച്ചു സന്ധിക്കു സമ്മതിച്ചു. ഒന്നര വർഷത്തോളം രാപ്പകൽ വീശിക്കൊണ്ടിരുന്ന രജപുത്രരുടെ വീരഖഡ്ഗങ്ങൾ ഇന്നു് ഉറയിൽക്കിടന്നു സൈ്വരമായി ഉറങ്ങി; രജപുത്രഹൃദയങ്ങൾ ആഹ്ലാദത്തിൽ ആണ്ടു.

മഹാറാണ വിവരം അല്ലാവുദ്ദീനെ അറിയിച്ചു. ആ വിടാധമൻെറ ആനന്ദത്തിന്നതിരില്ലാതായി. രജപുത്രർ, പ്രത്യേകിച്ചു മഹാ അഭിമാനശീലയായ പത്മിനി, അക്കാര്യത്തിൽ ഇത്ര വേഗം അനുകൂലയാവുമെന്നു് അവൻ സ്വപ്നേപി കരുതിയിരുന്നില്ല. അവൻെറ നീചമനസ്സിൽ പല വിചാരങ്ങളും നിഴലടിച്ചു. പത്മിനിക്കു തന്നെക്കാണ്മാൻ കാംക്ഷയുണ്ടായിരിക്കാമെന്നും, ഒരു പക്ഷേ അനുരാഗംതന്നെ അങ്കുരിച്ചിരിക്കാമെന്നും മററും അവൻ ആകാശക്കോട്ട കെട്ടി. ആ ചാരിത്രശാലിനിയുടെ മനോമഹത്വത്തിൻെറ ആഴം ആരു കണ്ടു! പതിതന്നെ പരദേവത; പാതിവ്രത്യംതന്നെ പരമധനം എന്ന ദൃഢസങ്കല്പത്തിനുണ്ടോ ശൈഥില്യം വരുന്നു? പല പ്രതിബന്ധങ്ങളെക്കൊണ്ടും മങ്ങിക്കൊണ്ടിരുന്ന ആശാപ്രദീപം ജ്വലിച്ചു് ഇത്ര വേഗം തൻെറ അശ്വസേനയെ മടക്കിയയച്ചതു് അബദ്ധമായി എന്നു തോന്നി.

കാമമോഹിതനായ ആ കപടപടു പത്മിനിയുടെ സ്വർഗ്ഗീയമായ രൂപലാവണ്യം ഒരു കണ്ണാടിയിലൂടെയെങ്കിലും കണ്ടു കണ്ണിന്നു പുണ്യം നേടാമെന്നു കരുതി.

രജപുത്രരുടെ അഭിപ്രായത്തിന്നനുസരിച്ചു്, പരിമേയമായ പരിവാരത്തോടുകൂടിയേ ദുർഗ്ഗത്തിൽ പ്രവേശിക്കാവൂ എന്ന നിശ്ചയവും അവൻ മനസ്സിലാക്കി. ആഗമനദിവസവും നിശ്ചയിച്ചു. അങ്കവും ആരവാരവുമെല്ലാം നിലച്ചു. അടുത്ത ദിവസം നിശ്ചയിച്ചതുപോലെ അല്ലാവുദ്ദീൻ വന്നുചേൎന്നു. ഭീമസിംഹൻ വാദ്യഘോഷങ്ങളോടുകൂടി അവനെ എതിരേററു പത്മിനിയുടെ കൊട്ടാരമാളികയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. അവിടെനിന്നു മനോഹരമായ മറെറാരു മുറിയിലേയ്ക്കു് അവർ പ്രവേശിച്ചു. അവിടെ വാതിലിന്നു നേരെ ഒരു നിലക്കണ്ണാടി ഇരിക്കുന്നുണ്ടു്. അല്ലാവുദ്ദീൻ അതിന്നു് അഭിമുഖമായി നിന്നു. ഭീമസിംഹൻ സംജ്ഞ കാണിച്ച ഉടനെ ഒരു പ്രതിബിംബം ആ ദൎപ്പണത്തിൽ പതിച്ചു. അല്ലാവുദ്ദീൻ 'കുല വെട്ടീടിന കുററിവാഴപോലെ' നിന്നുപോയി. ഇതു് എന്തഴകൊഴുകുന്ന ആകൃതി? അവൻെറ ജന്മം വ്യൎത്ഥമെന്നു് അന്തരംഗത്തിൻെറ അടിത്തട്ടിൽനിന്നു് ഒരു ശബ്ദം പൊട്ടിപ്പുറപ്പെട്ടതുപോലെ അവന്നു തോന്നി. അമാനുഷമായ ഒരു ശക്തി തന്നെ അങ്ങോട്ടു് ആകൎഷിച്ചു. അവൻ മോഹഗ്രസ്തനായി. ആ ലാവണ്യലതികയുടെ അടുക്കലേയ്ക്കു് ഉഴറി. ഭീമസിംഹൻ സാഹസത്തിൽനിന്നു് അവനെത്തടഞ്ഞു.

എന്തു് അത്ഭുതസംഭവം! കണ്ണാടിയിൽ കണ്ട സൗന്ദൎയ്യസമ്പത്തിൻെറ ഛായ മാഞ്ഞു. ആ സ്ഥലത്തു് ഉറയൂരിയ ഉടവാളും ധരിച്ചു് ഉജ്ജ്വലമായ രാജന്യതേജസ്സു തള്ളിയലയ്ക്കുന്ന ഒരു കിശോരൻെറ പ്രതിബിംബമാ

ണ് തെളിഞ്ഞുകണ്ടതു്. അല്ലാവുദ്ദീനു് അതു് ആരുടെ യാണെന്നു് മനസ്സിലായില്ല. സേനാപതി ബാദലനാണ് അയാൾ! ഭീമസിംഹൻ പട്ടാണിനാഥനെ മറെറാരു മുറിയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. "ബാലകനായ ബാദലൻെറ അപരാധം ക്ഷമിക്കണം. അതിഥികളെ അവമാനിക്കുക എന്നതു രജപുത്രർക്കു് അധമ്മമാണു്. അവനു് അതു് അറിയാറായിട്ടില്ല" എന്നു സമാശ്വസിപ്പിച്ചു.

പക്ഷേ അല്ലാവുദ്ദീൻെറ മനസ്സു മറെറാരു വഴിയിലായിരുന്നു അലഞ്ഞിരുന്നതു്. അവൻ ഒന്നും ഉരിയാടിയില്ല. വെളിക്കുവന്നു കുതിരപ്പുറത്തു കയറി യാത്ര പുറപ്പെട്ടു. ഒരു ഉദ്വേഗം അവൻെറ ഉള്ളിൽ തള്ളി അലച്ചിരുന്നു; അതു് അടങ്ങിയിട്ടില്ല. അതുകൊണ്ടാണു് ഭീമസിംഹൻ പറഞ്ഞതിലൊന്നും ദൃഷ്ടി പതിയാതിരുന്നതു്.

പട്ടാണിരാജാവിൻെറ മനസ്സിൽ രജപുത്രരുടെ സരളസ്വഭാവം, ഉദാരത, അതിരില്ലാത്ത ശൂരത ഇവയൊക്കെ നിഴലാടുകയായിരുന്നു. മുമ്പൊരിക്കലും അവൻെറ അടുത്തുകൂടിപ്പോകാത്ത കൃതജ്ഞതാഗുണം ഇന്നു് ഉള്ളിലുദിച്ചു. എന്നാൽ പത്മിനിയുടെ അകൃത്രിമദ്യുതി കളിയാടുന്ന ആകൃതിയിലുള്ള വ്യാമോഹം കൃതജ്ഞതയെ കീഴമർത്തുവാൻ തുടങ്ങി. ഇങ്ങനെ അവൻെറ ഹൃദയം ഇരുവശത്തുനിന്നും തള്ളിവരുന്ന പ്രവാഹത്തിൻെറ മധ്യത്തിൽപ്പെട്ടു വട്ടംതിരിയുന്ന പൊങ്ങുതടിപോലെയായി. ഒടുവിൽ പിശാചിൻെറ പിടിയിൽത്തന്നെ പെട്ടു.

ആ പെണ്മണിയുടെ അലൗകികലാവണ്യത്തിൽ ലയിച്ച അവന്റെ മനസ്സു മറ്റൊന്നിലും പ്രവേശിക്കാതെയായി. "ഈ രാജ്യവും സമസ്തസമ്പത്തും എന്തിനു്? പത്മിനീദേവിമാത്രം മതി അതിനോടെല്ലാം കിടപിടിപ്പാൻ! ആ ദിവ്യസൃഷ്ടിയുടെ അഭാവത്തിൽ എല്ലാം ശൂന്യം! ആ മോഹനാംഗിയില്ലാതെ ജഗത്തു് എനിക്കു വെറും കൂരിരുൾക്കൂമ്പാരം. ദില്ലിസിംഹാസനത്തിൽ ആ മണിവിളക്കു് എരിഞ്ഞുകൊണ്ടിരിക്കുന്നതായാൽമാത്രമേ അതു സിംഹാസനമാകയുള്ളൂ. അല്ലെങ്കിൽ രാജധാനി കേവലം ചുടലക്കളം! സിംഹാസനം മരുഭൂവിലെ മൺകട്ട! പത്മിനിയെ മറന്നു ശ്വസിപ്പാൻകൂടി സാധ്യമല്ല" എന്നിങ്ങനെ അവൻ വിഷാദിച്ചു.

ചിന്താതാന്തനായി അവൻ ഏഴാമത്തെ മഹാദ്വാരവും കടന്നു. അനുചരന്മാർ ആയുധപാണികളായി അകമ്പടി നടന്നു. ഭീമസിംഹനുമുണ്ടു് അരികേ. സിംഹന്റെ ഒന്നിച്ചു രാജഭടന്മാരാരുമില്ല. അല്ലാവുദ്ദീൻ സിംഹന്റെ മുഖത്തേയ്ക്കു് ഒന്നു തിരിഞ്ഞുനോക്കി. ഈ നോട്ടത്തിൽ ഒരു പൈശാചികമായ ഛായ ഇണങ്ങിയിട്ടുള്ളതായി തോന്നി.

ദുർഗ്ഗദ്വാരത്തിന്നരികെ ചിതോരിലെ രാജഭൃതന്മാർ വാളും പരിചയും വഹിച്ചു നില്ക്കുന്നുണ്ടായിരുന്നു. ഇവരുടെ ആഗമനം കണ്ടു് ആചാരപ്രകാരം വാൾ താഴ്ത്തി അവർ അഭിവാദ്യം ചെയ്തു.

കോട്ടവാതിലിന്നപ്പുറമെത്തിയപ്പോൾ സിംഹൻ "പാദുഷ, ഇനി ഞാൻ നില്ക്കട്ടെ; സ്നേഹത്തിന്നു കുറവുണ്ടാകാതിരിക്കട്ടെ" എന്നിങ്ങനെ സവിനയം പറഞ്ഞു

പിൻതിരിഞ്ഞു. ദുർഗ്ഗദ്വാരത്തിലെത്തിയപ്പോഴേയ്ക്കും അ ല്ലാവുദ്ദീൻ "മഹാരാജ്" എന്നു വിളിച്ചു. ഭീമസിംഹൻ ഇതു കേട്ട് അവിടേയ്ക്കു തിരിച്ചുചെന്നു. അല്ലാവുദ്ദീൻ പ തുക്കെപ്പതുക്കെ അങ്ങുമിങ്ങും നോക്കി. "അങ്ങയുടെ ഔ ദാര്യം കണ്ടു് എനിക്കു് അത്യന്തം സന്തോഷമായി. പ ക്ഷേ പത്മിനിയെ മറക്കാൻ വയ്യാതന്നെ. നാം ആ ജീവനാന്തം സ്നേഹബന്ധത്തിൽനിന്നു വിട്ടുപിരിയാതി രിക്കണമെന്നാണു് എൻെറ താത്പര്യം. അതിനെ നില നിർത്തിപ്പോരുന്നതിന്നു പത്മിനിയെ എനിക്കു തന്നേ ക ഴിയൂ" എന്നിങ്ങനെ ജല്പിച്ചു. കാമിക്കു കണ്ണില്ലല്ലോ.

സിംഹൻ ഉറയിൽനിന്നു വാളൂരി. പട്ടാണിനായ കൻെറ പരമാത്ഥഭാവത്തിൽ പണ്ടുതന്നെ ശങ്കയില്ലാതി രുന്നില്ല. പക്ഷേ ആ നീചൻ ഇപ്രകാരം നീതിയും നെറിയും വിട്ടു പ്രവത്തിക്കുമെന്നു സ്വപ്നേപി കരുതിയി രുന്നില്ല. സിംഹൻ "പാദുഷാ, സൂക്ഷിച്ചു സംസാരിക്ക ണം. സത്യവും ധമ്മവും നന്ദിയും ലോകത്തിൽ ഇനി യും കടയററുപോയിട്ടില്ല. വായിൽ വന്നതൊക്കെ വി ളിച്ചുപറയുന്നതു ശരിയല്ല. ഇങ്ങനെ ഇനി ഒരിക്കൽ കൂടി......"

ഇങ്ങനെ സിംഹൻ അദ്ധോക്തിയിൽ വിരമിച്ചു. അല്ലാവുദ്ദീൻ അനുചരക്കു് എന്തോ സംജ്ഞ കാണിച്ചു. ഉടനെ അവർ സിംഹനെ വളഞ്ഞു. രണ്ടു പട്ടാണികൾ പാഞ്ഞെത്തി കുതിരപ്പുറത്തുനിന്നു സിംഹനെ പിടിച്ചി റക്കി. നിനയ്ക്കാത്ത ഈ സംഭവം കണ്ടു സിംഹൻ അ മ്പരന്നുപോയി. അല്ലെങ്കിൽ അവരെ പൊടിതുളിപ്പി

ക്കുന്നതിന്നു സിംഹന്നു സാധിക്കമായിരുന്നു. ദ്വാരാന്തികത്തിൽ ചിതോർരാജഭടന്മാരും അധികംപേർ ഇല്ലാതിരുന്നതുകൊണ്ടു തത്കാലം ഒരു കൈ നോക്കാൻ സിംഹന്നു തരമില്ലാതായി. പട്ടാണികൾ സിംഹനെ കൈയാമം വെച്ചു പടകുടീരത്തിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. ഭീമൻ അപ്പോൾ: "നീചന്മാരേ! എന്നെ ഒന്നു് അഴിച്ചുവിട്ടെങ്കിൽ—" അദ്ദേഹത്തിൻെറ മുഖത്തുനിന്നു പിന്നെ ഒന്നും പുറപ്പെട്ടില്ല. പല്ലു കടിക്കുന്ന നാദംമാത്രം പുറത്തു മുഴങ്ങി. കണ്ണിൽനിന്നു തീപ്പൊരി ചിതറുന്നുണ്ടു്. എങ്കിലും എന്താണു് പ്രയോജനം? സിംഹം വലയിൽ കുടുങ്ങി. ദ്വാരപാലകന്മാരിൽ ചിലർ ഇതു കണ്ടെങ്കിലും സ്ഥലം വിട്ടുപോകുവാൻ അവക്കു രാജാജ്ഞയില്ല. അവരുടെ ശബ്ദകോലാഹലം കേട്ടു് അടുത്തുണ്ടായിരുന്ന പടയാളികൾ പാഞ്ഞുവന്നെങ്കിലും, അതുകൊണ്ടു പ്രയോജനമൊന്നുമില്ലായിരുന്നു. പട്ടാണികൾ വേട്ടയാടി കിട്ടിയതുകൊണ്ടു പാളയത്തിലേയ്ക്കു തിരിച്ചുകഴിഞ്ഞു. അവർ കോട്ടയുടെ പുറത്തുനിന്നു രണഭേരി താക്കി. ആ പെരുമ്പറമുഴക്കം കേട്ടു്, ചിതോർനഗരം മുഴുവനും ഇളകിമറിഞ്ഞു. അല്ലാവുദ്ദീൻെറ വിശ്വാസവഞ്ചനയെപ്പററിയുള്ള വത്തമാനം കാട്ടുതീപോലെ ക്ഷണത്തിൽ എങ്ങും പരന്നു. പ്രഭുക്കന്മാക്കും മററും കോപവും താപവും കൊണ്ടു് ഉൾത്തടം ഉരുകിത്തുടങ്ങി.

വിഷം പുരട്ടിയ ഈ ക്രൂരമ്പു പത്മിനിയുടെ ശ്രുതിപുടത്തിൽ തറച്ചു; ദേവി പെട്ടന്നു മോഹാലസ്യപ്പെട്ടു വീണുപോയി. പരിചാരികമാർ റാണിയെ അകത്തേയ്ക്കു കൊണ്ടുപോയ്ക്കിടത്തി ശീതോപചാരങ്ങൾ ചെയ്തു.

# നാലാം ഖണ്ഡം

## അധ്യായം ഒന്നു്

മറുദിവസം മധ്യാഹ്നത്തിന്നുശേഷം ദേവി തന്റെ ഭവിതവ്യതയെക്കുറിച്ചു് ആലോചിച്ചുകൊണ്ടിരിക്കയായിരുന്നു. ആ സമയം അടുത്ത മുറിയിൽ രണ്ടു ദാസികൾ സല്ലപിച്ചുകൊണ്ടിരിക്കുന്നുണ്ടു്. അവരുടെ സംഭാഷണത്തിൽനിന്നു് അല്ലാവുദ്ദീൻ ലക്ഷ്മണസിംഹന്നു് ഒരു കത്തെഴുതിയിട്ടുണ്ടെന്നും അതിൽ പത്മിനിയെ ഉടനെ അയച്ചുകൊടുക്കണമെന്നും അല്ലാത്തപക്ഷം ഭീമസിംഹനെ ദില്ലിയിലെ കാരാഗൃഹത്തിലിടുന്നതാണെന്നും കേൾക്കാനിടയായി.

റാണി ഈ സംഗതി കേട്ടു് അത്യന്തം ശോകാകുലയായി. ഇതികർത്തവ്യതാബോധം ഇല്ലാതായി. ദേവി ഭിത്തിയിൽ തൂങ്ങിക്കിടന്നിരുന്ന ഭീമസിംഹഖഡ്ഗം കൈയിലെടുത്തു. അപ്പോൾ അതു നിലത്തു വീണു. ദാസികൾ ഈ നാദം കേട്ടു പത്മിനിയുടെ മുറിയിലേക്കു വന്നു. അരനിമിഷം അവർ വൈകിപ്പോയിരുന്നുവെങ്കിൽ എല്ലാം നിഷ്ഫലമാകുമായിരുന്നു! ചിതോർചരിത്രത്തിന്റെ മട്ടുതന്നെ മാറിപ്പോകുമായിരുന്നു! പത്മിനി പതിയുടെ ഉടവാൾ ഹൃദയത്തിന്നു നേരെ ഓങ്ങുകയായിരുന്നു. ദാസികൾ പാഞ്ഞുവന്നു ദേവിയെത്തടഞ്ഞു. അവരിൽ പ്രായമേറിയ ഒരുത്തി "അമ്മേ, ഇതുവരെ അവിടത്തെ ഇവൾ ഒരു ക്ഷത്രിയകുമാരിയാണെന്നാണു് കരുതിയിരു

ന്നതു്. ഒരു നെന്മണിക്കെങ്കിലും ക്ഷാത്രലക്ഷണം ഇല്ലാതിരിക്കുമെന്നാരോൎത്തു? ഒരു ക്ഷത്രിയപുത്രിയായി പിറന്നു് ഒരു ക്ഷത്രിയവീരന്റെ പത്നിയായിരുന്നു് ഇന്നിതു പ്രവൎത്തിക്കുന്നതു യോഗ്യമല്ല. ഇതല്ല വീരാംഗനയുടെ ലക്ഷണം! നീചത്വത്തിന്റെ നിഴലുമാത്രമാണു് ഇതു്."

ദാസിയുടെ വാക്കു പത്മിനി കണ്ണിമപൂട്ടാതെ കേട്ടുകൊണ്ടിരുന്നു. അതൊക്കെ പതിരില്ലാത്ത പച്ചപ്പരമാൎത്ഥമാണെന്നു ദേവിക്കു തോന്നി. ഉള്ളിൽ അണമുറിഞ്ഞു ചാടിയ അഴലൊഴുക്കിൽ വിവേകം അടിഞ്ഞു കലങ്ങിപ്പോയിരുന്നെങ്കിലും ഇപ്പോൾ അതു തെളിഞ്ഞുപൊങ്ങി. അധികം നേരം അതു നിലനിന്നില്ല. ആ വീരസിംഹി ചില്ലി ചുളിച്ചു് "ഹാ, ദുഷ്ടയവന! നിന്റെ നീചതയ്ക്കുള്ള പ്രതിഫലം അല്പനാൾക്കുള്ളിൽ നിനക്കു കിട്ടും. എല്ലാററിനും മേലെ ഈശ്വരനുണ്ടു്; അധൎമ്മത്തിന്നു് അപജയമുണ്ടു്. സൎവ്വാന്തര്യാമിയായ സച്ചിദാനന്ദസ്വരൂപൻ നിന്നെപ്പോലെയുള്ള നീചന്മാരെ വെറുതെ വിടില്ല; ദുഷ്ടനെ പനപോലെ വളൎത്തുമെന്നാണല്ലോ പഴമൊഴി. പാപങ്ങൾ ഏറെച്ചെയ്തുതുടങ്ങിയാൽ ഒരൊററടിക്കു പാതാളത്തിൽ—കശ്മല! നിനക്കു് അതിന്നുള്ള കാലമടുത്തു." ഇത്രമാത്രമേ പത്മിനിക്കു പറവാൻ കഴിഞ്ഞുള്ളു.

ആത്മഹത്യയ്ക്കുള്ള ആലോചനയെല്ലാം റാണി തള്ളിക്കളഞ്ഞു. ജീവനാഥനെ മോചനം ചെയ്യാനുള്ള മാൎഗ്ഗം എവിടെ? ചിതോർ വീണ്ടെടുക്കുന്നതിനുള്ള വഴിയെന്തു്? പട്ടാണിയുടെ നേരെ എങ്ങനെ പകവീട്ടും?

എന്നിങ്ങനെ പല നിനവുകളും പാഞ്ഞുകയറി അവളുടെ കരൾത്തടം കുത്തിയിളക്കി. അന്നത്തെ രാത്രി ദേവിക്കു ശിവരാത്രിയായിരുന്നു. കുറെ നേരം മെത്തയിൽ കിടന്നുരുളും; എഴുന്നേററു ശയ്യാഗൃഹത്തിൻെറ പുറത്തുവന്നു മാളികമുകളിൽനിന്നു നിമ്മലമായ നഭോവീഥിയിലേയ്ക്കു ശൂന്യദൃഷ്ടിയോടെ നോക്കും; മററൊരിക്കൽ പട്ടാണിനാഥൻെറ പാളയത്തിലേയ്ക്കു മിഴിയോടിക്കും.

ദേവിയുടെ മനസ്സിൽ പതിയെസ്സംബന്ധിച്ചുള്ള ഭീതിമാത്രമല്ല ഇഴഞ്ഞുകയറിത്തുടങ്ങിയിട്ടുള്ളതു്. "ചിതോരിൻെറ സ്ഥിതിയെന്താണു്" എന്ന ചിന്ത ആദ്യം അങ്കുരിക്കും. രാജ്ഞിയുടെ വദനാരവിന്ദത്തിൽ പെട്ടന്നു് ഒരു മ്ലാനത പരക്കും. അവരുടെ ആലോചന ഇതായിരുന്നു:

"അല്ലാവുദ്ദീൻ എൻെറ പ്രാണേശ്വരനെ ബന്ധനസ്ഥനാക്കിയതുകൊണ്ടുമാത്രം തൃപ്തിപ്പെട്ടുമെന്നു്, എങ്ങനെ ഊഹിക്കാം? റാണയുടെ വലംകൈയായ വല്ലഭൻെറ അവസ്ഥ ഇപ്രകാരമായിരിക്കെ, ചിതോരിൻെറ പകുതി ബലം നശിച്ചതുപോലെയായി. അതു് ആലോചിപ്പാൻ അല്ലാവുദ്ദീന്നു ബുദ്ധിയില്ലാതിരിക്കുമോ? അവൻ ഏതാനും നാൾക്കുള്ളിൽ ചിതോർ കൈവശപ്പെടുത്തി രാജസ്ഥാനത്തിലെ അബലകളെ അപമാനിക്കാൻ കച്ചകെട്ടിപ്പുറപ്പെടും! നഗരം ചുട്ടു വെണ്ണീറാക്കും! ഈ അനത്ഥത്തിനൊക്കെ ഞാൻ ഒരുവളല്ലേ കാരണം? ബ്രഹ്മാവു് എന്തിനു് ഇത്ര രൂപലാവണ്യം എനിക്കു തന്നു? ഞാൻ ആത്മഹത്യ ചെയ്താൽക്കൂടിയും ആ നരാധമൻെറ

ദ്രോഹബുദ്ധി കഴിഞ്ഞുപോകുമെന്നു വിശ്വസിപ്പാനും വഴിയില്ല. അത്രയ്ക്കു് അതിരുകവിഞ്ഞതാണു് അവൻെറ രാജ്യലാഭതൃഷ്ണ!"

ജീവത്യാഗംകൊണ്ടു പ്രയോജനമൊന്നുമില്ലെന്നു് ആ ദേവിക്കു വെളിവായി. ഇങ്ങനെ അവർ ഓരോന്നു ചിന്തിച്ചു. "പ്രിയതമൻമാത്രമാണു് ചിതോരിൻെറ ഉദ്ധാരകൻ. അവിടുന്നു തിരിച്ചെത്തിയാൽമാത്രമേ രാജ്യരക്ഷയുള്ളൂ. അതെങ്ങനെ സാധിക്കും? പട്ടാണികളോടു് ഒന്നരക്കൊല്ലത്തോളം പടവെട്ടി ക്ഷീണിച്ച രജപുത്രരിലൊന്നിനും സാധ്യമല്ല. സംഖ്യയില്ലാത്ത പട്ടാണിസൈന്യങ്ങളുടെ മുമ്പിൽ ഇവരെങ്ങനെ നില്ക്കും? ചാരന്മാരെ ചട്ടംകെട്ടി കാരാഗൃഹത്തിലെ പാറാവുകാരെ പണംകൊടുത്തു പാട്ടിലാക്കി, വല്ലഭനെ മോചനംചെയ്വാൻ വഴിയുണ്ടോ? അത്രയ്ക്കു വിരുതുള്ളവരാരാണു്? രജപുത്രവീരർ പ്രാണഭയംകൊണ്ടു പിന്മാറുന്നവരല്ല. ഇവിടെ പ്രാണപരിത്യാഗംകൊണ്ടെന്താണു് ഫലം? വെറും ധൂർത്തന്മാരെക്കൊണ്ടേ ഇത്തരം കൂടതന്ത്രങ്ങൾക്കു പ്രതിക്രിയ ചെയ്വാൻ സാധിക്കൂ. ധർമ്മവീരരായ രജപുത്രർക്കു പററിയതല്ല ഇപ്പണി."

ഇങ്ങനെ റാണിയുടെ ഹൃദയം നാനാചിന്തയ്ക്കു നടനാരംഗമായിത്തീർന്നു. മോചനമാർഗ്ഗമൊന്നും കണ്ടുകിട്ടിയില്ല. കോമളാംഗുലിയിൽ തിളങ്ങിക്കൊണ്ടിരിക്കുന്ന വൈരമോതിരം ഊരിനോക്കി, യഥാസമയം അതുകൊണ്ടെങ്കിലും ഉപയോഗമുണ്ടായേയ്ക്കാമെന്നു നെടുവീർപ്പിട്ടു. മററൊരു സംശയം മനസ്സിൽ മുളച്ചു. പത്മിനി വശംവ

ദയായാൽത്തന്നെയും സിംഹനെ വിട്ടയയ്ക്കുമെന്നു് എങ്ങനെ വിശ്വസിക്കാം? വിശ്വാസഘാതകരെ ആരെങ്കിലും നമ്പുമോ?

വാടിയ വദനത്തോടുകൂടി ഇങ്ങനെ ദേവി ചിന്തയിൽ നീന്തിക്കൊണ്ടിരിക്കേ, പൌർണ്ണമിച്ചന്ദ്രൻ പശ്ചിമാകാശത്തിൻെറ കോണിൽ അവരുടെ അഭിമുഖമായി വന്നു. ഇളംകാററു വീശിത്തുടങ്ങി. ലോകാഹ്ലാദകനായ അമൃതകിരണനെ ദേവി കണ്ടു് ആലോകനംചെയ്തു. പെട്ടന്നു പത്മിനിയുടെ മുഖം വികസിച്ചു. "ശഠേ ശാഠ്യം സമാചരേത്" എന്ന ശബ്ദം അവരുടെ മുഖത്തുനിന്നു പൊട്ടിപ്പുറപ്പെട്ടു. കപടപടുവായ പട്ടാണിനാഥൻ ഒരു പാഠം പഠിക്കുമെന്നു ദേവിക്കു് ഉത്സാഹംതുളുമ്പി.

അനന്തരം പത്മിനി ശയ്യാഗൃഹത്തിൽ ചെന്നു നിശ്ചിന്തയായി നിദ്രകൊണ്ടു.

## അധ്യായം രണ്ടു്

മധ്യാഹ്നം. മന്ദസ്മേരമുഖിയായി പത്മിനി അരമനയുടെ മുൻഭാഗത്തു് ആരുടെയോ ആഗമനത്തെ ആലോകനംചെയ്തുകൊണ്ടു നില്ക്കുന്നു.

ബാദലൻ വന്നുചേൎന്നു. അവനെ കണ്ട ഉടനെ, "സേനാപതിയല്ലേ ഇതു്? ദർബാറിലെ വൎത്തമാനങ്ങളെന്തൊക്കെയാണു്" എന്നു് ആരാഞ്ഞു.

ബാദലൻ "അമ്മേ, ഇന്നുതന്നെ എൻെറ സേനാനായകത്വം അസ്തമിക്കുമെന്നു തോന്നുന്നു. നിങ്ങളോടൊ

ന്നു പറഞ്ഞിട്ടു പൊയ്ക്കളയാമെന്നു കരുതി വന്നതാണു്. ആ സംഗതി സത്യമാണോ?" എന്നു വ്യസനാതിരേകം ഭാവിച്ചു.

പത്മിനി:—(ചിരിച്ചു്) എന്തു സംഗതിയാണു് ബാദല?

ബാദലൻ "അമ്മ പട്ടാണിയുടെ......"ശേഷിച്ച വാക്കുകൾ വായിൽനിന്നു വെളിക്കു വീണില്ല. നെററിയിൽ ഞരമ്പുകളെടുത്തുപിടിച്ചു; കണ്ണുകൾ കലങ്ങി; മുഖം കനൽനിറം കലൎന്നു.

പത്മിനി:—ഉണ്ണി, ഇത്ര കാലം ഇവിടെയിരുന്നു നിന്നെപ്പോലെയുള്ള രജപുത്രന്മാരുടെ പരാക്രമം കണ്ടു. ഇനി പട്ടാണികളുടെ പാളയത്തിൽച്ചെന്നു് അവരുടെ ശൗൎയ്യവും കാണാമെന്നു കരുതുന്നു.

ബാദലൻ:—(ആശ്ചൎയ്യവും അരിശവും തുളുമ്പി) അമ്മേ, ഞാനെന്തു ചെയ്യട്ടെ? എന്റെ പേരിലെന്താണു് കുററം? റാണാജി ആരോടും ഒന്നും പറയാതെയും ആലോചിക്കാതെയും ഇങ്ങനെ സന്ധിക്കു സമ്മതിക്കുമെന്നു് ആരു കരുതി? ദാദാ (ഗോരാസിംഗ്) പേരിനുമാത്രം ഞാൻ സേനാപതിയെന്നു് എന്നോടു പറഞ്ഞിരുന്നതു പരമാൎത്ഥമാണു്. റാണാജി ഒന്നെന്നോടാലോചിച്ചിരുന്നെങ്കിൽ, എനിക്കിത്ര മനസ്താപം വരില്ലായിരുന്നു.

പത്മിനി:—ഉണ്ണി, പട്ടാണിയുടെ ചതിപ്രയോഗത്തിനു പററിയ ഒരു പാഠം പഠിപ്പിച്ചേ കഴിയൂ. അതിന്നു വേണ്ടിത്തന്നെയാണു് ഞാനങ്ങോട്ടു പോകുന്നതു്. എന്റെ ഒന്നിച്ചു നീയും വരണം.

"ഞാനോ! ഞാനും വരണമോ?" എന്നു ഗജ്ജിച്ചു വാളൂരി. "അമ്മേ, ഈ ഉടലിൽ ഉയിരുള്ള കാലംവരെ ആ നീചപ്പട്ടാണിയുടെ മുഖത്തു ഞാൻ നോക്കില്ല. ബാദലൻ അത്രയ്ക്കു വിഡ്ഢിയാണെന്നു വിചാരിക്കരുതു്. ഒരു സംഗതികൂടിപ്പറയാം. നിങ്ങൾ പട്ടാണിപ്പാളയത്തിലേയ്ക്കു പോകുന്നതു് ഒട്ടും ശരിയാണെന്നു് എനിക്കു തോന്നുന്നില്ല. അമ്മ അതിന്നൊരുങ്ങിയാൽ അന്നു ഞാൻ ജീവനുപേക്ഷിക്കും. അഭിമാനികളായ രജപുത്രക്കു മാനത്തേക്കാൾ പ്രാണൻ വലുതോ?"

പത്മിനി:—ഉണ്ണി, ഇങ്ങനെ ബദ്ധപ്പെടരുതു്. സമാധാനപ്പെട്ടു. ഞാൻ ഒററയ്ക്കല്ല പാളയത്തിലേയ്ക്കു പോകുന്നതു്. എഴുനൂറു പല്ലക്കുകൾ എൻെറ ഒന്നിച്ചുണ്ടാകും. ഓരോ പല്ലക്കിലും നാലു ഹമാലന്മാർവീതം ഉണ്ടായിരിക്കും. അവരിലൊരാൾ നീയാണു്.

ബാദലന്നു ദേവിയുടെ വാക്കിൻെറ സാരം മനസ്സിലായില്ല. അവൻ വിസ്മയാധീനനായി:—"നിങ്ങൾ എന്തോ ഒരു ഗൂഢതന്ത്രം ആലോചിച്ചിട്ടുള്ളതുപോലെ തോന്നുന്നു. ഹമാലന്മാരെല്ലാം എന്നെപ്പോലെയുള്ള യോദ്ധാക്കളായിരിക്കുമോ?"

പത്മിനി "കേവലം ഹമാലന്മാർതന്നെ. സൈനികർ അല്ല. പല്ലക്കിൻെറ ഉള്ളിലുള്ളവർ പടയാളികളായിരിക്കും. പത്മിനിയുടെ എന്നു പറയപ്പെടുന്ന പല്ലക്കിൽ രണശൂരനായ കാക്കാജിഗോരാസിംഹൻ ഉണ്ടായിരിക്കും" ബാദലന്നു പരമാഹ്ലാദം തോന്നി.

ബാദ:—പട്ടാണികഠം പല്ലക്കിലെത്തിച്ചുനോക്കിയാലോ? വാളും കുന്തവും എങ്ങനെയാണു് വഹിക്കുന്നതു്?

പത്മിനി:—അവയൊക്കെ പല്ലക്കുകളിൽത്തന്നെ ഒളിച്ചുവെക്കും.

ബാദലൻ പൊട്ടിച്ചിരിച്ചു. "അമ്മേ! നിങ്ങഠം പട്ടാണികളുടെ നീചതയ്ക്കു തക്ക പ്രതിക്രിയതന്നെയാണു് ആലോചിച്ചതു്. ഭീമസിംഹൻ നാളെത്തന്നെ ബന്ധനത്തിൽനിന്നു വിമുക്തനാകും. ഒന്നാംതരം ആലോചന! യവനരുടെ രക്തധാരകൊണ്ടു രണദേവത സംതൃപ്തയാകും. എൻെറ ഈ കരവാളിനു യവനരക്തത്തിലുള്ള തൃഷ്ണ നാളെത്തീരും" എന്നു വീര്യമിളക്കി ഉറയിൽനിന്നു വാളൂരി ഊക്കോടെ ഉലച്ചു.

## അധ്യായം മൂന്നു്

സിംഹനെ ബന്ധനസ്ഥനാക്കിയതുകൊണ്ടു വീരസിംഹി വശംവദയാകുമെന്നാണു് ആ വിടാധമൻ മനംകൊണ്ടു മാലകോർത്തതു്. എങ്കിലും അഭിമാനവതിയായ ഹിന്ദുരമണി അത്രവേഗം സ്വാധീനയാകുമോ എന്നുള്ള ആശങ്കയും അല്പമില്ലാതിരുന്നില്ല. സമ്മതിച്ചിരുന്നപ്രകാരം ആ മഹിളാരത്നം തൻെറ പാദതലത്തിൽ ഇത്രപെട്ടന്നു വന്നു പതിക്കുമെന്നു് അയാഠം കരുതിയില്ല. ഇന്നു റാണ അയച്ചിരുന്ന സന്ധിപത്രത്തിലെ നിശ്ചയങ്ങഠം നോക്കി അവൻ ആനന്ദപരവശനായി. ഇളംകാററിൽ പാറിക്കളിക്കുന്ന ശ്മശ്രുപാളികളെ പതുക്കെ

ഒതുക്കിത്തടവി, "ഹാ! കാഫർമാക്ക് ഇങ്ങനെത്തന്നെ വേണം. ഇതു് ആദ്യംതന്നെ ആവാമായിരുന്നില്ലേ? പതിനെട്ടു മാസത്തോളം നമുക്കും കഷ്ടനഷ്ടങ്ങൾ ഉണ്ടാക്കി. അവരും കണക്കിലേറെ പണിപ്പെട്ടു പടപൊരുതിയതിന്നെന്താണർത്ഥം? കാഫർമാർ ഒരുവക വിഡ്ഢികളാണു്, അവരുടെ ധർമ്മവും അവരുടെ കർമ്മവും! എന്തായിട്ടും നമ്മുടെ പിടിയിൽ വന്നുപെട്ടു. ഏതു രമണീരത്നത്തിനുവേണ്ടി ദില്ലിരാജസിംഹാസനം ഞാൻ ഒഴിച്ചിട്ടു നിർജ്ജനവും നിരാനന്ദവുമായ ഈ ദിക്കിൽ പതിനെട്ടു മാസത്തോളം വനവാസമനുഭവിച്ചുവോ, ആ അമൂല്യരത്നം എനിക്കിന്നു കിട്ടി. വെറും കാനൽജലമാണെന്നു കരുതിപ്പോയി! ആ കാമിനീതിലകത്തിൻെറ നേരെ എനിക്കുണ്ടായിരുന്ന അളവററ ആശ ഇന്നു പ്രത്യക്ഷമായി ഫലിച്ചു. നിശ്ചയമായും എൻെറ നേരെ പടച്ചവന്നു കൃപയുണ്ടു്. ഹാ! അള്ളാ! അവിടത്തെ അടിമയെ അങ്ങു് ഇന്നു് അതിധന്യനാക്കിത്തീർത്തു" എന്നിങ്ങനെ പലതും ജല്പിച്ചു. അന്നു നിലക്കണ്ണാടിയിൽ നിരീക്ഷണം ചെയ്തു,

ഫാലസ്ഥലത്തിലളകാളി കളിച്ച കാന്തി
കൂലംകവിഞ്ഞൊഴുകിടും വദനാരവിന്ദം,
ലോലങ്ങളായ നയനങ്ങ,ളിളംപ്രഭാത-
കാലത്തു പൂത്ത പനിനീർമലരൊത്ത ഗണ്ഡം.

ഇങ്ങനെ സർവ്വാംഗസൗന്ദര്യം അലയടിക്കുന്ന ആ ദേവാംഗനയുടെ സ്വരൂപം അവന്നു ഹൃദയമദ്ധ്യത്തിൽ തെളിഞ്ഞുകാണാറായി. അവൻ മതിമറന്നുപോയി. "പത്മി

നി പാദുഷയുടെ പട്ടമഹിഷി ആകുന്നതിനു മുമ്പുതന്നെ ഭീമസിംഹൻ പട്ടാണിപ്പാളയത്തിൽനിന്നു മുക്തനായി രാജധാനിയിൽ എത്തണം. ഭീമസിംഹൻ വിട്ടുപോകുന്നതുവരെ പത്മിനിയും എഴുനൂറു ദാസികളും സ്വതന്ത്രമായ ഒരു പ്രത്യേകവസതിയിൽ വിശ്രമിക്കണം" എന്നിങ്ങനെ സന്ധിപത്രത്തിൽ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. അല്ലാവുദ്ദീന്നു് അക്കാര്യം അനുചിതമായിത്തോന്നിയില്ല. അവൻ ആലോചിച്ചതു് "പ്രത്യക്ഷപതി ഇവിടെ ഇരിക്കെ, പത്മിനി എങ്ങനെയാണു് എന്റെ അരികെ വരിക? അതുകൊണ്ടു് എത്രയും വേഗത്തിൽ അയാളെ ഇവിടെനിന്നു് അകററിയേക്കാം. പത്മിനിയുടെ പല്ലക്കു ദൂരത്തുനിന്നു കാണേണ്ട താമസമേയുള്ളു" എന്നിങ്ങനെയാണു്.

പത്മിനിയോടു് എങ്ങനെയാണു് സംസാരിക്കേണ്ടതു്, പത്മിനിയെ എങ്ങനെയാണു് വിളിക്കേണ്ടതു് എന്നും മററും സങ്കല്പസ്വർഗ്ഗം സൃഷ്ടിച്ചു് അവൻ അതിൽ സുഖിക്കയായിരുന്നു. രത്നഖചിതങ്ങളായ വസ്ത്രാലങ്കാരങ്ങൾ ധരിച്ചു് ആ കാമകോമരം പത്മിനിയുടെ ആഗമനത്തെ നിർന്നിമേഷമായ നയനങ്ങളോടെ പ്രതീക്ഷിച്ചുകൊണ്ടു് അക്ഷമനായി നില്ക്കുന്നു. ഇങ്ങനെ ശാന്തസുന്ദരമായ ആ സന്ധ്യാകാലത്തു ചിതോരദുർഗ്ഗത്തിന്റെ മഹാദ്വാരത്തിൽ ജനക്കൂട്ടം നിരന്നുനിന്നതുപോലെ ഒരു കാഴ്ച കണ്ടു. അല്ലാവുദ്ദീൻ വിരിഞ്ഞ കണ്ണുകളെ ആ വഴിക്കു വിട്ടു. അതിന്നിടയിൽ ആകെ മൂടിയ അസംഖ്യം പല്ലക്കുകൾ സ്പഷ്ടമായി കണ്ടുതുടങ്ങി.

അക്കൂട്ടത്തിൽ പത്മിനിയുടെ പല്ലക്കേതായിരിക്കു മെന്നു് അല്ലാവുദ്ദീൻ പുരികം ചുളിച്ചു് ഉററുനോക്കി. ശിബികകഠം സമീപത്തെത്തിയപ്പോഠം അവൻെറ ഹൃദയം ആനന്ദത്താൽ നടമാടിത്തുടങ്ങി. ഒന്നിൻെറ പിന്നാലെ മറെറാന്നായി കൃഷ്ണവർണ്ണാങ്കിതമായ പല്ലക്കുകളെല്ലാം സാവകാശം പാളയത്തിന്നടുത്തെത്തി. ആരോ കാളസർപ്പവും യഥാകാലം തൻെറ സേനയെ കൊത്തിക്കൊല്ലുമെന്നു് ആ ദുരാത്മാവു് ആലോചിച്ചില്ല. ആ സർപ്പത്തിൻെറ പത്തിയിലുള്ള രത്നം എവിടെയെന്നേ അവൻെറ ദൃഷ്ടി ആരാഞ്ഞിരുന്നുള്ളു. പാമ്പിൻെറ ഫണമണിക്കു കൈ നീട്ടിയാൽ കടിയേല്ക്കുമെന്നു് ആ അവിവേകിക്കു ബോധമുണ്ടായില്ല. പടുവങ്കൻ!

പത്മിനിക്കു പ്രത്യേകം അടിച്ചിരുന്ന കൂടാരം ഒരു പട്ടാണിവന്നു കാട്ടിക്കൊടുത്തു. പാദുഷയുടെ ശിബിരത്തിന്നടുത്തുതന്നെ വേറെ വലുതൊന്നു് അടിച്ചു് അലങ്കരിച്ചിട്ടിരുന്നു. രജപുത്രർ എഴുനൂറു പല്ലക്കുകളും ആ തമ്പിലേയ്ക്കു കടത്തി. അനന്തരം ഏതാനും രജപുത്രസർദാർമാർ പാദുഷയുടെ അരികത്തു വന്നു ഭീമസിംഹനെ വിമുക്തനാക്കണമെന്നറിയിച്ചു.

അല്ലാവുദ്ദീൻ അവരോടു് "ഭീമസിംഹനെ വിടുവാൻ ഒട്ടും വൈകില്ല. അദ്ദേഹം ഇപ്പോഴെൻെറ ആത്മമിത്രമാണു്. ഞാൻ ഇന്നുതന്നെ ചിതോരം വിട്ടു ദില്ലിക്കു പോകുന്നു. നിങ്ങഠം ഭീമസിംഹനെ ഇക്ഷണം കൂട്ടിക്കൊണ്ടുപോയ്ക്കൊഠംവിൻ." ഭീമസിംഹനെ വിട്ടയയ്ക്കാൻ അല്ലാവുദ്ദീൻ അനുചരരോടാജ്ഞാപിച്ചു. സിം

ഹനെ ബന്ധിച്ചിട്ടുള്ള സ്ഥലം കാണിച്ചുകൊടുത്തു. അവരങ്ങോട്ടു നടന്നു.

രണ്ടുമൂന്നു സർദാർമാരൊന്നിച്ചു സിംഹൻ ചിതോരദുർഗ്ഗത്തിലേയ്ക്കു പുറപ്പെട്ടു. അദ്ദേഹത്തെ ആരും മാർഗ്ഗമദ്ധ്യേ തടഞ്ഞില്ല. പാദുഷാ പാളയത്തിലിരുന്നു സിംഹൻ നിർവ്വിഘ്നം കോട്ടയിലെത്തിച്ചേരുന്നതു നോക്കിക്കണ്ടു. അപ്പോഴേയ്ക്കും നിനച്ചിരിയാതെ പട്ടാണിപ്പാളയത്തിൽ തിക്കും തിരക്കും ആർപ്പുവിളിയും മുഴങ്ങി. പാദുഷ പടകുടീരത്തിൽനിന്നെത്തിനോക്കി. അവൻെറ അന്തരംഗം വെന്തുരുകി. ഒരായിരം രജപുത്രഭടന്മാർ ആയുധപാണികളായി "ഹരഹര മഹാദേവ" എന്ന ജയദ്ധ്വനിയോടെ പട്ടാണികളോടു പടവെട്ടിത്തുടങ്ങി. ക്ഷണനേരം അല്ലാവുദ്ദീൻ ഭയവിസ്മയങ്ങളാൽ സ്തംഭിച്ചിരുന്നുപോയി; വായിൽനിന്നു് ഒരൊററ വാക്കു പുറപ്പെട്ടില്ല; എഴുന്നേററുനില്പാൻ കാൽ നേരേ വരുന്നില്ല. തൽക്ഷണം പടനായകനായ മാലിക്കാർഡ് പാഞ്ഞുവന്നു "ജഹാംപനാ, എല്ലാം അവതാളത്തിലായി! രജപുത്രർ നമ്മെ പററിച്ചു! ചിതോർകോട്ടയിൽനിന്നു പുറത്തുവന്ന ആദ്യത്തെ നാലഞ്ചു മേനാവിൽ വാസ്തവത്തിൽ പെണ്ണുങ്ങൾതന്നെയായിരുന്നു. പിന്നിലെ പല്ലക്കിൽ അന്തഃപുരത്തിലെ അബലകളല്ല! ഒന്നാന്തരം രണശൂരന്മാർ. പടയാളികളായിരുന്നു ഹമാലന്മാർ. ഓരോ പല്ലക്കിലും അസ്ത്രശസ്ത്രങ്ങൾ നിറച്ചുവെച്ചിരിക്കുന്നു. ഇനിയെന്തു ഗതി!" എന്നു് ഒരൊററ ശ്വാസത്തിൽ ഉദ്വേഗത്തോടെ നിവേദനം ചെയ്തു.

അല്ലാവുദ്ദീൻെറ കണ്ണുകൾ രോഷകഷായിതങ്ങളായി. നാസാഗ്രം വിറച്ചു. രണ്ടു കൈകൊണ്ടും മീശപിരിച്ച്, "കാഫറേ, നിനക്കു ദില്ലീശനായ എൻെറ നേരെ ഇത്ര ദർപ്പമോ? പേരിനുകൂടി ഒരൊററയെണ്ണത്തെ ബാക്കി വെയ്ക്കാതെ ഒക്കെക്കൊന്നു കുന്നാക്കുമ്പോൾ നിങ്ങൾക്കു ബോധമുണരും!" എന്നു് അട്ടഹസിച്ചു.

ഉടനെ സമരസന്നാഹത്തിനു സേനാപതിയോടു് ആജ്ഞാപിച്ചു. സേനാപ്രവാഹം അലച്ചുതള്ളി. ഒരിടത്തു് "അല്ലാഹു അക്ബർ," മററൊരിടത്തു "ഹരഹര മഹാദേവ" എന്നു സിംഹനാദങ്ങൾ വാനിൽ മാറെറാലിക്കൊണ്ടു മുഴങ്ങി; രണാങ്കണം ഭയങ്കരാകാരം ധരിച്ചു.

## അധ്യായം നാലു്

ബാദലനുവേണ്ടി ഗോരാസിംഹനു വീണ്ടും പടനിലത്തിൽ പ്രവേശിക്കേണ്ടതായി വന്നു. ഇതിന്നിടക്കു രജപുത്രരെല്ലാം പട്ടാണിപ്പടകളെ ഛിന്നഭിന്നമാക്കി. കോട്ടവാതിലിൻെറ അരികെ വന്നുചേൎന്നുവെങ്കിലും ബാദലൻമാത്രം എന്തൊക്കെയായിട്ടും തിരിച്ചുവന്നില്ല. ആ വീരകുമാരൻ യുദ്ധദേവതയുടെ കോമരംപോലെ കലികൊണ്ടു നിന്നിരുന്നതിനാൽ കോലംകൂടി മറന്നുപോയിരുന്നു. അയാളുടെ കൈവാൾ യവനസേനകളുടെ മധ്യത്തിൽ, കാർമേഘങ്ങളെപ്പിളൎന്നു പായുന്ന മിന്നൽപ്പിണർപോലെ തിളങ്ങി. കുരുക്ഷേത്രത്തിൽ, കൗരവമധ്യത്തിൽ അഭിമന്യു അലക്ഷ്യമായി അടരാടിയതുപോലെ.

നമ്മുടെ ബാലനായ ബാദലൻ രണോന്മത്തനായി യവനസേനാസമുദ്രത്തെ മഥനംചെയ്തു. ബാദലൻെറ എതിരില്ലാത്ത പടവിരുത്തു കണ്ടു പട്ടാണികഠം പകച്ചുനിന്നുപോയി. രജപുത്രരുടെ ജയഘോഷം ദിഗന്തമെങ്ങും ധ്വനിച്ചു.

ബാദലൻ പോരാടുന്ന സ്ഥലത്തു രജപുത്രർ എണ്ണത്തിൽ ചുരുക്കമായിരുന്നു. ഒരു പുതിയ ദളം പട്ടാണിസ്സൈന്യം ദൂരത്തുനിന്നു പാഞ്ഞുവന്നിരുന്നു. ഗോരാസിംഹൻ അതു് അന്ത്യപ്രയത്നമാണെന്നു തീരുമാനിച്ചു. ഇക്കുറി ബാദലനെ രക്ഷിക്കാഞ്ഞാൽ ഇനി ആശയ്ക്കു് അവകാശമില്ല. ഇരമ്പി അലച്ചുവരുന്ന പട്ടാണിപ്പട വന്നുവളഞ്ഞാൽ ബാദലനു പിന്മാറുകയേ നിവ്വാഹമുള്ളൂവെന്നു ഗോരാസിംഹൻ അറിഞ്ഞു. ഗോരാസിംഹൻെറ പടക്കുതിര നാലഞ്ചു കുതികൊണ്ടു ബാദലൻെറ വലത്തുഭാഗത്തു വന്നെത്തി. പട്ടാണികഠം അവരെച്ചുററി വളഞ്ഞു. യവനർ ആ പരാക്രമിയുടെ പയററുമുറകഠം കണ്ടു് അമ്പരന്നു നിന്നു.

ഈ വൃദ്ധനും ബാലനും ആരായിരിക്കുമെന്നു് അവരാലോചിക്കുവാൻ തുടങ്ങി. അവർ പല പടകളും കണ്ടിട്ടുണ്ടു്; പലരും പയററുന്ന മുറകളും നോക്കി മനസ്സിലാക്കിയിട്ടുണ്ടു്. എന്നാൽ ഇവരുടെ യുദ്ധസമ്പ്രദായങ്ങഠം വളരെ അപൂവ്വവും ആശ്ചര്യകരവുമായിരുന്നു.

സിംഹൻ ബാദലനോടു് "പുറപ്പെടൂ! പുറപ്പെടൂ! കോട്ടയിലേയ്ക്കു പോവുക. താമസിച്ചാൽ വലിയ അനത്ഥം പിണഞ്ഞേയ്ക്കും. പട്ടാണികളോടു പടയാടി നില്ക്കു

കയല്ല നാം ഉടനടി ചെയ്യേണ്ട ഉത്സാഹം. അതാ അങ്ങോട്ടു നോക്കു! പുതിയ സൈന്യം കുതിച്ചുപാഞ്ഞു വരുന്നു. അതട്ടത്തെത്തിയാൽ നാം കടൽത്തിരകളിൽപ്പെട്ട പൊങ്ങുതടിപോലെ ആയിത്തീരും. അതുകൊണ്ടു തക്കം നോക്കി കുതിരയെപ്പിന്നോക്കം തിരിച്ചു കോട്ടയ്ക്കു നേരെ വെച്ചടിക്കു. വൈകിയാൽ വൈഷമ്യമുണ്ടു്."

അതിന്നു ബാദലൻ "ഇല്ല ഇല്ല" എന്നു നിഷേധിച്ചു. സമരശൂരനായ കുമാരൻ തന്നത്താൻ മറന്നുപോയിരിക്കുന്നു. അരാതികളെ അടിച്ചമർത്തുന്നതിലായിരുന്നു ശ്രദ്ധ മുഴുവൻ പതിഞ്ഞിരുന്നതു്. സിംഹൻെറ വാക്കുകളൊന്നും കർണ്ണരന്ധ്രത്തിൽ കടന്നില്ല. സിംഹൻ കൈമാടി വിളിച്ചു; അരപ്പട്ട പിടിച്ചുവലിച്ചു. എന്നാൽ ബാദലൻ ഇപ്പോൾ ഒരു ബധിരൻ; കേവലം പ്രജ്ഞാശൂന്യൻ. വിപത്തിൻെറ ദംഷ്ട്രയിൽ പെട്ടുപോയി എന്നു സിംഹൻ തീർച്ചപ്പെടുത്തി.

നോക്കിക്കൊണ്ടിരിക്കെ, പട്ടാണിപ്പട പരന്നെത്തി. പ്രബലമായ ഒരു പ്രവാഹം അലച്ചുതള്ളുമ്പോൾ, അതിൽപ്പെട്ട വസ്തുവിൻെറ ശക്തിയെ അധഃകരിച്ചു് ഒന്നിച്ചു വലിച്ചുകൊണ്ടു പോകുന്നതുപോലെയായിരുന്നു ആ രണ്ടു രണശൂരന്മാരുടെയും അവസ്ഥ. ബാദലൻ കുതിരപ്പുറത്തുനിന്നു് ഉരുണ്ടുവീഴാറായി. സിംഹൻ ഹര! ഹര! മഹാദേവ! എന്നാർത്തു ബാദലൻെറ മുമ്പിൽനിന്നു പോരാടിത്തുടങ്ങി.

ഇതുവരെ ആ വൃദ്ധയോദ്ധാവു ബാലനായ ബാദലന്നുവേണ്ടിയായിരുന്നു അങ്കം വെട്ടിയിരുന്നതു്. ഇപ്പോ

ളാകട്ടെ ശത്രുസംഹാരമായിരുന്നു ഉദ്ദേശം. അദ്ദേഹം "ഇന്നു് ആത്മരക്ഷണത്തെപ്പററിയുള്ള ആലോചനയില്ല. മരിച്ചാൽ വീരസ്വൎഗ്ഗം! ഈ ശരീരപഞ്ജരത്തിൽനിന്നു പ്രാണപക്ഷി പറന്നുപോകുന്നതുവരെ യഥാശക്തി എതിരാളികളെ കൊന്നൊടുക്കുന്നുണ്ടു്" എന്നു നിശ്ചയിച്ചു. ആ മഹാരഥൻെറ ഉടവാളുലച്ചലിൽ അനേകം പട്ടാണികഠം നിലംപതിച്ചു.

ആ വിക്രമിയുടെ അദൃശ്യവീൎയ്യവും പ്രൗഢഗംഭീരഭാവവും കണ്ടു സംഖ്യാതീതമായ ശത്രുസേനയ്ക്കുകൂടി അഭിമുഖമായി നില്പാൻ ധൈൎയ്യമുണ്ടായില്ല. അവർ പതുക്കെപ്പിന്തിരിഞ്ഞുതുടങ്ങി. ബാദലനും സമീപത്തുണ്ടു്. ആ വീരകിശോരൻ സിംഹൻെറ യുദ്ധപരാക്രമം ക്ഷണനേരം നിൎന്നിമേഷനായി നിരീക്ഷിച്ചുകൊണ്ടു നിന്നു; അനന്തരം ഹസ്തതാഡനത്തോടുകൂടി പ്രോത്സാഹനം ചെയ്തു.

സിംഹൻ ആനന്ദലഹരിയിൽ ലയിച്ചു. സിംഹൻെറ ഖഡ്ഗം പൂൎവ്വാധികവേഗത്തിൽ വ്യാപരിച്ചു തുടങ്ങി. പൊടുന്നനവെ സിംഹൻെറ പടക്കുതിര ഒരു പട്ടാണിയുടെ വെട്ടേററു വീണുപോയി. സിംഹൻെറ ഹൃദയം നിമിഷനേരം നടുങ്ങി. എങ്കിലും ധൈൎയ്യമവലംബിച്ചു്, നിലത്തുനിന്നുതന്നെ പോരാടി. ബാദലൻ ഇതു കണ്ടു കുതിരപ്പുറത്തുനിന്നിറങ്ങി. തൻെറ അശ്വത്തെ സ്വീകരിച്ചുകൊള്ളുവാൻ അൎത്ഥിച്ചു. പക്ഷേ സിംഹൻ സമ്മതിച്ചില്ല.

അനേകം പട്ടാണികഠം ഏകകാലത്തുതന്നെ സിംഹനോടെതിൎത്തു. പത്തുപേർ വളഞ്ഞുനിന്നു വാഠം വീ

ശി. ധനുർവ്വേദം കലക്കിക്കുടിച്ച ആ ആര്യയോദ്ധാവി ൻെറ മെയ്യിൽ ഒരൊററ വാളെങ്കിലും സ്പർശിച്ചില്ല. അ ദ്ദേഹത്തിൻെറ നീണ്ടിരുണ്ട വാൾ വീശുന്ന വേഗത്തിൽ അതെല്ലാം പ്രതിഹതമായി. ഛിന്നശിരസ്സുകൾ നില ത്തു കിടന്നുരുണ്ടുതുടങ്ങി. മുറിവേററ പാണിപാദം പൊ ടിപടലമണിഞ്ഞു കിടക്കുന്നു. എങ്ങും നിണപ്രവാഹം. എങ്കിലും നമ്മുടെ രണോന്മത്തൻ എള്ളോളം പിന്മാറി യില്ല. ബാദലൻ "ജയ രജപുത്രവീര ജയ" എന്നു് ഉ ദ്ഘോഷിച്ചു് ഉത്തേജനം ചെയ്യുന്നുണ്ടു്. നാലുപാടും യവനസേന! ഉടലാസകലം യവനരുടെ രക്തധാര! പാ ദതലത്തിൽ നിലംപതിച്ച ശവശരീരങ്ങൾ! എന്നാൽ എത്ര നേരംവരെ ഒററയ്ക്കിങ്ങനെ തട്ടംതടവുമായി നി ല്ക്കും? ക്രമേണ ബാഹുക്കൾക്കു ബലം ക്ഷയിച്ചുതുടങ്ങി; മുറിവുകളിൽനിന്നു ചോര ചൊരിഞ്ഞു; ദേഹം കുഴഞ്ഞു; കരവാൾ കമ്പിതമായി. അപ്പോൾ ഗോരാസിംഹൻ "ബാദലാ, കഴിയുമെങ്കിൽ ഇനിയെങ്കിലും ആത്മരക്ഷ നോക്കിക്കൊള്ളുക. എനിക്കു തല തിരിയുന്നു" എന്നു പാരവശ്യം ഭാവിച്ചു. അദ്ദേഹത്തിൻെറ പാർശ്വഭാഗ ത്തിൽ പററീട്ടുള്ള ഭയങ്കരമായ ഒരു മുറിവു് ആരും ക ണ്ടിരുന്നില്ല.

ബാദലൻ മുന്നോട്ടു വന്നു വീണ്ടും പട തുടങ്ങി. സിംഹൻ വ്രണപ്പെട്ടു പിൻമാറിയതു കണ്ടു പട്ടാണികൾ ജയഘോഷം തുടങ്ങി. സേനാപതി മാലിഖാമ്പർ "പി ടിപ്പിൻ! ആ മുതുക്കൻെറ കഥ കഴിയാറായി. എന്താണു് നിങ്ങൾ മിഴിച്ചുനില്ക്കുന്നതു്?" എന്നലറി. അവർ ആ

വൃദ്ധസേനാനിയെ പിടിക്കുന്നതിരിക്കട്ടെ. ആ ബാലന്റെ ഖഡ്ഗപ്രയോഗത്താൽ പ്രാണൻ കളയാതെ വിട്ടുപോരുന്നതുതന്നെ വിഷമം. ബാലകൻ സാമാന്യനല്ല. കേസരികിശോരൻപോലെ വീരദർപ്പത്തോടുകൂടി വാൾ വീശിക്കൊണ്ടിരിക്കുന്ന ബാദലന്റെ അടുത്തേത്തിനോക്കാൻകൂടി ആ സൃഗാലങ്ങൾക്കു സാധ്യമല്ലായിരുന്നു.

മുഹൂർത്തമാത്രയിൽ ആ കരാളമായ ഖഡ്ഗം അനവധി പട്ടാണികളുടെ തല കൊയ്തു. ആ ബാലന്റെ ബാഹുബലവും കുശലതയും സുകുമാരമായ മുഖത്തു സ്ഫുരിക്കുന്ന ഉത്സാഹവും കണ്ടു പട്ടാണികൾക്കു പരാജയശങ്ക ജനിച്ചു. പക്ഷേ ഈ നില അധികനേരം നിന്നില്ല. അവന്റെ കുതിരയും വെട്ടേറ്റു വീണു. എങ്കിലും ആ അഭിമന്യു അധൈര്യപ്പെടാതെ നിന്നു പൊരുതി. ഇനി ആത്മരക്ഷണം ചെയ്കയേ നിർവ്വാഹമുള്ളു എന്നു തോന്നി. ശരീരത്തിൽ വീരമുദ്രകൾപോലെ പതിഞ്ഞിട്ടുള്ള വ്രണങ്ങളിൽനിന്നു രക്തം ഒലിച്ചുതുടങ്ങി. ഇവരിരുവരും മാത്രമേ രജപുത്രരിൽ അവശേഷിച്ചിട്ടുള്ളു. മൃതശരീരങ്ങൾ കുമ്പാരംപോലെ കൂടിക്കിടക്കുന്നു. അവരെ വളഞ്ഞിട്ടുള്ള പട്ടാണികൾ വളരെപ്പേർ ബാക്കിയില്ല. ഭാരതമാതാവിന്റെ വീരസന്താനങ്ങളേ, നാട്ടിന്റെ നന്മയ്ക്കും നാരിമാരുടെ മേന്മയ്ക്കും വേണ്ടി ജീവരക്തത്തെ ബലികഴിച്ച് അതുല്യപരാക്രമത്തോടുകൂടി അടരാടിയ നിങ്ങളുടെ നാമധേയം രജപുത്രചരിത്രത്തിൽ കനകലിപികളിൽ രേഖപ്പെടുത്തിയിരിക്കേണ്ടതുതന്നെ. ഇന്നും ഈ രണ്ടു രണശൂരന്മാരുടെ അപദാനങ്ങളെ വർണ്ണിച്ചുള്ള ഗാനാവലി

കശ രജപുത്രസ്ഥാനത്തിൽ ഇടയക്കുട്ടികശപോലും പാടി നടക്കുന്നുണ്ടു്.

രക്തവർണ്ണനായുദിച്ച സൂര്യൻ ഇതാ രക്തവർണ്ണനായിത്തന്നെ അസ്തമിക്കുന്നു. നിശാപുരന്ധ്രിയുടെ ചെറു കൈത്തിരിപോലെ അങ്ങുമിങ്ങും ചില നക്ഷത്രങ്ങശ തിളങ്ങാൻ തുടങ്ങി. ഭൂമിദേവി കപാലമാലകളാലും കട്ടം ചോരക്കളിയാലും ക്ഷത്രിയക്കനുരൂപമായ രൗദ്രരൂപം ധരിച്ചു. ബാദലൻ ക്ഷത്രിയകുലോത്പന്നനു് അനുരൂപമായ വിധത്തിൽ രാജ്യരക്ഷണം ചെയ്തു് ആത്മത്യാഗത്തിന്നൊരുങ്ങുകതന്നെയെന്നു സങ്കല്പിച്ചു. മാതാമഹനായ ഗോരാസിംഹൻ ശോണിതമണിഞ്ഞു ക്ഷിതിമാതാവിൻെറ മടിയിൽ സ്വൈരം ശയിക്കുന്നു. താനും താമസിയാതെ ആ പുരുഷപുംഗവൻെറ അരികെ സഹശയിക്കുന്നുണ്ടു്. എന്നിങ്ങനെ മൃതിയെ മിത്രമാക്കി ബാദലൻ പ്രാൎത്ഥിച്ചു: "ഭവാനീപതേ, ചിത്തോരിൻെറ മാനരക്ഷണത്തിനുവേണ്ടി ഞാൻ യഥാശക്തി യത്നിച്ചു. എൻെറ കൈകശക്കു കരുത്തില്ലാതായി. ഇനി അവിടുന്നുതന്നെ ആ ഭാരം വഹിക്കണം. ദുഷ്ടദമനവും ശിഷ്ടപാലനവും അങ്ങയുടെ കൎത്തവ്യമാണല്ലോ! ഹര! ഹര! മഹാദേവ" എന്നുച്ചരിച്ചതോടുകൂടി ബാദലൻ നിലംപതിച്ചു.

മഹാദേവൻ ആ വീരകുമാരൻെറ മനസ്സഴിഞ്ഞ പ്രാൎത്ഥന കേട്ടു യവനസംഹാരത്തിന്നായി തൻെറ ശബരസേനയെ അയച്ചതുപോലെ, കാർമേഘവർണ്ണരായ അസംഖ്യം ബില്ലർ രണരംഗത്തിൽ പാഞ്ഞുവന്നു പട്ടാണികളെ വെട്ടിനുറുക്കിത്തുടങ്ങി. പട്ടാണികശ അകപ്പി

തമായ ഈ ആക്രമണത്താൽ പകച്ച പലായനംചെയ്യാനൊരുങ്ങി.

ബാദലൻ ഈ ആശ്ചര്യകരമായ കാഴ്ചയാൽ നിശ്ചേഷ്ടനായി. "ഭീമസിംഹൻ കോട്ടയിലെ പോർച്ചേവകരൊത്തു വന്നതായിരിക്കുമോ! അല്ല! ഇവർ രജപുത്രരല്ല. ബില്ലർ! എവിടെനിന്നാണു് ഈ ബില്ലർ!" എന്നു വിചാരിച്ചുകൊണ്ടിരിക്കെ, ഒരു രജപുത്രസാദി ബാദലൻെറ അരികിലേയ്ക്കു ദ്രുതഗതിയിൽ വരുന്നതു കണ്ടു ബാദലൻ മിഴിച്ചുനോക്കി. അരുണസിംഹൻ!

"അരുണ! അരുണ!" ബാദലനു മറ്റൊന്നും പറവാൻ കഴിഞ്ഞില്ല.

അരുണൻ ബാദലൻെറ സമീപത്തു കുതിരപ്പുറത്തുനിന്നിറങ്ങി. രാജപുത്താനയുടെ അഭിമാനഭാജനമായ ബാദലൻെറ കാമനവിഗ്രഹത്തെ കൈ നീട്ടി കിടന്നേടത്തുതന്നെ കെട്ടിപ്പുണന്നു. അല്പനേരം ആരും ഒന്നും ഉരിയാടിയില്ല. ഒടുവിൽ അരുണൻ, "ബാദല, ഞാൻ ഇന്നു പ്രായശ്ചിത്തം ചെയ്യാനാണു് വന്നതു്. ഒരു നരാധമനാണു് ഞാൻ. ഇനി ഇവിടെ നില്ക്കാൻ എന്നാൽ സാധ്യമല്ല. അതാ നോക്കു, പട്ടാണിസ്സേനാപതി ഓടിപ്പോകുന്ന സൈന്യത്തെ തിരികെ വിളിച്ചുകൂട്ടി ഈ സ്ഥലത്തേയ്ക്കു വരുന്നു. ഞാൻ പോയ്വരട്ടെ, ഞാൻ പോകുന്ന വഴി നോക്കാതെ ദുർഗ്ഗത്തിൽച്ചെന്നു വിശ്രമിക്കു" എന്നു് അശ്വാരോഹണംചെയ്തു ശരവേഗത്തിൽ പട്ടാണിപ്പടനടുവിൽ പ്രവേശിക്കുന്നതിന്നു പുറപ്പെട്ടു.

അപ്പോഠ ബാദലൻ:—"അരുണസിംഹ, ഇനിയും പലതും പറയാനുണ്ടു്. തക്ക സമയമല്ല ഇതു്. ഞാൻ ഇവിടെത്തന്നെയിരിക്കാം. ഇതേസ്ഥലത്തുതന്നെ നീ തിരിച്ചുവരാതിരുന്നാൽ ഞാൻ ഒരു കാലത്തും ചിതോരത്തിൽ കാലെടുത്തുവെയ്ക്കുന്നതല്ല. വേഗം വരൂ! വേഗം വരൂ!" എന്നുച്ചത്തിൽ വിളിച്ചുപറഞ്ഞു. ബാദലൻെറ ശ്രവണപുടത്തിൽ "കൊള്ളാം" എന്നു സ്പഷ്ടമായ ഒരു ശബ്ദം പതിച്ചു. അപ്പോഠ അയാഠ പതുക്കെ എഴുന്നേററു ഗോരാസിംഹൻ ശയിക്കുന്നേടത്തേയ്ക്കു പുറപ്പെട്ടു. ശവശരീരങ്ങഠ ചവിട്ടിച്ചവിട്ടിക്കടന്നു് ഒരുവിധം സിംഹൻെറ അടുത്തെത്തി, "ഹാ, ഹാ! ക്ഷത്രിയവീരാ, അങ്ങയ്ക്കു് ഈ ശയ്യാതലംതന്നെയാണു് യോജിച്ചതു്" എന്ന വാക്കുകഠ ബാദലൻെറ മുഖത്തുനിന്നു പുറപ്പെട്ടു.

ഗോരാസിംഹൻ ഇതാ ഇഹലോകത്തോടു യാത്ര പറഞ്ഞിരിക്കുന്നു. ആ വീരസിംഹൻെറ ശരീരം ഏതൊരു ശയനീയത്തിൽ വിശ്രാന്തികൊള്ളുന്നുവോ അതു ദേവദുർല്ലഭമാണു്. നിണംകൊണ്ടു മെഴുകിയ നിലത്താണു് സിംഹൻ ദീർഘനിദ്രകൊള്ളുന്നതു്. എന്തു ദാരുണമായ കിടപ്പു്. രണ്ടു പട്ടാണികളുടെ മൃതദേഹങ്ങഠ ശയ്യോപധാനമാക്കി, ഇരുപാൾശ്വങ്ങളിലും ഓരോന്നും, മുറിപ്പെട്ടതൻെറ ഇടത്തേ തുടയ്ക്കു മറെറാന്നും ഇട്ടുകൊണ്ടാണു് ശയിക്കുന്നതു്. ബാദലൻ ആശ്ചര്യപ്പെട്ടു് അവിടെത്തന്നെ ഇരുന്നുപോയി.

ഉദ്ദേശം പത്തു നാഴിക രാച്ചെന്നു. അരുണസിംഹൻ പിണങ്ങഠ തടഞ്ഞും മറിഞ്ഞും അവിടെ എത്തി.

അപ്പോൾ ബാദലൻ:—"അരുണസിംഹ, ദാദയുടെ മരണശയ്യ കണ്ടുവോ? അരുണ, ക്ഷത്രിയവീരക്കു് ഇതിലും മീതെ ഇനി എന്താണു് വേണ്ടതു്?"

അരുണൻെറ കണ്ണുകളിൽ ബാഷ്പങ്ങൾ തുളുമ്പി. അയാൾ, "ബാദല, ഇങ്ങനെയുള്ള വീരപുരുഷന്മാൎക്കു യോഗ്യമായ ശയ്യയിൽ കിടക്കുന്നതിന്നുമാത്രം പുണ്യം ഞാൻ ചെയ്തിട്ടില്ല. ഞാൻ മഹാപാപി! ഈ ആപത്കാലത്തിൽ ചിതോരിലെ ഒരു സാമാന്യസൈനികനെപ്പോലെയെങ്കിലും പൊരുതു രണാങ്കണത്തിൽ ജീവത്യാഗംചെയ്വാൻകൂടി എനിക്കു ഭാഗ്യമില്ലാതെപോയി" എന്നടക്കുവാൻ വയ്യാത്ത ശോകാവേശം വ്യക്തമാക്കി.

ബാദലൻ അരുണസിംഹനെ പാരവശ്യത്തോടെ പതുക്കെ എണീററു നോക്കി. അരുണൻ വീണ്ടും ആരംഭിച്ചു:—"ബാദല, പട്ടാണികൾ പരാജയപ്പെട്ടു. അവരെക്കൊണ്ടു ചിതോരിന്നു് ഇനി ഭയത്തിന്നവകാശമില്ല. അല്ലാവുദ്ദീൻ നേരം വെളുത്താൽ ഇവിടെനിന്നു തിരിക്കും. എന്നാൽ എൻെറ മനസ്സിന്നുമാത്രം ശാന്തിയില്ല, സമാധാനമില്ല. ആരും എന്നെ ഇന്നു പോൎക്കളത്തിലേയ്ക്കു ക്ഷണിച്ചിട്ടില്ല. ഞാൻതന്നെ യുദ്ധംചെയ്തു മൃതിയെ വരിച്ചു്, എൻെറ പാപകൎമ്മത്തിന്നു പ്രായശ്ചിത്തം ചെയ്യുന്നതിന്നാണു് ചാടിവന്നതു്. പക്ഷേ അതും സാധിച്ചില്ല. മൃത്യുദേവതയ്ക്കുംകൂടി എന്നെ വേണ്ടെന്നു തോന്നുന്നു. എനിക്കു് എവിടെയാണിനി ആശ്രയസ്ഥാനം! ബാദലാ! എനിക്കു പ്രായശ്ചിത്തം ചെയ്യുന്നതിന്നു് എന്തെങ്കിലും ഒരു മാൎഗ്ഗം കാണിച്ചുതരൂ."

ബാദലൻ:—അരുണസിംഹ, എന്തിനാണ് വ്യസനപ്പെടുന്നതു്? വരു! എൻെറ കൂടെ വരു! ഇന്നു നിങ്ങളുടെ വിക്രമംകൊണ്ടാണ് ചിതോരിന്നു രക്ഷ കിട്ടിയതു്. റാണ നിശ്ചയമായും നിനക്കു മാപ്പു തരും.

അരുണസിംഹൻ തല താഴ്ത്തി, "ബാദല, അതൊരിക്കലും നടക്കാത്ത കാര്യമാണ്. ചിതോരിൽ എനിക്കിനി ഇടമില്ല. ചിതോക്ക് തിരിച്ചുപോകാനുള്ള ആശയും ഇനി എനിക്കില്ല. ചിതോരിൻെറ സുഖദുഃഖങ്ങളിൽ പങ്കുകൊള്ളണമെന്നുമാത്രമേ എനിക്കു മോഹമുള്ളൂ. ഒരുപക്ഷേ ചിതോരിൻെറ സുഖകാലത്തു് എന്നെ സ്മരിച്ചില്ലെങ്കിലും, ദുഃഖകാലത്തെങ്കിലും എന്നെ ഓത്തു് അവർ അതിൽ എന്നെ ഭാഗഭാക്കാക്കിയെങ്കിൽ ഞാൻ കൃതാത്ഥനായി.

ബാദലനു് ഇതിൻെറ അത്ഥം മനസ്സിലായില്ല. അയാൾ വിസ്മിതനേത്രനായി അരുണൻെറ മുഖത്തു നോക്കിക്കൊണ്ടു നിന്നു. അരുണൻ മുഖം അല്പമൊന്നു് ഉന്നമിപ്പിച്ചു് ആശ്ചര്യപ്പെട്ടുനില്ക്കുന്ന ബാദലൻെറ മുഖത്തു ബദ്ധദൃഷ്ടിയായി പുഞ്ചിരിക്കൊണ്ടു്, "ബാദല, ഞാൻ പറഞ്ഞതു മനസ്സിലായില്ലെന്നുണ്ടോ? നിനക്കെങ്ങനെയാണ് അതു മനസ്സിലാകാൻ മാഗ്ഗം? ആ ബില്ലരുടെ പട നീ കണ്ടില്ലേ?"

ബാദലൻ ആശ്ചര്യത്തോടെ, "ആ ബില്ലർ എവിടത്തുകാരാണ്? മലഞ്ചോലകൾപോലെ തല്ലിയലച്ചുവന്നു പട്ടാണിസ്സൈന്യത്തെ അവർ പാടേ ഓടിച്ചുകളഞ്ഞു. അരുണ, നിങ്ങൾ അവരെയൊക്കെ എവിടെനിന്നാണ് സമ്പാദിച്ചതു്?"

അരുണൻ:—ചിതോരിലെ സിംഹാസനം കൊടുത്തിട്ടാണു് അവരുടെ ആധിപത്യം വാങ്ങിയതു്. ഒരു ബില്ലയുവതി തൻെറ ഹൃദയസിംഹാസനത്തിലെ അദ്ധഭാഗം എനിക്കപ്പിച്ചിരിക്കുന്നു.

ബാദലന്നു് ഈ വാക്കിൽ പെട്ടന്നു വിശ്വാസം വീണില്ല. അയാൾ ഇങ്ങനെ മനോഗതംചെയ്തു: "അരുണസിംഹൻ എന്താണീപ്പറയുന്നതു്? അദ്ദേഹം മഹാറാണയുടെ സീമന്തപുത്രനായിരുന്നിട്ടു് ഈ കാട്ടിലെ ഒരു വേടനാരിയുടെ പ്രണയപാശത്തിൽ കുടുങ്ങിപ്പോയെന്നോ?" അരുണൻ മുഖഭാവത്തിൽനിന്നു മനോഗതം മനസ്സിലാക്കി: "ബാദല, പരിഭ്രമിക്കാനൊന്നുമില്ല. യഥാൎത്ഥത്തിൽ ആ രമണി ബില്ലകുലത്തിൽ പിറന്നവളല്ല. അവരുടെ പരിതസ്ഥിതികൊണ്ടു് അങ്ങനെ തോന്നിയതാണു്. പരിശുദ്ധമായ ഒരു രജപുത്രകുലത്തിൽ ജനിച്ചവളാണു്. ആഘോറിയാവേട്ടയിലെ കഥ ഓൎമ്മിക്കുന്നില്ലേ? ആ സൎവ്വാംഗസുന്ദരിയെ നീ കണ്ടിട്ടുള്ളതല്ലേ?"

ബാദലൻ:—ആ! മനസ്സിലായി! അന്നു മാടത്തിൽ ചോളക്കൃഷിക്കു കാവൽ നിന്നിരുന്ന നാരീരത്നമല്ലേ?

അരുണസിംഹൻ:—അതേതെ. ആ സ്ത്രീ ബില്ലരുടെ അധിപതിയായ ഒരു രജപുത്രസർദാരുടെ ഒരേ ഒരു മകളാണു്. അവളാണു്, എനിക്കു് അഭയദാനം ചെയ്തവൾ.

ബാദലൻ:—അങ്ങനെയാണെങ്കിൽ അവർ ധൎമ്മപത്നിയാണല്ലോ.

അരുണസിംഹൻ "അതേ. അതിനേക്കാൾ വലുതായ വല്ല വാക്കുമുണ്ടെങ്കിൽ അതും പറഞ്ഞോളൂ. അവളാണ് എൻെറ ജീവിതാകാശത്തിലെ ധ്രുവനക്ഷത്രം. അസ്ത്രവിദ്യയിൽ അവളാണെൻെറ അദ്ധ്യാപിക.

കാലാന്ധകാരനിരയിൽ കനകപ്രദീപ-
ജ്വാലാസമം, മരുവിൽ വാനവർ ഗംഗപോലെ

അവളെനിക്കു പ്രത്യക്ഷപ്പെട്ടു. ഞങ്ങളുടെ പ്രണയബന്ധത്തെ ഏതു മൂച്ചയുള്ള വാളിനും ശിഥിലമാക്കാൻ കഴികയില്ല. അമ്ലാനപ്രസൂനമാണ് അനുരാഗം. എന്നും വസന്തപ്രഭാതം അതിനെ ചുംബിച്ചു സൗരഭ്യം പരത്തും. സ്വർഗ്ഗീയമായ ആ സ്വയംപ്രഭയെ ഒരു കാർമേഘത്തിനും അധികനേരം മറച്ചുനില്ക്കുവാൻ സാധിക്കയില്ല!" എന്ന് അരുണൻ പ്രേമകോമളമായ കവിഹൃദയം വെളിപ്പെടുത്തി. അരുണൻ ഒരു കവിയാണെന്നു വായനക്കാർ വിസ്മരിച്ചിരിക്കയില്ലല്ലോ.

ജീവിതത്തിൻെറ പുതുപുലച്ചയിൽമാത്രം കാലെടുത്തുവെച്ച ആ കുമാരനു് ഇതൊക്കെ എത്രത്തോളം അറിയാം? ബാദലൻ "അരുണസിംഹാ, എന്നാൽ ഇനി നിങ്ങൾക്കു രാജധാനിയിൽ സ്ഥലമില്ല. ഹായ്! ഇതെന്തൊരബദ്ധമായിപ്പോയി. വിധിയുടെ ഗതി വിചിത്രംതന്നെ. കൊള്ളാം. നിങ്ങളുടെ വഴിക്കു നിങ്ങൾ പൊയ്ക്കോളൂ. ഞാൻ കോവിലകത്തേയ്ക്കു പോകുന്നു. റാണാ എൻെറ വരവും കാത്തിരിക്കുന്നുണ്ടാകും" എന്നു പുറപ്പെടുവാനൊരുങ്ങി.

# അദ്ധ്യായം അഞ്ച്

ഇന്നത്തെ വമ്പിച്ച പോരാട്ടത്തിനുശേഷം അല്ലാവുദ്ദീൻ നിരാശയാൽ തൻെറ ശേഷിച്ച ഏതാനും ചില ഭടന്മാരോടുകൂടി ദില്ലിക്കു പുറപ്പെടാനുള്ള വട്ടമായി. യുദ്ധത്തിൽ മുറിവേററവരെ വിളിച്ചു സാവകാശം വന്നുകൊള്ളുവാൻ ആജ്ഞാപിച്ചു്, ചില വിശ്വസ്തസൈനികരോടുകൂടി അവൻ ആദ്യം ദില്ലിയിൽ എത്തിച്ചേൎന്നു.

അഭിമാനികളായ രജപുത്രർ കശ്മലനും കപടശീലനും അവിവേകിയുമായ പട്ടാണിനാഥൻെറ കൈയിൽനിന്നു ചിതോരിനെ അന്നുമിന്നും ഉദ്ധരിച്ചു. തന്നിമിത്തം അവരുടെ ആനന്ദത്തിന്നതിരില്ലായിരുന്നു. എന്നാൽ അരുണസിംഹൻെറയും ഗോരാസിംഹൻെറയും വിചാരം അവരുടെ സ്മരണയിൽ വരുമ്പോൾ, ആനന്ദം അഴൽപ്പാടിന്നു മൂലമായിത്തീരുന്നു.

മഹാരഥനായ ഗോരാസിംഹൻ മൃതിയെ ആലിംഗനംചെയ്തു. ആ രണശൂരൻെറ അതിരും എതിരുമില്ലാത്ത വിക്രമങ്ങളെ ഇന്നുവരെയും നേരിട്ടറിഞ്ഞു് അഭിനന്ദിക്കുവാൻ അവൎക്കു കഴിഞ്ഞിരുന്നില്ല. ഇന്നവൎക്കു് അതിന്നു യോഗമുണ്ടായി; എങ്കിലും ആ തേജഃപുഞ്ജം പെട്ടന്നു നിർവാണമടഞ്ഞു.

റാണാ ലക്ഷ്മണസിംഹനും റാണിയും ധനുർവ്വേദത്തിൻെറ മറുകരകണ്ട ആ മഹാത്മാവിൻെറ വിയോഗത്താൽ വ്യസനാൎത്തരായി. എങ്കിലും റാണ പുത്രനെ തിരിച്ചുവിളിക്കുവാൻ സമ്മതിച്ചില്ല.

ഗോരാസിംഹൻെറ പത്നി അത്യന്തം ശോകാകുലയായി; ജഗത്തു ശൂന്യമായിത്തോന്നി. തത്ക്ഷണം മനസ്സിൽ ഒരു ശാന്തി പടൎന്നു. ബാദലനെ വിളിപ്പിച്ചു പതിയുടെ ഓരോ പരാക്രമവും വൎണ്ണിച്ചുകേട്ടു് ആ ധൎമ്മദാരങ്ങൾ ആനന്ദാശ്രുക്കൾ പൊഴിച്ചു. ബാദലനെ കെട്ടിപ്പിടിച്ചു് ആ അപദാനങ്ങളെ ഒന്നുകൂടി വൎണ്ണിച്ചുപറയുവാൻ ആവശ്യപ്പെട്ടു. ബാദലൻ പ്രൗഢഗംഭീരമായ ഭാവത്തോടുകൂടി ആ ചിത്രം പ്രദൎശിപ്പിച്ചു. ചിതോരിലെ ദേവീക്ഷേത്രത്തിലേയ്ക്കു വിധവ സാനന്ദം നടകൊണ്ടു. ഭൎത്താവിൻെറ മൃതശരീരത്തെ അന്ത്യകൎമ്മങ്ങൾക്കായി അവിടേയ്ക്കു കൊണ്ടുവന്നിരുന്നു.

ചിതോരിലെ ആബാലവൃദ്ധം സ്ത്രീപുരുഷന്മാർ അവിടെ വന്നുചേൎന്നു. അവരെല്ലാം പൂമാലകൾകൊണ്ടും കുങ്കുമാദിവസ്തുക്കൾകൊണ്ടും ആ മഹാവീരനെയും പത്നിയെയും അലങ്കരിച്ചു. പുരോഹിതൻ മന്ത്രം ഉച്ചരിച്ചുകൊണ്ടിരിക്കെ ആ പതിദേവത ഭൎത്തൃചിതയിൽ പ്രവേശിച്ചു. രജപുത്രരെല്ലാം ദുഃഖമയമോ സുഖമയമോ ആയ ഭാവനയാൽ "ഹരഹര മഹാദേവ!" എന്നു ജയഘോഷണം ചെയ്തു.

# അഞ്ചാം ഖണ്ഡം

## അധ്യായം ഒന്നു്

ദില്ലിനഗരത്തിലെ ഒരു പാൾശ്വത്തിൽ പ്രവഹിക്കുന്ന യമുനാനദിയുടെ തീരത്തു് ഒരു ധവളശിലാതലത്തിൽ മുകിലസേനാപതി തുക്കിഖാനും ഗുജ്ജരാധിപനായ കരണരായനും വിശ്രമിക്കുന്നു. നീലതോയം നിറഞ്ഞൊഴുകുന്ന ആ വാഹിനി അടുത്തുള്ള പൂമേടകളുടെയും ശ്യാമളമായ വൃക്ഷലതാദികളുടെയും ആകാശമണ്ഡലത്തിൽ തിളങ്ങുന്ന ചന്ദ്രതാരങ്ങളുടെയും പ്രതിബിംബത്തെ ഒരുപോലെ ഉടലിലണിഞ്ഞു മന്ദഗതിയോടെ നടനംചെയ്തുകൊണ്ടിരിക്കുന്നു. തുക്കിഖാനും കരണരായനും തമ്മിലെന്തോ സല്ലപിച്ചുകൊണ്ടിരിക്കയാണു്. ഒരു ദ്വിഭാഷി അവരുടെ അഭിപ്രായങ്ങളെ അന്യോന്യം ഭാഷാന്തരപ്പെടുത്തി മനസ്സിലാക്കിക്കൊടുക്കുന്നുണ്ടു്.

തുക്കിഖാൻ:—അല്ലാവുദ്ദീൻ തിരിച്ചുവരുന്നുവത്രേ. ദൂതന്മാർ നമ്മെ വിവരം അറിയിച്ചിരിക്കുന്നു. ഇനിയെന്താണു് ചെയ്യേണ്ടതു്?

കരണരായൻ:—താമസിയാതെ ദുർഗ്ഗത്തിൽ കയറി അതു പിടിച്ചടക്കുകതന്നെ. അല്ലാവുദ്ദീൻ ദില്ലിയിലെത്തിച്ചേൎന്നാൽ കാര്യമൊക്കെ വിഷമമായിത്തീരും.

തുക്കിഖാൻ:—നമുക്കു കോട്ടയുടെ ഉള്ളിലെ വിവരങ്ങളൊന്നും നിശ്ചയമില്ല. സേനാപതി ജാഫർഖാന്റെ കീഴിൽ എത്ര സൈന്യമുണ്ടെന്നും അറിയില്ല. നമ്മു

ടെ പടയാളികൾക്കു പരിചിതമല്ലാത്ത സ്ഥലം നാം എങ്ങനെ നിങ്ങളുടെ വാക്കു പ്രമാണിച്ച് ആക്രമണം ചെയ്യും? അല്ലാവുദ്ദീൻ പുറത്തുനിന്നു വളഞ്ഞാലോ?

കരണൻ അല്പനേരം ആലോചനാമഗ്നനായിരുന്നു. അനന്തരം, "നിങ്ങൾ പറയുന്ന സംഗതി ഒരുപ്രകാരത്തിലാലോചിച്ചാൽ ശരിതന്നെ. പക്ഷേ അല്ലാവുദ്ദീൻ അതിനിടയ്ക്കു ചാടിവീഴുമെന്നുള്ള വിചാരംമാത്രം അത്ര ശരിയായില്ല. എന്തുകൊണ്ടാണെങ്കിൽ ആറേഴുദിവസം മുമ്പുതന്നെ ഇങ്ങോട്ടു പുറപ്പെട്ട അവൻെറ ഭടർക്കൂടി ഇനിയും ദില്ലിയിലെത്തിച്ചേർന്നിട്ടില്ല. പിന്നെ എങ്ങനെയാണ് അല്ലാവുദ്ദീൻതന്നെ വന്നുചേരുമെന്നു വിശ്വസിക്കാൻ വഴി? എൻെറ ഒന്നിച്ച് ഇപ്പോൾ അമ്പതു ശൂരരായ പടയാളികളെ പറഞ്ഞയയ്ക്കൂ. വെളുപ്പിന്നു മുമ്പ് എല്ലാ വിവരങ്ങളും നിങ്ങളെ അറിയിച്ചുകൊള്ളാം."

തുക്കിഖാൻ:—എങ്ങോട്ടാണ് പുറപ്പാട്?

കരണൻ:—ഞാൻ പാദുഷയുടെ അരമനയിൽ ഗൂഢമായി പ്രവേശിക്കും. ആദ്യംതന്നെ കമലയെ കൈവശത്തിലാക്കും. അതിന്നുശേഷമേയുള്ളു മററുള്ളതൊക്കെ. അന്തഃപുരത്തിലെ കാവല്ക്കാരോടും പരിജനങ്ങളോടും എതിർക്കുന്നതിനു് അമ്പതു മൊഗൾപടയാളികൾ മതി.

തുക്കിഖാൻ:—നിങ്ങൾ ആദ്യം നിങ്ങളുടെ കാര്യം നേടാനാണ് നോക്കുന്നതു്. കോട്ട കൈവശമാക്കിയാൽ നിങ്ങളുടെ കമല സ്വയമേവ സ്വാധീനയാകുമല്ലോ.

കരണൻ:—അങ്ങു് എന്നെ ഇത്ര കൃതഘ്നനെന്നാണോ കരുതിയതു്? കമലയും അന്തഃപുരത്തിലെ പരിജനങ്ങളുമെല്ലാം നമ്മുടെ കയ്യിലായാൽ കോട്ടയ്ക്കകത്തെ എല്ലാ ഉള്ളുകള്ളികളും നമുക്ക താനേ അറിയാറാകും. അതാണു് ഞാൻ ഈ ആലോചന അറിയിച്ചതു്. അന്യഥാ ചിന്തിക്കേണ്ടാ.

തുക്കിഖാൻ:—നിങ്ങൾ പറയുംപോലെ നിങ്ങളുടെ കമലയും ഭൃത്യജനങ്ങളും കോട്ടയിലെ 'കള്ളി' അറിയിക്കാതിരുന്നാലോ?

കരണൻ:—അതു ഞാൻ നോക്കിക്കൊള്ളാം. നിങ്ങൾ അതിനെപ്പററി ഒന്നും അറിയേണ്ടാ.

തുക്കിഖാൻ അധികമൊന്നും സംസാരിച്ചില്ല. തൻെറ സൈന്യത്തെ വിളിച്ചു് അവരിൽ അമ്പതുപേരെ കരണരായനോടൊന്നിച്ചു പോകണമെന്നും പറയുമ്പോലെ പ്രവത്തിക്കണമെന്നും ആജ്ഞാപിച്ചു.

## അധ്യായം രണ്ടു്

അന്നത്തെ നിശയുടെ നിശ്ചലതയെ ഭേദിച്ചുകൊണ്ടു രണ്ടുപേർ അല്ലാവുദ്ദീൻെറ ജനാൻഖാനയുടെ അരികേ വന്നുനില്ക്കുന്നു. അവരിലൊന്നു പുരുഷനും മറേറതു സ്ത്രീയുമാണു്.

പുരുഷൻ:—കമലാബീഗത്തിൻെറ വാസമന്ദിരം ഇതുതന്നെയോ?

സ്ത്രീ:—(വളരെ താണസ്വരത്തിൽ) അതെ.

പുരുഷൻ:—അവിടെ ആരൊക്കെയാണുള്ളതു്?

സ്ത്രീ:—അവിടെ മററാരുമില്ല; ബീഗം തനിച്ചുറങ്ങുകയാണു്.

പുരുഷൻ:—കൊള്ളാം. നിനക്കിനി പോകാം. പിടിക്കു! ഈ മോതിരം ദ്വാരപാലകൎക്കു കാണിക്കു. അവർ നിന്നെ പുറത്തേയ്ക്കു വിട്ടോളും. നടക്കു, നിന്നു വൈകേണ്ടാ. പുറത്തു ചെന്ന ഉടനെ വഴിക്കു നില്ക്കുന്ന സൈന്യങ്ങളോടു് ഒരുവിധത്തിലും ശബ്ദമുണ്ടാക്കാതെ അടങ്ങിയൊതുങ്ങി നില്ക്കണമെന്നു ഞാൻ പറഞ്ഞതായി അറിയിക്കു. ഇവിടെ ഇനി ദാസികളാരും ഇല്ലല്ലോ?

സ്ത്രീ:—ഇല്ല; ഞാനാണു് ബീഗത്തിൻെറ പ്രധാനദാസി. വേറെ ആരും ഇവിടെയില്ല. അരമനയുടെ ആ ഭാഗത്തു വേറൊരു ദാസി ഉറങ്ങാതെ കാവലുണ്ടു്. പക്ഷേ ആ സ്ഥലം വളരെ അകലെയാണു്.

പുരുഷൻ:—ശരി, നീ ഇപ്പോൾ പൊയ്ക്കൊള്ളുക. നാളെ വെളുപ്പാൻകാലത്തു നീ ഒരു തവണകൂടി എന്നെ വന്നു കാണണം, കെട്ടോ!

ആ നാരി അവിടെനിന്നു പോയി. മാന്യവായനക്കാരേ, ഈ പുരുഷനാരാണു്? ഗുജ്ജരേശനായ കരണരായൻതന്നെ! ദാസി പോയശേഷം രായൻ ബീഗത്തിൻെറ കിടപ്പറയിലേയ്ക്കു കടന്നു. മുറിയുടെ വാതിലിന്നരികിൽച്ചെന്നതോടുകൂടി ആരോ അകത്തു സംസാരിക്കുന്നതായിത്തോന്നി. രായൻ അവിടെത്തന്നെ മറ

ഞ്ഞുനിന്നു ചെകിടോത്തു. "ഏറിയാൽ ഒരു പതിനഞ്ചു ദിവസത്തിന്നുള്ളിൽ തിരിച്ചുവരാമെന്നു പറഞ്ഞിട്ടല്ലേ പോയതു്? പതിനഞ്ചു ദിനമല്ല, പതിനഞ്ചു മാസംതന്നെ കഴിഞ്ഞു. എന്നിട്ടും ഇല്ല. സർദാർ തൊറാപ്പ്ഖാൻ ഇന്നു കാലത്തു പറഞ്ഞു, ഇന്നു രാത്രി പത്തു മണിക്കു് എവിടെയുണ്ടെങ്കിലും വരുമെന്നു്. എന്നിട്ടെവിടെ? പത്തായി, പതിനൊന്നായി; മണി പന്ത്രണ്ടും അടിച്ചു."

കരണരായൻ ഇതു കേട്ടു് ആശ്ചര്യപ്പെട്ടുപോയി! മനസ്സിൽ കോപക്കലികൊണ്ടു. അല്ലാവുദ്ദീൻ ഇന്നുതന്നെ വരുമെന്നോ? ഹഹ! കമല അവനോടിത്രമാത്രം അനുരാഗത്തിലോ? അരിശംകൊണ്ടു് ഉടലാസകലം വിറച്ചു. അയാൾ പെട്ടന്നു വാതിലിൻെറ പ്രച്ഛദപടം നീക്കി അകത്തേയ്ക്കു കടന്നുചെന്നു. നോക്കിയപ്പോൾ ആശ്ചര്യം! അത്യാശ്ചര്യം! അവിടെ കണ്ടതു കമലയെ അല്ല. അവളുടെ ദാസി മദിയാ! മദിയ പ്രച്ഛദപടം നീക്കിയ ശബ്ദം കേട്ടു് ഉടനെ പാദുഷ വന്നുവെന്നു് ഉത്കണ്ഠയോടെ ആ ഭാഗത്തേയ്ക്കു കണ്ണോടിച്ചു. കണ്ടതു കരണരായനെയാണു്. അവൾ ആശ്ചര്യംകൊണ്ടു് അമ്പരന്നു നിലത്തിരുന്നുപോയി.

അധികനേരത്തേയ്ക്കു് ആരും ഒന്നും മിണ്ടിയില്ല. ഒടുവിൽ മദിയ എണീററു കരണരായൻെറ പാദത്തിൽ പ്രണമിച്ചു.

കരണരായൻ തൻെറ കഠാരിയൂരി, "ദുഷ്ടേ, നിൻെറ ബീഗമെവിടെ?" എന്നലറി.

മദിയ:—മഹാരാജ്, അങ്ങ് ഇവിടേയ്ക്കെന്തിനാണ് വന്നത്? പാദുഷ ഇന്ന് ഇവിടെ എത്തും. കാര്യമെല്ലാം തകരാറിലായിത്തീൎന്നുവല്ലോ. ദയചെയ്ത് അങ്ങ് ഇവിടെനിന്നു പുറത്തു പോകണം. എല്ലാ വിവരവും ഞാൻ പിന്നീട് അറിയിച്ചുകൊള്ളാം.

കരണരായൻ:—ഞാൻ ഇവിടെനിന്നു തിരിച്ചു പോകണമെന്നു കരുതിയിട്ടു വന്നിട്ടില്ല. വിശ്വാസഘാതകൎക്കു തക്ക ശിക്ഷ നല്കാനാണ് വന്നത്. ദുഷ്ടേ, ഇതാണ് നിൻെറ സ്വാമിഭക്തിയല്ലേ? ആ പാപിഷ്ഠയെവിടെ? പറ!

മദിയ:—മഹാരാജ്! അങ്ങ് ഇങ്ങനെ ബദ്ധപ്പെടരുത്. ഉണ്ട ചോറിൻെറ നന്ദി ഞാൻ മറന്നിട്ടില്ല. അവിടേയ്ക്ക് ഒരപകാരവും ഞാൻ ചെയ്തിട്ടില്ല. ഉപകാരം തന്നെയാണ് ചെയ്തതു്. ഇതിനിടയിൽ ചാടിവീണ് തടസ്സം വരുത്തിയാൽ അങ്ങും അപകടത്തിൽപ്പെടും. എന്നെയും അനൎത്ഥത്തിലാക്കും. ദയചെയ്ത് ആത്മരക്ഷ നോക്കേണമേ—പാദുഷ ഇപ്പോൾ വന്നേയ്ക്കും.

കരണരായൻ:—എനിക്കിനി ആത്മരക്ഷണം ചെയ്യേണമെന്നുള്ള ആശയില്ല. പാപിഷ്ഠയായ പറച്ചികമലയെ കണ്ടല്ലാതെ ഞാനൊരടി പിന്നോക്കം വെയ്ക്കില്ല. എവിടെ അവൾ?

മദിയ:—മഹാരാജ്, സ്വൎഗ്ഗത്തിലെത്തിയ ആ പുണ്യശീലയെ എന്തിനാണ് വെറുതെ ശകാരിക്കുന്നതു്? അവരെ അങ്ങേയ്ക്ക് ഈ ജന്മം കാണാൻ കഴിയില്ല.

ദുഷ്ടനായ ഈ പട്ടാണിയുടെ ദൃഷ്ടിയിൽപ്പോലും അവർ പെട്ടിട്ടില്ല. ഞാനാണു് പാദുഷയുടെ ബീഗം. ഗുജ്ജരനാഥയെ പട്ടാണിയുടെ പിടിയിൽനിന്നു പുറത്താക്കി രക്ഷിച്ചതിനു് ഉടയവൻ ഈയുള്ളവൾക്കു ദില്ലിസിംഹാസനത്തിൻെറ പകുതി ഭാഗം കരുണയോടെ വിട്ടുതന്നു.

ചെമ്പരത്തിപ്പൂപോലെ ചുവന്ന കരണരായൻെറ മുഖം പെട്ടന്നു വെള്ളാമ്പൽപോലെ വിളൎത്തു. അയാൾ നിമീലിതനേത്രനായി—"കമലേ, നീതന്നെ ധന്യ. ഞാൻ പാതകി. പുണ്യശാലിനിയായ നിൻെറമേൽ യാതൊരു കാരണവുംകൂടാതെ ഇല്ലാത്ത അപരാധം ആരോപിച്ച എനിക്കു മാപ്പുതരേണമേ. അയ്യോ! പ്രിയേ! എൻെറ പ്രാണസൎവ്വസ്വമേ! എൻെറ കണ്ണുകൾക്കു കപ്പൂരധാരേ! എൻെറ നിലയത്തിന്നു പൂനിലാവേ! വിധി നിനക്കു് ഈ ഗതി നല്കിയല്ലോ. ഹാ! മനസ്വിനിമാരുടെ ഹൃദയഗതി ആർ കണ്ടു? മദിയേ, നിനക്കൊരു പ്രത്യുപകാരം ഇജ്ജന്മത്തിൽ എനിക്കു ചെയ്തുതീൎക്കാൻ സാധിക്കയില്ല. ഒന്നുകൂടി പറയൂ. എൻെറ തങ്കം—എൻെറ കമല—എവിടെയുണ്ടു്?" എന്നു തൊണ്ട ഇടറി മനം കലങ്ങി പ്രലപിച്ചു.

മദിയ:—മഹാരാജ് (ആകാശത്തേയ്ക്കു ചൂണ്ടിക്കാണിച്ചു്) ദേവി ആ സ്വൎഗ്ഗത്തിലുണ്ടു്. അല്ലാവുദ്ദീൻപാദുഷ ആ പതിവ്രതാരത്നത്തെ ബലാത്കാരത്താൽ കൈവശമാക്കുമെന്നുള്ള വിവരം അറിഞ്ഞതോടുകൂടി, ഹാ! എന്തു പറയട്ടെ, അവർ വിഷപാ........(ശേഷം കണ്ഠരോധത്താൽ പുറപ്പെട്ടില്ല.)

കരണരായൻ:—മദിയേ, എൻെറ ആ പൊന്നോമനക്കുട്ടി ദേവലയുടെ കഥ എന്താണു്? അവളും അമ്മയൊന്നിച്ചു് ഇഹലോകം വിട്ടുവോ?

മദിയ:—ഇല്ല! മഹാരാജു്, ഇല്ല! ദേവല ഇപ്പോഴും ജീവിച്ചിരിപ്പുണ്ടു്. ആ കുമാരി ദേവഗിരിരാജാവായ രാമദേവരായൻെറ പുത്രൻ ശങ്കരദേവൻെറ രക്ഷയിൽ ഇരിക്കുന്നുണ്ടു്. റാണിയുടെ മരണശേഷം കാര്യം ഞാനാണു് ഏൎപ്പാടു ചെയ്തതു്. പാദുഷ ബലാത്കാരം പ്രവൎത്തിക്കുമെന്നു കണ്ടപ്പോൾ, റാണിയെ ക്രൂരൻെറ കരത്തിൽനിന്നു വിടുവിക്കുവാൻ ഞാൻ റാണിയാണെന്നും കമല എൻെറ ദാസിയാണെന്നും ബോധം വരുത്തി. പട്ടാണികൾ എന്നെ പിടിച്ചുകൊണ്ടുവന്നു പാൎപ്പിച്ചശേഷം റാണി എൻെറ കൂടെത്തന്നെ ഒരു ദിവസം ഇരുന്നു. അതേ രാത്രിതന്നെ സ്വൎഗ്ഗലോകം പ്രാപിച്ചു. അതിന്നുശേഷം ദേവലയെ വിശ്വാസപാത്രമായ ഒരു ദൂതനെ വശപ്പെടുത്തി ദേവഗിരിക്കയച്ചുവിട്ടു.

കരണരായൻ:—മദിയേ, ഞാൻ ഇനി പോകട്ടെ! ഇവിടെ നില്ക്കുന്നില്ല. ഏറിയ നാളായ് എരിഞ്ഞുകൊണ്ടിരുന്ന എൻെറ ഹൃദയം ഇന്നു ശാന്തിയടഞ്ഞു. നീ ചെയ്ത ഉപകാരം ഞാൻ ആജീവനാന്തം മറക്കുന്നതല്ല. എനിക്കുള്ള നന്ദി വാക്കുകൊണ്ടു പറഞ്ഞറിയിക്കാൻപോലും എനിക്കു വയ്യാ.

കരണരായൻ അവിടെനിന്നു പുറത്തു വന്നു. തൽക്ഷണം ദുൎഗ്ഗത്തിൻെറ മഹാദ്വാരത്തിന്നരികിലേയ്ക്കു പുറ

പ്പെട്ടു. പക്ഷേ പത്തടി മുമ്പോട്ടു വെയ്ക്കുമ്പോഴേയ്ക്കും ഒരു പുരുഷൻ മാർഗ്ഗം തടഞ്ഞു നില്ക്കുന്നതു കണ്ടു. ആ വ്യക്തി "നീ ആരു്?" എന്നു ഗർജ്ജിച്ചു.

കരണരായൻ:—നീ ആരു്? ഗുർജ്ജരേശനായ കരണരായനാണു് ഞാൻ. അല്ലാവുദ്ദീൻ പാദുഷയെക്കണ്ടു കാര്യം ധരിപ്പിപ്പാനുണ്ടു്. അതിന്നാണു് വന്നതു്. ഇവിടെ ഇല്ലെന്നറിഞ്ഞു തിരിച്ചുപോരുകയാണു്. ഇനി ഒരിക്കൽ വന്നു കണ്ടുകൊള്ളാമെന്നു നിശ്ചയിച്ചിരിക്കയാണു്.

ആ വ്യക്തി:—ഇനി ഒരു ദിവസത്തേയ്ക്കു നീട്ടേണ്ടാ. ഇന്നുതന്നെ നിൻെറ ആയുസ്സിൻെറ അവസാനത്തെ ദിനം. ഇപ്പോൾത്തന്നെ നിൻെറ തല കൊയ്തു് എൻെറ ഈ വാളിന്നുള്ള ദാഹം ശമിപ്പിക്കുന്നുണ്ടു്. എന്നു പറഞ്ഞു കർണ്ണകഠോരമായ ഒരട്ടഹാസം പുറപ്പെടുവിച്ചു. അരനിമിഷത്തിനുള്ളിൽ ആയുധപാണികളായ നാലുപേർ വന്നു കരണരായനെപ്പിടിച്ചു കയ്യാമം വെച്ചു.

അപ്പോൾ കരണരായൻ "ഇങ്ങനെ എന്തിനാണു് ചങ്ങല വെയ്ക്കുന്നതു്? ഞാൻതന്നെ വരാൻ തയ്യാറാണു്. നടക്കുവിൻ! എനിക്കു പാദുഷയെ ഒന്നു കാണുവാൻ ഇടയുണ്ടാക്കിത്തരുവിൻ! എനിക്കവിടത്തോടു് ഒന്നുരണ്ടു സംഗതി പറയാനുണ്ടു്." എന്നു ഗാംഭീര്യത്തോടും ധൈര്യത്തോടും കൂടി ഉദീരണം ചെയ്തു.

വ്യക്തി:—നടക്കൂ! ഇവിടെത്തന്നെ കാണുന്ന ആ മുറിയിലേയ്ക്കു പോവുക. നിനക്കെന്താണു് പറയാനുള്ളതെങ്കിൽ പറയുക. ഞാൻതന്നെ ആ പാദുഷ.

അല്ലാവുദ്ദീൻ അടുത്തുള്ള ഒരു മുറിയിലേയ്ക്കു് അയാളെ കൂട്ടിക്കൊണ്ടുപോയി. ചക്രവത്തി ആസനസ്ഥനായി, "ഒരു നിമിഷത്തിനകം നിനക്കു പറയാനുള്ളതെല്ലാം പറഞ്ഞുതീർക്കു. രണ്ടാമത്തെ നിമിഷം നീ ഇഹലോകം വിട്ടുപോകേണ്ടിവരും. ആദ്യം നിന്നെക്കൊന്നു പിന്നെ മുകിലസേനാപതിയുടെ വിവരം അറിയേണ്ടതായുണ്ടു്. അധികം സംസാരിച്ചുനില്പാൻ അവസരമില്ല. നീ എങ്ങനെ അന്തഃപുരത്തിൽ കടന്നു? നിൻെറ ഉദ്ദേശം എന്താണു്?"

കരണരായൻ യാതൊരു ചോദ്യത്തിന്നും ഉത്തരം പറഞ്ഞില്ല. ഇത്രമാത്രം പറഞ്ഞു:—"അല്ലാവുദ്ദീൻ! നിങ്ങൾ ഒരു ദുഷ്ടൻ. ഗുജ്ജരേശനെ നിങ്ങൾ ജയിച്ചിട്ടില്ല. എൻെറ കമലയെ നിങ്ങൾ അപഹരിച്ചു കൊണ്ടുവന്നു് ബീഗമാക്കി ഇരിക്കുന്നുവെന്നു് അറിഞ്ഞു. അതു കേവലം ദുഷ്ടതയും നീചത്വവുമല്ലേ? എൻെറ കമലയുടെ ഒരൊററ മുടിയിഴയെങ്കിലും തൊടുവാൻ നിങ്ങൾക്കു കഴിഞ്ഞിട്ടില്ല. ആ സുശീല സ്വർഗ്ഗം പ്രാപിച്ചു. പട്ടാണിയുടെ സ്പർശംകൊണ്ടുള്ള പാപപങ്കം അവളെ തീണ്ടിയില്ല. നിങ്ങൾ വിഡ്ഢിത്തരംകൊണ്ടു് അവരുടെ ദാസിയായ മദിയയുടെ കാലടിയിൽ കിടന്നു തിണ്ടാടുന്നു. ഇന്നു ദില്ലിപാദുഷാ ഗുജ്ജരേശൻെറ ദാസന്നു തുല്യനാണെന്നു നിങ്ങളെ ധരിപ്പിക്കേണമെന്നുമാത്രമേ ഉണ്ടായിരുന്നുള്ളു. അതിന്നുവേണ്ടിമാത്രമാണു് ഇത്രയെല്ലാം സാഹസപ്പെട്ടു് ഇവിടെ എത്തിച്ചേൎന്നതു്. എൻെറ കാര്യം സാധിച്ചു." എന്നിങ്ങനെ പറഞ്ഞു കരണരായൻ പെട്ട

ന്നു തൻെറ കഠാരിയൂരിപ്പിടിച്ചു. കരണരായൻെറ വാക്കു കേട്ടു് അന്ധാളിച്ചു നിന്നുപോയ അല്ലാവുദ്ദീൻ രായൻ തന്നെ ആ കഠാരികൊണ്ടു കുത്തിക്കൊല്ലുമോ എന്നു പേടിച്ചു ദൂരെ മാറി. ക്ഷണമാത്രത്തിൽ കരണരായൻ കഠാരികൊണ്ടു തൻെറ വയർ പിളൎന്നു നിണമണിഞ്ഞു നിലത്തു വീണു.

* * * *

പാളയത്തിൽ നിൎന്നിദ്രനായി ശയിക്കുന്ന മുകില സേനാപതി തുക്ക്ഖാൻെറ സമീപത്തു് ഒരു സർദാർ വന്നു് ഉദ്വേഗത്തോടെ "കാൎയ്യം അനൎത്ഥമായി. അല്ലാവുദ്ദീൻ തിരിച്ചുവരുന്നുണ്ടത്രേ. കരണരായൻ അവൻെറ പിടിയിൽപ്പെട്ടു് ആത്മഹത്യ ചെയ്തിരിക്കുന്നുവത്രേ. പട്ടാണിസേന നാളെത്തന്നെ നമ്മളെ ആക്രമിച്ചടക്കുന്നതിന്നു് ഒരുങ്ങി വരുന്നുപോലും!"

തുക്ക്ഖാൻ ഒന്നമ്പരന്നു. കരണരായൻെറ പ്രേരണപ്രകാരം അജ്ഞാതവും അപരിചിതവുമായ ഈ സ്ഥലത്തു് ആയിരപ്പടയോടുകൂടി വന്നിരിക്കയാണു്. ആ കരണരായൻെറ കഥതന്നെ നാമാവശേഷമായിരിക്കേ പട്ടാണികളോടു പടപൊരുതീട്ടെന്താണു് പ്രയോജനം? എന്തെങ്കിലുമൊരു മഹാവിപത്തു സംഭവിക്കാത്തപക്ഷം കരണരായൻ ആത്മഹത്യ ചെയ്വാൻ കാരണമില്ല. രായന്നു് വേണ്ടത്ര പിൻതുണയുണ്ടായിരുന്നുവല്ലോ. അതുകൊണ്ടു് ആത്മരക്ഷണം ചെയ്യുന്നതിന്നു സാഹസപ്പെടാതിരിപ്പാൻ വഴികാണുന്നില്ല. എന്തോ അവിചാരിതമായ ഒരനൎത്ഥം നേരിട്ടിരിക്കാം. ഇങ്ങനെ പല ചിന്ത

കരുക്കും അടിമപ്പെട്ടു തുക്കിഖാൻ തൻെറ സർദാരോടു് ഇങ്ങനെ ആജ്ഞാപിച്ചു: "നടക്കൂ, ഇപ്പോഠംതന്നെ പോയി എല്ലാ ഭടന്മാരെയും അറിയിക്കു! വെളുപ്പിന്നു മുമ്പു് എല്ലാവരും സാമഗ്രികളൊരുക്കി പ്രയാണത്തിന്നു സന്നദ്ധരായിരിക്കട്ടെ."

പിറേറന്നാഠം ഉദയഗിരി ചുവന്നതോടുകൂടി ദില്ലി നഗരനിവാസികഠം, കോട്ട വളഞ്ഞു. "മുഗഠംപ്പടയെ അവിടെയൊന്നും കണ്ടില്ല. രാത്രിയുടെ അന്ത്യയാമത്തിന്നു മുമ്പുതന്നെ അവരെല്ലാവരും എവിടെ മാഞ്ഞുമറഞ്ഞു പോയെന്നു് ആക്കും നിശ്ചയമില്ലായിരുന്നു. ചിലർ അല്ലാവുദ്ദീൻ എന്തോ മായാപ്രയോഗംകൊണ്ടു സേനയെ അകററിക്കളഞ്ഞുവെന്നും, യമുനാജലത്തിൽ ഒക്കെ മുങ്ങിപ്പോയെന്നും മററും സരസ്വതീവിലാസംപോലെ തട്ടിമൂളിക്കാൻ തുടങ്ങി.

## അദ്ധ്യായം മൂന്നു്

മുകിലർ അതിശീഘ്രത്തിലെങ്ങോ ഓടിപ്പോയ്ക്കളഞ്ഞു. രാജ്യം നിഷ്കണ്ടകമായി. തന്മൂലം അല്ലാവുദ്ദീൻെറ പട്ടാളമെല്ലാം സുഖസമാധാനങ്ങളോടുകൂടിയിരുന്നു. എന്നാൽ അല്ലാവുദ്ദീൻെറ ഉള്ളിൽമാത്രം എള്ളോളം സുഖമുണ്ടായിരുന്നില്ല; ശാന്തിയില്ല, സമാധാനമില്ല; ഊണിന്നു മനസ്സില്ല! ഉറക്കം വരുന്നില്ല. ഒന്നു രണ്ടു മാസത്തിന്നുള്ളിൽ അഞ്ചു പത്തു കിങ്കരന്മാരും അന്തഃപുരത്തിലെ ഏതാനും ദാസിമാരും നിഷ്കാരണം അല്ലാവുദ്ദീ

ൻെറ കോപത്തിന്നിരയായി പണി വിട്ടുപോയി. മററു ചിലർ വാളിന്നൂണായി. ഗുജ്ജർരേശൻ ആത്മഹത്യ ചെയ്ത ദിവസംതന്നെ മദിയയും ലോകവാസം വെടിഞ്ഞു.

ചിതോരിലെ പരാജയം, പത്മിനിയുടെ പേരിലുള്ള മോഹം, ഇതിലും ഉപരിയായി ഗുജരാഥത്തിൽ മദിയ തനിക്ക വരുത്തിയ മാനക്കേട്ട് ഇവയാൽ അല്ലാവുദ്ദീൻെറ ഹൃദയം എരിപൊരികൊണ്ടു. ഇതൊന്നും മനസ്സിൽനിന്നു മാർജ്ജനം ചെയ്യാൻ ദില്ലിചക്രവർത്തിക്ക കഴിഞ്ഞില്ല. കാമലോഭമോഹിതനായ അവന്നു ദില്ലിസിംഹാസനത്തിൽ ഇരുന്നിട്ടും സുഖമെന്തെന്നറിവാൻ കഴിഞ്ഞില്ല. ലോഭമേ! നിൻെറ കരുത്തു ലോകോത്തരംതന്നെ. പത്മിനി പാട്ടിലാകാഞ്ഞാൽ വിസ്തൃതമായ സാമ്രാജ്യം വെറും ശൂന്യദേശമാണെന്നു് ആ സ്ത്രീലമ്പടന്നു തോന്നി. ആ കനകപാരിജാതത്തെ കൈക്കലാക്കുന്നതെങ്ങനെ? രജപുത്രരെച്ചുട്ടു വെണ്ണീറാക്കാൻ എന്താണു് വഴി! എന്നിങ്ങനെ ചേതസ്സിനെച്ചിന്താഭാരംകൊണ്ടു കടയുകയായിരുന്നു. രജപുത്രർ എളുപ്പത്തിലൊന്നും വഴിപ്പെടില്ലെന്നു നല്ലപോലെ മനസ്സിലായിരുന്നു. അതുകൊണ്ടു് ഇക്കുറി വളരെ പണിപ്പെട്ടു വമ്പിച്ച സേനയെ സ്സജ്ജമാക്കി.

ഒരു ദിവസമല്ല, പത്തു ദിവസമല്ല, രണ്ടു വഷംവരെ കഷ്ടപ്പെട്ടു് അല്ലാവുദ്ദീൻ പടയും പടഹവും ഒരുക്കി. ഒടുവിൽ ഒരു ദിവസം പട്ടാണിപ്പട്ടാളം ഗിരിനിർജ്ജരംപോലെ പെരുമ്പറ മുഴക്കി ചിതോർക്കോട്ടവാതില്ക്കലെ

ത്തി. രജപുത്രർ കണ്ണു തുറന്നു നോക്കിയപ്പോൾ കണ്ട കാഴ്ചയെന്തായിരുന്നു! ആളും വാളും കുതിരകളുടെ കുളമ്പടിനാദവും, കളിച്ചുപുളച്ചുവരുന്ന പട്ടാണികളുടെ ആർപ്പും വിളിയും. ഇങ്ങനെ 'പൊടിപടത്തിലൊളിച്ച ഭാനുബിംബം.' ഇത്തവണ മൂന്നു ദിക്കുകളിലല്ല, പട നാലുവശത്തും വളഞ്ഞിരിക്കുന്നു. ദുർഗ്ഗമമായ അരാവലിപർവ്വതത്തിലെ ഘോരാരണ്യമധ്യത്തിലും പട്ടാണികൾ പരന്നു രണോല്ലാസത്തോടെ ആർത്തു പുളയ്ക്കുന്നു. എങ്ങും കർണ്ണഭേദിയായ കോലാഹലം! അവരുടെ കാലേക്കൂട്ടിയുള്ള സമരസന്നാഹങ്ങൾ രജപുത്രർ അറിയാതിരുന്നില്ല. നാട്ടുകാർ നനഞ്ഞ നയനങ്ങളോടുകൂടി ദുർഗ്ഗാന്തികത്തിലേയ്ക്കു നോക്കി നില്പായി.

റാണി പത്മിനിയും ഭീമസിംഹനും അന്തഃപുരത്തിലിരുന്നു കൂടിയാലോചന നടത്തുന്നു. പത്മിനി പറകയാണു്: "ഞാൻമൂലമായിട്ടാണു് ചിത്തോരിന്നു് ഈ അല്ലലും ആപത്തും. നിങ്ങളുടെ ഈ ശത്രുവായ എന്നെ എന്തിനാണു് നിങ്ങൾ വെച്ചുകൊണ്ടിരിക്കുന്നതു്? എന്നെ പട്ടാണിപ്പാളയത്തിലേയ്ക്കു തള്ളിവിട്ടേയ്ക്കൂ! എന്നാൽ ഞാൻ മാർഗ്ഗമധ്യേ വിഷംതിന്നു പ്രാണൻ കളഞ്ഞോളാം."

ഭീമസിംഹൻ:—പത്മം! രാജസ്ഥാനപത്മം! ഭവതിയെ പട്ടാണിപ്പാളയത്തിലേയ്ക്കയച്ചു് ഏതൊരു രജപുത്രൻ ജീവിച്ചിരിക്കും? അങ്ങനെ ഒരു കാലത്തും വരുന്നതല്ല. അങ്ങനെയായിരുന്നെങ്കിൽ, എത്രയോ മുമ്പുതന്നെ ഇതൊക്കെ നടക്കുമായിരുന്നേനേ. പത്മത്തോടു് ഇതെത്രയോ കുറി മുമ്പു ഞാൻ പറഞ്ഞിട്ടുള്ളതാണല്ലോ.

നീരണിഞ്ഞ നീലാരവിന്ദംപോലെയായി പത്മിനിയുടെ നീണ്ട വിരിഞ്ഞ കണ്ണുകൾ. "തൃണപ്രായമായ ഈ ജീവനുവേണ്ടി ഇത്രയെല്ലാം അനൎത്ഥങ്ങൾ അടിക്കടി വന്നുചേരുകയോ? ഒരൊററ നാരിക്കുവേണ്ടി ഈ നാടു മുഴുവൻ ഇങ്ങനെ നാശമായിപ്പോകയോ? എന്തു ചെയ്യട്ടെ! ഞാൻ പ്രാണാൎപ്പണം ചെയ്താലും പട്ടാണികൾ വിട്ടുപോകുമെന്നു് എങ്ങനെ നിശ്ചയിക്കാം? ദേവ! സത്യസ്വരൂപ! എല്ലാം അവിടുത്തെ സങ്കല്പംപോലെ വരട്ടെ. അഹോ ദുൎവ്വിധേ! എനിക്കെന്തിനീ രൂപലാവണ്യം തന്നു!" എന്നു് ഇററിററു വീഴുന്ന കണ്ണീരോടുകൂടി ഇടനെഞ്ഞുരുകിപ്പറഞ്ഞു.

അനന്തരം പത്മിനി ചിത്തോരീശ്വരിയുടെ കോവിലിലേക്കു പുറപ്പെട്ടു. ധൂളീധൂസരമായ ദേഹവും മ്ലാനവദനവും ഒഴുകിവീഴുന്ന കണ്ണീർകൊണ്ടു കലങ്ങിമറിഞ്ഞ കണ്ണുകളും ഇങ്ങനെ അസാധാരണവേഷത്തോടുകൂടിയാണു് ക്ഷേത്രപാലിക റാണിയെ സവിസ്മയം കണ്ടതു്. പത്മിനി ദേവീബിംബത്തെ നയനനീരാജനം ചെയ്തു നില്പായി. ഒരക്ഷരമെങ്കിലും മുഖത്തുനിന്നു പുറപ്പെട്ടില്ല. വികാരസംരംഭംകൊണ്ടും ഭക്തിപാരവശ്യംകൊണ്ടും മിഴിയടച്ചു് അവൾ ബോധരഹിതയായി. പൂജക്കാരി പാഞ്ഞുവന്നു താങ്ങിക്കിടത്തി; ബോധശൂന്യാവസ്ഥയിൽ റാണി ഇങ്ങനെ കിനാവു കണ്ടു. "ദേവി അംബികേ, നീ എവിടെ? ഹ! ജനനി! ഭുവനമോഹനമായ മൂൎത്തിയെ ഒന്നു ദൎശിക്കുന്നതിന്നു ഞാൻ എത്ര കാലമായി ഉപാസന ചെയ്യുന്നു? ഈ അസുരപ്പോരാട്ടത്തിൽ, കടം

കൂരിരുളിൽ, നിൻെറ തേജോമയരൂപം പ്രത്യക്ഷമാകേണമേ! ദേവീ! ഈ അന്ധകാരത്തിൽ ഞാൻ ആത്മത്യാഗം ചെയ്യുന്നുണ്ടു്. സ്വർഗ്ഗമാർഗ്ഗം എനിക്കു കാട്ടിത്തരേണമേ—"

വളരെ നേരം കഴിഞ്ഞു പത്മിനിക്കു ബോധം വീണു. പൂജക്കാരി ദേവീപ്രസാദമായി ഒരു നാളികേരപ്പൊളിയും കുങ്കമവും ഉടയാടയുടെ ഒററത്തു കെട്ടിക്കൊടുത്തു. ആ സമയം ബാഹ്യലോകം ആ ഭക്തയ്ക്കു ശൂന്യമായിത്തോന്നി! അന്തരംഗത്തിൽ എന്തു കാരണത്താലോ അത്യന്തശാന്തി വ്യാപിച്ചു. മനസ്സിൽ കുണ്ഠിതമില്ല; മുഖത്തു മ്ലാനതയുമില്ല.

# ആറാം ഖണ്ഡം

## അദ്ധ്യായം ഒന്നു്

സന്ധ്യാകാലത്തെ സിന്ദൂരാരുണമായ ആകാശം ക്രമേണ കരിനിറം കലൎന്നുതുടങ്ങി. അരാവലീമലയുടെ അടിപ്പരപ്പിലുള്ള ശ്യാമളങ്ങളായ തരുലതാദികൾ ഇതേവരെ പുഞ്ചിരിപൊഴിച്ചുകൊണ്ടിരുന്നു. തമോലേപനംകൊണ്ടു് അവയുടെ മട്ടു മാറി. ഇളംകിളികളുടെ കളനാദങ്ങളും നിലച്ചു. കട്ടകളിലും കല്ലുകളിലും തട്ടിത്തള്ളിവരുന്ന ഒരു മലയരുവിമാത്രം കലകലശബ്ദത്തോടെ പ്രവഹിക്കുന്നുണ്ടു്. അതിൻെറ കൂലപ്രദേശത്തിലുള്ള ഒരു ശിലാതലത്തിൽ അരുണസിംഹൻ ആ ശിലപോലെ തന്നെ നിശ്ചേഷ്ടനായിരിക്കുന്നു.

രാത്രിയായി. ചന്ദ്രനിന്നു് അനദ്ധ്യായമാണു്. അരുണസിംഹൻെറ അന്തരംഗത്തിലെ അന്ധകാരം ചുററും അലച്ചുതള്ളുന്ന കൂരിരുളോടുകൂടിക്കലൎന്നു. അരുണൻ കണ്ണടച്ചു കാതരസ്വരത്തിൽ 'ഹാ! അരുണസിംഹ! നീ ഭൂമിക്കു ഭാരത്തിന്നായിട്ടു ജനിച്ചു. നിൻെറ ജീവിതം വ്യൎത്ഥം' എന്നു് ആത്മനിന്ദനം ചെയ്തു.

തരളിതചിത്തനായ ആ തരുണൻ കണ്ണു തുറന്നു. ചിതോരദുൎഗ്ഗത്തിൻെറ പാൎശ്വത്തിലേയ്ക്കു നോക്കി. അന്നേരം അയാളുടെ ഹൃദയം വിദീൎണ്ണമായിപ്പോയി. ദൂരത്തിൽ ദുൎഗ്ഗോപരി ഇരുളിനെപ്പിളൎന്നുകൊണ്ടു് അനേകം ദീപങ്ങൾ എന്നും കത്തിജ്ജ്വലിക്കുക പതിവുണ്ടു്. പ

ണ്ടൊക്കെ നിരാശനായ ആ യുവാവു് ഏകാകിയായി ച്ചെന്നിരുന്നു് ആ തേജഃപുഞ്ജങ്ങളെ നോക്കി തന്റെ അന്ധകാരമയമായ മനസ്സിൽ അല്പം ഒരു പ്രകാശം നേടുക പതിവായിരുന്നു. ഇന്നു ചിതോർക്കോട്ടയിൽ ഒരു ദീപമെങ്കിലും കത്തിക്കാണുന്നില്ല. അരുണസിംഹന്റെ പാരവശ്യം പതിന്മടങ്ങു വർദ്ധിച്ചു.

ഇന്നേയ്ക്കു രണ്ടു മാസത്തോളമായി പട്ടാണികൾ കോട്ട വളഞ്ഞിരിക്കയാണു്. ഈ അല്പകാലത്തിനുള്ളിൽ ത്തന്നെ നാട്ടിലുള്ള ധീരന്മാരായ നായകന്മാരും ഭടന്മാരും സംഖ്യയില്ലാതെ വീരസ്വർഗ്ഗം വരിച്ചുകഴിഞ്ഞു. അരുണസിംഹൻ ഇതേ ഗിരിനിർജ്ഝരത്തിന്റെ അരികേ ഇരുന്നു ബില്ലരുടെ മുഖത്തുനിന്നുതന്നെ എല്ലാ സംഗതികളും കേട്ടു. എന്നാൽ ഇതേവരെയ്ക്കും റാണയോ മററാരെങ്കിലുമോ അരുണനെ വിളിക്കയോ വിവരം പറകയോ ചെയ്തിരുന്നില്ല. സിംഹന്നു ജീവിതം ഭാരഭൂതമായിത്തോന്നി. ഇന്നത്തെ സ്ഥിതി കണ്ടപ്പോൾ അരുണന്റെ അഴലിന്നൊരററവുമില്ലാതെയായി. അല്പനേരം മുമ്പെ ഒരു ബില്ലൻ വന്നു് അന്നത്തെ യുദ്ധവാർത്തയും ചിതോരിന്റെ പരാജയവും അറിയിച്ചിരുന്നു. അതിന്നനുരൂപമായി ഇന്നു ചിതോർദ്ദുർഗ്ഗത്തിന്റെ മുകളിൽ ഒരു വിളക്കുപോലും എരിയുന്നതുമില്ല.

നാടുവിട്ടു കാടുവാഴുന്നതിൽ അരുണന്നു വ്യസനമില്ല. എവിടെ ആ വനകന്യക ഇരിക്കുന്നുവോ അവിടമാണു് അരുണന്നു് അമരാവതി. അവളുടെ മന്ദസ്മിതമധുരമായ മുഖം കാണുന്നതുതന്നെയാണു് അവൻ കണ്ണി

ന്നു പുണ്യോദയമായിക്കരുതിയിരുന്നതു്. പക്ഷേ ചിതോരിൻെറ ദുരവസ്ഥ അയാളുടെ ഓർമ്മയിൽ വന്നതോടുകൂടി ഇടനെഞ്ഞു പൊട്ടി. ഈ ആപത്കാലത്തു് ആരും തന്നെ വന്നു വിളിച്ചില്ലല്ലോ എന്നു വിചാരിക്കുമ്പോൾ അരുണനന്നു് ഉള്ളുരുകിപ്പോകുന്നു.

വികാരഭാരം സഹിക്കവയ്യാതെ അരുണൻ വാവിട്ടു വിലപിച്ചുപോയി. ശോകാഗ്നി പുകഞ്ഞു കണ്ണീർക്കണം തൂകുന്നതു് അരുണൻ ഇന്നും ഇന്നലെയും തുടങ്ങിയതല്ല. എന്നിട്ടും ആ യുവരാജാവിൻെറ മനസ്സിനു് ഒരു ശാന്തിയും ലഭിച്ചിരുന്നില്ല.

“അവരെന്നെ വിളിച്ചിട്ടില്ലെങ്കിലും വിരോധമില്ല. ഞാൻതന്നെ ചെന്നു് എൻെറ മാതൃഭൂമിയുടെ ഉദ്ധാരണത്തിനുവേണ്ടി വൈരികളോടു പോരാടിക്കൂടെന്നോ?” എന്നാലോചിക്കും. പക്ഷേ പരക്ഷണത്തിൽത്തന്നെ “റാണ മുമ്പിലത്തെപ്പോലെ വീണ്ടും തിരസ്കരിച്ചാലോ” എന്ന വിചാരം സ്മരണയിൽ വന്ന ഉടനെ ധൈര്യമെല്ലാം അസ്തമിച്ചുകഴിയും. ഇങ്ങനെ ചിന്താഗ്നിയിൽ വെന്തുരുകിവശായി.

അരുണസിംഹൻ വിലപിച്ചുകൊണ്ടിരിക്കെ, പാശ്ചാത്തിൽനിന്നു്, “ഇവിടെനിന്നു പുറപ്പെട്ടു! ഈ ഇരുട്ടിൽ ഇരുന്നു് എന്താണു് ചെയ്യുന്നതു്? ഒരു ക്ഷത്രിയനായിരുന്നു് ഇങ്ങനെ കരയാനാണോ പഠിച്ചതു്? മെയ്യിൽ ബലമില്ലേ? കൈയിൽ ഖഡ്ഗമില്ലേ” എന്നിങ്ങനെ ഒരു ശബ്ദം ശ്രുതിയിൽ പതിച്ചു.

അരുണൻ അമ്പരന്നു. തിരിഞ്ഞുനോക്കിയപ്പോൾ ആ അന്ധകാരമധ്യത്തിൽ ഒരു നാരീരൂപം അസ്പഷ്ടമാ

യിക്കണ്ടു. സിംഹനു് ആ കാമിനീകണ്ഠം പരിചിതമായിരുന്നു. അവൾ മററാരുമല്ല. അസ്ത്രവിദ്യയിൽ അരുണൻെറ അധ്യാപികയും ദ്വിതീയഹൃദയവും ഇഹപരലോകങ്ങളെ സംഘടിപ്പിക്കുന്ന സ്വൎണ്ണശൃംഖലയുമായ ആ കാന്താരനാരി 'മുന്ന' ആയിരുന്നു.

അരുണൻ "ദേവീ! നീയാണെൻെറ ജീവിതത്തിലെ മണിവിളക്കു്. ഞാൻ എങ്ങോട്ടു പോകട്ടെ! എനിക്കെവിടെയാണാശ്രയം? ഇത്രമാത്രം ഇരുട്ടു് ഇഹലോകത്തിലുണ്ടെന്നു ഞാനറിഞ്ഞിരുന്നില്ല. ലോകം ശോകഹതം തന്നെ" എന്നു ഗദ്ഗദകണ്ഠത്തോടെ പറഞ്ഞു. ആ യുവതി അരുണൻെറ കൈ പിടിച്ചു തൻെറ മാടത്തിലേയ്ക്കു പുറപ്പെട്ടു. മാൎഗ്ഗമദ്ധ്യേ "ധൈൎയ്യം വിട്ടാൽ കാൎയ്യം നടക്കുമോ? കാലത്തിനെ കവച്ചുവെയ്ക്കാൻ കഴികയില്ല. വിചാരിച്ചിട്ടെന്താണു് പ്രയോജനം" എന്നു സമാധാനപ്പെടുത്തി.

അരുണസിംഹൻ ചിതോരദുൎഗ്ഗത്തിൻെറ പാൎശ്വത്തിലേയ്ക്കു ചൂണ്ടിക്കാട്ടി, "ദേവീ, നോക്കു, അവിടെ നിത്യം കത്തിക്കാണാറുള്ള ഒരു വിളക്കെങ്കിലും ഇപ്പോഴുണ്ടോ? ഇന്നു നാടെങ്ങും അന്ധകാരം! നാട്ടിനു നാശകാലമായി. എന്നിട്ടും അവൎക്കെൻെറ സ്മരണയില്ലല്ലോ. അവൎക്കെന്നെ വിളിപ്പിക്കണമെന്നുണ്ടായിരുന്നെങ്കിൽ ഇതിനിടയ്ക്കു് ആരെയെങ്കിലും അയയ്ക്കാതിരിക്കുമോ? ഇനി അതൊട്ടുണ്ടാകയുമില്ല" എന്നു വിഷാദിച്ചു. 'മുന്ന' അങ്ങോട്ടു നോക്കി. ആ കാഴ്ച ഭയാനകമായിരുന്നു. അവളൊന്നും പിന്നെ മിണ്ടിയില്ല. കാമുകനൊന്നിച്ചു വന്നു

വസതിയിലേയ്ക്കു ഗമിച്ചു. അടുത്ത ദിവസം 'മുന്ന' അരുണന്റെ അനുമതി വാങ്ങി ഒരു സാഹസത്തിനൊരുങ്ങി പ്പുറപ്പെട്ടു. തന്റെ അധീനതയിൽപ്പെട്ട ഏതാനും ബില്ലരോടുകൂടി, രജപുത്രപക്ഷത്തിൽനിന്നു പട്ടാണികളോടെതിരിടുന്നതിന്നു ആ ധീരനാരി ചിതോക്കു പോയി. പുരുഷവേഷമാണു അവൾ ധരിച്ചിരുന്നതു്. അംഗനയാണെന്നാരും അറിഞ്ഞിരുന്നില്ല. സായംകാലംവരെ യുദ്ധം നടന്നശേഷം അവശേഷിച്ച രജപുത്രസേനകൾ തിരിച്ചു ദുൎഗ്ഗത്തിന്റെ ഉള്ളിലേയ്ക്കു പോകുമ്പോൾ, അവരൊന്നിച്ചു മുന്നയും അകത്തു പ്രവേശിച്ചു. ബില്ലരെല്ലാം താന്താങ്ങളുടെ സ്ഥലങ്ങളിലേയ്ക്കും പോയി.

ആ നടുക്കൊണ്ട രാവിൽ, നിബിഡമായ അന്ധകാരത്തിൽ, നമ്മുടെ 'മുന്ന' ചിതോരദേവീക്ഷേത്രത്തിൽ ച്ചെന്നു സാഷ്ടാംഗപ്രണാമം ചെയ്തു 'പതി'ക്കു സൎവ്വമംഗളവും ഭവിക്കട്ടെ എന്നു പ്രാൎത്ഥിച്ചു.

## അദ്ധ്യായം രണ്ടു്

രജപുത്രർ രണോത്സാഹത്തോടുകൂടി വീരസ്വൎഗ്ഗം വരിക്കുന്നതിന്നു ഒരുങ്ങി. രോഗപീഡിതരായവർപോലും സ്വദേശത്തിന്നും സ്വജനത്തിനുംവേണ്ടി പ്രാണത്യാഗം ചെയ്യുന്നതിന്നു തങ്ങൾക്കു അവസരം നല്കേണമെന്നു അഖിലേശ്വരിയോടു് ഉള്ളഴിഞ്ഞു പ്രാൎത്ഥിച്ചു.

മുന്നയുടെ അന്നത്തെ പ്രാൎത്ഥനാഫലമായിട്ടോ എന്തോ ലക്ഷ്മണസിംഹന്റെ ആജ്ഞപോലെ അരുണ

സിംഹനെ കൂട്ടിക്കൊണ്ടുവരുവാൻ ദൂതന്മാർ പോയി. അരുണൻ നാളെ സേനാപതിയായി പട്ടാണികളോടൊന്നിച്ച പടപൊരുതുമെന്നു തീർച്ചപ്പെട്ടു. അരുണസിംഹൻ തൻെറ ദാനവദമനൻ എന്ന പഞ്ചവൎണ്ണക്കുതിരയുടെ പുറത്തു കയറി ആനന്ദോന്മത്തനായി പടനിലത്തേയ്ക്കു പുറപ്പെട്ടു. ഏതാനും രജപുത്രഭടന്മാർ വാളൂരിപ്പിടിച്ചു് അരുണനെ അനുഗമിച്ചു.

നമ്മുടെ ആൎയ്യയുവാവു് അരനാഴികയ്ക്കകം ദുൎഗ്ഗമഹാദ്വാരം കടന്നു പട്ടാണിപ്പടയിൽ പാഞ്ഞുചെല്ലും. അപ്പോഴേയ്ക്കും അശ്വവാഹനായ ഒരു രജപുത്രസർദാർ കുതിരയോടിച്ചുവന്നു സിംഹൻെറ പാൎശ്വത്തിൽ എത്തി. അരുണസിംഹൻ അല്പം പരിഭ്രാന്തഭാവത്തോടെ ആഗതൻെറ മുഖത്തു നോക്കി.

സിംഹൻ ആളറിഞ്ഞു. തൻെറ ഹൃദയേശ്വരിയായ മുന്നയായിരുന്നു അതു്. അന്നു ബില്ലസേനയോടൊന്നിച്ചു ചിതോർക്കു പോകുമ്പോൾ ധരിച്ചിരുന്ന വേഷഭൂഷണങ്ങൾതന്നെയാണു് ഇന്നു് ഉണ്ടായിരുന്നതു്. സിംഹൻ അല്പം കമ്പിതസ്വരത്തിൽ "ദേവി! ഹാമീരൻെറ സ്ഥിതി എന്താണു്?" ഹാമീരൻ മുന്നയുടെ രണ്ടു വയസ്സു പ്രായംചെന്ന കുട്ടിയാണു്.

മുന്ന ആകാശത്തേയ്ക്കു ചൂണ്ടിക്കാണിച്ചു്, "എല്ലാം അവിടത്തെ കൈയിൽ. ഓമനക്കുട്ടി അച്ഛൻെറ അരികെത്തന്നെ ഇപ്പോൾ സുഖമായിരിക്കുന്നുണ്ടു്. അവനെപ്പററി വിചാരപ്പെടേണ്ടാവശ്യമില്ല."

മുന്നായുടെ മനോധൈര്യവും മഹിമയും കണ്ടറി ഞ്ഞിരുന്നതുകൊണ്ടു സിംഹൻ ആ വിഷയത്തെപ്പററി അധികം സംസാരിച്ചില്ല.

അടുത്ത നിമിഷം ആ വമ്പിച്ച പട്ടാണിപ്പടയിൽ രജപുത്രസൈന്യം മങ്ങിമാഞ്ഞുപോയി. ഒരൊററ ജീവി യെങ്കിലും തിരിച്ചെത്തിയില്ല. ഇങ്ങനെ ഓരോ തവണ യായി ചിത്തോരിലെ പതിനൊന്നു രാജകുമാരന്മാരും പ ടനായകത്വം വഹിച്ചു ക്ഷത്രിയോചിതമായ വിധ ത്തിൽ പരലോകം പ്രാപിച്ചു. പന്ത്രണ്ടാം ദിവസം അ വശേഷിച്ച ഒരേ ഒരു രാജകുമാരൻെറ ഊഴമായി. റാണാ ലക്ഷ്മണസിംഹൻെറ ദ്വിതീയപുത്രനായ അജയസിം ഹൻമാത്രമേയുള്ളൂ. റാണായുടെ കണ്ണിലുണ്ണിയാണു് അ ജയസിംഹൻ. അതുകൊണ്ടാണു് പടക്കളത്തിൽ ഇതേ വരെ പ്രവേശിക്കാതിരുന്നതു്. പന്ത്രണ്ടാംദിവസം പ്രഭാ തകാലത്തു റാണാലക്ഷ്മണസിംഹൻ മകനെ വിളിച്ചു "അജയ! ചിത്തോരരാജവംശത്തിന്നു് ആധാരഭൂതരായ പന്ത്രണ്ടു രാജകുമാരന്മാരിൽ നീമാത്രമാണു് ശേഷിച്ചിട്ടു ള്ളതു്. രണദേവതയ്ക്കു നീയാണു് ഇനിയത്തെ ബലി. ഞാൻ എങ്ങനെയാണു് ഇതിന്നു സമ്മതം നല്കേണ്ടതു്? നീ നിൻെറ രണ്ടു മക്കളെയും ഭാര്യയെയും കൂട്ടിക്കൊണ്ടു 'കൈലിവാരക്കോട്ട'യിൽ ചെന്നു ചിത്തോരിൻെറ പു നരുദ്ധാരണത്തിന്നു പ്രയത്നിക്കുവാൻ ജീവിച്ചിരിക്കുക. ഞാനും ഭീമസിംഹനും നിനക്കു പകരം പടക്കളത്തിൽ പ്രവേശിക്കുന്നുണ്ടു്."

അജയസിംഹൻ ഇടറിയ സ്വരത്തിൽ "റാണാ ജി! എനിക്കു വേണ്ടപ്പെട്ട പതിനൊന്നു പേരും മാതൃഭൂ

മിക്ക ജീവൻ ബലികഴിച്ചു. ആ അപൂർവ്വഭാഗ്യം അനുഭവിപ്പാൻ എനിക്ക വിധി ഇല്ലെന്നു തോന്നുന്നു. ഞാനും—"

റാണ ഇടയ്ക്കു തടഞ്ഞു: "മകനേ! അന്ത്യകാലത്തു് എൻെറ ആജ്ഞയെ ലംഘിച്ചു് എന്നെ ദുഃഖപ്പെടുത്താതിരിക്കു. ഈശ്വരൻ നിനക്ക സർവ്വശ്രേയസ്സും നല്കട്ടെ! ചിതോരരാജവംശം ചിരകാലം നിലനില്ക്കട്ടെ!"

പിതൃഭക്തനായ അജയസിംഹൻ പിന്നെ ഒന്നും പറഞ്ഞില്ല. ആ വീരതരുണൻ അച്ഛൻെറ ആജ്ഞയെ ശിരസാവഹിച്ചു ഭാര്യാപുത്രസമേതം ദൂരത്തുള്ള കൈലിവാരദുർഗ്ഗത്തിലേയ്ക്കു പുറപ്പെട്ടു. രാജ്ഞിക്കു് അരമന അരണ്യംപോലെ തോന്നി. തേങ്ങിത്തേങ്ങിക്കരഞ്ഞുകൊണ്ടിരുന്ന റാണിയുടെ അരികെച്ചെന്നു പത്മിനി കെട്ടിപ്പിടിച്ചു്, "സോദരി! എന്തിനാണു് വെറുതെ കരയുന്നതു്? അതുകൊണ്ടു വല്ല കാര്യവുമുണ്ടോ?

'ഇവനിതു ഭവിക്കണമിന്നകാലം വേണം;
അവശത ഭവിക്കണം; അത്ഥനാശം വേണം
ഇതി വിധി വിധിച്ചിതു ദേഹികൾക്കൊക്കെയും
ഹിതമഹിതമെങ്കിലും ലംഘ്യമല്ലേതുമേ.' "

എന്നു സമാശ്വസിപ്പിക്കാൻ ശ്രമിച്ചു. "രണ്ടു ദിവസത്തെ വിയോഗത്തിന്നു് ഇത്ര വ്യസനമെല്ലാം എന്തിനാണു്? നിൻെറ പതിനൊന്നു വീരകുമാരന്മാരും സ്വൎഗ്ഗലോകത്തിൽ നിന്നെ പ്രതീക്ഷിച്ചുകൊണ്ടിരിക്കയാണു്. ന നാളെത്തന്നെ ആ സ്ഥലത്തു് എത്തിച്ചേരും. അതാലോചിച്ചെങ്കിലും ആശ്വസിക്കു! നടക്കു, ദേവാലയത്തിലേ

ക്കു നടക്കു! നീ ചിതോരിലെ രാജമഹിഷി. നിന്നെ നോക്കി എത്രയോ സഹസ്രം പ്രജകൾ ധൈര്യപ്പെടേണ്ടതായിരിക്കുന്നു. നീയാണു് മററുള്ള മഹിളകൾക്കു മാൎഗ്ഗദൎശിനിയായിരിക്കേണ്ടതു്. അങ്ങനെയുള്ള നീതന്നെ കരൾക്കരുത്തില്ലാതെ കിടന്നു കരഞ്ഞാൽ അവരൊക്കെ എന്തു കാട്ടണം? രാജ്ഞി രാജ്ഞിയെപ്പോലിരിക്കണം. ഇന്നത്തെ അവസ്ഥ നിനക്കനുസരിച്ചതല്ല." പത്മിനിയുടെ മുഖത്തു പുതുപുഞ്ചിരി സഞ്ചരിച്ചു.

ആശ്ചര്യം! ഇങ്ങനെയുള്ളവരത്രേ ധീരനാരികൾ! പത്മിനിയുടെ ധീരവചനം രാജ്ഞിയുടെ ഹൃദയസിരയിൽ ഒരു പുതിയ ചൈതന്യമുളവാക്കി. വിലാപമെല്ലാം വിരമിച്ചു. ഒരു ഉന്മേഷം അവരുടെ മുഖത്തു് ഉദിച്ചുപൊങ്ങിത്തുടങ്ങി. പത്മിനി റാണിയുടെ പാണിപല്ലവം പിടിച്ചു ക്ഷേത്രത്തിലേക്കു പോയി. അവിടെ അസംഖ്യം രജപുത്രസ്ത്രീകൾ പലവിധം സ്തോത്രങ്ങൾകൊണ്ടു ദേവിയെ ആരാധിച്ചുനില്ക്കുന്നു. പത്മിനി, "ജനനി, മഹാമായേ! 'ജോഹാര'(അഗ്നിപ്രവേശം)മല്ലാതെ മറെറാരു മാൎഗ്ഗവും ഞങ്ങൾക്കില്ലെന്നു തീച്ചപ്പെടുത്തിക്കഴിഞ്ഞു. ഞങ്ങൾ ആ വ്രതം സ്വീകരിപ്പാനാണു് ഇവിടെ വന്നതു്. നാളെ ഇവരെല്ലാവരും ദേവിയുടെ പാദതലത്തിൽ ദേഹോപ്പണം ചെയ്യും. ധമ്മാചരണത്തിന്നു് ഒരുങ്ങിപ്പുറപ്പെടുന്ന അടിയങ്ങളെ അവിടുന്നനുഗ്രഹിക്കേണമേ!" എന്നിങ്ങനെ മുകുളിതനയനയായി പ്രാത്ഥിച്ചുകൊണ്ടിരിക്കെ, രജപുത്രരമണിമാരെല്ലാം അഞ്ജലിബന്ധിച്ചു നിശ്ചേഷ്ടകളായി നിന്നു. അവിടെയെങ്ങും ഒരു പരമശാന്തി പടന്നു.

# അദ്ധ്യായം മൂന്നു്

പത്മിനീയും മഹാറാണിയും ജോഹാരവ്രതം അനു ഷ്ഠിക്കുവാൻ പോകുന്നുവെന്നുള്ള വർത്തമാനം നാടെങ്ങും പരന്നു. രജപുത്രസ്ത്രീപുരുഷന്മാർ പരിഭ്രാന്തരായി. എങ്കിലും ഉടനടി കോപം, താപം, ആനന്ദം, ഉത്സാഹം എന്നീ വിവിധവികാരങ്ങളുടെ കോമരങ്ങളായി; നാട്ടിലെങ്ങും കോലാഹലം.

ജോഹാരം രജപുത്രരുടെ അന്ത്യവ്രതമാണു്. അവർ പടയിൽ പരാജിതരായാൽ സ്ത്രീകളുടെ പാതിവ്രത്യം, പവിത്രത, മാനം ഇവ പങ്കിലമാക്കുവാൻ ഇടവരുന്ന പക്ഷം, ഈ കഠോരവ്രതം ആചരിക്കുക പതിവാണു്. വ്രതാവസാനത്തിൽ രജപുത്രഭടർ മഞ്ഞവസ്ത്രം ധരിച്ചു് അവീൻ മുതലായ മാദകദ്രവ്യങ്ങൾ മതിയാവോളം സേവിച്ചു് ഉന്മത്തരായി, ഉറയൂരിയ വാളുകളും, ഈട്ടി കുന്തം തുടങ്ങിയ ആയുധങ്ങളും വഹിച്ചു്, കോട്ടവാതിൽ തുറന്നിട്ടു്, എതിരാളികളുടെ മേൽ ചാടിവീണു കൈയും മെയ്യും മറന്നു പോരാടി ആ രണരംഗത്തിൽ പ്രാണപരിത്യാഗം ചെയ്യും. അതേ അവസരത്തിൽ ദുർഗ്ഗാന്തർഭാഗത്തിൽ അകിൽ, ചന്ദനം തുടങ്ങിയ സുരഭിലങ്ങളായ ദാരുഖണ്ഡങ്ങൾ രാശിരാശിയായ്ക്കൂട്ടി അതിന്മേൽ കർപ്പൂരാദിസുഗന്ധദ്രവ്യങ്ങൾ വിതറി തീക്കൊളുത്തുന്നു. അനന്തരം രജകുലസ്ത്രീകളും പൗരാംഗനകളും സ്നാനം ചെയ്തു്, ചുവപ്പുവസ്ത്രം ഉടുത്തു മഞ്ഞൾ, കുങ്കുമം മുതലായതണിഞ്ഞു്, പൂമാലകൾ ധരിച്ചു്, യഥാവിധി ദാന

ധമ്മങ്ങളെല്ലാം ചെയ്തശേഷം ബന്ധുമിത്രാദികളുടെ അനുമതി വാങ്ങി മംഗളവാദ്യങ്ങൾ മുഴങ്ങിക്കൊണ്ടിരിക്കെ, അഗ്നികുണ്ഡത്തെ മൂന്നുരു പ്രദക്ഷിണം വെയ്ക്കും. അപ്പോൾ വൈദികർ മന്ത്രോച്ചാരണംചെയ്തു് അഗ്നിസംസ്കാരം നടത്തും. അവസാനം സതീധമ്മം പരിപാലിക്കുന്നതിന്നു ബദ്ധകങ്കണകളായ ആ രജപുത്രരമണിമാർ അഭിമാനത്തോടും ആനന്ദത്തോടും കൂടി ആ കത്തിജ്ജ്വലിക്കുന്ന ചിതാമദ്ധ്യത്തിൽ ചാടി പാവകദേവന്നു ദേഹാപ്പണം ചെയ്തു്, വീരസ്വൎഗ്ഗം പ്രാപിച്ച വല്ലഭന്മാരുടെ മാൎഗ്ഗത്തെ അനുസരിക്കും.

ചിതോരിലെ രജപുത്രൻ നാളെ ഉഷസ്സിൽ തങ്ങൾ കൈക്കൊണ്ട ജോഹാരവ്രതം നിറവേററുന്നതാണു്. തന്മൂലം ചിതോരിലെ അന്നത്തെ രാത്രി കോലാഹലമയമായിരുന്നു.

രാവേറെച്ചെന്നു. എങ്ങും പൂനിലാവു പൊഴിയുന്നു. ആകാശത്തിൽ രജനീപതിയും തന്റെ പരിവാരങ്ങളായ താരാഗണങ്ങളും ചിതോരിന്റെ ഭവിതവ്യതയെച്ചിന്തിച്ച മൗനംപൂണ്ടതുപോലെ തോന്നും. രാജമഹിഷിയും പത്മിനിയും പ്രിയപ്പെട്ട സ്ഥലങ്ങളെ സന്ദശിക്കുന്നതിനും ആത്മമിത്രങ്ങളോടു് അന്ത്യയാത്ര പറയുന്നതിന്നും പരിചാരികകളോടുകൂടി വീഥികൾതോറും സഞ്ചരിച്ചു.

അന്നത്തെ രാത്രി ചിതോരിൽ ആരും കൺപോളപൂട്ടിയിട്ടില്ല; അവക്കു് ഉറങ്ങാൻ ഇടകിട്ടിയിരുന്നില്ല. നാളെ കമ്മസാക്ഷി ഉദയാദ്രിയിൽ എത്തുമ്പോഴേയ്ക്കും അവക്കു് ഇഹലോകത്തോടുള്ള ഏടുകെട്ടുകളും ഇടപാടു

കളും അഴിച്ചു നീക്കണം. അതുകൊണ്ടു് അവരെല്ലാം ശാന്തചിത്തരായി ആയുഷ്ക്കാലത്തിലെ കഴിഞ്ഞ കഥകളെ സ്മരിച്ചുകൊണ്ടിരുന്നു.

പത്മിനി നടന്നു നടന്നു് ഒരു താമരത്തടാകത്തിൻെറ അരികെ അരയന്നപ്പിടപോലെ എത്തി. വസന്തരാവിൽ പൂനിലാവുകൊണ്ടു പുളകിതമായ തടാകതീരത്തു താനും പ്രിയതമനും ഒന്നിച്ചു വിഹരിക്കാറുള്ള പണ്ടത്തെ സുഖദിനങ്ങളുടെ സ്മരണ അവരുടെ ഉള്ളിലുദിച്ചു. രണ്ടു ചുടുനീൎക്കണങ്ങൾ കവിൾത്തുമ്പിലൂടെ പെട്ടന്നുരുണ്ടുവീണു. അനന്തരം അവർ അരമനയ്ക്കു തിരിച്ചു.

പത്മിനി അന്തഃപുരത്തിൽ പ്രവേശിച്ചു. ഭിത്തിയിൽ ഒരു കണ്ണാടിക്കൂട്ടിൽ പത്മിനിയുടെ ഒരു ഛായാപടം മന്ദസ്മിതം പൊഴിച്ചു നില്ക്കുന്നുണ്ടു്. പത്മിനി ഓടിച്ചെന്നു ആ കണ്ണാടി പിടിച്ചുവലിച്ചു. അതു കൈയിൽനിന്നു വഴുതി നിലത്തു വീണു തുണ്ടുതുണ്ടായി ചിന്നിച്ചിതറി. ആ പടം എടുത്തു പത്മിനി ദീപജ്വാലയിൽ കത്തിച്ചുകളഞ്ഞു. അപ്പോൾ ദേവി—"ദുഷ്ട! നിനക്കു് ഈ പത്മിനിയുടെ ഒരു മുടിയിഴയെങ്കിലും തൊടാൻ ഇജ്ജന്മം കഴികയില്ല, അത്രയുമല്ല അവളുടെ ഒരടയാളമെങ്കിലും നിൻെറ ദൃഷ്ടിമാൎഗ്ഗത്തിൽപ്പെടുകയില്ല."

ആ അവസരത്തിൽ ഗൃഹാങ്കണത്തിൽ കനകപഞ്ജരത്തിൽ കിടക്കുന്ന പഞ്ചവൎണ്ണക്കിളി "റാണി! പത്മിനീറാണി!" എന്നു പലവുരു സുവ്യക്തസ്വരത്തിൽ വിളിക്കുന്നതു കേട്ടു തൽക്ഷണം പത്മിനി കൂട്ടിന്നരികെച്ചെന്നു്, "പൈങ്കിളി, നിൻെറ രൂപലാവണ്യംകൊ

ണ്ടും സ്വരമാധുര്യംകൊണ്ടും ഇങ്ങനെ പഞ്ജരബന്ധയായ് പരതന്ത്രത അനുഭവിക്കേണ്ടിവന്നു" എന്നു പറഞ്ഞു് അഴി തുറന്നു പുറത്തെടുത്തു മാറോടണച്ചു ചുംബിച്ചു പറപ്പിച്ചുകളഞ്ഞു. പക്ഷേ അതു പറന്നുപോയില്ല. തത്തിച്ചാടി വന്നു പത്മിനിയുടെ ഭുജവല്ലിയിൽ വന്നിരുന്നു. അതു കണ്ടു പത്മിനിയുടെ കണ്ണുകളിൽനിന്നു രണ്ടു ബാഷ്പബിന്ദുക്കൾകൂടിപ്പൊഴിഞ്ഞു.

വളരെ നേരം വൈകി. ഭീമസിംഹൻ ജോഹാരത്തിന്നു വേണ്ട എല്ലാ ചടങ്ങുകളും ഏൎപ്പെടുത്തി കോവിലകത്തേയ്ക്കു വന്നു. പത്മിനി കിടയ്ക്ക വിരിക്കാത്ത ഒരു കട്ടിലിൽ ചിന്താവിഷ്ടയായിരിക്കയായിരുന്നു. തൻെറ പ്രാണസൎവ്വസ്വത്തിൻെറ വരവു കണ്ടു പാഞ്ഞുചെന്നു ബാഹുലതകൊണ്ടു വരിഞ്ഞു. ആ ധന്യദമ്പതികളുടെ നയനങ്ങൾക്കു നനവു തട്ടി; രണ്ടുപേരും മൗനമവലംബിച്ചു.

ഇതേവിധത്തിൽ—എന്നാൽ ഇതേ മനോഭാവത്തോടുകൂടിയല്ല, നിൎവ്വിഘ്നനിർവൃതിയിൽ, ആലിംഗനസുഖത്തിൽ ലയിച്ചു കൈയും മെയ്യും മറന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. അതു് അവരുടെ നവദാമ്പത്യത്തിൻെറ നാന്ദിയിൽമാത്രമായിരുന്നു. ഇന്നു് അവരുടെ ജീവിതനാടകത്തിലെ അന്ത്യരംഗം അഭിനയിക്കുന്ന അവരുടെ മനോഗതിയും അതും തമ്മിൽ എന്തൊരന്തരം!

ക്രമേണ നിശാകാലം കഴിഞ്ഞു. അരുണോദയകാന്തി മന്ദമന്ദം പരന്നു. കാലചക്രം നിയമിതഗതിയിൽ ചലിച്ചുകൊണ്ടിരിക്കുന്നു. അതു സുഖവാസരത്തിൽ വേ

ഗത്തിലോ ദുഃഖാവസരത്തിൽ പതുക്കെയോ ഭ്രമണംചെയ്യുന്നില്ല.

കിഴക്കേ ദിക്ചക്രവാളത്തിൽ കുട്ടിക്കതിരവൻ എത്തിനോക്കുവാൻ തുടങ്ങുന്നതിന്നു മുമ്പുതന്നെ, ചിതോരിലുള്ള നാരിമാരെല്ലാം രക്താംബരം ധരിച്ചു പൂമാലകൾ അണിഞ്ഞു്, കുങ്കുമലേപനംചെയ്തു കൂട്ടംകൂട്ടമായി ദേവീക്ഷേത്രത്തിലേയ്ക്കു നടകൊണ്ടു.

എല്ലാവക്കുംമുമ്പെ പത്മിനിയും രാജമഹിഷിയും നടക്കുന്നുണ്ടു്. അവരുടെ പിമ്പേ നടക്കുന്ന വെളിച്ചപ്പാടു ദേവാലയത്തിലെത്തിയ ഉടനെ അവക്കു സംജ്ഞകാണിച്ചു. എല്ലാവരും തൽക്ഷണം നിന്നു. ബഹിർഭാഗത്തു താളമേളങ്ങൾ മുഴങ്ങി. വൈദികൻ കമ്മങ്ങൾ തുടങ്ങി. നേരേ മുമ്പിൽ വിസ്താരമേറിയ കുണ്ഡത്തിൽ അഗ്നി കത്തിജ്ജ്വലിക്കുന്നു.

പുരോഹിതന്മാർ കല്പനകൊടുത്തതോടുകൂടി പത്മിനിയും മഹാറാണിയും മററു മഹിളകളും അഗ്നിഭഗവാനെ ധ്യാനിച്ചു മൂന്നുരു പ്രദക്ഷിണംവെച്ചു്, പൂമാലകൾ അഴിച്ചു് അഗ്നിയിൽ അപ്പിച്ചശേഷം, സ്വശരീരങ്ങളെ അതിൽ ഹോമിച്ചു. "ജയ മഹാമായേ!" എന്ന ഭീഷണധ്വനി നാലു ദിക്കും നടുങ്ങുമാറു മാറെറാലിക്കൊണ്ടു.

അതേകാലത്തിൽ ആ മഹാഗ്നികുണ്ഡത്തിൻെറ മറെറാരു ഭാഗത്തു സഹസ്രാധികം രജപുത്രയോദ്ധാക്കൾ മഞ്ഞവസ്ത്രം ധരിച്ചു സശസ്ത്രരായി അഗ്നിയെ അഭിവന്ദിച്ചു ദുർഗ്ഗമഹാദ്വാരത്തിന്നരികിലേയ്ക്കു് ഉഴറി.

ഉത്തരക്ഷണത്തിൽ കോട്ടവാതിൽ തുറക്കപ്പെട്ടു. അണമുറിഞ്ഞ നദീജലം അലച്ചുതള്ളുംപോലെ, ഉന്മത്തരായ രജപുത്രഭടർ ശത്രുസേനാമദ്ധ്യത്തിൽ പ്രവേശിച്ചു. ആ സേനാസമുദ്രത്തിൻെറ നീലിമയിൽ രജപുത്രസേനാപ്രവാഹത്തിൻെറ പീതവർണ്ണം എത്രയോ ദൂരത്തുനിന്നുതന്നെ കാണാമായിരുന്നു. മുന്നണിയിൽ റാണാ ലക്ഷ്മണസിംഹനും ഭീമസിംഹനും ബാദലനും നിന്നിരുന്നു.

ക്രമേണ ആ മഞ്ഞനിറം തീരെ മങ്ങിമറഞ്ഞു. ഒരൊററ രജപുത്രനെങ്കിലും അടക്കളത്തിൽനിന്നു തിരിച്ചുവന്നില്ല; ജീവനോടെ ശേഷിച്ചില്ല.

## അദ്ധ്യായം നാലു്

അങ്കം അവസാനിച്ചു. ഏറിയനാൾ ശ്രമപ്പെട്ടു് അല്ലാവുദ്ദീൻ ജയശ്രീലാളിതനായി. ചിരകാലമായി അവൻെറ ഉള്ളിൽ സ്ഥലംപിടിച്ചിരുന്ന ആശ ഇന്നു സഫലമാകാറായി. അവൻ പ്രമോദത്താൽ ഉന്മത്തനായിത്തീൎന്നു. ആ ധൂൎത്തൻ സൎവ്വാഡംബരങ്ങളോടുകൂടി ദുൎഗ്ഗത്തിൽ പ്രവേശിച്ചു. മനസ്സിൽ പലവിധവിചാരങ്ങൾ അടിച്ചുകയറിയിരുന്നു. പത്മിനിയുടെ മുടിയിഴപോലും കാണ്മാൻ കഴികയില്ലെന്നു് അവനുണ്ടോ അറിഞ്ഞു? ആ സൎവ്വലോകസുന്ദരി തൻെറ സ്വന്തമായി എന്നുള്ള അഭിമാനത്തോടെ അവൻ അന്തഃപുരത്തിന്നു നേരേ നടന്നു. മാൎഗ്ഗമദ്ധ്യേ ഇരുപാൎശ്വങ്ങളിലുമുള്ള ഭവനങ്ങൾ ശൂന്യങ്ങളായിക്കിടക്കുന്നു. കോലായികളിൽ കുങ്കുമവും പൂമാലക

ളും ചിതറിക്കിടക്കുന്നു. നിർജ്ജനമായ വൻമേടകൾ കണ്ടു് അല്ലാവുദ്ദീൻെറ മനസ്സിൽ ഒരുവക ഭീതിയും ശങ്കയും കടന്നുകൂടി. ആ മന്ദിരങ്ങൾ അവനെ നോക്കി ഹസിക്കുന്നതായി തോന്നി.

ആ വിടാധമൻ പത്മിനിയുടെ അന്തഃപുരത്തിന്നുള്ളിൽ കടന്നു. പെട്ടന്നു മനസ്സു ഌാനമായി; ആശ്ചര്യം ജനിച്ചു. പണ്ടു പത്മിനിയുടെ പ്രതിബിംബം ദർശിക്കുവാൻ പോയ ദിവസത്തെ സ്മരണ അവൻെറ ഉള്ളിലുദിച്ചു. ആ ചിത്രം ഇന്നു തെളിഞ്ഞുകണ്ടു. ഇന്നു് ഉത്സവപൂർണ്ണമായ ആ സ്ഥലം ഒരു ഭയങ്കരമായ ഏകാന്തതയുടെ ഭരണത്തിൽപ്പെട്ടതുപോലെ കിടന്നു. ദ്വാരപാലകരില്ല; പരിചാരികകളില്ല; എങ്ങു നോക്കിയാലും മഞ്ഞളും കുങ്കുമവും അക്ഷതവും മുറിച്ചെറിഞ്ഞ പൂമാലകളും ചിതറിക്കിടക്കുന്നതേ കാണ്മാനുള്ളു.

ഇതെല്ലാം നോക്കിക്കൊണ്ടു് ആ കശ്മലൻ സാവകാശം മുറിയുടെ ഉള്ളിലേയ്ക്കു കടന്നു. അവൻെറ ദേഹം നടുങ്ങി; ഹൃദയം സ്പന്ദിച്ചു. ഇതെന്തു കഥ! ഒരൊററ മനുഷ്യജീവിയെങ്കിലും അവിടെയില്ല!

അല്ലാവുദ്ദീൻ "പത്മിനീ, പത്മിനീ!" എന്നു വിളിച്ചു. മുറിയുടെ ഉള്ളിൽനിന്നു വികൃതസ്വരത്തിൽ അതുതന്നെ മാറെറാലിക്കൊണ്ടു.

അല്ലാവുദ്ദീൻെറ ഇടനെഞ്ചു് എരിപൊരികൊണ്ടു. ദില്ലിചക്രവത്തി ആ നിർജ്ജനാലയത്തിലെ പൊടിപടലംപുരണ്ട നിലത്തു കൈ തലയിൽ വെച്ചു താനേ ഇരുന്നുപോയി.

യാദൃച്ഛികമായി അല്ലാവുദ്ദീൻ എണീററുനിന്നു വിസ്മിതനേത്രത്തോടെ ചെവിയോൎത്തു കേട്ടു. "ഇല്ല, പത്മിനി ഇവിടെ ഇല്ല" എന്ന വാക്ക സ്പഷ്ടമായിക്കേട്ടു. വീണ്ടും "വരൂ! വരൂ! ഇരിക്കൂ!" എന്നു് ആ വ്യക്തി ആദരം സൂചിപ്പിച്ചു.

അല്ലാവുദ്ദീൻ നാലുപുറത്തേയ്ക്കും നയനമോടിച്ചു. മനുഷ്യരില്ല. എങ്ങും യാതൊന്നും കാണുന്നതുമില്ല. അവൻ ഭയവും വിസ്മയവുംകൊണ്ടു പരവശനായി. അവനോന്നിച്ചു വന്നിരുന്ന ചില ഭടന്മാർ അന്തഃപുരത്തിലെങ്ങും പരിശോധനചെയ്തു. അവിടെയുമില്ല ആൾപ്പെരുമാററം.

വീണ്ടും ഒരു ശബ്ദം—"ഇരിക്കൂ, ഇരിക്കൂ!"

അതു മനുഷ്യശബ്ദമല്ല. പുരപ്പുറത്തിരുന്നിരുന്ന ഒരു പൈങ്കിളിയുടെ ശബ്ദമായിരുന്നു. അല്ലാവുദ്ദീനു തന്നെ ലോകം ഹസിക്കയാണെന്നു തോന്നിപ്പോയി. അവൻ ആ പക്ഷിയെക്കണ്ടു "പത്മിനി എവിടെപ്പോയി" എന്നു് ഉന്മത്തനെപ്പോലെ ചോദിച്ചു. പക്ഷി വീണ്ടും "ഇരിക്കൂ! ഇരിക്കൂ!"

ചക്രവൎത്തിക്കു കഠിനകോപം ജനിച്ചു. എന്തു ചെയ്യാനാണു്? തൻെറ അനുചരന്മാരോടു് "ഉള്ളിൽപ്പോയി ഓരോ വീട്ടിലും ചെന്നു പത്മിനിയെ തിരഞ്ഞു പിടിച്ചു കൊണ്ടുവരുവിൻ" എന്നാജ്ഞാപിച്ചു.

പട്ടാണിസ്സൈനികർ നാലു ദിക്കിലേയ്ക്കും ബദ്ധപ്പെട്ടു നടന്നു. വീടുകളിൽ ചില ചുക്കിച്ചുളിഞ്ഞ വൃദ്ധജനങ്ങളും പൈതങ്ങളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. പട്ടാ

ണികഠം അവരെ നിഷ്ഠുരമായ വിധത്തിൽ പിടിച്ചു വലിച്ചു് ഉപദ്രവിച്ചു. പത്മിനിയെ എവിടെയും കണ്ടെത്തിയില്ല. മധ്യവയസ്സിലുള്ള ഒരു സ്ത്രീയാകട്ടെ ഒരു പുരുഷനാകട്ടെ അവരുടെ ദൃഷ്ടിപഥത്തിൽ പെട്ടതേയില്ല. പോയപാടുതന്നെ തിരിച്ചുവന്നു.

ഭഗ്നമനോരഥനായ ആ വിടാഗ്രേസരൻ താൻതന്നെ ആ നിഗൂഢനിധി തിരഞ്ഞു പുറപ്പെട്ടു. ഓരോ പുരയിലും പൂങ്കാവനത്തിലും മാടത്തിലും മേടയിലും ആരാഞ്ഞുനോക്കി. അവൻ ഹതാശനായ് ഒരു തടാകത്തിൻെറ തീരത്തു ചെന്നു് ഒരു ശിലാതലത്തിൽ നെററിയിൽ കൈ വെച്ചു ചിന്താക്രാന്തനായിരുന്നു. ദൂരെ പവ്വതത്തിൻെറ ഒരു പാശ്വത്തിൽ ധൂമപടലം പൊങ്ങി ആകാശമണ്ഡലത്തെ മറച്ചിരുന്നു. അവിടെനിന്നു് അടിച്ചുവരുന്ന കാറേററു് ഉടനെ ഒരു സുഗന്ധം വ്യാപിച്ചതുപോലെ തോന്നി. അല്ലാവുദ്ദീൻ ആ സ്ഥലത്തേയ്ക്കു ദൃഷ്ടിവിക്ഷേപം ചെയ്തു. "എന്താണതു്?" എന്നു് അവൻ ഉദ്വേഗത്തോടെ ആ ഭാഗത്തേയ്ക്കു കൈ നീട്ടി.

അരനിമിഷത്തിനകം അസംഖ്യം പട്ടാണിപ്പടയാളികഠം ആ ഭാഗത്തേയ്ക്കു ദ്രുതഗതിയിൽ നടന്നു. അല്ലാവുദ്ദീനും പിമ്പെ പുറപ്പെട്ടു. എന്തു ഭയങ്കരമായ കാഴ്ചയാണു് അവർ കണ്ടതു്.

അഗാധമായ ഒരു ഗിരികന്ദരം; അതിൻെറ വിശാലമായ മുഖത്തു ചന്ദനാദിസുഗന്ധദ്രവ്യങ്ങഠം കത്തിയെരിഞ്ഞുകൊണ്ടിരിക്കുന്നു. മൃത്യുദേവതയുടെ രസനപോലെ അഗ്നിജ്വാല ആകാശത്തേയ്ക്കു തള്ളുന്നു. ധൂമപടലം

അങ്ങുമിങ്ങും അഗ്നിശിഖയെ ആശ്ലാദനം ചെയ്യുന്നുണ്ടു്. ഗ്രഹാമുഖത്തു പൂമാലകൾ കുമ്പാരമായ് കിടക്കുന്ന കാഴ്ച അങ്ങനെ. ഇതെല്ലാം കണ്ടു് അല്ലാവുദ്ദീൻെറ ഹൃദയത്തിൽ ഇരിമ്പുകമ്പി ചുട്ടുപഴുപ്പിച്ചു വെച്ചതുപോലെയായി. അവൻ തലതിരിഞ്ഞു പെട്ടന്നു നിലത്തു വീണു. ക്ഷണത്തിൽ എഴുന്നേററു് ആ അഗ്നികുണ്ഡത്തിന്നരികിലേയ്ക്കു ചിത്തഭ്രമം ബാധിച്ചവനെപ്പോലെ പാഞ്ഞു. ഒരു സർദാർ ആ സാഹസത്തിൽനിന്നു് അവനെത്തടഞ്ഞു നിർത്തി. അപ്പോൾ പാദുഷ "തീ കെടുത്തുവിൻ! പത്മിനിയെ ജീവിപ്പിക്കുന്നവൎക്കു ലക്ഷോപലക്ഷം മോഹർ ഇനാം തരുന്നുണ്ടു്" എന്നു് ഉന്മത്തപ്രലപനം ചെയ്തു.

ഹാ! ഇസ്ലാംമതം എത്ര പരിപാവനം! സമത്വത്തിൻെറയും സാഹോദര്യത്തിൻെറയും കാഹളവിളിയുടെ മാറെറാലിയാണു് ആ മതത്തിൽക്കൂടി നാം കേൾക്കുന്നതു്. "നാം നിന്നെ ലോകത്തിനു് അനുഗ്രഹത്തിന്നായിട്ടല്ലാതെ അയച്ചിട്ടില്ല" എന്ന വിശുദ്ധ ഖുർആനിലെ വാക്യം എത്ര മഹനീയം! നബിയുടെ പവിത്രനാമധേയം ജയിക്കട്ടെ! അവിടുത്തെ തിരുവായ്മൊഴികൾ ആരെയാണു് കുളിൎപ്പിക്കാതിരിക്കുക? ഇസ്ലാംമതം സൎവ്വോത്‌കൎഷേണ വൎത്തിക്കുന്നു.

പവിത്രതയുടെ മേൽ ചളിവാരിയെറിയുകയാണു് ഇക്കഥയിലെ നീചചരിതൻെറ ചാപല്യം!

ഹാ! ആ പതിപരായണ ഇപ്പോൾ എവിടെ? ആ ധൎമ്മധീര സ്വൎഗ്ഗമാൎഗ്ഗത്തിൽനിന്നു നീചപ്പട്ടാണിയുടെ മൂർഖത കണ്ടു ഹസിക്കുകയായിരിക്കാം. ദില്ലിചക്രവൎത്തി

യുടെ ലക്ഷോപലക്ഷം മോഹറാകട്ടെ, സംഖ്യയില്ലാത്ത സൈന്യമാകട്ടെ ചാരിത്രമാകുന്ന ചട്ടയണിച്ച പത്മിനിയുടെ ഒരിഴ മുടിക്കു വിലപിടിക്കയില്ല. ആ സതീശിരോമാലിക പട്ടാണിയുടെ സിംഹാസനാദ്ധ്യത്തിന്നുവേണ്ടി സ്വാഭിമാനത്തെയും സ്വധമ്മത്തെയും വിററുകളഞ്ഞില്ല. മനസ്വിനികളുടെ മാർഗ്ഗം ഇതാണു്.

ഈ മൂന്നു ദിവസങ്ങൾക്കുള്ളിൽ ആളും അനക്കവുമില്ലാത്ത ആ നഗരവീഥിയിൽ നിർബ്ബാധം സഞ്ചരിച്ച പട്ടാണികൾ അവിടെയുള്ള ധനധാന്യങ്ങളെല്ലാം ശേഖരിച്ചു. രജപുത്രർ മുമ്പേതന്നെ വലിയ വലിയ ഹമ്മ്യങ്ങളെയും ഉപവനങ്ങളെയും മിക്കവാറും പാഴാക്കി ഇട്ടിരുന്നു. ശേഷിച്ചുള്ളവയെ പട്ടാണികളും നശിപ്പിച്ചുകളഞ്ഞു. രണ്ടുമൂന്നു ദിവസം മുമ്പു രാജ്യലക്ഷ്മിയുടെ കേളീരംഗമായിരുന്ന ആ നഗരം ഇതാ ഇപ്പോൾ പട്ടടക്കാടായി മാറിയിരിക്കുന്നു.

വിസ്തൃതമായ സാമ്രാജ്യവും, വിപുലമായ സുഖസമ്പത്തുകളും പതിവ്രതാധമ്മത്തിന്റെ മുമ്പാകെ വെറും കരിക്കട്ടയാണെന്നു ഭാരതീയഭഗിനിമാരോടു് ഇന്നും ഉപദേശിച്ചും, തന്റെ പരിമളത്തെ നാലുപാടും പരത്തിയും ആ **രാജസ്ഥാനപുഷ്പം** അമ്ലാനമായി ആചന്ദ്രതാരം ശോഭിക്കുന്നു.

★

288489
032:3M92:14
K5
MUL
288489
MADRAS

Phone- 37106
MURUGAN BINDING WORKS,
No. 3, BOMMULU IYER STREET,
ELEPHANT GATE,
MADRAS-600001

032:3M92:1A
K5